KOTTAYAM PUBLIC LIBRARY

Call No. MA3 Acc. No. 13442

Author ബാണഭട്ടൻ

Title ശ്രീ ചണ്ഡീശതകം

ശ്രീ

# ചണ്ഡീശതകം

(സവ്യാഖ്യാനം)

13442

ഗ്രന്ഥകർത്താ,

മഹാകവി ബാണഭട്ടൻ

KAMALALAYA BOOK
POST BOX 82,
TRIVANDRUM-1

വ്യാഖ്യാതാ,

മഹോപാദ്ധ്യായ

ഏ. പരമേശ്വരശാസ്ത്രികൾ.

പ്രധാനപണ്ഡിതർ, സംസ്കൃതകാളേജ്,

തിരുവനന്തപുരം.

പ്രകാശകൻ,

പി. നാരായണൻനായർ

കമലാലയാ പ്രിന്റിംഗ് വർക്ക്സ്

ആന്റ് ബുക്ക്ഡിപ്പോ,

തിരുവനന്തപുരം.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

[വില 1 ക. 8 ണ.

ശ്രീ

# ചണ്ഡീശതകം

സവ്യാഖ്യാനം

(പകൎപ്പവകാശം പ്രകാശകന്നു്.)

ഒന്നാംപതിപ്പു് കാപ്പി 500.

1124 ധനു 25.

Printed at the Kamalalaya Printing Works, Trivandrum

# പ്രസ്താവന.

സർവ്വശക്തിസ്വരൂപിണിയായ ശ്രീപരാശക്തി സ്വഭക്തന്മാർക്ക് ധർമ്മം അർത്ഥം· കാമം മോക്ഷം എന്ന നാലു പുരുഷാർത്ഥങ്ങളേയും പ്രദാനംചെയ്യുന്നു എന്നു മഹർഷിമാരും മഹാകവികളും സമർത്ഥിച്ചിരിക്കുന്നു. സർവ്വസംഗപരിത്യാഗിയായ ശ്രീശങ്കരഭഗവൽപാദർ ദേവീഭക്തന്മാരിൽ അദ്വിതീയനായിരുന്നു എന്നു തൽപ്രണീതമായ സൌന്ദര്യലഹരി തുടങ്ങിയ പ്രശസ്തകൃതികൾ പ്രകാശിപ്പിക്കുന്നു. കാളിദാസൻ കാളീഭക്തനാണെന്ന് അദ്ദേഹത്തിന്റെ കൃതിയായ 'ശ്യാമളാദണ്ഡകം' പ്രകടമാക്കുന്നു. 'മൂകപഞ്ചശതി' മൂകൻ എന്ന മഹാകവിയുടെ ദേവീഭക്തിക്കു നിദർശനമാകുന്നു.

കായികം വാചികം മാനസികം എന്ന് മൂന്നുവിധമായ പ്രവർത്തനങ്ങളിലും പ്രശസ്തമായ വിജയം സിദ്ധിച്ചവർ ദേവിയുടെ ഏതെങ്കിലും കലയെ ആരാധിച്ചവരാണെന്നു കാണ്മാൻ പ്രയാസമില്ല. സരസ്വതിയും, ലക്ഷ്മിയും, പാർവ്വതിയും, സർവ്വശക്തിപരിപൂർണ്ണയായ പരാശക്തിയുടെ ഓരോ കലകൾ മാത്രമാകുന്നു. എന്നാൽ ഭദ്രകാളീ, ദുർഗ്ഗാ, ചണ്ഡികാ, ചണ്ഡീ, എന്ന നാമധേയങ്ങളാൽ പ്രതിപാദിക്കപ്പെടുന്ന പരാശക്തി സർവ്വകലാപരിപൂർണ്ണയാകുന്നു. ദേവീമാഹാത്മ്യത്തിലെ ഒരു പദ്യം നോക്കുക—

“ദുർഗ്ഗേ! സ്മൃതാ ഹരസി ഭീതിമശേഷജന്തോഃ
സ്വസ്ഥൈഃ സ്മൃതാ മതിമതീവ ശുഭാം ദദാസി;
ദാരിദ്ര്യദുഃഖഭയഹാരിണി കാ ത്വദന്യാ
സർവ്വോപകാരകരണായ സദാർദ്രചിത്താ.”

“ഹേ, ദുർഗ്ഗാഭഗവതി! ആരാണോ നിന്തിരുവടിയെ മനസ്സിൽ സ്മരിക്കുന്നതു്, അവന്റെ സകല ഭീതികളേയും നിന്തിരുവടി ശമിപ്പിക്കുന്നു. നിന്തിരുവടിയെ സ്മരിക്കുന്നവൻ സ്വസ്ഥനാണെങ്കിൽ അവനു് ഏററവും ശുഭമായ ബുദ്ധിയെ നിന്തിരുവടി നൽകുന്നു. ദാരിദ്ര്യം ദുഃഖം ഭയം ഇവയെ ശമിപ്പിച്ചു സർവ്വവിധമായ ശ്രേയസ്സുകളേയും ഭക്തന്മാക്കു് അരുളിച്ചെയ്തു് അവക്കു് എല്ലാ ഉപകാരങ്ങളും ചെയ്യാൻ എപ്പോഴും ദയാർദ്രചിത്തയായി വിളങ്ങുന്നതു് നിന്തിരുവടിയല്ലാതെ വേറെ ആരാണുള്ളതു്?”

ഇപ്രകാരമാകുന്നു മുൻചൊന്ന പദ്യത്തിന്റെ അത്ഥം.

മറെറാരു ദേവീഭക്തൻ പറയുന്നതു നോക്കുക.—

“കത്തും ജഗൽ തിരയിതും ച വിശൃംഖലായാഃ
കർമ്മാനുരോധ ഇതി കം പ്രതി വഞ്ചനേയം;
ത്രാതവ്യ ഏഷ ഇതി ചേൽ കരുണാ മയി സ്യാൽ
ത്രായസ്വ കിം സുകൃതദുഷ്കൃത ചിന്തയാ തേ.”

“ഹേ ഭഗവതി! ഇച്ഛാമാത്രത്താൽ സർവ്വജഗത്തിനേയും സൃഷ്ടിക്കാനും സംഹരിക്കാനും പൂർണ്ണമായ ശക്തിയും സ്വാതന്ത്ര്യവും വഹിക്കുന്നവളാണു നിന്തിരുവടി. ക്ലേശങ്ങൾ അനുഭവിക്കുന്ന ഒരുവനോടു ‘നിന്റെ കർമ്മങ്ങൾ അനുസരിച്ചുള്ള ഫലം നീ അനുഭവിക്കുന്നു. അതുകൊണ്ടു നിന്റെ ക്ലേശങ്ങളെ ശമിപ്പിക്കാൻ എനിക്കു നിവൃത്തിയില്ല’ എന്നു നിന്തിരുവടി അരുളിച്ചെയ്യുന്നു എങ്കിൽ അതു വെറും വഞ്ചനയാകുന്നു. ആ വഞ്ചന അവിടുന്നു് ആരോടാണു കാണിക്കുന്നതു്? എന്നോടു കാണിച്ചാൽ ഞാൻ സമ്മതിക്കയില്ല. ഞാൻ രക്ഷണീയനാണെന്നു വിചാരിക്കുന്നു എങ്കിൽ നിന്തിരുവടി കരുണ വഷിച്ചു് എന്നെ രക്ഷിക്കുക. സുകൃതം ദുഷ്കൃതം ഇവയെപ്പററിയുള്ള ചിന്ത സർവ്വശക്തിപരിപൂർണ്ണയായ നിന്തിരുവടി ചെയ്യേണ്ടതില്ല.” ഇപ്രകാരമാകുന്നു ആ പദ്യത്തിന്റെ അത്ഥം.

അപ്രകാരം സവ്വശക്തിപരിപൂണ്ണയായ ശ്രീചണ്ഡീഭഗവതിയുടെ മാഹാത്മ്യത്തെപ്പററി വണ്ണിക്കുന്നതായ ഒരു പ്രശസ്തകൃതിയാകുന്നു ശ്രീചണ്ഡീശതകം.

ഈ കാവ്യതല്ലജത്തിന്റെ കത്താവു മഹാകവിയായ ബാണഭട്ടനാണെന്നു പറയുമ്പോൾ ഈ കൃതിക്കു സിദ്ധമായിരിക്കുന്ന കാവ്യഗുണധോരണിയെപ്പററിയുള്ള പ്രതിപാദനം പുനരുക്തമായി തീരുന്നതാണു്. ഉത്തമകാവ്യഗുണങ്ങളുടെ ഉദാഹരണത്തിനായി അലങ്കാരശാസ്ത്രഗ്രന്ഥങ്ങളായ 'ധ്വന്യാലോകം' മുതലായവയിൽ ഉദ്ധരിച്ചുകാണുന്ന ചണ്ഡീശതകത്തിലെ പദ്യങ്ങൾ അതിൻെറ മാഹാത്മ്യം വ്യക്തമാക്കുന്നു.

ചണ്ഡീശതകത്തിലേ നാലാമത്തെ ശ്ലോകം കേട്ടിട്ടില്ലാത്ത ഭാരതീയൻ, വിശിഷ്യ കേരളീയൻ ഒരുവനെങ്കിലും ഉണ്ടായിരിക്കുമോ എന്നു സംശയമാകുന്നു. മാന്ത്രികശക്തിയും കവിതാഗുണവും തികഞ്ഞ പ്രകൃതപദ്യം പാരായണം ചെയ്യുന്നവനു് ആദ്ധ്യാത്മികവും ആധിഭൌതികവും ആധിദൈവികവും ആയ വിപത്തുകളിൽനിന്നു വിമോചനം സിദ്ധിക്കുന്നു എന്നു് അഭിജ്ഞന്മാർ സമത്ഥിച്ചിരിക്കുന്നു. ഒരു ശ്ലോകത്തിൻെറ പാരായണംതന്നെ അത്രത്തോളം ശ്രേയഃപ്രദമാണെന്നു വന്നപ്പോൾ ചണ്ഡീശതകത്തിലെ മററു ശ്ലോകങ്ങളേയും പാരായണം ചെയ്താൽ സിദ്ധിക്കാവുന്ന ശ്രേയഃപരമ്പര എത്ര വലുതായിരിക്കണമെന്നു് ഊഹിക്കയേ നിവൃത്തിയുള്ളു.

പക്ഷേ, ചണ്ഡീശതകം വളരെ പ്രൌഢമാകുന്നു. അതിന്റെ ഉള്ളടക്കം ഒരു വ്യാഖ്യാനത്തിന്റെ സാഹായ്യം

കൊണ്ടേ അറിയാൻ സാധിക്കയുള്ളൂ. അതുകൊണ്ടാണ് ഒരു ചെറിയ മലയാളവ്യാഖ്യാനത്തോടുകൂടി ഈ കൃതി പ്രകാശിപ്പിക്കേണമെന്നു തോന്നിയതു്.

പതിനഞ്ചുകൊല്ലങ്ങൾക്കു മുമ്പു് മഹാകവിയായ മയൂരൻ നിർമ്മിച്ചിട്ടുള്ള 'സൂര്യശതകം' എന്ന പ്രൌഢമായ സ്തുതികാവ്യത്തിനു് ഒരു ഭാഷാവ്യാഖ്യാനം ഞാൻ എഴുതി പ്രകാശിപ്പിച്ചിട്ടുണ്ടു്. സൂര്യശതകത്തേക്കാൾ പ്രൌഢവും ശ്രേയഃപ്രദവും ആയ ചണ്ഡീശതകത്തിൽ അക്കാലം മുതല്ക്കു് എന്റെ ദൃഷ്ടി പതിഞ്ഞിരിക്കയായിരുന്നു. എങ്കിലും ഇപ്പോഴേ ഈ കാവ്യത്തിന്റെ വ്യാഖ്യാനം പൂർത്തിയാക്കി പ്രകാശിപ്പിക്കാൻ സാധിച്ചുള്ളൂ.

സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധമായ കാദംബരി തുടങ്ങിയ കാവ്യതല്ലജങ്ങളുടെ പ്രണേതാവായ ബാണഭട്ടന്റെ കൃതിയായ ശ്രീചണ്ഡീശതകം മലയാളത്തിൽ വ്യാഖ്യാനസമേതമായി അവതരിക്കുന്നതിൽ ഏറാവും ആഭിമുഖ്യവും ധനവ്യയവും കൈക്കൊണ്ടിരിക്കുന്ന "കമലാലയ" ബുക്കഡിപ്പോ ഉടമസ്ഥന്മാരാണ് പ്രകൃതപുസ്തകപ്രകാശനത്തിൽ എല്ലാവരുടേയും കൃതജ്ഞതാവചനങ്ങൾ അർഹിക്കുന്നതെന്ന പരമാർത്ഥം കൂടി പറഞ്ഞുകൊണ്ടു തൽക്കാലം ഈ പ്രസ്താവന ഉപസംഹരിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
21-5-'24

എന്നു്, വ്യാഖ്യാതാ,
ഏ. പരമേശ്വരശാസ്ത്രികൾ.

# ചണ്ഡീശതകം.

(ഭാഷാവ്യാഖ്യാനസഹിതം)

മാ ഭാങ്ക്ഷീർവ്വിഭ്രമം ഭ്രൂരധര! വിധുരതാ
കേയമാസ്യാസ്യ രാഗം
പാണേ! പ്രാണ്യേവ നായം കലയസി കലഹ-
ശ്രദ്ധയാ കിം ത്രിശൂലം,
ഇത്യുദ്യൽകോപകേതൂൻ പ്രകൃതിമവയവാൻ
പ്രാപയന്ത്യേവ ദേവ്യാ
ന്യസ്തോ വോ മൂർദ്ധ്നി മുഷ്യാൽമരുദസുഹൃദസൂൻ
സംഹരന്നങ്ഘ്രിരംഹഃ. ൧.

അർത്ഥം—ഹേ ഭ്രൂഃ=അല്ലയോ പുരികമേ. വിഭ്രമം=വിലാസത്തെ. മാ ഭാങ്ക്ഷീഃ=ഭഞ്ജിക്കാതിരിക്കുക. ഹേ അധര=അല്ലയോ ഓഷ്ഠമേ. കാ ഇയം വിധുരതാ=ഈ വിധുരത എന്തിനാണ്. ഹേ ആസ്യ=അല്ലയോ മുഖമേ. രാഗം=ചുവപ്പുനിറത്തെ. അസ്യ=ഉപേക്ഷിക്കുക. ഹേ പാണേ! അല്ലയോ ഹസ്തമേ. അയം=ഇവൻ (മഹിഷാസുരൻ). പ്രാണീ ഏവ ന=ഒരു പ്രാണിയേ അല്ല. കലഹശ്രദ്ധയാ=യുദ്ധം ചെയ്യാനുള്ള ശ്രദ്ധയോടുകൂടി. ത്രിശൂലം=ത്രിശൂലത്തെ. കിം കലയസി=എന്തിനു വഹിക്കുന്നു. ഇതി=ഇപ്രകാരം. ഉദ്യൽകോപകേതൂൻ=കോപലക്ഷണം പ്രകാശിപ്പിക്കുന്ന. അവയവാൻ=അവയവങ്ങളെ. പ്രകൃതിം=സ്വാഭാവികമായ അവസ്ഥയെ. പ്രാപയന്ത്യാ ഇവ=പ്രാപിപ്പിക്കുന്നവളെന്നു തോന്നുമാറ് സ്ഥിതിചെയ്യുന്ന. ദേവ്യാ=ദേവിയാൽ. മൂർദ്ധ്നി=(മഹിഷാസുരന്റെ) ശിരസ്സിൽ. ന്യസ്തഃ=വയ്ക്കപ്പെട്ടതും. മരുദസുഹൃദസൂൻ=ദേവശത്രുവായ മഹിഷാസുരന്റെ പ്രാണങ്ങളെ. സംഹരൻ=സംഹരിക്കുന്നതുമായ. അംഘ്രിഃ=പാദം. വഃ=നിങ്ങളുടെ. അംഹഃ=പാപത്തെ. മുഷ്യാൽ=ശമിപ്പിക്കട്ടെ.

സാരം—

ദേവന്മാരുടെ ശത്രുവായ മഹിഷാസുരനെ കണ്ടപ്പോൾ ദേവിയുടെ അവയവങ്ങൾ അതാതിനു യോജിച്ച കോപലക്ഷണങ്ങൾ പ്രകടമാ-

ഹൂംകാരേ ന്യക്കൃതോദന്വതി മഹതി ജിതേ
ശിഞ്ജിതൈർന്നൂപുരസ്യ
ശ്ലിഷ്യച്ഛൃങ്ഗക്ഷതേഽപി ക്ഷരദസൃജി നിജാ-
ലക്തകഭ്രാന്തിഭാജി;
സ്കന്ധേ വിന്ധ്യാദ്രിബുദ്ധ്യാ നികഷതി മഹിഷ-
സ്യാഹിതോഽസൂനഹാർഷീ-
ദജ്ഞാനാദേവ യസ്യാശ്ചരണ ഇതി ശിവം
സാ ശിവാ വഃ കരോതു. ൨.

---

ക്കുന്നു. മററുള്ളവൎക്കു ഭയങ്കരനെങ്കിലും മഹിഷാസുരൻ മഹാപ്രഭാവശാലിനിയായ ദേവിക്കു് തീരെ നിസ്സാരനായതുകൊണ്ടു് അവനെ കണ്ടു കോപം വഹിക്കുന്നതുതന്നെ സ്വപ്രഭാവത്തിനു കുറവാണെന്നു ദേവി വിചാരിക്കുന്നു. അതുകൊണ്ടു് പുരികത്തിനു സ്വതേയുണ്ടായിരുന്ന വിലാസത്തിനു ഭംഗവും അധരത്തിന്റെ വിധുരതയും മുഖത്തിന്റെ ചുവപ്പുനിറവും ത്രിശൂലധാരണത്തിൽ ഹസ്തത്തിനുണ്ടായ ശ്രദ്ധയും സംഭവിക്കുന്നതിനു നിമിത്തമായ കോപം ഇപ്പോഴും ആവശ്യമില്ലെന്നുള്ള ഭാവത്തിൽ സ്ഥിതിചെയ്യുന്ന ദേവി തന്റെ ഒരു പാദം മഹിഷാസുരന്റെ ശിരസ്സിൽ വച്ചപ്പോൾ തന്നെ അവൻ അസ്തപ്രാണനായിത്തീർന്നു. അപ്രകാരം പ്രശസ്തമായ ദേവിയുടെ പാദം നിങ്ങളുടെ പാപങ്ങളെ ശമിപ്പിക്കട്ടെ.

൨. അൎത്ഥം—വിന്ധ്യാദ്രിബുദ്ധ്യാ=വിന്ധ്യപൎവ്വതമെന്ന വിചാരത്തോടുകൂടി. നികഷതി=ഘർഷണംചെയ്യുന്നതായ. സ്കന്ധേ=(മഹിഷാസുരന്റെ) സ്കന്ധത്തിൽ. വിന്ധ്യാദ്രിബുദ്ധ്യാ=വിന്ധ്യപൎവ്വതമെന്ന വിചാരത്താൽ. ആഹിതഃ=വയ്ക്കപ്പെട്ടതായ. യസ്യാഃ=യാതൊരു ദേവിയുടെ. ചരണഃ=പാദം. മഹതി=മഹത്തും. ന്യക്കൃതോദന്വതി=സമുദ്രഘോഷത്തെ ജയിച്ചതുമായ. ഹൂംകാരേ=(മഹിഷാസുരന്റെ) ഹൂംകാരം. നൂപുരസ്യ=കാൽചിലമ്പിന്റെ. ശിഞ്ജിതൈഃ=ധ്വനികളാൽ. ജിതേ (സതി)=ജയിക്കപ്പെടുകയും. ശ്ലിഷ്യച്ഛൃങ്ഗക്ഷതേ=മഹിഷന്റെ കൊമ്പുകൊണ്ടു മുറിവേററതും. ക്ഷരദസൃജി അപി=രക്തം പുരണ്ടതും ആയിരുന്നിട്ടും. (ദേവിയുടെ ചരണം). നിജാലക്തകഭ്രാന്തിഭാജി (സതി)=നിജമായ ചെമ്പഞ്ഞിച്ചാറെന്ന തെററിദ്ധാരണ ഉണ്ടാവുകയും ചെയ്ത സന്ദർഭത്തിൽ. ഇതി=ഇപ്രകാരം. അജ്ഞാനാൽ ഏവ=അറിവുകൂടാതെ തന്നെ. മഹിഷസ്യ=

ജാഹ്നവ്യാ യാ ന ജാതാനുനയപരഹര-
ക്ഷിപ്തയാ ക്ഷാളയന്ത്യാ
നൂനം നോ നൂപുരേണ ഗ്ലപിതശശിരുചാ
ജ്യോത്സ്നയാ വാ നഖാനാം;
താം ശോഭാമാദധാനാ ജയതി നവമിവാ-
ലക്തകം പീഡയിത്വാ
പാദേനൈവ ക്ഷിപന്തീ മഹിഷമസുരസാ-
ദാനനിഷ്ഠ്യൂതമായ്യാ. ൩.

മഹിഷാസുരന്റെ. അസൂൻ=പ്രാണങ്ങളെ. അഹാർഷീൽ = അപഹരിച്ചുവോ. സാ ശിവാ=ആ ഭഗവതി. വഃ=നിങ്ങൾക്കു്. ശിവം=മംഗളത്തെ. കരോതു=ഉളവാക്കട്ടെ.

സാരം —

മഹിഷാസുരന്റെ സ്കന്ധം സ്വവാസസ്ഥാനമായ വിന്ധ്യപർവ്വതമാണെന്നു വിചാരിച്ചു ദേവി തന്റെ പാദം അതിൽ വയ്ക്കുന്നു. ദേവിയുടെ ശ്യാമവർണ്ണമായ പാദം വിന്ധ്യപർവ്വതമാണെന്നു വിചാരിച്ചു മഹിഷാസുരൻ ചൊറിച്ചിൽ മാററാൻ തന്റെ സ്കന്ധം ദേവിയുടെ ചരണത്തിൽ ഘർഷണം ചെയ്യുന്നു. സമുദ്രഘോഷത്തെ അധഃകരിക്കുന്നതും മഹത്തുമായ മഹിഷാസുരന്റെ ഹുംകാരം ദേവിയുടെ കാൽച്ചിലമ്പിന്റെ ഒച്ചകൊണ്ടു മങ്ങിപ്പോകുന്നു. മഹിഷന്റെ കൊമ്പുകൊണ്ടു മുറിഞ്ഞു രക്തം ഒലിപ്പിക്കുന്ന ദേവിയുടെ ചരണം ചെമ്പഞ്ഞിച്ചാറു പുരണ്ടതാണെന്നു ദേവി വിചാരിക്കുന്നു. അവൻ മഹിഷാസുരനാണെന്നോ, അവന്റെ സ്കന്ധമാണെന്നോ, അവന്റെ ഹുംകാരമാണെന്നോ, അവന്റെ കൊമ്പുകൊണ്ടു മുറിഞ്ഞു തന്റെ പാദത്തിൽ ചോര ഒലിക്കയാണെന്നോ ഉള്ള യാതൊരു ജ്ഞാനവും കൂടാതെതന്നെ പാദവിക്ഷേപമാത്രത്താൽ മഹിഷാസുരനെ സംഹരിച്ചവളായ ഭഗവതി നിങ്ങൾക്ക മംഗളം ഉളവാക്കട്ടെ.

൩. അർത്ഥം — അനുനയപരഹരക്ഷിപ്തയാ=ദേവിയെ പ്രസാദിപ്പിക്കുന്നതിനു തല്പരനായ ശിവനാൽ പ്രേരിപ്പിക്കപ്പെട്ടവളും. ക്ഷാളയന്ത്യാ=ക്ഷാളനം ചെയ്യുന്നവളുമായ. ജാഹ്നവ്യാ=ഗംഗയാൽ. യാ=യാതൊരു ശോഭ. ന ജാതാ=ഉണ്ടായില്ലയോ. ഗ്ലപിതശശിരുചാ=ചന്ദ്രകാന്തിയെ അധഃകരിക്കുന്ന. നൂപുരേണ=കാൽച്ചിലമ്പിനാലും. നൂനം=നിശ്ചയ

മൃത്യോസ്തുല്യം ത്രിലോകീം ഗ്രസിതുമതിരസാ-
ന്നിസ്സൃതാഃ കിം നു ജിഹ്വാഃ
കിം വാ കൃഷ്ണാംഘ്രിപദ്മദ്യുതിഭിരരുണിതാ
വിഷ്ണുപദ്യാഃ പദവ്യഃ;
പ്രാപ്താഃ സന്ധ്യാഃ സ്മരാരേഃ സ്വയമുത നതിഭി-
സ്തിസ്ര ഇത്യൂഹ്യമാനാ
ദേവൈർദേവ്യാസ്ത്രിശൂലക്ഷതമഹിഷജുഷോ
രക്തധാരാ ജയന്തി. ൪.

---

മായും. യാ=യാതൊരു ശോഭ. നോ ജാതാ=ഉണ്ടായില്ലയോ. നഖാനാം=നഖങ്ങളുടെ. ജ്യോത്സ്നയാ വാ=പ്രകാശംകൊണ്ടും യാതൊരു ശോഭ ഉണ്ടായില്ലയോ. താം ശോഭാം=ആ ശോഭയെ. ആദധാനാ=ചരണത്തിൽ വഹിക്കുന്നവളും. നവം=നൂതനമായ. അലക്തകം ഇവ=ചെമ്പഞ്ഞിയെ എന്നപോലെ. മഹിഷം=മഹിഷാസുരനെ. പാദേന ഏവ=പാദംകൊണ്ടുതന്നെ. പീഡയിത്വാ=മർദ്ദിച്ചിട്ട്. അസുരസാദാനനിഷ്ക്കാസ്യം=പ്രാണങ്ങളാകുന്ന രസത്തെ എടുത്തിട്ട നിഷ്പ്രയോജനനാക്കിയിട്ട്. ക്ഷിപന്തീ=തള്ളിക്കളയുന്നവളുമായ. ആദ്യാ=ദേവി. ജയതി=സർവോൽക്കർഷേണ വർത്തിക്കുന്നു.

സാരം—

അഭിനവമായ അലക്തകത്തെ (മരുതാണിയെ) പാദംകൊണ്ടു മർദ്ദിച്ചു രസത്തെ എടുത്തിട്ട ബാക്കിയുള്ള നിസ്സാരമായ അംശത്തെ ദൂരത്തു തള്ളിക്കളയുന്നതുപോലെ ദേവി മഹിഷാസുരനെ ചരണംകൊണ്ടു മർദ്ദിച്ച് അവന്റെ പ്രാണങ്ങളാകുന്ന രസത്തെ എടുത്തിട്ട് അവന്റെ ശരീരത്തെ ദൂരെ തള്ളിക്കളയുന്നു. അപ്പോൾ ദേവിയുടെ പാദത്തിൽ ഉളവായ ശോഭ അതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. മുമ്പു ദേവിയെ അനുനയിപ്പിക്കാൻ ശിവൻ പ്രേരിപ്പിച്ചു ഗംഗ ഭഗവതിയുടെ ചരണം ക്ഷാളനം ചെയ്തപ്പോൾ സംഭവിച്ച ശോഭയും ചന്ദ്രകാന്തിയെ ജയിക്കുന്ന നൂപുരപ്രകാശവും, നഖങ്ങളുടെ കാന്തിയും മഹിഷാസുരമർദ്ദനം നിമിത്തം ദേവീചരണത്തിൽ ഉണ്ടായ ശോഭയോടു സാദൃശ്യം വഹിക്കുന്നില്ല. അപ്രകാരം മഹാപ്രഭാവം നിറഞ്ഞു വിളങ്ങുന്നവളായ ഭഗവതി സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

൪. അർത്ഥം—അതിരസാൽ=അധികമായ ആസക്തികൊണ്ട്. തുല്യം=ഒരേസമയത്തിൽ. ത്രിലോകീം=മൂന്നുലോകത്തെയും. ഗ്രസിതും=വിഴുങ്ങുന്ന

ദത്തേ ദർപ്പാൽ പ്രഹാരേ സപദി പദഭരോൽ-
പിഷ്ടദേഹാവശിഷ്ടാം
ശ്ലിഷ്ടാം ശൃങ്ഗസ്യ കോടിം മഹിഷസുരരിപോർ-
ന്നൂപുരഗ്രന്ഥിസീമ്നി;
മുഷ്ണ്യാദപഃ കല്മഷാണി വ്യതികരവിരതാ-
വാദദാനഃ കുമാരോ
മാതുഃ പ്രഭ്രഷ്ടലീലാകുവലയകലികാ-
കർണ്ണപൂരാദരേണ. ൬.

---

തിരു്. നിസ്സൃതാഃ=വെളിയിൽ നിസ്സരിച്ചവയായ. മൃത്യോഃ=മൃത്യുവിന്റെ ജിഹ്വാഃ കിം നു=നാക്കുകളാണോ എന്നും. കിം വാ=അല്ലെങ്കിൽ. കൃഷ്ണാംഘ്രിപദ്മദ്യുതിഭിഃ=മഹാവിഷ്ണുവിന്റെ പാദാരവിന്ദത്തിന്റെ കാന്തികളാൽ - അരുണിതാഃ=ചുവപ്പിക്കപ്പെട്ടതായ. വിഷ്ണുപദ്യാഃ=ആകാശഗംഗയുടെ. പദവ്യഃ=പ്രവാഹങ്ങളാണോ എന്നും. ഉത=അല്ലെങ്കിൽ-സ്മരാരേഃ=ശിവന്റെ. നതിഭിഃ=പ്രാർത്ഥനകളാൽ. സ്വയം=താനേ. പ്രാപ്താഃ=സമാഗമിച്ച. തിസ്രഃ=മൂന്നു്. സന്ധ്യാഃ=സന്ധ്യകളാണോ എന്നും. ഇതി=ഇപ്രകാരം. ദേവൈഃ=ദേവന്മാരാൽ. ഊഹ്യമാനാഃ = ഊഹിക്കപ്പെട്ടവയായ. ദേവ്യാഃ=ദേവിയുടെ. ത്രിശൂലക്ഷതമഹിഷജുഷഃ = ത്രിശൂലം കൊണ്ടു ക്ഷതനായ മഹിഷന്റെ ശരീരത്തിൽനിന്നു പ്രവഹിക്കുന്ന. രക്തധാരാഃ=രക്തപ്രവാഹങ്ങൾ. ജയന്തി=ശോഭിക്കുന്നു.

സാരം—

ദേവിയുടെ ത്രിശൂലംകൊണ്ടു മുറിവേററ മഹിഷാസുരന്റെ ശരീരത്തിൽനിന്നു മൂന്നു രക്തപ്രവാഹങ്ങൾ ഉണ്ടായി. അവയെക്കണ്ടു ദേവന്മാർ മൂന്നു പ്രകാരത്തിൽ ഊഹിച്ചു. മൂന്നു ലോകവും ഒരേ സമയത്തിൽ വിഴുങ്ങുന്നതിനു് അതിയായ കൊതിതോന്നിയ മൃത്യു. വെളിയിൽ പ്രസരിപ്പിച്ച മൂന്നു നാക്കുകൾ ആയിരിക്കാം. അല്ലാത്തപക്ഷം മഹാവിഷ്ണുവിന്റെ പാദാരവിന്ദത്തിൽ സംബന്ധിച്ചതുകൊണ്ടു ചുവപ്പുനിറം കൈവന്ന ആകാശഗംഗയുടെ മൂന്നു പ്രവാഹങ്ങളായിരിക്കാം. അല്ലെങ്കിൽ ശിവപ്രീതിക്കുവേണ്ടി ഒരേ സമയത്തിൽ ആവിർഭവിച്ച പ്രാതസ്സന്ധ്യയും മദ്ധ്യാഹ്നസന്ധ്യയും സായംസന്ധ്യയും ആയിരിക്കാം. ഈ പ്രകാരമാണു് ആ രക്തപ്രവാഹങ്ങളെക്കണ്ടു ദേവന്മാർ ഊഹിച്ചതു്.

൬. അർത്ഥം—ദർപ്പാൽ=ദർപ്പംകൊണ്ടു്. പ്രഹാരേ=അടി. ദത്തേ (സതി)=കൊടുക്കപ്പെട്ടപ്പോൾ. സപദി=പെട്ടെന്നു്. പദഭരോൽപിഷ്ടദേഹാവശിഷ്ടാം=പദഭാരംകൊണ്ടു പൊടിക്കപ്പെട്ട ദേഹത്തിൽനിന്നു് അവശേഷ

ശശ്വദ്വിശ്വോപകാരപ്രകൃതിരവികൃതിഃ
സാസ്തു ശാന്ത്യൈ ശിവാ വോ
യസ്യാഃ പാദോപശല്യേ ത്രിദശപതിരിപുർ-
ദൂരദുഷ്ടാശയോഽപി;
നാകേ പ്രാപൽ പ്രതിഷ്ഠാമസകൃദഭിമുഖോ
വാദയൻ ശൃങ്ഗകോട്യാ
ഹത്വാ കോണേന വീണാമിവ രണിതമണിം
മണ്ഡലീം നൂപുരസ്യ. ൬.

---

ച്ചതും. നൂപുരഗ്രന്ഥിസീമ്നി=നൂപുരബന്ധപ്രദേശത്തിൽ. ശ്ലിഷ്ടാം=പററിയതുമായ. മഹിഷസുരരിപോഃ=മഹിഷാസുരൻെറ. ശൃങ്ഗസ്യ=കൊമ്പിൻെറ. കോടിം=അററത്തെ. വ്യതികരവിരതൌ=യുദ്ധസമാപ്തിയിൽ. മാതുഃ=മാതാവിൻെറ. പ്രഭ്രഷ്ടലീലാകുവലയകലികാകർണ്ണപൂരാദരേണ=താഴത്തു പതിച്ച കർണ്ണാഭരണമായ കുവലയമൊട്ടാണെന്ന ആദരവോടേ. ആദദാനഃ=എടുക്കുന്ന. കുമാരഃ=കുമാരൻ (സുബ്രഹ്മണ്യൻ). വഃ=നിങ്ങളുടെ. കല്മഷാണി=പാപങ്ങളെ. മുഷ്ണാൽ=ശമിപ്പിക്കട്ടെ.

സാരം—

ഭഗവതി ദർപ്പത്താൽ മഹിഷാസുരൻെറ ശിരസ്സിൽ പാദംകൊണ്ടു പ്രഹരിച്ചപ്പോൾ പൊടിഞ്ഞുപോയ അവൻെറ ശരീരത്തിൽനിന്നു ഭംഗിച്ചതും യുദ്ധസമാപ്തിയിൽ ദേവിയുടെ പാദത്തിൽ പതിച്ചതുമായ കൊമ്പിൻെറ അഗ്രഭാഗത്തെ കണ്ടു്, അതു ദേവിയുടെ കർണ്ണാഭരണമായ കുവലയപ്പൂവിൻെറ മൊട്ടാണെന്നു വിചാരിച്ചു കയ്യിലെടുത്ത സുബ്രഹ്മണ്യൻ നിങ്ങളുടെ പാപങ്ങളെ ശമിപ്പിക്കട്ടെ.

൬. അത്ഥം—ത്രിദശപതിരിപുഃ=ഇന്ദ്രശത്രുവായ മഹിഷാസുരൻ. ദൂരദുഷ്ടാശയഃഅപി=ഏററവും ദുഷ്ടാശയനായിരുന്നിട്ടും. യസ്യാഃ=യാതൊരു ദേവിയുടെ. പാദോപശല്യേ=പാദസമീപത്തിൽ. അസകൃൽ=പലതവണ. അഭിമുഖഃ=അഭിമുഖനായി. രണിതമണിം=ശബ്ദിക്കുന്ന മണികളോടുകൂടിയ. നൂപുരസ്യ=നൂപുരത്തിൻെറ (കാൽ ചിലമ്പിൻെറ). മണ്ഡലീം=വലയത്തെ. ശൃങ്ഗാഗ്രകോട്യാ=കൊമ്പിൻെറ അഗ്രഭാഗംകൊണ്ടു്. ഹത്വാ=തട്ടി. കോണേന=വീണാവാദനദണ്ഡം കൊണ്ടു്. വീണാം ഇവ=വീണയെ എന്നപോലെ. വാദയൻ=വാദനം ചെയ്യുന്നവനായിട്ടു്. നാകേ=സ്വർഗ്ഗത്തിൽ. പ്രതിഷ്ഠാം=പ്രതിഷ്ഠയെ (വാസത്തെ). പ്രാപൽ=

നിഷ്ഠ്യൂതോഽങ്ഗുഷ്ഠകോട്യാ നഖശിഖരഹതഃ
പാർഷ്ണ്ണിനിർഘ്ഘാതസാരോ
ഗർഭേ ദർഭാഗ്രസൂചീലഘുരിവ ഗണിതോ
നോപസർപ്പൻ സമീപം;
നാഭൌ വക്ത്രം പ്രവിഷ്ടാകൃതിവികൃതി യയാ
പാദപാതേന കൃത്വാ
ദൈത്യാധീശോ വിനാശം രണഭുവി ഗമിതഃ
സാസ്തു ദേവീ ശ്രിയേ വഃ. ൧.

---

പ്രാപിച്ചവോ. ശശ്വത്=നിരന്തരമായി. വിശ്വോപകാരപ്രകൃതിഃ=ജഗത്തിനൊക്കെ ഉപകാരം ചെയ്യുന്ന സ്വഭാവമുള്ളവളും. അവികൃതിഃ=വികാരം പ്രാപിക്കാത്തവളുമായ. സാ ശിവാ=ആ ശ്രീപാർവ്വതീദേവി. വഃ=നിങ്ങളുടെ. ശാന്ത്യൈ=ദുഃഖശാന്തിക്കു കാരണമായി. അസ്തു=ഭവിക്കട്ടെ.

സാരം—

ഏറ്റവും ദുഷ്ടാശയനെങ്കിലും മഹിഷാസുരൻ തന്റെ കൊമ്പിന്റെ അഗ്രഭാഗംകൊണ്ടു ദേവിയുടെ നൂപുരവലയത്തിൽ തട്ടിയപ്പോൾ അതിൽ കോത്തിണക്കിയിരുന്ന മണികളുടെ നാദം മുഴങ്ങുകയും, അതു നിമിത്തം വീണാവാദനബന്ധം കൊണ്ടു വീണ വായിച്ച ഫലം സിദ്ധിക്കയും ചെയ്തു. അക്കാരണത്താൽ മഹിഷാസുരനു സ്വർഗ്ഗത്തിൽ വസിക്കാനുള്ള ഭാഗ്യമുണ്ടായി. അപ്രകാരം ദുർജ്ജനങ്ങളുടെ ചേഷ്ടകൊണ്ടുപോലും വികാരം പ്രാപിക്കാത്തവളും, എപ്പോഴും സർവ്വജഗത്തിനും ക്ഷേമമുളവാക്കാൻ ജാഗരൂകത വഹിക്കുന്നവളുമായ ശ്രീപാർവ്വതീദേവി നിങ്ങളുടെ സർവ്വദുഃഖങ്ങളേയും ശമിപ്പിക്കട്ടെ.

൧. അർത്ഥം—അങ്ഗുഷ്ഠകോട്യാ=അങ്ഗുഷ്ഠാഗ്രഭാഗത്താൽ. നിഷ്ഠ്യൂതഃ=തള്ളപ്പെട്ടവനും. നഖശിഖരഹതഃ=നഖാഗ്രത്താൽ ഹനിക്കപ്പെട്ടവനും. പാർഷ്ണ്ണിനിർഘ്ഘാതസാരഃ=കുതിയൻകാലുകൊണ്ടു ബലഹീനനാക്കപ്പെട്ടവനും. ഗർഭേ=പാദമദ്ധ്യത്തിൽ. ദർഭാഗ്രസൂചീലഘുഃ ഇവ=ദർഭപ്പുല്ലിന്റെ അഗ്രംപോലെ നിസ്സാരനായി. ഗണിതഃ=വിചാരിക്കപ്പെട്ടവനും. സമീപം=സമീപദേശത്തെ. ന ഉപസർപ്പൻ=പ്രാപിക്കാത്തവനും ആയ. ദൈത്യാധീശഃ=അസുരാധിപനായ മഹിഷൻ. രണഭുവി=യുദ്ധഭൂമിയിൽ. യയാ=യാതൊരു ദേവിയാൽ. പാദപാതേന=പാദപ്രഹാരംകൊണ്ടു്. നാഭൌ=നാഭിയിൽ. വക്ത്രം=മുഖത്തെ. കൃത്വാ=ചെയ്തിട്ടു്. പ്രവി

ഗ്രസ്താശ്വഃ ശഷ്പലോഭാദിവ ഹരിതഹരേ-
രപ്രസോഢാനലോഷ്മാ
സ്ഥാണൌ കണ്ഡൂം വിനീയ പ്രതിമഹിഷരുഷേ-
വാന്തകോപാന്തവർത്തീ;
കൃഷ്ണം പങ്കം യഥേച്ഛൻ വരുണമുപഗതോ
മജ്ജനായേവ യസ്യാഃ
സ്വസ്ഥോഽഭൂൽ പാദമാപ്യാ ഹ്രദമിവ മഹിഷഃ
സാസ്തു ദുർഗ്ഗാ ശ്രിയേ വഃ. വൃ.

---

ഷ്ഠാകൃതിവികൃതി=ആകൃതിവികാരത്തോടുകൂടും വണ്ണം. വിനാശം=വിനാശത്തെ. ഗമിതഃ=പ്രാപിപ്പിക്കപ്പെട്ടവോ. സാ ദേവീ=ആ ദേവി. വഃ=നിങ്ങളുടെ. ശ്രിയേ=സമ്പത്തിനായിട്ടു്. അസ്തു=ഭവിക്കട്ടെ.

സാരം—

ദൈത്യാധിപനായ മഹിഷൻ യുദ്ധഭൂമിയിൽ ദേവിയോടടുക്കുന്നതിനുമുമ്പുതന്നെ ദേവിയുടെ പാദപ്രഹരമേററു മരിക്കുന്നു. ദേവിയുടെ കാലിലെ കട്ടവിരലിൻെറ അററംകൊണ്ടുണ്ടായ തള്ളലും, നഖാഗ്രത്താലുണ്ടായ മുറിവും, കുതിയൻകാലുതട്ടിയുണ്ടായ ബലഹീനതയും, ദേവിയുടെ പാദമദ്ധ്യത്തിൽ ദർഭപ്പുല്ലിൻെറ അററംപോലെ സംഭവിച്ച ലഘുതയും അനുഭവിച്ചു മഹിഷൻെറ മുഖം അവൻെറ നാഭിയോടുകൂടിച്ചേൻ വികൃതമായ ആകൃതി സംഭവിച്ചു. അപ്രകാരം നിഷ്പ്രയാസമായി മഹിഷാസുരനെ സംഹരിച്ചവളായ ദേവി നിങ്ങൾക്കു സമ്പത്തുളവാക്കട്ടെ.

വൃ. അർത്ഥം—ശഷ്പലോഭാൽ ഇവ=പച്ചപ്പുല്ലുതിന്നാനുള്ള അഭിലാഷത്താലെന്നപോലെ. ഹരിതഹരേഃ=പച്ചനിറമായ കുതിരകളോടുകൂടിയ സൂര്യൻെറ. ഗ്രസ്താശ്വഃ=അശ്വങ്ങളെ ഗ്രഹിച്ചവനും. അപ്രസോഢാനലോഷ്മാ=അഗ്നിയുടെ ഊഷ്മാവിനെ (ചൂടിനെ) സഹിക്കാത്തവനും. സ്ഥാണൌ=ശിവനിൽ (സ്തംഭത്തിൽ). കണ്ഡൂം=ചൊറിച്ചിലിനെ. വിനീയ=തീർത്തിട്ടു്. പ്രതിമഹിഷരുഷാ ഇവ=മറെറാരു മഹിഷത്തെ കണ്ടിട്ടുള്ള കോപംകൊണ്ടെന്നപോലെ. അന്തകോപാന്തവർത്തീ=അന്തകൻെറ (യമൻെറ) സമീപത്തു ചെല്ലുന്നവനും. കൃഷ്ണം=നീലവർണ്ണനായ മഹാവിഷ്ണുവിനെ. പങ്കംയഥാ=ചെളിയെ എന്നപോലെ. ഇച്ഛൻ=ആഗ്രഹിക്കുന്നവനും. മജ്ജനായ ഇവ=കുളിക്കുന്നതിനെന്നപോലെ. വരുണം=വരുണനെ. ഉപഗതഃ=സമീപിച്ചവനും ആയ. മഹിഷഃ=മഹിഷാസുരൻ (പോത്തു്). യസ്യാഃ=യാതൊരു ദേവിയുടെ. പാദം=പാദത്തെ. ഹ്രദം

ത്രൈലോക്യാതങ്കശാന്ത്യൈ പ്രവിശതി വിവശേ
ധാതരി ധ്വാന്തതന്ദ്രീ-
മിന്ദ്രാദ്യേഷു ദ്രവത്സു ദ്രവിണപതിപയഃ-
പാലകാലാനലേഷു;
യേ സ്വശ്ശൈനൈവ പിഷ്ട്വാ മഹിഷമതിരുഷം
ത്രാതവന്തസ്ത്രിലോകീം
പാന്തു ത്വാം പഞ്ച ചണ്ഡ്യാശ്ചരണനഖമിഷേ-
ണാപരേ ലോകപാലാഃ. ൯.

---

ഇവ=ഹ്രദത്തെ (ജലാശയത്തെ) എന്നപോലെ. ആപ്ത്വാ=പ്രാപിച്ചിട്ട് സ്വസ്ഥഃ=സ്വസ്ഥനായി (സ്വർഗ്ഗംപ്രാപിച്ചവനായി). അഭൂൽ=ഭവിച്ചുവോ. സാ ദുർഗ്ഗാ=ആ ദുർഗ്ഗാഭഗവതി. വഃ=നിങ്ങളുടെ. ശ്രിയേ=സമ്പത്തിനായിട്ട്. അസ്തു=ഭവിക്കട്ടെ.

സാരം—

പോത്തിന്റെ സ്വരൂപം ധരിച്ച മഹിഷാസുരൻ സൂര്യന്റെ പച്ചനിറത്തിലുള്ള കുതിരകളെ ആക്രമിച്ചു വിഴുങ്ങുന്നതു കാണുമ്പോൾ പച്ചനിറമായ ഇളംപുല്ലിൽ പോത്തിനുണ്ടായ അഭിലാഷം കൊണ്ടാണെന്നു തോന്നുന്നു. മഹിഷൻ അഗ്നിദേവനെ ആക്രമിച്ചു കീഴടക്കുന്നതു കാണുമ്പോൾ പോത്തിന് അഗ്നിയുടെ ചൂടിൽ ഉണ്ടായ അസഹിഷ്ണുതകൊണ്ടാണെന്നു തോന്നുന്നു. സ്ഥാണുവായ ശിവനെ ആക്രമിച്ചു ജയിക്കുന്നതു കാണുമ്പോൾ പോത്തു സ്തംഭത്തിൽ ഉരസി ചൊറിച്ചിൽ തീർക്കുന്നതിനു ആഗ്രഹിക്കുന്നതുപോലെ തോന്നുന്നു. മഹിഷവാഹനനായ യമനോടു മഹിഷാസുരൻ യുദ്ധം ചെയ്യാനടുക്കുന്നതു കണ്ടാൽ മറ്റൊരു മഹിഷത്തെ കണ്ടതുകൊണ്ടുള്ള കോപം കൊണ്ടാണെന്നു തോന്നുന്നു. നീലവർണ്ണനായ മഹാവിഷ്ണുവിനോടു യുദ്ധം ചെയ്യാൻ മഹിഷാസുരൻ അടുക്കുന്നതു കണ്ടാൽ പോത്തിനു നീലനിറമായ ചെളിയിൽ ഉണ്ടായ ആഗ്രഹം കൊണ്ടാണെന്നു തോന്നുന്നു. വരുണനോടു യുദ്ധം ചെയ്യാൻ മഹിഷാസുരൻ അടുക്കുന്നതു കണ്ടാൽ പോത്തിനു വെള്ളത്തിൽ മുങ്ങാൻ തോന്നിയ അഭിലാഷം കൊണ്ടാണെന്നു തോന്നുന്നു. അപ്രകാരം ആ ദേവന്മാരെയൊക്കെ ആക്രമിച്ചു ജയിച്ചവനും ബലിഷ്ഠനുമായ മഹിഷാസുരൻ ദുർഗ്ഗാഭഗവതിയുടെ പാദത്തെ പ്രാപിച്ചു മൃതനായി സ്വസ്ഥനായി (സ്വർഗ്ഗസ്ഥനായി) തീരുന്നതു കാണുമ്പോൾ പോത്തു ജലാശയത്തെ പ്രാപിച്ചു സ്വസ്ഥമായി (സുഖം പൂണ്ടതായി) ഭവിക്കുന്നതുപോലെ തോന്നുന്നു. ദേവന്മാരെ നിഷ്പ്രയാസമായി ജയിച്ചു മദോന്മത്തനായി തീർന്ന ബലിഷ്ഠനായ ആ മഹിഷാസുരനെ തന്റെ പാദപ്രഹാരംകൊണ്ട് അനായാ-

പ്രാലേയോൽപീഡപീവ്നാം നഖരജനികൃതാ-
മാതപേനാതിപാണ്ഡുഃ
പാർവത്യാഃ പാതു യുഷ്മാൻ പിതുരിവ തുലിതാ-
ദ്രീന്ദ്രസാരഃ സ പാദഃ;
യോ ദൈത്യോന്മുക്തലീലാസമുചിതപതനാ-
പാതപീതാസുരാസീ-
ന്നോ ദേവ്യാ ഏവ വാമശ്ഛലമഹിഷതനോ-
ന്നാകലോകദ്വിഷോഽപി. ൧൦.

---

സമായി സംഹരിച്ചവളായ ദുർഗ്ഗാഭഗവതി നിങ്ങൾക്ക സമ്പത്തുളവാക്കട്ടെ.

൯. അർത്ഥം—വിവശേ=വിവശനായ. ധാതരി=ബ്രഹ്മാവു്. ത്രൈലോക്യാതങ്കശാന്ത്യൈ=ത്രൈലോക്യത്തിന്റെ ഉപദ്രവം ശമിക്കുന്നതിനായി. ധ്യാനതന്ദ്രീം=ചിന്താജാഡ്യത്തെ. പ്രവിശതി (സതി)=പ്രാപിക്കയും. ഇന്ദ്രാദ്യേഷു=ഇന്ദ്രപ്രഭൃതികളായ. ദ്രവിണപതിപയഃപാലകാലാനലേഷു=കുബേരൻ വരുണൻ യമൻ അഗ്നി എന്ന ദിക്പാലന്മാർ. ദ്രവത്സു (സത്സു)=പേടിച്ചോടുകയും ചെയ്തപ്പോൾ. യേ=ഏവ. സ്പർശേന ഏവ=സ്പർശംകൊണ്ടുതന്നെ. അതിരുഷം=അതിക്രുദ്ധനായ. മഹിഷം=മഹിഷനെ, പിഷ്ട്വാ=പൊടിച്ചിട്ടു് (കൊന്നിട്ടു്). ത്രിലോകീം=ത്രൈലോക്യത്തെ. ത്രാതവന്തഃ=രക്ഷിച്ചുവോ. ചണ്ഡ്യാഃ=ദേവിയുടെ. ചരണനഖമിഷേണ=ചരണനഖം എന്നുള്ള വ്യാജത്തോടുകൂടിയ. അപരേ=അന്യരായ. (തേ)=ആ. പഞ്ച=അഞ്ചു്. ലോകപാലാഃ=ലോകപാലന്മാർ. ത്വാം=നിന്നെ. പാന്തു=രക്ഷിക്കട്ടെ.

സാരം—

ത്രിഭുവനത്തിന്റെ പീഡാശാന്തിക്കായി വിവശനായ ബ്രഹ്മാവു ചിന്താതാന്തനായിരിക്കുകയും, ഇന്ദ്രൻ കുബേരൻ വരുണൻ യമൻ അഗ്നി എന്ന ദിക്പാലന്മാർ മഹിഷാസുരനെ പേടിച്ചോടുകയും ചെയ്തപ്പോൾ ചണ്ഡീഭഗവതിയുടെ കാൽനഖങ്ങളെന്ന വ്യാജത്തിൽ വിളങ്ങുന്ന അന്യരായ അഞ്ചു ദിക്പാലന്മാർ അതിക്രുദ്ധനായ ആ മഹിഷാസുരനെ സ്പർശമാത്രത്താൽ സംഹരിച്ചു ത്രൈലോക്യത്തെ രക്ഷിച്ചു. അപ്രകാരം ലോകരക്ഷയരുളിയ ചണ്ഡീഭഗവതിയുടെ പാദനഖങ്ങൾ നിങ്ങളെ രക്ഷിക്കട്ടെ.

൧൦. അർത്ഥം—യഃ=യാതൊരു പാദം. ദേവ്യാഃഏവ ന=ദേവിക്കുമാത്രമല്ല. വാമഃ=വാമമായി (ഇടത്തേതായി). ആസീൽ=ഭവിച്ചതു്. ഛലമഹിഷ-

വക്ഷോ വ്യാജൈണരാജഃ സ ദശഭിരഭിനൽ
പാണിജൈഃ പ്രാക് സുരാരേഃ
പഞ്ചേവാസ്തം നയാമോ യുവതിചരണജാഃ
ശത്രുമേതേ വയം ത്വു;
ഇത്യുൽപന്നാഭിമാനൈർന്നഖശശിമണിഭി-
ർജ്യോത്സ്നയാ സപാശ്രുമയ്യാ
യസ്യാഃ പാദേ ഹതാരൌ ഹസിത ഇവ ഹരിഃ
സാസ്തു കാളീ ശ്രിയേ വഃ. ൧൧

---

തനോഃ=കപടമഹിഷരൂപനായ. നാകലോകദപിഷ: അപി=സപഗ്ഗശത്രുവായ അസുരന്റേറയും (മഹിഷാസുരന്റേറയും).വാമഃ=വാമമായി (വൈരിയായി) ഭവിച്ചു. പ്രാലേയോൽപീഡപീഢ്നാം=മഞ്ഞിന്റെറ സമ്പക്കം കൊണ്ടു വർദ്ധിച്ച. നഖരജനികൃതാം=നഖങ്ങളാകുന്ന ചന്ദ്രന്മാരുടെ. ആതപേന=ശോഭകൊണ്ടു്. അതിപാണ്ഡുഃ=ഏററവും ശുഭ്രവും. പിതുഃ ഇവ=പിതാവായ ഹിമാലയത്തിന്റെ . പോലെ. തുലിതാദ്രീന്ദ്രസാരഃ=അദ്രീന്ദ്രന്മാരുടെ ബലത്തെ ജയിക്കുന്നതും. ദൈത്യേന്ദ്രതലീലാസമുചിതപതനാപാതപീതാസുഃ = ലീലയ്ക്കു സമുചിതമായ വിധത്തിൽ ഉന്മുക്തമായ പതനത്തിന്റെറ ആപാതത്തിൽതന്നെ മഹിഷാസുരന്റെറ പ്രാണങ്ങളെ പാനം ചെയ്തതുമായ. സഃ പാവ്ത്യാഃ പാദഃ=ആ പാർവതീദേവിയുടെ പാദം. യുഷ്മാൻ=നിങ്ങളെ. പാതു= രക്ഷിക്കട്ടെ.

സാരം—

ശ്രീപാർവ്വതീദേവി ലീലയായി പാദംകൊണ്ടു മഹിഷാസുരനെ പ്രഹരിച്ചപ്പോൾ അവൻ പ്രാണരഹിതനായിതീൎന്നു. ആ പാദം ദേവിക്കും മഹിഷാസുരനും വാമമായി (ഇടത്തേതും, ശത്രുവുമായി) തീൎന്നു. മഞ്ഞു നിറഞ്ഞ ഹിമാലയത്തിൽ വസിക്കുന്ന ദേവിയുടെ കാൽനഖങ്ങളാകുന്ന ചന്ദ്രന്മാരുടെ ശോഭ വർദ്ധിച്ചതുകൊണ്ടു ദേവിയുടെ പാദം ഏററവും ശുഭ്രവൎണ്ണമായി വിളങ്ങുന്നു. ആ പാദം ഹിമാലയത്തിന്റെറ പാദം പോലെ അദ്രീന്ദ്രന്മാരുടെ ബലത്തെ ജയിച്ചതാകുന്നു. അപ്രകാരം പ്രശസ്തമായ ശ്രീപാർവതീദേവിയുടെ തൃപ്പാദം നിങ്ങളെ രക്ഷിക്കട്ടെ.

൧൧. അൎത്ഥം—യസ്യാഃ=യാതൊരു ദേവിയുടെ. പാദേ=പാദം. ഹതാരൌ (സതി)=ശത്രുവായ മഹിഷനെ സംഹരിച്ചപ്പോൾ. പ്രാക്=മുമ്പ്. സ്വരാരേഃ=ദേവശത്രുവായ ഹിരണ്യകശിപുവിന്റെറ. വക്ഷഃ=വക്ഷസ്സി

രക്താക്തേƒലക്തകശ്രീവ്വിജയിനി വിജയേ
നോ വിരാജത്യമുഷ്മിൻ
ഹാസോ ഹസ്താഗ്രസംവാഹനമപി ദളിതാ-
ദ്രീന്ദ്രസാരദ്വിഷോƒസ്യ;
ത്രാസേനൈവാദ്യ സദ്ഃ പ്രണമതി കടനേ-
നാമുനേതി ക്ഷതാരിഃ
പാദോƒവ്യാച്ചുംബിതോ വോ രഹസി വിഹസതാ
ത്ര്യംബകേനാംബികായാഃ. ൧൨

൧൧. സഃ വ്യാജൈണരാജഃ=ആ വ്യാജസിംഹമായ നരസിംഹൻ.(മഹാവിഷ്ണു). ദശഭിഃ=പത്തു്. പാണിജൈഃ=കൈനഖങ്ങളാൽ. അഭിനൽ=ഭേദിച്ചു.ഏതേ വയം തു=ഈ ഞങ്ങളാകട്ടെ.യുവതിചരണജാഃ=യുവതിയുടെചരണത്തിൽ ജനിച്ച. പഞ്ചൈവ=അഞ്ചു നഖങ്ങൾ മാത്രമായിട്ടു്. ശത്രും=ദേവശത്രുവായ മഹിഷനെ. അസ്തം=നാശത്തെ. നയാമഃ=നയിപ്പിക്കുന്നു. ഇതി=ഇപ്രകാരം. ഉൽപന്നാഭിമാനൈഃ=ഗർവം വഹിക്കുന്ന. നഖശശിമണിഭിഃ=ദേവിയുടെ കാൽനഖങ്ങളാകുന്ന ചന്ദ്രകാന്തമണികളാൽ. സ്വാംശുമയ്യാ=തങ്ങളുടെ കാന്തിസ്വരൂപമായ. ജ്യോത്സ്നയാ=കാന്തികൊണ്ടു്. ഹരിഃ=മഹാവിഷ്ണു. ഹസിതഃ ഇവ=പരിഹസിക്കപ്പെട്ടവൻ എന്നപോലെ ഭവിച്ചുവോ. സാ കാളീ=ആ ഭദ്രകാളി. വഃ=നിങ്ങളുടെ. ശ്രിയേ=സമ്പത്തിനായി. അസ്തു=ഭവിക്കട്ടെ.

സാരം—

പണ്ടു പുരുഷനായ മഹാവിഷ്ണു വ്യാജമായി നരസിംഹരൂപമെടുത്തു പത്തു കൈനഖങ്ങളാൽ ഹിരണ്യകശിപുവിന്റെ മാറിടം പിളന്നു. ഇപ്പോൾ സ്ത്രീയായ ദേവിയുടെ ഒരു കാലിലേ അഞ്ചു നഖങ്ങൾ മഹിഷാസുരനെ സംഹരിച്ചു. ഇപ്രകാരമായ അഭിപ്രായം വഹിക്കുന്ന ദേവിയുടെ കാൽനഖങ്ങൾ പ്രസരിപ്പിക്കുന്ന പ്രകാശം മഹാവിഷ്ണുവിനെ പരിഹസിക്കുന്ന മട്ടിൽ തോന്നുന്നു. ഈ വിധം അനായാസേന ഒരു പാദംകൊണ്ടു മഹിഷാസുരനെ സംഹരിച്ചവളായ ഭദ്രകാളി നിങ്ങൾക്കു സമ്പത്തു നല്കട്ടെ.

൧൨. അത്ഥം—വിജയേ (സതി)=മഹിഷാസുരനെ ദേവി ജയിച്ചപ്പോൾ. വിജയിനി=ജയശാലിയും. രക്താക്തേ=രക്തംപുരണ്ടതുമായ. അമുഷ്മിൻ=ഈ ദേവീപാദത്തിൽ. അലക്തകശ്രീഃ=മരുതാണിയുടെ വർണ്ണം. നോ

ഭങ്ഗോ ന ഭ്രൂലതായാസ്ഖലിതബലതയാ-
  നാസ്ഥമസ്ഥ്നാം ത്രു ചക്രേ
ന ക്രോധാൽ പാദപദ്മം മഹദമൃതഭുജാ-
  മുദ്ധൃതം ശല്ല്യമന്തഃ;
വാചാലം നൂപുരം നോ ജഗദജനി ജയം
  ശംസദംശേന പാർഷ്ണേർ-
മൂർണ്ണന്ത്യാസുൻ മുരാരേഃ സമരഭുവി യയാ
  പാർവ്വതീ പാതു സാ വഃ. ൩൨

---

വിരാജതി=ശോഭിക്കുന്നില്ല. ദളിതാദ്രീന്ദ്രസാരദർപ്പിഷ്ഠഃ=പർവ്വതേന്ദ്ര ബലത്തെ ജയിച്ച മഹിഷനെ സംഹരിച്ചതായ. അസ്യ=ഈ ദേവീപാദത്തിന്റെ. ഹസ്താഗ്രസംവാഹനം അപി=ഹസ്താഗ്രം കൊണ്ടുള്ള സംവാഹനം കൂടി. ഹാസഃ=പരിഹാസമാകുന്നു. അമുനാ കദനേന=ഈ മഹിഷാസുരമർദ്ദനത്താൽ. അദ്യ=ഇപ്പോഴും. സർവ്വഃ=എല്ലാവരും. ത്രാസേന ഏവ=ഭയത്തോടുകൂടിതന്നെ. പ്രണമതി=നമസ്കരിക്കുന്നു. ഇതി=ഇപ്രകാരം വിചാരിച്ച്. വിഹസതാ=ചിരിക്കുന്ന. ത്ര്യംബകേന=ശിവനാൽ. രഹസി=ഏകാന്തത്തിൽ. ചുംബിതഃ=ചുംബിക്കപ്പെട്ടതും. ക്ഷതാരിഃ=ശത്രുവിനെ സംഹരിച്ചതുമായ. അംബികായാഃ=ശ്രീപാർവ്വതീദേവിയുടെ. പാദഃ=ചരണം. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം—

മഹിഷാസുരനെ സംഹരിച്ച് വിജയം നേടിയ ദേവിയെ സന്തോഷിപ്പിക്കാൻ എന്തു പ്രവൃത്തിയാണു ചെയ്യേണ്ടതെന്നു ശിവൻ ആലോചിച്ചു. മരുതാണി അരച്ചു ദേവിയുടെ പാദത്തിൽ പുരട്ടിയതുകൊണ്ടു ഫലമില്ല. ആ പാദം മഹിഷന്റെ രക്തം പുരണ്ടു ചുവന്നിരിക്കയാണ്. എന്നാൽ ദേവിയുടെ പാദത്തെ കൈകൊണ്ടു തിരുമ്മിയാൽ ദേവിക്കു സന്തോഷം വരുമോ എന്ന് ആലോചിച്ചാൽ അദ്രീന്ദ്രസാരത്തെ നിസ്സാരമാക്കിയ മഹിഷനെ സംഹരിക്കാൻ കരുത്തുള്ള ദേവിയുടെ പാദത്തിനു സംവാഹനം ചെയ്യുകയെന്നതു തന്നെ പരിഹാസമാണ്. മഹിഷാസുരമർദ്ദനം കണ്ടു പേടിച്ചു ദേവന്മാരാണു ദേവീപാദത്തിനു പ്രണാമം ചെയ്തു കാണുന്നത്. ഭർത്താവായ തനിക്കു (ശിവനു) സ്വഭാര്യയായ ദേവിയെപ്പറ്റി ഭയമില്ലാത്തതുകൊണ്ടു പ്രണാമവും അനുചിതമാണ്. ഇപ്രകാരമൊക്കെ ആലോചിച്ചു ശിവൻ ചിരിച്ചുകൊണ്ടു ഏകാന്തത്തിൽ ദേവീപാദത്തെ ചുംബിച്ചു. അപ്രകാരം പ്രശസ്തമായ ശ്രീപാർവ്വതീദേവിയുടെ തൃപ്പാദം നിങ്ങളെ രക്ഷിക്കട്ടെ.

നിര്യന്നാനാസ്രൂശസ്രൂാവലി വലതി ബലം
കേവലം ദാനവാനാം
ദ്രാങ്നീതേ ദീർഘനിദ്രാം ദ ചിഷതി ന മഹിഷീ-
തൃച്ഛ്യസേ പ്രായശോഽദ്യ;
അസ്രീസംഭാവ്യവീര്യാ ത പമസി ഖലു മയാ
നൈവമാകാരണീയാ
കാത്യായന്യാത്തകേലാവിതി ഹസതി ഹരേ
ഹ്രീമതീ ഹന്ത ചരീൻ വഃ. ൧൮.

൧൭. അത്ഥം—സമരഭുവി=യുദ്ധക്കളത്തിൽ. പാർഷ്ണേഃ=കുതികാലിന്റെ. അംശേന=അംശംകൊണ്ടു്. സുരാരേഃ=ദേവശത്രുവായ മഹിഷന്റെ. അസൂൻ=പ്രാണങ്ങളെ. മുഷ്ണന്ത്യാ=സംഹരിക്കുന്നവളായ. യയാ=യാതൊരു ദേവിയാൽ. ഭ്രൂലതായാഃ ന=ഭ്രൂലതക്കുമാത്രമല്ല. ഭങ്ഗഃ=ഭങ്ഗംചെയ്യപ്പെട്ടതു്. തു= പിന്നയൊ എന്നാൽ. തുലിതബലതയാ=ഇത്ര യ്യബലമുണ്ടെന്നറിയപ്പെട്ടതുകൊണ്ടു്. അനാസ്ഥം=അനാദരവായി. അസ്ഥ്നാം=മഹിഷന്റെ അസ്ഥികൾക്കും. ഭങ്ഗഃ ചക്രേ=ഭഞ്ജനംചെയ്യപ്പെട്ടു. ക്രോധാൽ=കോപംകൊണ്ടു്. പാദപദ്മം ന=പാദപദ്മം മാത്രമല്ല. ഉദ്ധൃതം=ഉദ്ധരിക്കപ്പെട്ടതു് (ഉയത്തപ്പെട്ടതു്). അമൃതഭുജാം=ദേവന്മാരുടെ. മഹൽ=മഹത്തായ. അന്തഃശല്യം=ഹൃദയശല്യവും. ഉദ്ധൃതം=പിഴുതുകളയപ്പെട്ടു. നൂപുരം നോ=കാൽചിലമ്പുമാത്രമല്ല. വാചാലം=ശബ്ദമുണ്ടാക്കിയതു്. ജയം=ദേവിയുടെ വിജയത്തെ. ശംസൽ=പ്രശംസിക്കുന്ന. ജഗൽ=ജഗത്തും. വാചാലം അജനി=ശബ്ദകോലാഹലംമുഴക്കുന്നതായിതീൻ. സാ പാവ്തീ=ആ പവ്തീദേവി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—

യുദ്ധക്കളത്തിൽ വച്ചു മഹിഷാസുരന്റെ പ്രാണങ്ങളെ അപഹരിക്കുന്ന ദേവിയാൽ കോപം നിമിത്തം ഭ്രൂലതക്കും അനാദരവായി മഹിഷന്റെ അസ്ഥികൾക്കും ഭങ്ഗം ചെയ്യപ്പെട്ടു. ദേവിയുടെ പാദവും ദേവന്മാരുടെ ഹൃദയശല്യവും ഉദ്ധൃതമായി. ദേവിയുടെ കാൽചിലമ്പും ദേവിയുടെ വിജയത്തെ പ്രശംസിക്കുന്ന ജഗത്തും ശബ്ദകോലാഹലം മുഴക്കി. അപ്രകാരം സവ്ജഗത്തിനാലും സ്തുതിക്കപ്പെട്ട ശ്രീപാവ്തീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ജാതാ കിം തേ ഹരേ! ഭീർഭവതി മഹിഷതോ
ഭീരവശ്യം ഹരീണാ-
മദ്യേന്ദോർദ്ദൈവ കലങ്കൌ ത്യജതി പതിരപാം
ധൈൎയ്യമാലോക്യ ചന്ദ്രം;
വായോ! കമ്പ്യസ്ത്വയാന്യോ നയ യമ! മഹിഷാ-
ദാത്മയുഗ്യം യയാരൌ
പിഷ്ടേ നഷ്ടം ജഹാസ ദ്വ്യജനമിതി ജയാ
സാസ്തു ദേവീ ശ്രിയേ വഃ. ൰൫

൰൫. അൎത്ഥം—ദ്രാക്=പെട്ടെന്ന്. ദ്വിഷതി=ശത്രുവായ മഹിഷാസുരൻ. ദീർഘനിദ്രാം=മരണത്തെ. നീതേ(സതി)=പ്രാപിപ്പിക്കപ്പെട്ടപ്പോൾ. ദാനവാനാം=അസുരന്മാരുടെ. ബലം=സൈന്യം. കേവലം=നാഥനില്ലാതെ. നിഷ്പന്നാനാസ്ത്രശസ്ത്രാവലി=നാനാപ്രകാരമായ അസ്ത്രങ്ങളുടേയും ശസ്ത്രങ്ങളുടേയുംക്കൂട്ടം ഉപേക്ഷിച്ച്. വ്ലതി=ഓടിപ്പോകുന്നു. (അതുകൊണ്ട്). മഹിഷീ ഇതി=രാജ്ഞി എന്ന്. അദ്യ=ഇപ്പോൾ. ന ഉച്യസേ=നീ എന്നാൽ പറയപ്പെടുന്നില്ല. ത്വം=നീ. പ്രായശഃ=അധികമായി. അസ്ത്രീസംഭാവ്യവീൎയ്യാ=സ്ത്രീകൾക്കു സംഭാവ്യമല്ലാത്ത വീൎയ്യമുള്ളവളായി. അസി ഖലു=ഭവിക്കുന്നുവല്ലൊ. (അതുകൊണ്ട്). മയാ=എന്നാൽ. ഏവം=ഇപ്രകാരം (മഹിഷി എന്ന ശബ്ദം പറഞ്ഞു). ന ആകാരണീയാ=വിളിക്കപ്പെടേണ്ടവളാകുന്നില്ല. ഇതി=ഇപ്രകാരം. ആത്തകേലൌ=ക്രീഡാതൽപരനായ. ഹരേ=ഹരൻ (ശിവൻ). ഹസതി (സതി)=പരിഹസിക്കുമ്പോൾ. ഹ്രീമതീ=ലജ്ജയുള്ളവളായിത്തീൎന്ന. കാത്യായനീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളുടെ. അരീൻ=ശത്രുക്കളെ. ഹന്തു=നശിപ്പിക്കട്ടെ. സാരം—

മഹിഷാസുരനെ ദേവി സംഹരിച്ചപ്പോൾ നാഥനില്ലാതെ അസുരസൈന്യം അസ്ത്രങ്ങളേയും ശസ്ത്രങ്ങളേയും ഉപേക്ഷിച്ച് ഓടിപ്പോയി. ആ സന്ദൎഭത്തിൽ ശ്രീപരമേശ്വരൻ നേരമ്പോക്കായി ദേവിയോടു പരിഹാസവചനങ്ങൾ പറഞ്ഞു. സ്ത്രീകൾക്കു സംഭവിക്കാത്ത വീൎയ്യപരാക്രമങ്ങൾ പ്രകടിപ്പിച്ചിരിക്കുന്ന ശ്രീപാർവതീദേവിയെ മഹിഷി (രാജ്ഞി എന്നും, എരുമ എന്നും) താൻ പറയുന്നില്ലെന്നു ശിവൻ അരുളിച്ചെയ്തപ്പോൾ ദേവി ലജ്ജയുള്ളവളായിത്തീൎന്നു. ക്രീഡാതൽപരനായ ശിവൻ ഇപ്രകാരം പരിഹാസവചനങ്ങൾ പറഞ്ഞതുകേട്ടു ലജ്ജപൂണ്ട ശ്രീപാർവ്വതി നിങ്ങളുടെ ശത്രുക്കളെ ഹനിക്കട്ടെ.

൧൫. അൎത്ഥം—യയാ=യാതൊരു ദേവിയാൽ. അരൌ=ശത്രുവായ മഹിഷാസുരൻ. പിഷ്ടേ (സതി)=ധ്വംസിക്കപ്പെട്ടപ്പോൾ. ജയാ=ജയ എന്നു പേരായ ദേവിയുടെ പ്രതീഹാരി. നഷ്ടം=മഹിഷാസുരനെ പേടിച്ചോടിപ്പോയ. ദ്യുജനം=സ്വൎഗ്ഗവാസികളായ ഇന്ദ്രാദികളെ നോക്കി. ഹേ ഹരേ!=ഹേ ഇന്ദ്ര! തേ=അങ്ങേക്കു്. ഭീഃ=ഭയം. കിം ജാതാ=ജനിച്ചുവോ. മഹിഷതഃ=മഹിഷം ഹേതുവായിട്ടു്. ഹരീണാം=ഹരികൾക്കു് (ഇന്ദ്രനു് എന്നും, അശ്വങ്ങൾക്കു് എന്നും). അവശ്യം=നിശ്ചയമായും. ഭീഃ=ഭയം. ഭവതി=ഭവിക്കുന്നതാണു്. അദ്യ=ഇപ്പോൾ. ഇന്ദോഃ=ചന്ദ്രനു്. ദ്വൌ കളങ്കൌ=രണ്ടു കളങ്കം. (സ്വതേയുള്ള അടയാളവും മഹിഷനെ പേടിച്ചോടിയതുകൊണ്ടുളവായ നിന്ദാരൂപവും). ജാതൌ=സംഭവിച്ചു. അപാം പതിഃ=വരുണൻ. ചന്ദ്രം=ഓടിപ്പോയ ചന്ദ്രനെ. ആലോക്യ=കണ്ടിട്ടു്. ധൈൎയ്യം=ധൈൎയ്യത്തെ ത്യജതി=ഉപേക്ഷിക്കുന്നു. ഹേ വായോ!=അല്ലയോ വായോ! ത്വയാ=അങ്ങയാൽ. അന്യഃ=അങ്ങയിൽനിന്നു് അന്യമായ പദാൎത്ഥമാണു്. കമ്പ്യഃ=കമ്പനം (ഇളക്കം) ചെയ്യപ്പെടേണ്ടതു്. (ഭയം കൊണ്ടു് അങ്ങുതന്നെ വിറക്കുന്നതു് ഉചിതമല്ല). ഹേ യമ!=അല്ലയോ യമ! മഹിഷാൽ=മഹിഷന്റെ സമീപത്തുനിന്നു്. ആത്മയുഗ്യം=സ്വവാഹനമായ മഹിഷത്തെ. നയ=കൊണ്ടുപോവുക. ഇതി=ഇപ്രകാരം പറഞ്ഞു്. ജഹാസ=പരിഹസിച്ചുവോ. സാ ദേവീ=ആ പാൎവ്വതീദേവി. വഃ=നിങ്ങളുടെ. ശ്രിയേ=സമ്പത്തിനായി. അസ്തു=ഭവിക്കട്ടെ.

സാരം—

ദേവശത്രുവായ മഹിഷാസുരനെ ദേവി സംഹരിച്ചപ്പോൾ ദേവിയുടെ പരിജനങ്ങളിൽ ഒരുവളായ ജയ എന്നവൾ മഹിഷാസുരനെ പേടിച്ചു് ഓടിപ്പോയ ഓരോ ദേവനെ നോക്കി ഓരോ പ്രകാരത്തിൽ പരിഹസിച്ചു. ഹരി എന്ന ശബ്ദം ദേവേന്ദ്രനും അശ്വത്തിനും യോജിക്കുന്നതുകൊണ്ടു ഹരിയായ ഇന്ദ്രൻ മഹിഷനെ കണ്ടു ഭയപ്പെട്ടതു ന്യായമാണെന്നു പറഞ്ഞു ഇന്ദ്രനെ പരിഹസിച്ചു. സ്വതേയുള്ള കളങ്കം വഹിക്കുന്ന ചന്ദ്രനു മഹിഷനെ പേടിച്ചോടിയതുകൊണ്ടുളവായ നിന്ദാരൂപമായ മറെറാരു കളങ്കംകൂടി സംഭവിച്ചുവെന്നു ചന്ദ്രനെപ്പററിയുള്ള പരിഹാസം വെളിപ്പെടുത്തി. ചന്ദ്രനെ കാണുമ്പോൾ സമുദ്രത്തിനു ധൈൎയ്യക്കുറവു (ഇളക്കം) നേരിടുന്നതുകൊണ്ടു് മഹിഷനെ പേടിച്ചോടിയ ചന്ദ്രനെക്കണ്ടപ്പോൾ വരുണനു ധൈൎയ്യക്കുറവു സംഭവിച്ചതു ന്യായമാണെന്നു വരുണനെപ്പററി പരിഹാസം കാണിച്ചു. മററു പദാൎത്ഥങ്ങളെ ചലിപ്പിക്കുന്നവനായ വായു മഹിഷഭയം കൊണ്ടു സ്വയം വിറക്കുന്നുവെന്നു വായുവിനെപ്പററിയുള്ള ആക്ഷേപം പ്രകടമാക്കി. മഹിഷാസുരൻ പിടിച്ചുപറിച്ച യമന്റെ വാഹനമായ മഹിഷത്തെ വീണ്ടെടുത്തുകൊള്ളാമെന്നു പറഞ്ഞു യമനെപ്പററിയും പരിഹാസം പുറപ്പെടുവിച്ചു. ഈ പ്രകാരം ജയ എന്ന ദേവീപരിജനം പരിഹാസവചനം പുറപ്പെടുവിക്കുന്നതിനു ധൈൎയ്യം വരത്തക്കവിധം മഹിഷാസുരനെ സംഹരിച്ചവളായ ശ്രീപാൎവ്വതീദേവി നിങ്ങൾക്കു സമ്പത്തുളവാക്കട്ടെ.

ശൂലപ്രോതാദുപാന്തപ്ലുതമഹി മഹിഷാ-
ദുൽപതന്ത്യാ സ്രവന്ത്യാ
വർത്മന്യാരജ്യമാനേ സപദി മഖഭുജാം
ജാതസന്ധ്യാപ്രമോഹഃ;
നൃത്യൻ ഹാസേന മത്വാ വിജയമഹമഹം
മാനയാമീതിവാദീ
യാമാശ്ലിഷ്യ പ്രനൃത്തഃ പുനരപിപുരഭിൽ
പാർവ്വതീ പാതു സാ വഃ. ൧൬.

---

൧൬. അർത്ഥം—സപദി=പെട്ടെന്ന് മഖഭുജാം=ദേവന്മാരുടെ വർത്മനി=മാർഗ്ഗം (ആകാശം). ഉപാന്തപ്ലുതമഹി=സമീപത്തു പ്ലവനംചെയ്യപ്പെട്ട (നനയ്ക്കപ്പെട്ട) ഭൂമിയോടുകൂടുംവണ്ണം. ശൂലപ്രോതാൽ=ത്രിശൂലംകൊണ്ടു കുത്തിമുറിയ്ക്കപ്പെട്ട. മഹിഷാൽ=മഹിഷനിൽനിന്നു. ഉൽപതന്ത്യാ=ഉൽപതിച്ച്. സ്രവന്ത്യാ=പ്രവഹിക്കുന്ന രക്തനദിയാൽ. ആരജ്യമാനേ (സതി)=രക്തവർണ്ണമാക്കി ചെയ്യപ്പെട്ടപ്പോൾ. ജാതസന്ധ്യാപ്രമോഹഃ=സന്ധ്യാസമയമാണെന്നു തെററിദ്ധരിച്ച്. നൃത്യൻ=താണ്ഡവമാടുന്ന. പുരഭിൽ=പുരസംഹാരിയായ ശിവൻ. മത്വാ=ആലോചിച്ചിട്ട് (ഇതു സന്ധ്യാസമയമല്ലെന്നും മഹിഷാസുരൻെറ രക്തനദികൊണ്ടുളവായ ചുവപ്പുനിറമാണെന്നും മനസ്സിലാക്കീട്ട്). ഹാസേന=ഹാസത്തോടുകൂടി. വിജയമഹം=വിജയോത്സവത്തെ. അഹം=ഞാൻ. മാനയാമി ഇതിവാദീ=മാനിക്കാം. എന്നു പറയുന്നവനായിട്ട്. യാം=യാതൊരുദേവിയെ. ആശ്ലിഷ്യ=ആശ്ലേഷിച്ചിട്ട്. പുനഃഅപി=പിന്നെയും. പ്രനൃത്തഃ=നൎത്തനം ചെയ്യാനാരംഭിച്ചുവോ. സാ പാർവ്വതീ=ആ പാർവ്വതീദേവി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—

ദേവിയുടെ ത്രിശൂലംകൊണ്ടു മുറിവേററ മഹിഷൻെറ ശരീരത്തിൽനിന്നു ഭൂമിയിലേക്കു പ്രവഹിക്കുന്ന രക്തനദി നിമിത്തമായി ആകാശപ്രദേശം രക്തവൎണ്ണമായി തീൎന്നപ്പോൾ സന്ധ്യസമയമാണെന്നു ഭ്രമിച്ചു ശിവൻ താണ്ഡവമാടുകയും, പിന്നീടു തനിക്കു നേരിട്ട തെററിദ്ധാരണയെ മനസ്സിലാക്കി ഹാസത്തോടുകൂടി ഞാൻ വിജയോത്സവം ബഹുമാനിക്കയാണെന്നു പറഞ്ഞു ദേവിയെ ആശ്ലേഷിച്ചുകൊണ്ടു വീണ്ടും നൃത്യംവെക്കുകയും ചെയ്തു. അപ്രകാരം ശിവനാൽ ആശ്ലിഷ്ടയായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

നാകൌകോനായകാദ്യൈർദ്ദ്യുവസതിഭിരസി-
ശ്യാമധാമാ ധരിത്രീം
രുന്ധൻ വർദ്ധിഷ്ണുവിന്ധ്യാചല ചകിതമനോ-
വൃത്തിഭിർവ്വീക്ഷിതോ യഃ;
പാദോൽപിഷ്ടഃ സ യസ്യാ മഹിഷസുരരിപുർ-
ന്നൂപുരാന്താവലംബീ
ലേഭേ ലോലേന്ദ്രനീലോപലശകലതുലാം
സ്താദുമാ സാ ശ്രിയേ വഃ. ൧൦.

---

൧൦. അർത്ഥം-ധരിത്രീം=ഭൂമിയെ. രുന്ധൻ=രോധിക്കുന്നവനും. അസിശ്യാമധാമാ=ഖഡ്ഗംപോലെ ശ്യാമവർണ്ണമുള്ളവനുമായ. യഃ=യാതൊരു മഹിഷാസുരൻ. വർദ്ധിഷ്ണുവിന്ധ്യാചലചകിതമനോവൃത്തിഭിഃ=വർദ്ധിക്കുന്ന സ്വഭാവമുള്ള വിന്ധ്യപർവ്വതമാണോ എന്നുവിചാരിച്ചു ഭയപ്പെടുന്നവരായ. നാകൌകോനായകാദ്യൈഃ=ഇന്ദ്രൻ തുടങ്ങിയ ദ്യുവസതിഭിഃ=ദേവന്മാരാൽ. വീക്ഷിതഃ=കാണപ്പെട്ടുവോ. സഃ=ആ. മഹിഷസുരരിപുഃ=മഹിഷാസുരൻ. യസ്യാഃ പാദോൽപിഷ്ടഃ=യാതൊരു ദേവിയുടെ പാദംകൊണ്ടു് മർദ്ദിതനായിട്ടു്. നൂപുരാന്താവലംബീ=നൂപുരത്തിന്റെ അറ്റത്തിൽ പററിയവനായി. ലോലേന്ദ്രനീലോപലശകലതുലാം=ഇളകുന്ന ഇന്ദ്രനീലക്കല്ലിന്റെ ശകലത്തിന്റെ സാദൃശ്യത്തെ. ലേഭേ=പ്രാപിച്ചുവോ. സാ ഉമാ=ആ പാർവ്വതീദേവി. വഃ=നിങ്ങളുടെ. ശ്രിയേ=സമ്പത്തിനായി സ്താൽ=ഭവിക്കട്ടെ.

സാരം. ഭൂമിയെ ആക്രമിക്കുന്നവനും വാളുപോലെ ശ്യാമവർണ്ണമുള്ളവനുമായ മഹിഷാസുരനെ വീക്ഷിച്ച ദേവന്മാർ സ്വൈരംപോലെ ആകാശമാർഗ്ഗത്തെക്കൂടി വർദ്ധിക്കാൻ ശക്തിയുള്ള വിന്ധ്യപർവ്വതമാണോ എന്നു വിചാരിച്ചു ഭീതരായിരുന്നു. അത്രയും വർദ്ധിച്ചവനും ബലിഷ്ഠനുമായ ആ മഹിഷാസുരനെ ദേവി പാദപ്രഹാരംകൊണ്ടു മർദ്ദിച്ചു. മർദ്ദിതനായ അവൻ ദേവിയുടെ നൂപുരപ്രാന്തത്തിൽ ഒട്ടിച്ചേർന്നുപോയി. അപ്പോൾ ആ മഹിഷാസുരൻ ദേവിയുടെ നൂപുരത്തിൽ പതിച്ചതും ഇളകുന്നതുമായ ഇന്ദ്രനീലക്കല്ലിന്റെ ശകലത്തിന്റെ ശോഭ വഹിച്ചു. അപ്രകാരം അനായാസമായി മഹിഷാസുരനെ സംഹരിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങൾക്കു സമ്പത്തു തരട്ടെ.

ദുർവ്വാരസ്യ ദ്യുധാമ്നാം മഹിഷിതവപുഷോ
വിദ്വിഷഃ പാതു യുഷ്മാൻ
പാർവ്വത്യാ പ്രേതപാലസ്വപുരുഷപരുഷഃ
പ്രേഷിതോഽസൌ പൃഷൽകഃ;
യഃ കൃത്വാ ലക്ഷ്യഭേദം ഹൃതഭുവനഭയോ
ഗാം വിഭിദ്യ പ്രവിഷ്ടഃ
പാതാളം പക്ഷപാളീപവനകൃതപത-
ത്താർക്ഷ്യശങ്കാകുലാഹിഃ. ദ്രവ്യ.

---

ദ്രവ്യ. അർത്ഥം—യഃ=യാതൊരു ദേവിയുടെ ബാണം. ലക്ഷ്യഭേദം=മഹിഷനാകുന്ന ലക്ഷ്യത്തിൻെറ ഭേദത്തെ (പിളപ്പിനെ). കൃത്വാ=ചെയ്തിട്ടു്. ഹൃതഭുവനഭയഃ (സൻ)=ഭുവനത്തിന്ന നേരിട്ട ഭയം ശമിപ്പിച്ചു്. ഗാം=ഭൂമിയെ. വിഭിദ്യ=ഭേദിച്ചിട്ടു്. പാതാളം പ്രവിഷ്ടഃ=പാതാളത്തിൽ പ്രവേശിച്ചു്. പക്ഷപാളീപവനകൃതപതത്താർക്ഷ്യശങ്കാകുലാഹിഃ=ചിറകുകളുടെ പംക്തിയുടെ പവനൻ (കാററു) നിമിത്തം സപ്പങ്ങൾക്കു ഗരുഡൻെറ ആഗമനശങ്കയാൽ ഭയമുളവാക്കുന്നതായി ഭവിച്ചുവോ. ദ്യുധാമ്നാം=ദേവന്മാക്കു്. ദുർവ്വാരസ്യ=ദുർവ്വാരനും (തടുക്കാൻവയ്യാത്തവനും). മഹിഷിതവപുഷഃ=മഹിഷരൂപമെടുത്തവനുമായ. വിദ്വിഷഃ=ശത്രുവിനു്. പാർവ്വത്യാ=ശ്രീ പാർവ്വതിയാൽ. പ്രേഷിതഃ=പ്രയോഗിക്കപ്പെട്ടതും. പ്രേതപാലസ്വപുരുഷപരുഷഃ=യമകിങ്കരന്മാരെപ്പോലെ ക്രൂരവുമായ. അസൌ= ആ. പൃഷൽകഃ=ബാണം. യുഷ്മാൻ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം.

മഹിഷാസുരനെ ഉദ്ദേശിച്ചു ദേവി പ്രയോഗിച്ച ബാണം യമകിങ്കരന്മാരെപ്പോലെ ക്രൂരമായിരുന്നു. ആ ബാണം ലക്ഷ്യമായ മഹിഷനെ പിളന്നിട്ടു ഭുവനഭയം ശമിപ്പിക്കയും, ഭൂമിയെ ഭേദിച്ചു പാതാളത്തുചെന്നു ചിറകുകളുടെ കാററുനിമിത്തം സപ്പങ്ങൾക്കു ഗരുഡാഗമനഭയത്തെ ജനിപ്പിക്കയും ചെയ്തു. ആ ബാണം നിങ്ങളെ രക്ഷിക്കട്ടെ.

വജ്റം വിന്യസ്യ ഹാരേ ഹരികരഗളിതം
കണ്ഠസൂത്രേ ച ചക്രം
കേശാൻ ബദ്ധ്വാബ്ധിപാശൈർദ്ധൃതധനദഗദാ
പ്രാക്പ്രലീനാൻ വിഹസ്യ;
ദേവാനുത്സാരണോൽക്കാ കില മഹിഷഹതൌ
മീലതോ ഹ്രേപയന്തീ
ഹ്രീമത്യാ ഹൈമവത്യാ വിമതിവിഹതയേ
തർജ്ജിതാ സ്താജ്ജയാ വഃ. ൧൯.

---

൧൯. അൎത്ഥം. ഹരികരഗളിതം=മഹിഷഭയത്താൽ ഇന്ദ്രന്റെ കയ്യിൽനിന്നു പതിച്ചു. വജ്രം=വജ്രത്തെ. ഹാരേ=ഹാരത്തിൽ. വിന്യസ്യ=കോൎത്തും. ഹരികരഗളിതം=വിഷ്ണുവിന്റെ കയ്യിൽനിന്നു വീണുപോയ. ചക്രം=ചക്രത്തെ. കണ്ഠസൂത്രേ=കണ്ഠസൂത്രത്തിൽ. വിന്യസ്യ ച= ബന്ധിച്ചും. അബ്ധിപാശൈഃ=വരുണപാശത്താൽ. കേശാൻ ബദ്ധ്വാ=തലമുടി കെട്ടിയും. ധൃതധനദഗദാ=കുബേരന്റെ ഗദയെ ധരിച്ചും. പ്രാക്=മുമ്പ്. പ്രലീനാൻ=ഓടിപ്പോയവരും. മഹിഷഹതൌ=മഹിഷവധം കഴിഞ്ഞപ്പോൾ. മീലതഃ=മേളനം ചെയ്തവരുമായ. ദേവാൻ=ദേവന്മാരെ. വിഹസ്യ=പരിഹസിച്ചിട്ട്. ഹ്രേപയന്തീ=ലജ്ജിപ്പിക്കുന്നവളും. ഉത്സാരണോൽക്കാ= ഉത്സാരണം (ദൂരീകരണം) ചെയ്വാൻ ഉത്സാഹിക്കുന്നവളും. ഹ്രീമത്യാ= ലജ്ജിതയായ. ഹൈമവത്യാ=ശ്രീപാൎവതിയാൽ. തൎജ്ജിതാ കില=നിയന്ത്രിക്കപ്പെട്ടവളുമായ. ജയാ=ജയ എന്നുപേരായ ദേവിയുടെ പ്രതീഹാരി. വഃ=നിങ്ങളുടെ. വിമതിവിഹതയേ= ദുൎബ്ബുദ്ധിശമനത്തിനു കാരണമായി. സ്താൽ=ഭവിക്കട്ടെ.

സാരം.

മഹിഷഭയത്താൽ വജ്രം ഉപേക്ഷിച്ച് ഇന്ദ്രനും, ചക്രം ത്യജിച്ചു വിഷ്ണുവും, പാശം കളഞ്ഞിട്ടു വരുണനും, ഗദ താഴത്തു വച്ചു കുബേരനും ഓടിമറഞ്ഞു. ദേവി മഹിഷാസുരനെ സംഹരിച്ച വിവരമറിഞ്ഞു് ആ ദേവന്മാർ ഒന്നിച്ചുകൂടി വന്നുചേൎന്നു. അപ്പോൾ ദേവിയുടെ പ്രതീഹാരിയായ വിജയ അവരുപേക്ഷിച്ച സാധനങ്ങളെ എടുത്തു തന്റെ ശരീരത്തിൽ യഥോചിതമായി നിവേശിപ്പിച്ചുകൊണ്ടു് ആ ദേവന്മാരെ പരിഹസിച്ചു. അവൎക്കു ലജ്ജയുളവായി. വിജയയുടെ ധാൎഷ്ട്യം കണ്ടു ലജ്ജിച്ച ദേവി അവളെ നിയന്ത്രിച്ചു. അപ്രകാരം ദേവിയാൽ നിയന്ത്രിതയായ വിജയ നിങ്ങളുടെ ദുൎമ്മതിയെ ശമിപ്പിക്കട്ടെ.

ഖഡ്ഗേ പാനീയമാഹ്ലാദയതി ഹി മഹിഷം
പക്ഷപാതീ പൃഷല്കഃ
ശൂലേനേശോ യശോഭാഗ്ഭവതി പരിലഘുഃ
സ്യാദ്വധാഹേഽപി ദണ്ഡഃ;
ഹിത്വാ ഹേതീരിതീവാഭിഹതിബഹലിത-
പ്രാക്തനാപാടലിമ്നാ
പാർഷ്ണ്യൈവ പ്രോഷിതാസും സുരരിപുമവതാൽ
കുർവതീ പാർവതീ വഃ. ൨൦.

---

൨൦. അർത്ഥം—ഖഡ്ഗേ=വാളിലുള്ള. പാനീയം=ജലം. മഹിഷം=മഹിഷനെ. ആഹ്ലാദയതിഹി=സന്തോഷിപ്പിക്കുന്നുവല്ലോ. പൃഷൽകഃ=ബാണം. പക്ഷപാതീ=പക്ഷപാതിയാകുന്നു. (ചിറകുകളോട്ടുകൂടി പതിക്കുന്നതെന്നും, പക്ഷപാതമുള്ളതെന്നും). ശൂലേന=ശൂലായുധത്താൽ. ഈശഃ=ശിവൻ. യശോഭാക്=യശസ്സുള്ളവനായി. ഭവതി=ഭവിക്കുന്നു. വധാഹേ=വധിക്കത്തക്കവനിൽ. ദണ്ഡഃ അപി=ദണ്ഡായുധവും. പരിലഘുഃ സ്യാൽ=വളരെ ലഘുവായിതീരുന്നതാണ്. ഇതി ഇവ=ഇപ്രകാരം വിചാരിച്ചിട്ടെന്നപോലെ. ഹേതീഃ=ആയുധങ്ങളെ. ഹിത്വാ=ഉപേക്ഷിച്ചിട്ട്. അഭിഹതി ബഹലിത പ്രാക്തനാപാടലിമ്നാ=ചവിട്ടുകൊണ്ടു വർദ്ധിച്ച പ്രകൃതിസിദ്ധമായ രക്തവർണ്ണത്തോട്ടുകൂടിയ. പാർഷ്ണ്യാ ഏവ=കുതികാലുകൊണ്ടുതന്നെ. സുരരിപും=ദേവശത്രുവായ മഹിഷനെ. പ്രോഷിതാസും=ഗതപ്രാണനായി. കുർവതീ=ചെയ്യുന്ന. പാർവതീ=ശ്രീപാർവതീദേവി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം:—

രക്താപൂരണ്ട വാളു മഹിഷന്നു സന്തോഷമുളവാക്കും. ചിറകുള്ള ബാണം ശത്രുവധത്തിനു വിളംബം വരുത്തും. ശൂലായുധപ്രയോഗം ശിവന്റെ യശസ്സിനു ഹാനികരമാണ്. വധ്യനിൽ ദണ്ഡം നിസ്സാരമാകുന്നു. ഇപ്രകാരം വിചാരിച്ചിട്ടെന്നപോലെ ഹനനംകൊണ്ടു ചുവപ്പുനിറം വർദ്ധിച്ച കുതികാലുകൊണ്ടുതന്നെ മഹിഷാസുരനെ സംഹരിച്ച ശ്രീപാർവതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

കൃത്തേ-പദൃക് കമ്മ ലജ്ജാജനനമന-
ശനേ! ശക്ര! മാസൂൻ വിഹാസീ-
ർവിത്തേശ! സ്ഥാണുകണ്ഠേ ജഹി ഗദമഗദ-
സ്യായമേവോപയോഗഃ;
ജാതശ്ചക്രിൻ! വിചക്രോ ദിതിജ ഇതി സുരാം-
സ്ത്യക്തഹേതീൻ ബ്രുംവന്ത്യാ
വ്രീഡാം വ്യാപാദിതാരിർജയതി വിജയയാ
നീയമാനാ ഭവാനീ. വ. ഹ.

---

വ. ഹ. അത്ഥം—അനശനേ=അശനിയെ (വജ്രായുധത്തെ) ഉപേക്ഷിച്ചവനായ. ഹേ ശക്ര!=ദേവേന്ദ്ര!. ലജ്ജാജനനം=ലജ്ജാകരമായ. ഈദൃക്=ഇപ്രകാരമായ. കമ്മ=പ്രവൃത്തി. കൃത്വാ=ചെയ്തിട്ട്. (മഹിഷാസുരനെകണ്ടു പേടിച്ചോടുക എന്ന പ്രവൃത്തിചെയ്തിട്ട്). അനശനേ=അശനം (ഭോജനം) ചെയ്യാതിരിക്കുക എന്ന വിഷയത്തിൽ- അസൂൻ=പ്രാണങ്ങളേ. മാ വിഹാസീഃ=ഉപേക്ഷിക്കാതിരിക്കുക. വിത്തേശ!=അല്ലയോ കുബേര!. ഗദം=രോഗത്തെ (ഭയപ്പെട്ടു വിറയ്ക്കുക എന്ന രോഗത്തെ). സ്ഥാണുകണ്ഠേ=ശിവൻെറ കഴുത്തിൽ. ജഹി=ത്യജിക്കുക. അഗദസ്യ=ഗദയില്ലാത്തവന് (ഔഷധത്തിനു്). അയം ഏവ=ഇതുതന്നെയാണു്. ഉപയോഗഃ=ഉപയോഗമായതു്. ചക്രിൻ=ചക്രധാരിയായ വിഷ്ണോ!. ദിതിജഃ=മഹിഷാസുരൻ. വിചക്രഃ=ചക്രം (സൈന്യം) ഇല്ലാത്തവനായി. ജാതഃ=തീൻകഴിഞ്ഞു. ഇതി=ഇപ്രകാരം. ത്യക്തഹേതീൻ=ഹേതികൾ (ആയുധങ്ങൾ) ഉപേക്ഷിച്ചവരായ. സുരാൻ=ദേവന്മാരോട്ട്. ബ്രുംവന്ത്യാ=പറയുന്നവളായ. വിജയയാ=വിജയാ എന്നു പേരായ ദേവിയുടെ സഖിയാൽ. വ്രീഡാം=ലജ്ജയെ. നീയമാനാ=പ്രാപിപ്പിക്കപ്പെടുന്നവളും. വ്യാപാദിതാരിഃ=മഹിഷാസുരനാകുന്ന ശത്രുവിനെ സംഹരിച്ചവളും ആയ. ഭവാനീ=ശ്രീപാവ്തീദേവി. ജയതി=സവ്വോൽക്കഷേണ വത്തിക്കുന്നു.

സംരം—മഹിഷാസുരനെ പേടിച്ചു് ഓടിപ്പോയ ദേവന്മാരോടു ശ്രീപാവ്തീദേവിയുടെ സഖിയായ വിജയ ഇപ്രകാരംപറഞ്ഞു. ഹേ ദേവേന്ദ്ര! വജ്രായുധം ഉപേക്ഷിച്ചു് പേടിച്ചോടുക എന്ന ലജ്ജാകരമായ പ്രവൃത്തിചെയ്യുന്ന അങ്ങ് ഭോജനം ഉപേക്ഷിച്ചു മരിക്കാൻ തുടങ്ങരുതു്. ഹേ കുബേര! ശത്രുവിനെകണ്ടു പേടിച്ചു വിറയ്ക്കുക എന്ന-

ദേയാദ്വോ വാഞ്ഛിതാനി ഛലമയമഹിഷോൽ-
ഷേപരോഷാനുഷങ്ഗാ-
ന്നീതഃ പാതാലകുക്ഷിം ഹൃതഭുവനഭയോ
ഭദ്രകാല്ല്യാഃ സ പാദഃ;
യഃ പ്രാദക്ഷിണ്യകാംക്ഷാവലയിതവപുഷാ
വന്ദ്യമാനോ മുഹൂത്തം
ശേഷേണേവേന്ദുകാന്തോപലരചിതമഹാ-
ന്തുപുരാഭോഗലക്ഷ്മീഃ. ൨൨.

---

രോഗത്തെ അങ്ങുവിട്ടുകളയുക. ഗദഇല്ലാതെ അഗദനായി (ഗദയില്ലാ അവൻ എന്നും മരുന്ന് എന്നും അർത്ഥം വഹിക്കുന്നവനായി) തീൎന്ന അങ്ങു സ്നേഹിതനായ ശിവന്റെ കണ്ഠത്തിലുള്ള രോഗത്തെ ശമിപ്പിക്കാൻ പരിശ്രമിക്കയാണ വേണ്ടത്. ചക്രധരനായ ഹേ വിഷ്ണോ! മഹിഷാസുരൻ ചക്രം (സൈന്യം) ഇല്ലാത്തവനായി കഴിഞ്ഞു. ഇനി അങ്ങു ചക്രായുധത്തെ ധരിച്ചുകൊള്ളുക. ഇപ്രകാരം ആയുധങ്ങൾ ഉപേക്ഷിച്ചവരായ ദേവന്മാരോട്ട വിജയ പരിഹാസമായി പറഞ്ഞതുകേട്ടു ലജ്ജപ്രാപിച്ചവളും, ശത്രുവിനെ സംഹരിച്ചവളുമായ ശ്രീപാൎവ്വതീ ദേവി സൎവ്വോൽകൎഷേണ വൎത്തിക്കുന്നു.

൨൨. അർത്ഥം—ഛലമയമഹിഷോൽക്ഷേപരോഷാനുഷങ്ഗാൽ= മായാവിയായ മഹിഷാസുരനെ മർദ്ദിച്ചതുകൊണ്ടുണ്ടായ കോപത്തിന്റെ സംബന്ധത്താൽ. പാതാലകുക്ഷിം=പാതാലമദ്ധ്യത്തെ. നീതഃ= പ്രാപിച്ചതും. ഹൃതഭുവനഭയഃ=ലോകത്തിനുണ്ടായ ഭയത്തെ ശമിപ്പിച്ചതും. ഇന്ദുകാന്തോപല രചിതമഹാന്തുപുരാഭോഗലക്ഷ്മീഃ=ചന്ദ്രകാന്തക്കല്ലുകൊണ്ടു നിൎമ്മിതമായ മഹത്തായ ന്തുപുരത്താൽ ശോഭിക്കുന്നതും ആയ. ഭദ്രകാല്ല്യാഃ=ഭദ്രകാളിയുടെ. യഃ=യാതൊരു പാദം. പ്രാദക്ഷിണ്യ കാംക്ഷാവലയിതവപുഷാ=പ്രദക്ഷിണം ചെയ്യാനുള്ള അഭിലാഷത്താൽ ചുററപ്പെട്ട ശരീരത്തോടുകൂടിയ. ശേഷേണ=ആദിശേഷനാൽ. മുഹൂത്തം=ക്ഷണനേരം. വന്ദ്യമാനഃ ഇവ=വന്ദിക്കപ്പെടുന്നതുപോലെ ശോഭിക്കുന്നുവോ. സഃ പാദഃ=ആ പാദം. വഃ=നിങ്ങളുടെ വാഞ്ഛിതാനി=അഭീഷ്ടങ്ങളെ. ദേയാൽ=നൽകട്ടെ.

സാരം—വ്യാജമായി മഹിഷവേഷം ധരിച്ച അസുരനെ സംഹരിക്കാൻ കോപത്തോടുകൂടി പ്രയോഗിച്ച ദേവിയുടെ പാദം പാതാളംവരെ

ശൂലം തൂലം ന ഗാഢം പ്രഹര ഹര! ഹൃഷീ-
കേശ! കേശോഽപി വക്ര-
ശ്ചക്രേണാകാരി കിം മേ പവിരവതി നഹി
ത്വാഷ്ടശത്രോ! ദ്യുരാഷ്ട്രം;
പാശാഃ കേശാബ്ജനാലാന്യനല! ന ലഭസേ
ഭാതുമിത്യാത്തദർപ്പം
ജല്പൻ ദേവാൻ ദിവൌകോരിപുരവധി യയാ
സാസ്തു ശാന്ത്യൈ ശിവാ വഃ. വ.ന.

ചെല്ലാനിടയായി. അവിടെ വസിച്ചിരുന്ന ആദിശേഷൻ ദേവീപാദത്തെ പ്രദക്ഷിണം വയ്ക്കാനാഗ്രഹിച്ച് ആ പാദത്തിൽ ചുററിവളഞ്ഞു. അതുനിമിത്തം ചന്ദ്രകാന്തക്കല്ലുകൊണ്ടു നിൎമ്മിച്ച വലുതായ നൂപുരംകൊണ്ടുള്ള ശോഭ ആ ദേവീപാദത്തിലുളവായി. അപ്രകാരം മഹിഷാസുരനെ വധിച്ചു ലോകഭയം ശമിപ്പിച്ച ഭദ്രകാളിയുടെ പാദം നിങ്ങളുടെ അഭീഷ്ടങ്ങളെ സാധിച്ചു തരട്ടെ.

വ.ന. അൎത്ഥം—ഹര!=അല്ലയോ ശിവ! ശൂലം=അങ്ങയുടെ ശൂലായുധം. തൂലം ന=പഞ്ഞി ആകുന്നു. ഗാഢം=ബലമായി. പ്രഹര=പ്രഹരിക്കുക. ഹൃഷീകേശ!=വിഷ്ണോ! ചക്രേണ=ചക്രായുധത്താൽ. മേ=എന്റെ. കേശഃ അപി=കേശംപോലും. വക്രഃ=വക്രമായി. അകാരി കിം=ചെയ്യപ്പെട്ടുവോ?. ത്വാഷ്ടശത്രോ!=ഹേ ഇന്ദ്ര!. പവിഃ=വജ്രായുധം. ദ്യുരാഷ്ട്രം=സ്വൎഗ്ഗലോകത്തെ. ന അവതി ഹി=രക്ഷിക്കുന്നില്ലല്ലോ. കേശ!=ഹേ വരുണ!. പാശാഃ=അങ്ങയുടെ പാശങ്ങൾ. അബ്ജനാളാനി=താമരത്തണ്ടുകളാകുന്നു. അനല!=ഹേ അഗ്നേ!. ഭാതും=പ്രകാശിക്കുന്നതിന്. ന ലഭസേ=സന്ദർഭം ലഭിച്ചവനാകുന്നില്ല. ഇതി=ഇപ്രകാരം. ദേവാൻ = ദേവന്മാരോട്. ആത്തദർപ്പം = അഹങ്കാരത്തോടു കൂടി. ജല്പൻ=പറയുന്നവനായ. ദിവൌകോരിപുഃ=ദേവശത്രുവായ മഹിഷാസുരൻ. യയാ=യാതൊരു ദേവിയാൽ. അവധി=വധിക്കപ്പെട്ടുവോ. സാ ശിവാ=ആ പാൎവ്വതീദേവി. വഃ=നിങ്ങളുടെ. ശാന്ത്യൈ=സന്തോഷത്തിനു കാരണമായി. അസ്തു=ഭവിക്കട്ടെ.

സാരം—മഹിഷാസുരൻ അഹങ്കാരത്തോടുകൂടി ദേവന്മാരോട് ഇപ്രകാരം പറഞ്ഞു:—ശിവ! അങ്ങയുടെ ശൂലായുധം പഞ്ഞിക്കുതുല്യം

ശാർങ്ഗിൻ! ബാണം വിമുഞ്ച ഭ്രമസി ബലിരസൌ
സംയതഃ കേന ബാണോ
ഗോത്രാരേ! ഹന്മ്യഹം തേ രിപുമമരരിപു-
സ്ത്വേഷ ഗോത്രസ്യ ശത്രുഃ;
ദൈത്യാ വ്യാപാദ്യതാം ദ്രാഗജ ഇവ മഹിഷോ
ഹന്യതേ മന്മഹേƒദ്യേ-
ത്യുൽപ്രാസ്യോമാ പുരസ്താദനു ദനുജതനും
മൃദ്നതീ ത്രായതാം വഃ. 1344 25.

---

നിസ്സാരമാണ്. വിഷ്ണോ! അങ്ങയുടെ ചക്രായുധം എന്റെ ഒരു കേശം പോലും വളയ്ക്കാൻ ഉതകുന്നതല്ല. ഹേ ഇന്ദ്ര! അങ്ങയുടെ വജ്രായുധം സ്വർഗ്ഗത്തെ രക്ഷിക്കാൻ ശക്തിയുള്ളതല്ല. ഹേ വരുണ! അങ്ങയുടെ പാശങ്ങൾ താമരത്തണ്ടുകൾപോലെ ദുർബലങ്ങളാകുന്നു. ഹേ അഗ്നേ! എന്റെ മുമ്പിൽ പ്രകാശിക്കാൻ അങ്ങു ശക്തനല്ല. ഇപ്രകാരം ദർപ്പം കൊണ്ടു ദേവന്മാരെ പരിഹസിച്ച മഹിഷാസുരനെ നിഷ്പ്രയാസമായി സംഹരിച്ച ശ്രീപാർവ്വതീദേവി നിങ്ങൾക്കു ശാന്തി നൽകട്ടേ.

൨൪. അർത്ഥം—ശാർങ്ഗിൻ!=ഹേ വിഷ്ണോ!. ബാണം=ബാണത്തെ (ബാണാസുരനെ എന്നും), വിമുഞ്ച=മോചിക്കുക. അസൌ=ഇവൻ. ബലിഃ=ബലി എന്നു. ഭ്രമസി=അങ്ങു ഭ്രമിക്കുന്നു. ബാണഃ=ബാണൻ. കേന=ആരാൽ. സംയതഃ=ബന്ധിക്കപ്പെട്ടു. ഗോത്രാരേ!=ഹേ ദേവേന്ദ്ര! തേ=അങ്ങയുടെ. രിപും=ശത്രുവിനെ. അഹം=ഞാൻ. ഹന്മി=വധിക്കുന്നു. ഏഷഃ=ഈ. അമരരിപുഃ തു=അസുരനാകട്ടെ. ഗോത്രസ്യ=കുലത്തിനു. ശത്രുഃ=ശത്രുവാകുന്നു. ദൈത്യാഃ=ഹേ അസുരന്മാരേ! മന്മഹേ= എന്റെ ഉത്സവത്തിൽ. അദ്യ=ഇന്നു്. അജഃ ഇവ=ആട് എന്നപോലെ. മഹിഷഃ = മഹിഷം (മഹിഷാസുരൻ). ഹന്യതേ = വധിക്കപ്പെടുന്നു. ദ്രാക്=വേഗത്തിൽ. വ്യാപാദ്യതാം=വധിക്കപ്പെട്ടാലും. ഇതി=ഇപ്രകാരം. പുരസ്താൽ=ആദ്യമായി. ഉൽപ്രാസ്യ=പരിഹസിച്ചിട്ടു്. അനു= അനന്തരം. ദനുജതനും=അസുരശരീരത്തെ. മൃദ്നതീ=മർദ്ദിക്കുന്ന. ഉമാ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. ത്രായതാം=രക്ഷിക്കട്ടെ.

സാരം—ഹേ വിഷ്ണോ! ഈ മഹിഷനെ കണ്ടു ബലിയാണെന്നു വിചാരിച്ചു് അങ്ങു ബാണമോചനം ചെയ്യാതിരിക്കുന്നതു ശരിയല്ല.

സ്പർദ്ധാവർദ്ധിതവിന്ധ്യദുർഭരഭര-
വ്യസ്താദ് വിഹായസ്തലം
ഹസ്താദുൽപതിതാ പ്രസാദയതു വഃ
കൃത്യാനി കാത്യായനീ;
യാം ശൂലാമിവ ദേവദാരുഘടിതാം
സ്കന്ധേന മോഹാന്ധധീ-
ർവ്വധ്യോദ്ദേശമശേഷബാന്ധവകുല-
ധ്വംസായ കംസോ/നയൽ. ൨൫.

---

ബലിബന്ധനവും ബാണമോചനവും ആണ് അങ്ങു ചെയ്യേണ്ടതു്. അതുകൊണ്ടു് അങ്ങു ബാണമോചനം ചെയ്യുക. ഹേ ഗോത്രാരിയായ ദേവേന്ദ്ര! ഈ അസുരനും അങ്ങയുടെ ഗോത്രത്തിനു ശത്രുവായതുകൊണ്ടു് ഞാൻ ഇവനെ വധിക്കുന്നു. ഹേ അസുരന്മാരേ! എൻെറ ഉത്സവത്തിൽ ആടിനെ വധിക്കുന്ന പതിവുണ്ടു്. ഇപ്പോഠം അതിനു പകരം മഹിഷത്തെ (പോത്തിനെ) ഞാൻ വധിക്കുന്നു. ഇപ്രകാരം ആദ്യം ദേവന്മാരേയും അസുരന്മാരെയും പരിഹസിച്ചിട്ടു് പിന്നീടു മഹിഷാസുരനെ മർദ്ദിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

൨൫ അർത്ഥം—യാം=യാതൊരു കാത്യായനിയെ. ദേവദാരുഘടിതാം=ദേവവൃക്ഷംകൊണ്ടു നിർമ്മിക്കപ്പെട്ട. ശൂലാം ഇവ=ശൂലായുധത്തെ എന്നപോലെ. മോഹാന്ധധീഃ=മോഹംകൊണ്ടു് അന്ധമായ ധീ(ബുദ്ധി)യോടുകൂടിയവനായ. കംസഃ=കംസൻ. അശേഷബാന്ധവകുലധ്വംസായ=സർവ്വ ബന്ധുവർഗ്ഗത്തിൻേറയും വിനാശത്തിനായിട്ടു്. സ്കന്ധേന=സ്കന്ധംകൊണ്ടു്. വധ്യോദ്ദേശം=വധ്യപ്രദേശത്തെ. അനയൽ=നയിച്ചുവോ. സ്പർദ്ധാവർദ്ധിതവിന്ധ്യ ദുർഭരഭരവ്യസ്താൽ=സ്പർദ്ധകൊണ്ടു വർദ്ധിച്ച വിന്ധ്യപർവ്വതത്തിൻേറതുപോലെ ദുർഭരമായ ഭാരത്താൽ വ്യസ്തമായ (തളർന്നതായ). ഹസ്താൽ=(കംസൻെറ) കയ്യിൽനിന്നു്. വിഹായസ്തലം=ആകാശതലത്തിലേക്കു്. ഉൽപതിതാ=കുതിച്ചുപൊങ്ങിയ. (സാ) കാത്യായനീ=ആ കാത്യായനീദേവി. വഃ=നിങ്ങളുടെ കൃത്യാനി=കാര്യങ്ങളെ. പ്രസാദയതു=സഫലങ്ങളാക്കി ചെയ്യട്ടെ.

സാരം—മൂഢനായ കംസൻ ദേവകിയുടെ സമീപത്തു ശിശുവായി കിടന്ന കാത്യായനിയെ വധിക്കാനുദ്ദേശിച്ചു കൈകൊണ്ടെടുത്തു സ്കന്ധ

തൂർണ്ണം തോഷാത്തുരാഷട്പ്രഭൃതിഷു ശമിതേ
ശാത്രവേ സ്തോത്രകൃത്സു,
ക്ലാന്തേവോപേത്യ പത്യുസ്തതഭുജയുഗല-
സ്യാലമാലംബനായ;
ദേഹാർദ്ധേ ഗേഹബുദ്ധിം പ്രതിവിഹിതവതീ
ലജ്ജയാലീയ കാലീ
കൃഛ്റം വോऽനിഛയൈവാപതിതഘനതരാ-
ശ്ലേഷസൌഖ്യാ വിഹന്തു. വന്ന്യ.

... വച്ചപ്പോൾ ആ കംസൻെറ സകല ബന്ധുവൎഗ്ഗത്തിൻേറയും ... നാശത്തിനായി ദേവവൃക്ഷനിൎമ്മിതമായ ശൂലംപോലെ ആയ ആ കാത്യായനി സംപർദ്ധംകൊണ്ടു വർദ്ധിച്ച വിന്ധ്യപൎവ്വതംപോലെ ദുർഭരമായ ഭാരം ഏന്തുകയാൽ കംസൻെറ കൈതളൎന്നുപോയി. അപ്രകാരം വികലമായ കംസൻെറ കയ്യിൽനിന്നു് ആകാശത്തേക്കു കുതിച്ചുപൊങ്ങിയ കാത്യായനീദേവി നിങ്ങളുടെ സർവകാൎയ്യങ്ങളേയും സഫലങ്ങളാക്കിത്തീൎക്കട്ടെ.

വന്ന്യ. അൎത്ഥം—ശാത്രവേ=ശത്രുവായ മഹിഷാസുരൻ. ശമിതേ=(സതി)=വധിക്കപ്പെട്ടപ്പോൾ. തുരാഷട്പ്രഭൃതിഷു=ഇന്ദ്രാദികളായ ദേവന്മാർ. തൂർണ്ണം=വേഗത്തിൽ. തോഷാൽ=സന്തോഷംകൊണ്ടു്. സ്തോത്രകൃത്സു (സത്സു)=സ്തോത്രംചെയ്യാൻ തുടങ്ങിയപ്പോൾ. ആലംബനായ=അവലംബത്തിനായി. അലം=അധികമായി. തതഭുജയുഗലസ്യ=ഇരുകൈകൾ അകററിക്കാണിച്ചുകൊണ്ടിരുന്ന. പത്യു:=ഭൎത്താവായ ശിവൻെറ. ദേഹാർദ്ധേ=ശരീരാർദ്ധത്തിൽ ഗേഹബുദ്ധിം=വാസസ്ഥാനമാണെന്ന അഭിപ്രായം. പ്രതിവിഹിതവതീ=കൈക്കൊണ്ടവളും. ക്ലാന്താ ഇവ=ക്ഷീണിച്ചവളെന്നപോലെ. ഉപേത്യ=പ്രാപിച്ചു്. ലജ്ജയാ=ലജ്ജകൊണ്ടു്. ആലീയ=ലയിച്ചിട്ടു്. അനിഛയാ ഏവ=ഇഛിക്കാതെതന്നെ. ആപാതിതഘനതരാശ്ലേഷസൌഖ്യാ=ദൃഢമായ ആലിംങ്ഗനംകൊണ്ടുളവായ സുഖംപ്രാപിച്ചവളും ആയ. കാലീ=ഭദ്രകാളിയായദേവി. വ:=നിങ്ങളുടെ. കൃഛ്റം=ക്ലേശത്തെ. വിഹന്തു=ശമിപ്പിക്കട്ടെ.

സാരം—ഭദ്രകാളിയായദേവി മഹിഷാസുരനെ വധിച്ചപ്പോൾ, വേഗത്തിൽ സന്തോഷംകൊണ്ടു ദേവേന്ദ്രൻ തുടങ്ങിയവർ ദേവിയെ സ്തോ

ആസ്താം മുഗ്ദ്ധേऽൎദ്ധചന്ദ്രഃ ക്ഷിപ സുരസരിതം
യാ സപത്നീ ഭവത്യാഃ
ക്രീഡാ ദ്വാഭ്യാം വിമുഞ്ചാപരമലമമുനൈ-
കേന മേ പാശകേന;
ശൂലം പ്രാഗേവ ലഗ്നം ശിരസി യദബലാ
യുദ്ധ്യസേऽവ്യാദ്വിദഗ്ദ്ധം
സോല്പ്രാസാലാപപാതൈരിതി ദനുജമുമാ
നിൎദ്ദഹന്തീ ദൃശാ വഃ. ൨൭.

---

ത്രംചെയ്തു. അപ്പോൾ ദേവി ലജ്ജിച്ചു. ശിവൻ ദേവിയെ താങ്ങുന്നതിന്ന തന്റെ ഇരുകൈകൾ അകററിക്കൊണ്ടുനിന്നു. സുഖവാസസ്ഥാനമായ ശിവന്റെ ശരീരാൎദ്ധം തന്റെ (ദേവിയുടെ) പ്രവേശനത്തിന്ന സജ്ജമായിരുന്നതറിഞ്ഞു ഭഗവതി ക്ഷീണിച്ചവളെന്നപോലെ അവിടെ ചെന്നു ലയിച്ചു. അപ്പോൾ ഇച്ഛയില്ലെങ്കിലും ശിവനമായുണ്ടായ ഗാഢമായ ആലിംഗനം കൊണ്ടുണ്ടായ ആനന്ദമനുഭവിച്ച ആ ഭദ്രകാളിയായ ശ്രീപാൎവ്വതീദേവി നിങ്ങളുടെ ക്ലേശങ്ങളെ ശമിപ്പിക്കട്ടെ.

൨൭ അൎത്ഥം—ഹേ മുഗ്ദ്ധേ=അല്പയോമുഗ്ദ്ധേ. അൎദ്ധചന്ദ്രഃ=അൎദ്ധചന്ദ്രം എന്ന ബാണവിശേഷം (ചന്ദ്രന്റെ അൎദ്ധഭാഗം എന്നും). ആസ്താം=ഇരിക്കട്ടെ. യാ=യാതൊരുത്തി. ഭവത്യാഃ=ഭവതിയുടെ. സപത്നീ=സപത്നിയാകുന്നുവോ. സുരസരിതം=(ആ) ഗംഗയെ. ക്ഷിപ=ക്ഷേപിക്കുക. (വിടുക). മേ=എനിക്കു്. അമുനാ=ഈ. ഏകേന=ഏകമായ. പാശകേന=അല്പപാശത്താൽ (ദ്യൂതുകളിക്കാനുള്ള അക്ഷത്താൽ എന്നും). അലം=ഉപയോഗമില്ല. അപരം=വേറൊന്നിനേയും. വിമുഞ്ച=വിട്ടയയ്ക്കുക. ദ്വാഭ്യാം=രണ്ടു് അക്ഷങ്ങൾകൊണ്ടേ. ക്രീഡാ=ക്രീഡചെയ്യാൻ തരമുള്ളു. യൽ=യാതൊരു കാരണത്താൽ. അബലാ=അബലയായ ഭവതി. യുദ്ധ്യസേ=(എന്നാൽ) യുദ്ധംചെയ്യപ്പെടുന്നുവോ അക്കാരണത്താൽ സംഭവിച്ച അകീൎത്തിരൂപമായ. ശൂലം=വ്യാധി (ശൂലായുധം എന്നും). പ്രാക്എവ=മുമ്പുതന്നെ. ശിരസി=(എന്റെ) ശിരസ്സിൽ. ലഗ്നം=പററിയിരിക്കുന്നു. (വീണ്ടും ഒരു ശൂലം പ്രയോഗിക്കേണ്ട ആവശ്യമില്ലെന്നു താല്പൎയ്യം). ഇതി=ഇപ്രകാരം. സോല്പ്രാസാലാപപാതൈഃ=സോല്പ്രാസങ്ങളായ ആലാപങ്ങളുടെ പാതങ്ങളാൽ (പരിഹാസവചനങ്ങളാൽ). വിദഗ്ദ്ധം=സമൎത്ഥനായ. ദനുജം=(മഹിഷനെന്നു

വക്ത്രാണാം വിക്ലവഃ കിം വഹസി ബത രുചം
സ്കന്ദ! ഷണ്ണാം വിഷണ്ണാ-
മന്യാഃ ഷണ്മാതരസ്തേ ഭവ! ഭവ സകല-
സ്ത്വം ശരീരാർദ്ധലബ്ധ്യാ;
ജിഹ്മാം ഹന്ത്യുദ്യ കാലീമിതി സമമസുഭിഃ
കണ്ഠതോ നിർഗതാ ഗീർ-
ഗീർവ്വാണാരേർയ്യയേഷാമൃദുപദമുദിത-
സ്യാദ്രിജാ സാവതാദ്വഃ. വ. വൃ.

---

അസുരനെ. ദൃശാ=കണ്ണിനാൽ. നിർദഹന്തീ=ഏററവും ദഹിപ്പിക്കുന്നവ ളായ. ഉമാ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവ്യാൽ=രക്ഷിക്കട്ടെ.

സാരം—യുദ്ധത്തിനായി സമീപിച്ചു ശ്രീപാർവ്വതീദേവിയെകണ്ടു ദുഷ്ടനായ മഹിഷാസുരൻ പരിഹാസവചനങ്ങൾ പൊഴിച്ചു ഞെളി ഞ്ഞു. ഹേ മുഗ്ദ്ധേ! അർദ്ധചന്ദ്രൻ ഭവതിയുടെ ഭർത്താവിൻെറ ശിരസ്സിൽ ഇരുന്നുകൊള്ളട്ടെ. എന്നെ ഉദ്ദേശിച്ചു ഭവതി അർദ്ധചന്ദ്ര (ബാണ) പ്ര യോഗം ചെയ്യുന്നതു ശരിയല്ല. ഭവതിയുടെ സപത്നിയായ ഗംഗയെ വിട്ടയക്കുക. രണ്ടുപാശങ്ങൾ (അക്ഷങ്ങൾ) കൊണ്ടേ കളിക്കാൻ തര മുള്ളൂ. അതുകൊണ്ടു ഭവതി പ്രയോഗിക്കുന്ന ഒരു ചെറിയ പാശം (അ ക്ഷം)കൊണ്ടു് എനിക്കു യാതൊരു ഫലവുമില്ല. അബലയായ ഭവതി യോടു യുദ്ധംചെയ്യാൻ ഇടയായതുകൊണ്ടു് അകീർത്തിരൂപമായ ശൂലം (വ്യാധി) എൻെറ ശിരസ്സിൽ മുമ്പുതന്നെ ഏർപ്പെട്ടിരിക്കുന്ന സ്ഥിതിക്കു വീണ്ടും ഭവതി ശൂലപ്രയോഗം ചെയ്യേണ്ടതില്ല. ഇപ്രകാരമായ നിന്ദാ വചനങ്ങൾ ഉച്ചരിക്കുന്നതിൽ ചാതുര്യം കാണിച്ച മഹിഷാസുരനെ നോട്ടത്താൽതന്നെ ഏററവും ദഹിപ്പിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

വ. വൃ. അർത്ഥം—ഹേ സ്കന്ദ!=അല്ലയോ സുബ്രഹ്മണ്യ! ത്വം= അങ്ങു്. വിക്ലവഃ (സൻ)=ദുഃഖിച്ചവനായി. ഷണ്ണാം=ആറു്. വക്ത്രാ ണാം=മുഖങ്ങളുടെ. വിഷണ്ണാം=മങ്ങിയതായ. രുചം=കാന്തിയെ. ബ ത=കഷ്ടം. കിം വഹസി=എന്തിനു വഹിക്കുന്നു. തെ=അങ്ങേയ്ക്കു്. അ ന്യാഃ=ശ്രീപാർവ്വതിയിൽനിന്നു് അന്യരായി. ഷട്=ആറു്. മാതരഃ=മാ താക്കൾ. (അമ്മമാർ). (സന്തി)=ഉണ്ടല്ലൊ. ഹേ ഭവ!=അല്ലയോ ശിവ. ത്വം=അങ്ങു്. ശരീരാർദ്ധലബ്ധ്യാ=ശരീരത്തിൻെറ അർദ്ധഭാഗംകൂടി

ഗാഢസ്വ വ്യോമമാർഗം ഗതമഹിഷഭയൈർ-
　　ബ്രധ്ന! വിശ്രബ്ധമശ്വൈഃ
ശൃങ്ഗാഭ്യാം വിശ്വകർമൻ! ഘടയസി ന നവം
　　ശാർങ്ഗിണഃ ശാർങ്ഗമന്യൽ;
ഐന്ദ്രീ ത്വങ്നിഷ്ഠുരേയം ബിഭൃഹി മൃദുമിമാ-
　　മീശ്വരേത്യാത്തഹാസാ
ഗൌരീ വോ/വ്യാൽ ക്ഷതാരിഃ സ്വചരണഗരിമ-
　　ഗ്രസ്തഗീർവ്വാണഗർവ്വാ. ൨൬.

---

ലഭിച്ചു്. സകലഃ=സകലനായി (പൂർണ്ണശരീരനായി). ഭവ=ഭവിക്കുക്. അദ്യ=ഇപ്പോൾ. ജിഹ്മാം=കുടിലബുദ്ധിയായ. കാളീം=ശ്രീപാർവ്വതിയെ ഹന്മി=(ഞാൻ) ഹനിക്കുന്നു. ഇതി=ഇപ്രകാരമായ. ഗീഃ=(മഹിഷാസുരന്റെ) വാക്ക്. യയാ=യാതൊരു ദേവിയാൽ. ഇച്ഛാമൃദുപദ, മൃദിതസ്യ=ഇഷൽകൊണ്ടു കോമളമായ പാദത്താൽ മർദ്ദിക്കപ്പെട്ടവനായ. ഗീർവ്വാണാരേഃ=ദേവശത്രുവായ മഹിഷന്റെ. കണ്ഠതഃ=കണ്ഠത്തിൽനിന്നു പുറപ്പെട്ടു. അസുഭിഃ സമം=പ്രാണങ്ങളോടുകൂടി തന്നെ. നിർഗതാ=നിർഗമിച്ചുവോ. സാ അദ്രിജാ=ആ പാർവ്വതീദേവി. വഃ=നിങ്ങളെ. അവതാൽ രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ അഹങ്കാരംകൊണ്ടു പലപ്രകാരത്തിൽ ഗർജ്ജിച്ചു. ഹേ സുബ്രഹ്മണ്യ! നിന്റെ അമ്മയായ പാർവ്വതിയെ ഞാൻ (മഹിഷൻ) വധിച്ചുകളയുമെന്നു വിചാരിച്ചു നിന്റെ ആറുമുഖങ്ങളുടേയും കാന്തി എന്തിനു മങ്ങിപ്പോകുന്നു. അപ്രകാരം മങ്ങുന്നതു കഷ്ടം തന്നെ. എന്തെന്നാൽ നിനക്കു പാർവ്വതിയെ കൂടാതെ വേറെയും കൃത്തികാരൂപകളായ ആറു് അമ്മമാർ ഉണ്ടല്ലോ. ഹേ ശിവ! അങ്ങയുടെ അർദ്ധശരീരം അപഹരിച്ചവളും കുടിലയും ആയ കാളിയെ ഇപ്പോൾ ഞാൻ വധിക്കാൻ പോകുന്നതുകൊണ്ടു് അങ്ങു പൂർണ്ണശരീരനായി ഭവിച്ചുകൊള്ളുക. ഇപ്രകാരം മഹിഷാസുരൻ പറയുമ്പോൾതന്നെ ശ്രീപാർവ്വതീദേവി ഇച്ഛാനുസരണമായി തന്റെ മൃദുളമായ ഒരു പാദംകൊണ്ടു മർദ്ദിച്ചു് ആ ദേവശത്രുവിനെ വധിച്ചുകളഞ്ഞു. അതുകൊണ്ടു് അവന്റെ ധിക്കാരമായ വാക്കും അവന്റെ പ്രാണങ്ങളും ഒരേസമയം കണ്ഠത്തിൽ നിന്നു വെളിയിൽ നിർഗളിച്ചു. അങ്ങനെ ലീലകൊണ്ടുതന്നെ, മഹിഷാസുരനെ സംഹരിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

൨൬. അർത്ഥം—ഹേ ബ്രധ്ന=അല്ലയോ സൂര്യ!. ഗതമഹിഷഭയൈഃ=മഹിഷഭയം അവസാനിച്ച. അശ്വൈഃ=അശ്വങ്ങളോടുകൂടി.

ക്ഷിപ്തോ ബാണഃ കൃതസ്തേ ത്രികവിനതിതതോ
നിർവലിർമദ്ധ്യദേശഃ
പ്രഹ്ലാദോ നൂപുരസ്യ ക്ഷതരിപുശിരസഃ
പാദപാതൈർദിശോഽഗാൽ;
സങ്ഗ്രാമേ സന്നതാങ്ഗി! വ്യഥയസി മഹിഷം
നൈകമന്യാനപി ത്വം
യേ യുദ്ധ്യന്തേഽത്ര നൈവേത്യവതു പതിപരീ-
ഹാസഹൃഷ്ടാ ശിവാ വഃ. ൩൦.

---

വിശ്രബ്ധം=ധൈര്യമായി. വ്യോമമാർഗം=ആകാശമാർഗത്തിൽ. ഗാഹസ്വ=(അങ്ങ്) സഞ്ചരിച്ചുകൊള്ളുക. ഹേ വിശ്വകർമൻ=അല്ലയോ ദേവശില്പിയായ വിശ്വകർമ്മാവേ! ശൃങ്ഗാഭ്യാം=മഹിഷന്റെ ഈ കൊമ്പുകൾകൊണ്ട് ശാർങ്ഗിണഃ=വിഷ്ണുവിന്ന്. നവം=പുതിയ അന്യൽ=വേറൊരു ശാർങ്ഗം=ധനുസ്സിനെ (വില്ലിനെ). ന ഘടയസി=ഉണ്ടാക്കിക്കൊടുക്കാത്തതെന്താണ്. ഹേ ഈശ്വര!=അല്ലയോ ശിവ! ഇയം=ഈ. ഐഭീത്വക്=ആനത്തോല്. നിഷ്ഠുരാ=കഠോരമാണല്ലോ. മൃദ്വീം ഇമാം=മൃദുവായ ഈ മഹിഷത്വക്കിനെ (പോത്തിന്റെ തോലിനെ). ബിഭൃഹി=ധരിച്ചുകൊള്ളുക. ഇതി=ഇപ്രകാരം. ആത്തഹാസാ=പരിഹാസവചനങ്ങൾ പുറപ്പെടുവിച്ചവളും. സ്വചരണഗരിമഗ്രസ്തഗീർവാണഗർവാ=തന്റെ (ദേവിയുടെ) പാദത്തിന്റെ ഗൌരവംകൊണ്ടു ദേവന്മാരുടെ ഗർവത്തിനെ ശമിപ്പിച്ചവളും. ക്ഷതാരിഃ=ശത്രുവിനെ വധിച്ചവളും ആയ. ഗൌരീ=ശ്രീപാർവതീദേവി. വഃ=നിങ്ങളെ. അവ്യാൽ=രക്ഷിക്കട്ടെ.

സാരം—ശസ്ത്രങ്ങളും അസ്ത്രങ്ങളും മററും പ്രയോഗിച്ചും ശത്രുവിനെ ജയിക്കാൻ സാമർത്ഥ്യമില്ലാത്തവരായ ദേവന്മാരുടെ ഗർവം ചരണംകൊണ്ടുതന്നെ ശത്രുവിനെ സംഹരിച്ച ശ്രീപാർവ്വതീദേവിയുടെ പാദമാഹാത്മ്യംകൊണ്ടു ശാന്തമായി. ദേവി പരിഹാസവചനങ്ങൾ പറഞ്ഞു. ഹേ സൂര്യ! മഹിഷൻ മരിച്ചതുകൊണ്ടു നിർഭയങ്ങളായ അശ്വങ്ങളോടുകൂടി അങ്ങു ധൈര്യമായി ആകാശമാർഗത്തു സഞ്ചരിക്കുക. ദേവശില്പിയായ ഹേ വിശ്വകർമൻ! മഹാവിഷ്ണുവിന്നു മഹിഷന്റെ കൊമ്പുകൾകൊണ്ടു പുതുതായി വില്ലുണ്ടാക്കിക്കൊടുക്കുക. ഹേ ശിവ! കഠോരമായ ഗജചർമ്മത്തിനെ കളഞ്ഞിട്ടു മൃദുവായ മഹിഷചർമ്മത്തെ അങ്ങ് ഉടുത്തുകൊള്ളുക. ഇപ്രകാരം പരിഹസിക്കുന്നവളും തന്റെ ചരണത്തിന്റെ ഗൌരവംകൊണ്ടു ദേവന്മാരുടെ ഗർവത്തെ ശമിപ്പിച്ചവളും

ശത്രുവായ മഹിഷാസുരനെ സംഹരിച്ചവളും ആയ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

൩൦. അർത്ഥം—ഹേ സന്നതാങ്ഗി!=അല്ലയോ സുന്ദരിയായ ശ്രീപാർവ്വതി! സങ്ഗ്രാമേ=മഹിഷനുമായി നടന്ന യുദ്ധത്തിൽ. ബാണഃ=അമ്പ് (ബാണാസുരൻ എന്നും). ക്ഷിപ്തഃ കൃതഃ=ഭവതിയാൽ ക്ഷേപിക്കപ്പെട്ടു. തേ=ഭവതിയുടെ. ത്രികവിനതിതതഃ=ത്രികത്തിന്റെ (നട്ടെല്ലിന്റെ അടിഭാഗത്തിന്റെ) വിനതികൊണ്ടു (കുനിവുകൊണ്ടു) തതമായ (വിസ്താരമുള്ളതായിത്തീർന്ന). തേ=ഭവതിയുടെ. മദ്ധ്യദേശഃ=മദ്ധ്യപ്രദേശം (മദ്ധ്യലോകമായ ഭൂമി എന്നും). നിർവ്വലിഃ=ത്രിവലി ഇല്ലാത്തതായി (മഹാബലി എന്ന അസുരൻ ഇല്ലാത്തതായി എന്നും). പാദപാതൈഃ=പാദവിക്ഷേപങ്ങളാൽ ഉണ്ടായ. ക്ഷതരിപുശിരസഃ=ശത്രുവായ മഹിഷന്റെ ശിരസ്സിനു ക്ഷതംവരുത്തിയ. നൂപുരസ്യ=കാൽച്ചിലമ്പിന്റെ. പ്രഹ്ലാദഃ=ശബ്ദം (പ്രഹ്ലാദൻ എന്ന അസുരൻ എന്നും). ദിശഃ=ദിക്കുകളെ. അഗാൽ=പ്രാപിച്ചു. അത്ര സങ്ഗ്രാമേ=ഈ യുദ്ധത്തിൽ. യേ=ഏവർ (ബാണൻ, ബലി, പ്രഹ്ലാദൻ എന്ന അസുരന്മാർ). ന യുദ്ധ്യന്തേ=യുദ്ധം ചെയ്യപ്പെടുന്നില്ലയോ. അന്യാൻ അപി=മഹിഷനിൽനിന്ന് അന്യരായ അവരേയും. വ്യഥയസി=ഭവതി വ്യഥിപ്പിക്കുന്നു. മഹിഷം ഏകം ന ഏവ=മഹിഷിനെ ഒരുവനെ മാത്രമല്ല ഭവതി വ്യഥിപ്പിക്കുന്നതു്. ഇതി=ഇപ്രകാരം. പതിപരീഹാസഹൃഷ്ടാ=ഭർത്താവായ ശിവന്റെ പരിഹാസംകൊണ്ടു സന്തുഷ്ടയായ ശിവാ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവ്യാൽ=രക്ഷിക്കട്ടെ.

സാരം—ശ്രീപാർവ്വതീദേവി മഹിഷാസുരനെ സംഹരിച്ചപ്പോൾ ഭർത്താവായ ശിവൻ പരിഹാസവചനങ്ങൾ പറഞ്ഞു. ഹേ സുന്ദരി! ഈ യുദ്ധത്തിൽ മഹിഷാസുരൻ എന്ന ഒരുത്തനെമാത്രമല്ല ഭവതി പീഡിപ്പിച്ചതു്. ഈ സങ്ഗ്രാമത്തിൽ സംബന്ധിക്കാത്തവരായ ബാണൻ, മഹാബലി, പ്രഹ്ലാദൻ എന്ന മററു ചില അസുരന്മാരേയും ഭവതി പീഡിപ്പിച്ചിരിക്കയാണു്. ഭവതി ബാണപ്രക്ഷേപം (ശരത്തിന്റെയും ബാണാസുരന്റെയും പ്രക്ഷേപം) ചെയ്തു. ഭവതിയുടെ മദ്ധ്യദേശം നിർവ്വലി (ത്രിവലിയും മഹാബലിയും ഇല്ലാത്തതും) ആയിത്തീർന്നു. പാദപാതം കൊണ്ടു ഭവതി ശത്രുവായ മഹിഷനെ വധിച്ചപ്പോൾ നൂപുരത്തിന്റെ പ്രഹ്ലാദം (ശബ്ദവും പ്രഹ്ലാദനും) ദിക്കുകളുടെ അന്തത്തെ പ്രാപിച്ചു. ഇപ്രകാരം ഭർത്താവായ ശിവന്റെ പരിഹാസവചനം കേട്ടു സന്തുഷ്ടയായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

മേരൌ മേ രൌദ്രശൃങ്ഗക്ഷതവപുഷി രുഷോ
നൈവ നീതാ നദീനാം
ഭർത്താരോ രിക്തതാം യത് തദപി ഹിതമഭൂ-
ന്നിസ്സപത്നോऽത്ര കോऽപി
ഏതന്നോ മൃഷ്യതേ യന്മഹിഷ കലുഷിതാ
സ്വർധുനീ മൂർദ്ധ്നി മാന്യാ
ശംഭോർഭിന്ദ്യാദ്ധസന്തീ പതിമിതി ശമിതാ
രാതിരീതീരുമാ വഃ. ൩൧

൩൧ അർത്ഥം—ഹേ മഹിഷ=അല്ലയോ മഹിഷാസുര. മേരൌ=മേരുപർവ്വതം. രൌദ്രശൃങ്ഗക്ഷതവപുഷി (സതി)=കഠിനമായ കൊമ്പുകളാൽ സംകുലമായ പ്രദേശത്തോടുകൂടിയതായി തീർന്നതുകൊണ്ട്. മേ=എനിക്ക് രുഷഃ=കോപം. ന, ഏവ=ഇല്ലതന്നെ. യത്=യാതൊരുകാരണത്താൽ. നദീനാം=നദികളുടെ. ഭർത്താരഃ=ഭർത്താക്കൾ. (സമുദ്രങ്ങൾ). രിക്തതാം=ശൂന്യതയെ. നീതാഃ=നയിക്കപ്പെട്ടുവോ. തത്, അപി=അതും. ഹിതം=ഹിതമായി. അഭൂത്=ഭവിച്ചു. അത്ര=ഇവിടെ. കോഽപി=ഒരാൾ. നിസ്സപത്നഃ=ശത്രുരഹിതനായി. അഭൂത്=ഭവിച്ചു. (ഹേ മഹിഷ!). ശംഭോഃ=ശംഭുവിന്റെ മൂർധ്നി=ശിരസ്സിൽ. മാന്യാ=മാന്യയായ. സ്വർധുനീ=ഗംഗ. യത്=യാതൊരുകാരണത്താൽ. കലുഷിതാ=മലിനയാക്കപ്പെട്ടു. ഏതത്=ഇതു്. നോ, മൃഷ്യതേ=ക്ഷമിക്കപ്പെടുന്നില്ല. ഇതി=ഇപ്രകാരം. പതിം=ഭർത്താവിനെ. ഹസന്തീ=ഉപഹസിക്കുന്നവളും. ശമിതാരാതിഃ=ശത്രുവിനെ നിഗ്രഹിച്ചവളുമായ. ഉമാ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളുടെ. ഈതീഃ=ഈതിബാധകളെ. ഭിന്ദ്യാത്=നശിപ്പിക്കട്ടെ.

സാരം—“ഹേ മഹിഷാസുരാ! നീ മേരുപർവ്വതത്തെ നിന്റെ ക്രൂരമായ ശൃംഗംകൊണ്ടു് സങ്കുലമാക്കിയതിനാൽ ഞാൻ കോപിക്കുന്നില്ല. സപ്തസമുദ്രങ്ങളേയും നീ ശൂന്യങ്ങളാക്കി എങ്കിലും അതു് ഹിതമായി ഭവിച്ചു. എന്തുകൊണ്ടെന്നാൽ ഇവിടെ ഒരാൾ നിസ്സപത്നനായി തീർന്നു. സമുദ്രവും പരമശിവനും ഗംഗയുടെ പതികളാകുന്നു. സമുദ്രങ്ങളെ ശൂന്യങ്ങളാക്കിയതുകൊണ്ടു പരമശിവനു് നിസ്സപത്നമായ ഗംഗാപതിത്വം ലഭിച്ചു. അതിനാൽ ഇതു് ഹിതംതന്നെ. എന്നാൽ ശിവന്റെ ശിരസ്സിലുള്ള ഗംഗയെ നീ മലിനപ്പെടുത്തിയതുമാത്രം എന്നാൽ ക്ഷ

സദ്യഃ സാധിതസാദ്ധ്യമുദ്ധൃതവതീ
ശ്ശൂലം ശിവാ പാതു വഃ
പാദപ്രാന്തവിഷക്ത ഏവ മഹിഷാ-
കാരേ സുരദ്വേഷിണി;
ദിഷ്ട്യാ ദേവ! വൃഷദ്ധ്വജോ യദി ഭവാ-
നേഷാപി നഃ സ്വാമിനീ
സഞ്ജാതാ മഹിഷദ്ധ്വജേതി ജയയാ
കേളൌ കൃതേഽർദ്ധസ്മിതാ. നവ

---

ന്തവ്യമല്ല". എന്നിങ്ങനെ ഭർത്താവിനെ ഉപഹസിക്കുന്നവളും, ശത്രുവിനെ (മഹിഷാസുരനെ) നിഗ്രഹിച്ചവളുമായ ശ്രീപാർവ്വതീദേവി നിങ്ങളുടെ അതിവൃഷ്ട്യാദികളായ ഈതിബാധകളെ നശിപ്പിക്കട്ടെ.

നവ. അർത്ഥം—മഹിഷാകാരേ=മഹിഷാകൃതിയായ. സുരദ്വേഷിണി=അസുരൻ. പാദപ്രാന്തവിഷക്തേ, ഏവ=പാദാഗ്രത്തിൽ സംബദ്ധനായപ്പോൾതന്നെ. സദ്യഃ=ഉടനെ. സാധിതസാദ്ധ്യം=കൃത്യത്തെ സാധിച്ചതായ. ശ്ശൂലം=ശൂലായുധത്തെ. ഉദ്ധൃതവതീ=ഉദ്ധരിച്ചവളും; ഹേ ദേവ=അല്ലയോ പരമേശ്വര! ഭവാൻ=അങ്ങു്. വൃഷദ്ധ്വജഃ, യദി=ധ്വജത്തിൽ വൃഷഭമാകുന്ന ചിഹ്നത്തോടുകൂടിയവനാണെങ്കിൽ. നഃ=ഞങ്ങളുടെ. ഏഷാ=ഈ. സ്വാമിനീ, അപി=സ്വാമിനിയും. ദിഷ്ട്യാ=ഭാഗ്യവശാൽ. മഹിഷദ്ധ്വജാ=ധ്വജത്തിൽ മഹിഷചിഹ്നത്തോടുകൂടിയവളായി. സഞ്ജാതാ=ഭവിച്ചു. ഇതി=ഇപ്രകാരം. ജയയാ=ദേവിയുടെ സഖിയാൽ. കേളൌ=പരിഹാസം. കൃതേ, (സതി)=ചെയ്യപ്പെട്ടപ്പോൾ. അർദ്ധസ്മിതാ=മന്ദസ്മിതത്തോടുകൂടിയവളും ആയ. ശിവാ=പാർവ്വതീദേവി. വഃ=നിങ്ങളെ പാതു=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ പാദാഗ്രത്തിൽ സംബദ്ധനായപ്പോൾ അതുകൊണ്ടുതന്നെ അയാളെ നിഗ്രഹിച്ചതിനാൽ, ശൂലംകൊണ്ടു നിർവ്വഹിക്കപ്പെടേണ്ട കൃത്യം സാദ്ധ്യമായതിനാൽ അതിനെ ഉടൻതന്നെ ഉദ്ധരിച്ചവളും, "ഹേ പരമേശ്വര! അങ്ങു വൃഷധ്വജനാണെങ്കിൽ ഞങ്ങളുടെ സ്വാമിനിയായ ദേവിയും ഭാഗ്യവശാൽ മഹിഷധ്വജയായിതീൎന്നു". ഇപ്രകാരം ദേവിയുടെ സഖിയായ ജയയാൽ പരമശിവൻ ഉപഹസിക്കപ്പെട്ടപ്പോൾ മന്ദസ്മിതം തൂകുന്നവളുമായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

വിദ്രാണേന്ദ്രാണി! കിം ത്വം ദ്രവിണദദയിതേ!
പശ്യ സംഖ്യം സ്വസഖ്യാഃ
സ്വാഹേ! സ്വസ്ഥാ സ്വഭൎത്തൎയ്യമൃതഭുജി മുധാ
രോഹിണീ രോദിതീവ;
ലക്ഷ്മീഃ! ശ്രീവത്സലക്ഷ്മോരസി വസസി പുരേ-
ത്ത്യാൎത്തമാശ്വാസയന്ത്യാം
സ്വൎഗ്ഗസ്ത്രൈണം ജയായാം ജയതി ഹതരിപോൎ-
ഹ്രേപിതം ഹൈമവത്യാഃ. ൩൩.

---

൩൩. അൎത്ഥം:—ഹേ ഇന്ദ്രാണി=അല്ലയോ ഇന്ദ്രാണി. ത്വം=ഭവതി. കിംവിദ്രാണാ=എന്തിനു് ഓടുന്നു. ഹേ ദ്രവിണദദയിതേ=അല്ലയോ കുബേരപത്നി. സ്വസഖ്യാഃ=തന്റെ സഖിയായ ശ്രീപാൎവ്വതീദേവിയുടെ. സംഖ്യം=യുദ്ധത്തെ. പശ്യ=കാണുക. ഹേ സ്വാഹേ=അല്ലയോ അഗ്നിഭാൎയ്യേ. സ്വഭൎത്തരി=തന്റെ ഭൎത്താവായ അഗ്നി. അമൃതഭുജി (സതി)=അമൃതഭോജനം ചെയ്യുന്ന സ്ഥിതിക്കു്. സ്വസ്ഥാ=സ്വസ്ഥയായിഭവിക്കുക. രോഹിണീ=ചന്ദ്രന്റെ പത്നിയായ രോഹിണി. മുധാ=വെറുതെ രോദിതീ ഇവ=കരയുന്നു. ഹേ ലക്ഷ്മീഃ=അല്ലയോ ലക്ഷ്മീദേവി. ശ്രീവത്സലക്ഷ്മോരസി=മഹാവിഷ്ണുവിന്റെ വക്ഷസ്സിൽ. പുരാവസസി=ഭവതിവസിക്കാൻ പോകുന്നു. ഇതി=ഇപ്രകാരം. ആൎത്തം=വിഷാദിച്ച. സ്വൎഗ്ഗസ്ത്രൈണം=സ്വൎഗ്ഗസ്ത്രീകളുടെ സമൂഹത്തെ. ജയായാം=ദേവിയുടെ സഖിയായ ജയ. ആശ്വാസയന്ത്യാം (സത്യാം)=ആശ്വസിപ്പിക്കുമ്പോൾ. (സംഭവിച്ച). ഹതരിപോഃ=ശത്രുവിനെ വധിച്ചവളായ. ഹൈമവത്യാഃ=ഹിമവാന്റെ പുത്രിയായ ദേവിയുടെ. ഹ്രേപിതം=ലജ്ജ. ജയതി=സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു.

സാരം:—ശ്രീപാൎവ്വതീദേവി ശത്രുവായ മഹിഷനെ വധിച്ചപ്പോൾ ദേവിയുടെ സഖിയായ ജയ വിഷാദിച്ചുകൊണ്ടിരുന്ന ദേവസ്ത്രീസമൂഹത്തെ ആശ്വസിപ്പിച്ചു. ഹേ ഇന്ദ്രാണി! ഭവതി ഓടിപ്പോകേണ്ട ആവശ്യമില്ല. ഹേ കുബേരപത്നി! ഭവതിയുടെ സഖിയായ പാൎവ്വതീദേവി യുദ്ധംചെയ്യുന്നതു കാണുക. ഹേ അഗ്നിപത്നിയായ സ്വാഹേ! ഭവതിയുടെ ഭൎത്താവു ധാരാളമായി അമൃതം ഭുജിക്കുന്ന സ്ഥിതിക്കു ഭവതി സ്വസ്ഥയായി ഭവിക്കുക. ചന്ദ്രന്റെ ഭാൎയ്യയായ രോഹിണി എന്തിനു കര

നിർവ്വാണഃ കിം ത്വമേകോ രണശിരസി ശിഖിൻ!
ശാർങ്ഗധന്വാപി വിദ്ധ്യം-
സ്തത്തേ ധൈര്യം ക്വ യാതം ജഹിഹി ജലപതേ!
ദീനതാം ത്വം നദീനഃ;
ശക്തോ നോ ശത്രുഭങ്ഗേ ഭയപിശുന ശുനാ-
സീര! നാസീരധൂലിർ-
ധിഗ് യാസി ക്വേതി ജല്പൻ രിപുരവധി യയാ
പാർവ്വതീ പാതു സാ വഃ. ൩൪

ത്തുന്നു. ഹേ ലക്ഷ്മീദേവി! വിഷ്ണുവക്ഷസ്സിൽ ഭവതി വസിക്കാൻ പോകുന്നു. ഇപ്രകാരം ജയ ആശംസിപ്പിക്കുന്നതുകേട്ടു ശ്രീപാർവ്വതീദേവിക്കു സംഭവിച്ച ലജ്ജ സർവ്വോൽക്കർഷേണ വിളങ്ങുന്നു.

൩൪. അർത്ഥം:—ഹേ ശിഖിൻ=അല്ലയോ അഗ്നേ!. രണശിരസി=യുദ്ധത്തിൽ. ത്വം=നീ. ഏകഃ=ഒരുത്തൻമാത്രം. നിർവ്വാണഃ, കിം=ശാന്തനായി ഭവിച്ചുവോ. ശാർങ്ഗധന്വാ, അപി=വിഷ്ണുവും. വിദ്ധ്യൻ=ബാണങ്ങളെ പ്രയോഗിക്കുന്നവനായിട്ടു്. നിർബ്ബാണഃ=ബാണശൂന്യനായിഭവിച്ചു. 'ബവയോരഭേദഃ' എന്ന ന്യായത്താൽ ഈ അർത്ഥം കിട്ടുന്നു.) ഹേ ജലപതേ=അല്ലയോ വരുണ!. തേ=അങ്ങയുടെ. തത്=ആ. ധൈര്യം=ധൈര്യം. ക്വ=എവിടെ. യാതം=പോയി. ത്വം=അങ്ങു് ദീനതാം=ദൈന്യത്തെ. ജഹിഹി=ഉപേക്ഷിച്ചാലും. ത്വം=അങ്ങു്. ന, ദീനഃ=ദീനനല്ല. (നദീനഃ=നദികളുടെ പ്രഭുവാകുന്നു). ഭയപിശുന=ഭയസൂചകനായ. ഹേ ശുനാസീര=അല്ലയോ ഇന്ദ്ര!. നാസീരധൂലിഃ=സേനാമുഖത്തിൽനിന്നും ഉത്ഥിതമായ ധൂലി. ശത്രുഭങ്ഗേ=ശത്രുക്ഷയത്തിൽ. നോ, ശക്തഃ=ശക്തമല്ല. ക്വ=എവിടെ. യാസി=പോകുന്നു. (ത്വം=അങ്ങു്). ധിക്=നിന്ദ്യൻതന്നെ. ഇതി=ഇപ്രകാരം. ജല്പൻ=പറയുന്നവനായ. രിപുഃ=ശത്രു. യയാ=യാതൊരു ദേവിയാൽ. അവധി=വധിക്കപ്പെട്ടുവോ. സാ=ആ. പാർവ്വതീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം:—ഹേ അഗ്നേ! യുദ്ധത്തിൽ അങ്ങുമാത്രമല്ല നിർവ്വാണനായിഭവിച്ചതു്. ബാണങ്ങളെ പ്രയോഗിക്കുന്ന വിഷ്ണുവും നിർബ്ബാണനായി. അല്ലയോ വരുണ! അങ്ങയുടെ ആ ധൈര്യം എവിടെപോയി.

നന്ദിന്നാനന്ദദോ മേ തവ മുരജമൃദുഃ
സംപ്രഹാരേ പ്രഹാരഃ
കിം ദന്തേ രോമ്ണി രുഗ്ണേ വ്രജസി ഗജമുഖ!
ത്വം വശീഭൂത ഏവ;
നിഘ്നൻ നിഘ്നന്നിദാനീം ദ്യുജനമിഹ മഹാ-
കാല ഏകോഽസ്മി നാന്യഃ
കന്യാദ്രേർദൈത്യമിത്ഥം പ്രമഥപരിഭവേ
മൃദ്നതീ ത്രായതാം വഃ. ന.ഭ.

---

അങ്ങു് സ്വതേ നദീനനാകുന്നു. (ദീനനല്ലാത്തവൻ എന്നും നദികളുടെ പ്രഭു എന്നും അർത്ഥം). അതിനാൽ ദീനതയെ ഉപേക്ഷിച്ചാലും. അല്ലയോ ഇന്ദ്ര! പണ്ടു് അങ്ങയുടെ സേനാമുഖത്തിൽ നിന്നും ഉത്ഥിതമായ ധൂളിയെകണ്ടു് ശത്രുക്കൾ ഭയന്നു് ഓടിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോഴാം അതു് ശത്രുക്ഷയത്തിനു സമർത്ഥമല്ല. "അങ്ങു് എവിടെ പോകുന്നു" ഇപ്രകാരം ദേവന്മാരോടുപറയുന്ന ശത്രുവായ മഹിഷാസുരൻ യാതൊരു ദേവിയാൽ വധിക്കപ്പെട്ടുവോ ആ പാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ന.ഭ. അർത്ഥം—ഹേ നന്ദിൻ=അല്ലയോ നന്ദികേശ്വര!. സംപ്രഹാരേ=യുദ്ധത്തിൽ. മുരജമൃദുഃ=മൃദംഗശബ്ദംപോലെ മൃദുവായ. തവ=അങ്ങയുടെ. പ്രഹാരഃ=അടി. മേ=എനിക്കു്. ആനന്ദദഃ (ഭവതി) =സന്തോഷപ്രദമാകുന്നു. ഹേ ഗജമുഖ=അല്ലയോ വിനായക!. രോമ്ണി=രോമതുല്യമായ. ദന്തേ=ദന്തം. രുഗ്ണേസതി=ഭഗ്നമായപ്പോൾ. കിം, വ്രജസി=എന്തിനു ഗമിക്കുന്നു. ത്വം=ഭവാൻ. വശീഭൂതഃ, ഏവ=വശഗൻതന്നെ. ഇഹ=ഇവിടെ (യുദ്ധത്തിൽ). ദ്യു.ജനം=സ്വർഗ്ഗത്തിലെ ജനത്തെ നിഘ്നൻ, നിഘ്നൻ=ഏററവും വധിക്കുന്നവനായ. (അഹം=ഞാൻ). ഇദാനീം=ഇപ്പോൾ. ഏകഃ=ഒരു. മഹാകാലഃ=മഹാകാലൻ. അസ്മി=ആകുന്നു. അന്യഃ,ന=മറെറാരുത്തനല്ല. ഇത്ഥം=ഇപ്രകാരം. പ്രമഥപരിഭവേ, (സതി)=പ്രമഥഗണത്തിനു് അപമാനം ഉണ്ടായപ്പോൾ. ദൈത്യം=അസുരനെ (മഹിഷാസുരനെ) മൃദ്നതീ=മർദ്ദിക്കുന്നവളായ. അദ്രേഃ=പർവ്വതത്തിൻെറ. (ഹിമവാൻെറ). കന്യാ=പുത്രീ. വഃ=നിങ്ങളെ. ത്രായതാം=രക്ഷിക്കട്ടെ.

സാരം—"ഹേ നന്ദിൻ! യുദ്ധത്തിൽ മൃദംഗധ്വനിപോലെ മൃദുവായ അങ്ങയുടെ പ്രഹാരം എനിക്കു് സന്തോഷപ്രദമാകുന്നു. അല്ല

വജ്രം മജ്ജ്ഞോ മരുത്വാനരി ഹരിരുരസഃ
ശൂലമീശഃ ശിരസ്തോ
ദണ്ഡം തുണ്ഡാത് കൃതാന്തസ്ത്വരിതഗതിഗദാ-
മസ്ഥിതോഽർത്ഥാധിനാഥഃ;
പ്രാപൻ യത്പാദപിഷ്ടേ ദ്വിഷി മഹിഷവപു-
ഷ്യങ്ഗലഗ്നാനി ഭൂയോഽ-
പ്യായൂംഷീവായുധാനി ദ്യുവസതയ ഇതി
സ്താദുമാ സാ ശ്രിയേ വഃ. നന്യ.

---

യോ ഗജമുഖ! രോമതുല്യമായ അങ്ങയുടെ ദന്തം ഭഗ്നമായപ്പോൾ എന്തിനു ഓടുന്നു. ലംബോദരനായ അങ്ങയ്ക്കു ഓടുന്നതും സാധ്യമല്ല. സ്വർഗ്ഗവാസികളെ വധിക്കുന്നവനായ ഞാൻതന്നെയാണു ഇപ്പോൾ മഹാകാലൻ. വേറെ ആരുമല്ല.'' ഇപ്രകാരം പ്രമഥഗണത്തിനു പരിഭവം ഉണ്ടായപ്പോൾ അസുരനെ മർദ്ദിക്കുന്ന പാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ!

നന്യ. അർത്ഥം—മജ്ജ്ഞഃ=മജ്ജയിൽനിന്നു. മരുത്വാൻ=ഇന്ദ്രൻ. വജ്രം=വജ്രായുധത്തേയും. ഉരസഃ=മാറിടത്തിൽനിന്നു. ഹരിഃ=വിഷ്ണു. അരി=ചക്രത്തേയും. ശിരസ്തഃ=ശിരസ്സിൽനിന്നു. ഈശഃ=പരമശിവൻ. ശൂലം=ശൂലത്തേയും. തുണ്ഡാത്=മുഖത്തിൽനിന്നു. കൃതാന്തഃ=യമൻ. ദണ്ഡം=ദണ്ഡം എന്ന സ്വായുധത്തേയും. അസ്ഥിതഃ=അസ്ഥിയിൽനിന്നു. അർത്ഥാധിനാഥഃ=കുബേരൻ. ത്വരിതഗതിഗദാം=ശീഘ്രഗാമിയായ ഗദയേയും. (പ്രാപാത്=പ്രാപിച്ചു)- ഇതി=ഇപ്രകാരം. മഹിഷവപുഷി=മഹിഷശരീരനായ. ദ്വിഷി=ശത്രു. യത്പാദപിഷ്ടേ (സതി)= യാതൊരു ദേവിയുടെ പാദത്താൽ മർദ്ദിക്കപ്പെട്ടപ്പോൾ. ദ്യുവസതയഃ= ദേവന്മാർ. ആയൂംഷി, ഇവ=പ്രാണങ്ങളെപോലെ. അങ്ഗലഗ്നാനി= (അസുരന്റെ) അവയവങ്ങളിൽ പററിക്കിടക്കുന്ന. ആയുധാനി=ആയുധങ്ങളെ. ഭൂയഃ, അപി=വീണ്ടും. പ്രാപൻ. പ്രാപിച്ചുവോ. സാ= ആ. ഉമാ=പാർവ്വതീദേവി. വഃ=നിങ്ങളുടെ. ശ്രിയേ=ഐശ്വര്യത്തിനായി. സ്താത്=ഭവിക്കട്ടെ.

സാരം—മഹിഷാസുരനോടുകൂടിയുണ്ടായ യുദ്ധത്തിൽ ദേവന്മാരുടെ ആയുധങ്ങൾ അയാളുടെ അവയവങ്ങളിൽ താണുപോയി. യ

ദൃഷ്ട്യാവാസക്തദൃഷ്ടിഃ പ്രഥമമിവ തഥാ
സംമുഖീനാഭിമുഖ്യേ
സ്മേരാ ഹാസപ്രഗല്ഭേ പ്രിയവചസി കൃത-
ശ്രോത്രപേയാധികോക്തിഃ;
ഉദ്യുക്താ നർമ്മകർമ്മണ്യവതു പശുപതൌ
പൂർവ്വവൽ പാർവ്വതീ വഃ
കുർവ്വാണാ സർവ്വമീഷദ്വിനിഹിതചരണാ-
ലക്തകേവ ക്ഷതാരിഃ. ൩൭.

---

തൊരു ദേവിയാൽ അസുരൻ നിഗ്രഹിക്കപ്പെട്ടപ്പോൾ സപ്രാണങ്ങളെപ്പോലെ സായുധങ്ങളും മജ്ജാദിയായ അസുരന്റെ അവയവത്തിൽനിന്നും ദേവന്മാർക്ക വീണ്ടും ലബ്ധങ്ങളായോ ആ പാർവ്വതീദേവി നിങ്ങളുടെ ഐശ്വര്യത്തിനായി ഭവിക്കട്ടെ.

൩൭. അർത്ഥം— ദൃഷ്ടൌ=മഹിഷന്റെ ദൃഷ്ടിയിൽ. ആസക്തദൃഷ്ടിഃ=ആസക്തമായ ദൃഷ്ടിയോടുകൂടിയവളും. ആഭിമുഖ്യേ=ആഭിമുഖ്യത്തിൽ. പ്രഥമം ഇവ=മുമ്പിലത്തെപ്പോലെ. തഥാ=അപ്രകാരം. സംമുഖീനാ=അഭിമുഖമായി സ്ഥിതിചെയ്തവളും. ഹാസപ്രഗല്ഭേ=പരിഹാസത്തിൽ സമർത്ഥനായ മഹിഷനിൽ. സ്മേരാ=മന്ദഹാസം പൊഴിക്കുന്നവളും. പ്രിയവചസി=പ്രിയവചനം ചെയ്യുന്ന മഹിഷനിൽ. ശ്രോത്രപേയാധികോക്തിഃ=ശ്രവണമധുരമായി അധികം സംസാരിക്കുന്നവളും. നർമ്മകർമ്മണി=യുദ്ധരൂപമായ വിനോദകർമ്മത്തിൽ. ഉദ്യുക്താ=ഉദ്യമിച്ചവളും. പശുപതൌ=മഹിഷനിൽ. പൂർവ്വവൽ=പശുപതിയായ ശിവനിൽ മുമ്പു ചെയ്തിരുന്നതുപോലെ. സർവ്വം=എല്ലാ പ്രവൃത്തിയും. ഈഷൽ=അല്പമായി. കുർവ്വാണാ=ചെയ്യുന്നവളും. ക്ഷതാരിഃ=ശത്രുവിനെ വധിച്ചവളും. വിനിഹിതചരണാലക്തകാ ഇവ=പാദത്തിൽ ചെമ്പഞ്ഞിച്ചാറു ധരിച്ചവളെന്നപോലെ വിളങ്ങുന്നവളും ആയ. പാർവ്വതീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവതു=രക്ഷിക്കട്ടെ.

സാരം—പശുപതിയായ ശിവനിൽ മുമ്പു ചെയ്തിരുന്ന കാര്യങ്ങളൊക്കെ പശുപതിയായ (വലിയ മൃഗമായ) മഹിഷനിലും ശ്രീപാർവ്വതീദേവി അല്പമായി ചെയ്തു. മഹിഷൻ അഭിമുഖനായി നില്ക്കുമ്പോൾ

ദൈത്യോ ദോർദ്ദർപ്പശാലീ നഹി മഹിഷവപുഃ
കല്പനീയാഭ്യുപായോ
വായോ! വാരീശ! വിഷ്ണോ! വൃഷഗമന! വൃഷൻ!
കിം വിഷാദോ വൃഥൈവ;
ബദ്ധ്വേത ബ്രദ്ധ്നമിത്രാഃ! കവചമചകിതാ-
ശ്ചിത്രഭാനോ! ദഹാരീ-
നേവം ദേവാഞ്ജയോക്തേ ജയതി ഹതരിപോർ-
ഹ്രേഷിതം ദൈവമത്യാഃ. മവൃ.

---

ദേവിയും അഭിമുഖമായി നിന്നു. മഹിഷൻ ദൃഷ്ടി പതിപ്പിക്കുമ്പോൾ ദേവിയും ദൃഷ്ടി പതിപ്പിച്ചു. മഹിഷൻ ഹാസം പുറപ്പെടുവിക്കുമ്പോൾ ദേവിയും മന്ദഹാസം പൊഴിച്ചു. മഹിഷൻ പ്രിയവചനം പറയുമ്പോൾ ദേവിയും ചെവിക്കു മധുരമായ വാക്കു അധികമായി പറഞ്ഞു. യുദ്ധരൂപമായ വിനോദപ്രവൃത്തിയും ദേവി അനുഷ്ഠിച്ചു. എന്നാൽ ദേവി മഹിഷനെ വധിച്ചുകളഞ്ഞു. അപ്പോൾ മഹിഷന്റെ രക്തം പുരണ്ട ദേവിയുടെ പാദം ചെമ്പഞ്ഞിച്ചാറു പുരണ്ടതുപോലെ വിളങ്ങി. അപ്രകാരം ശത്രുവായ മഹിഷനെ വധിച്ച ദേവി നിങ്ങളെ രക്ഷിക്കട്ടെ.

മവൃ. അർത്ഥം:—ഹേ വായോ!=അല്ലയോ മാരുത! ഹേ വാരീശ=ഹേ വരുണ!. ഹേ വിഷ്ണോ=അല്ലയോ വിഷ്ണോ!. ഹേ വൃഷഗമന=ഹേ പരമശിവ. ഹേ വൃഷൻ=ഹേ ഇന്ദ്ര. കിം=എന്തിനു്. വിഷാദഃ=ദുഃഖം. വൃഥാ, ഏവ=വെറുതെതന്നെ. (ക്രിയതേ=ചെയ്യപ്പെടുന്നു). മഹിഷവപുഃ=മഹിഷശരീരനായ. ദൈത്യഃ=അസുരൻ. ദോർദ്ദർപ്പശാലീ=ബാഹുബലത്തോടുകൂടിയവനാകുന്നു. കല്പനീയാഭ്യുപായഃ=സാമാദ്യുപായങ്ങളാൽ സാധിക്കപ്പെടേണ്ടവനായി. ന, ഹി, (ഭവതി)=ഭവിക്കുന്നില്ല. ഹേ ബ്രദ്ധ്നമിത്രാഃ=അല്ലയോ സൂര്യാദികളെ!. അചകിതാഃ, (സന്തഃ)=നിർഭയന്മാരായി കവചം=കവചത്തെ. ബദ്ധ്വേത=ബന്ധിച്ചുകൊണ്ടാലും. ഹേ ചിത്രഭാനോ!=ഹേ അഗ്നേ!. അരീൻ=ശത്രുക്കളെ. ദഹ=ദഹിപ്പിച്ചാലും. ഇതി=ഇപ്രകാരം. ദേവാൻ=ദേവന്മാരോടു്. ജയോക്തേ, (സതി) ജയയാൽ പറയപ്പെട്ടപ്പോൾ. ഹതരിപോഃ=ശത്രുവിനെ (മഹിഷാസുര

ആവ്യോമ വ്യാപിസീമ്നാം വനമതിഗഹനം
ഗാഹമാനോ ഭുജാനാ-
മർച്ചിർമ്മോക്ഷേണ മൂർഛൻ ദവദഹനരുചാം
ലോചനാനാം ത്രയസ്യ;
യസ്യാ നിർമ്മജ്ജമജ്ജച്ചരണഭരനതോ
ഗാം വിഭിദ്യ പ്രവിഷ്ടഃ
പാതാലം പങ്കപാതോന്മുഖ ഇവ മഹിഷഃ
സ്താദുമാ സാ ശ്രിയേ വഃ. ൯൯.

---

ത്തന്റെ) സംഹരിച്ചവളായ. ഹൈമവത്യാഃ=പാർവ്വതീദേവിയുടെ. ത്രപിതം=ലജ്ജ. ജയതി=ജയിക്കുന്നു.

സാരം—"അല്ലയോ വായ്വാദികളായ ദേവന്മാരേ! ബാഹുബലശാലിയായ മഹിഷാസുരൻ സാമാദ്യുപായങ്ങളാൽ ജയ്യനല്ല. ഹേ സൂര്യാദികളേ! നിങ്ങൾ നിർഭയന്മാരായി യുദ്ധംചെയ്യിൻ. കവചത്തെ ബന്ധിച്ചുകൊണ്ടാലും. ഹേ അഗ്നേ! ഭവാൻ ശത്രുക്കളെ ദഹിപ്പിച്ചാലും" ഇങ്ങിനെ ദേവന്മാരോടു ജയ പറയുന്നതിനെ കേട്ടുണ്ടായ ശ്രീപാർവ്വതീദേവിയുടെ ലജ്ജ സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

൯൯. അർത്ഥം— ആവ്യോമ=ആകാശപര്യന്തം. വ്യാപിസീമ്നാം=വ്യാപിക്കുന്നതായ സീമയോടുകൂടിയ. ഭുജാനാം=(ദേവിയുടെ) കൈകളുടെ. അതിഗഹനം=അതിഭയങ്കരമായ. വനം=സമൂഹത്തെ. ഗാഹമാനഃ=പ്രാപിച്ചവനും. ദവദഹനരുചാം=കാട്ടുതീപോലെ ശോഭിക്കുന്ന. ലോചനാനാം=കണ്ണുകൾ. ത്രയസ്യ=മൂന്നിന്റേറയും. അർച്ചിർമ്മോക്ഷേണ=ജ്വാലാപ്രയോഗത്താൽ. മൂർഛൻ=മൂർഛിക്കുന്നവനും ആയ- മഹിഷഃ=മഹിഷാസുരൻ. യസ്യാഃ=യാതൊരു ദേവിയുടെ. നിർമ്മജ്ജമജ്ജച്ചരണഭരനതഃ=മജ്ജാരഹിതവും മഗ്നവുമായ പാദത്തിന്റെ ഭാരത്താൽ അവനതനായിട്ടു്. ഗാം=ഭൂമിയെ. വിഭിദ്യ=പിളർന്നു്. 'പങ്കപാതോന്മുഖഃ, ഇവ=ചെളിയിൽ പതിക്കാൻ ഉത്സുകനെന്നപോലെ. പാതാലം=പാതാളത്തിൽ. പ്രവിഷ്ടഃ=പ്രവേശിച്ചവനായി ഭവിച്ചുവോ. സാ=ആ. 'ഉമാ=പാർവ്വതീദേവി. വഃ=നിങ്ങളുടെ. ശ്രിയേ=ഐശ്വര്യത്തിനായി. സ്താത്=ഭവിക്കട്ടെ

സാരം—ആകാശപര്യന്തം വ്യാപിക്കുന്നതുകളായ ദേവിയുടെ ഭുജങ്ങളാകുന്ന അതിഭയങ്കരമായ വനത്തെ പ്രാപിച്ചവനും, കാട്ടുതീപോ

നീതേ നിർവ്യാജദീർഘാമഘവതി മഘവ-
ദ്വജ്രലജ്ജാനിദാനേ
നിദ്രാം ദ്രാഗേവ ദേവദ്വിഷി മുഷിതരുഷഃ
സംസ്മരന്ത്യാഃ സ്വഭാവം;
ദേവ്യാ ദൃഗ്ഭ്യസ്തിസൃഭ്യസ്ത്രയ ഇവ ഗളിതാ
രാശയോ രക്തതായാ-
സ്ത്രായന്താം വസ്ത്രിശൂലക്ഷതകുഹരഭുവോ
ലോഹിതാംഭസ്സമുദ്രാഃ. ൪൦.

---

ലെ ജ്വലിക്കുന്ന മൂന്നു കണ്ണുകളുടെ ജ്വാലയാൽ മൂർഛിക്കുന്നവനും ആയ മഹിഷാസുരൻ, യാതൊരു ദേവിയുടെ ചരണഭാരത്താൽ അവനതനായിട്ടു് ഭൂമിയെ ഭേദിച്ചു് വെളിയിൽ പതിക്കാൻ ഉൽക്കണ്ഠിതനെന്നപോലെ പാതാളത്തിൽ പ്രവേശിച്ചുവോ ആ ശ്രീപാർവ്വതീദേവി നിങ്ങളുടെ ശ്രേയസ്സിനായി ഭവിക്കട്ടെ.

൪൦. അർത്ഥം=മഘവദ്വജ്രലജ്ജാനിദാനേ=ഇന്ദ്രന്റെ വജ്രായുധത്തിന്റെ ലജ്ജക്കു് കാരണഭൂതനും. അഘവതി=പാപിയും ആയ. ദേവദ്വിഷി=അസുരൻ. (മഹിഷാസുരൻ). ദ്രാക്, ഏവ=വേഗത്തിൽ, നിർവ്യാജദീർഘാം, നിദ്രാം=യഥാർത്ഥമായ ദീർഘനിദ്രയെ. (മരണത്തെ). നീതേ, (സതി)=പ്രാപിപ്പിക്കപ്പെട്ടപ്പോൾ. മുഷിതരുഷഃ=കോപരഹിതയും. സ്വഭാവം=സ്വപ്രകൃതിയെ. സംസ്മരന്ത്യാഃ=സ്മരിക്കുന്നവളുമായ. ദേവ്യാഃ=ദേവിയുടെ. തിസൃഭ്യഃ=മൂന്നു. ദൃഗ്ഭ്യഃ=നേത്രങ്ങളിൽനിന്നും. രക്തതായാഃ=അരുണവർണ്ണത്തിന്റെ. ത്രയഃ=മൂന്നു്. രാശയഃ, ഇവ=സമൂഹങ്ങൾപോലെ. ഗളിതാഃ=പുറപ്പെടുന്നതുകളും. ത്രിശൂലക്ഷതകുഹരഭുവഃ=ത്രിശൂലങ്ങളാൽ ക്ഷതങ്ങളായ ഗുഹകളിൽനിന്നു് ഉത്ഭവിക്കുന്നവയും ആയ. ലോഹിതാംഭസ്സമുദ്രാഃ=രക്തമാകുന്ന ജലത്തോടുകൂടിയ സമുദ്രങ്ങൾ. വഃ=നിങ്ങളെ. ത്രായന്താം=രക്ഷിക്കട്ടെ.

സാരം:—ഇന്ദ്രായുധത്തിനു ലജ്ജയെ ജനിപ്പിച്ചവനും, പാപിയുമായ മഹിഷാസുരൻ വധിക്കപ്പെട്ടപ്പോൾ, കോപശൂന്യയും സ്വപ്രകൃതിയെ സ്മരിക്കുന്നവളുമായ ദേവിയുടെ മൂന്നു നേത്രങ്ങളിൽനിന്നും അരുണവർണ്ണത്തിന്റെ മൂന്നുരാശികളെന്നപോലെ, പ്രവഹിക്കുന്നവയും, ത്രി-

കാളീ കല്പാന്തകാലാകുലമിവ സകലം
ലോകമാലോക്യ പൂൎവ്വം
പശ്ചാതശ്ലിഷ്ടേ വിഷാണേ വിദിതദിതിസുതാ
ലോഹിതാ മത്സരേണ;
പാദോത്പിഷ്ടേ പരാസൌ നിപതതി മഹിഷേ
പ്രാക്‌സ്വഭാവേന ഗൌരീ
ഗൌരീ വഃ പാതു പത്യുഃ പ്രതിനയനമിവാ-
വിഷ്കൃതാന്യോന്യരൂപാ. ൪൧.

---

ശ്രൂപക്ഷതങ്ങളാകുന്ന ഗുഹാദ്വാരത്തിൽനിന്നു ഉത്ഭവിക്കുന്നതുകളുമായ രക്തമയ സമുദ്രങ്ങൾ നിങ്ങളെ രക്ഷിക്കട്ടെ.

൪൧. അൎത്ഥം:—സകലം=എല്ലാം. ലോകം=ലോകത്തെയും. കല്പാന്തകാലാകുലം; ഇവ=(മഹിഷാസുരൻെറ ഉപദ്രവത്താൽ) പ്രളയകാലത്താൽ വ്യാകുലമെന്നപോലെ. ആലോക്യ=കണ്ടിട്ടു. പൂൎവ്വം=ആദ്യമായി. കാളീ(ജാതാ)=കൃഷ്ണവൎണ്ണമായി ഭവിച്ചവളും, പശ്ചാത്=അനന്തരം. വിഷാണേ= കൊമ്പു. ശ്ലിഷ്ടേ=ലഗ്നമായപ്പോൾ. വിദിതദിതിസുതാ=അസുരനെ അറിഞ്ഞവളായിട്ടു. മത്സരേണ=അമൎഷത്താൽ. ലോഹിതാ (ജാതാ)=രക്തവൎണ്ണമായി ഭവിച്ചവളും. (പശ്ചാത്=പിന്നീട്ടു). പാദോൽപിഷ്ടേ=പാദത്താൽ മൎദ്ദിതനായ. മഹിഷേ=മഹിഷാസുരൻ. പരാസൌ=ഗതപ്രാണനായി. നിപതിതേ (സതി)=പതിതനായപ്പോൾ. പ്രാക്‌സ്വഭാവേന=പൂൎവ്വപ്രകൃതിയാൽ. ഗൌരീ=ശുഭ്രവൎണ്ണയായിതീൎന്നവളും. പത്യുഃ=ഭൎത്താവിൻെറ. പ്രതിനയനം, ഇവ=പ്രതിനേത്രംപോലെ. ആവിഷ്കൃതാന്യോന്യരൂപാ=പരസ്പരം സ്വാകൃതികളെ ആവിഷ്കരിക്കുന്നവളുമായ. ഗൌരീ=പാൎവ്വതീദേവി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം:—മഹിഷാസുരൻെറ ഉപദ്രവത്താൽ സകല ലോകങ്ങളേയും പ്രളയകാലത്താൽ പരവശമായിട്ടെന്നപോലെ കണ്ടിട്ടു ശ്യാമവൎണ്ണയായി ഭവിച്ചവളും, അനന്തരം മഹിഷൻെറ വിഷാണം സ്വദേഹത്തിൽ ലഗ്നമായപ്പോൾ അസുരൻെറ പരാക്രമം അറിഞ്ഞു രോഷത്താൽ രക്തവൎണ്ണയായിതീൎന്നവളും, പാദപാതത്താൽ വധിക്കപ്പെട്ട

ഗമ്യം നാഗ്നേർന്ന ചേന്ദോഃ സപദി ദിനകൃതാം
ദ്വാദശാനാമസഹ്യം
ശക്രസ്യാക്ഷ്ണാം സഹസ്രം സഹ സുരസദസാ
സാദയന്തം പ്രഹസ്യ;
ഉത്പാതോഗ്രാന്ധകാരാഗമമിവ മഹിഷം
നിഘ്നതീ ശർമ്മ ദിശ്യാദ്
ദേവീ വോ വാമപാദാംബുരുഹനഖമയൈഃ
പഞ്ചഭിശ്ചന്ദ്രമോഭിഃ. ൪൨.

---

അസുരൻ പ്രാണശൂന്യനായി പതിച്ചപ്പോൾ പുനശ്ച, സ്വപ്രകൃതിയായ, ശുക്ലവർണ്ണത്തെ അവലംബിച്ചവളും, ഇപ്രകാരം സ്വഭർത്താവിന്റെ പ്രതിനേത്രംപോലെ പരസ്പരം ആവിഷ്കരിക്കപ്പെട്ടതായ ആകൃതിയോടുകൂടിയവളും ആയ ശ്രീപാർവതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

൪൨. അൎത്ഥം—അഗ്നേഃ=അഗ്നിക്കും. ഇന്ദോഃ, ച=ചന്ദ്രനും. നഗമ്യം=ദുഷ്പ്രാപനും. സപദി=ഉടൻതന്നെ. ദ്വാദശാനാം=പന്ത്രണ്ടു്. ദിനകൃതാം=ആദിത്യന്മാൎക്കു്. അസഹ്യം=അസഹ്യനും. സുരസദസാ,സഹ=ദേവസഭയോടുകൂടി. ശക്രസ്യ=ഇന്ദ്രന്റെ, അക്ഷ്ണാം സഹസ്രം=ആയിരം കണ്ണുകളെ. പ്രഹസ്യ=ബലാൽക്കാരമായി. സാദയന്തം=നശിപ്പിക്കുന്നവനും ആയ. മഹിഷം=മഹിഷാസുരനെ. ഉത്പാതോഗ്രാന്ധകാരാഗമം, ഇവ=പ്രളയകാലത്തെ ക്രൂരമായ അന്ധകാരത്തിന്റെ ആഗമത്തെ എന്നപോലെ. വാമപാദാംബുരുഹനഖമയൈഃ=ഇടത്തെ പാദപത്മത്തിലെ നഖങ്ങളാകുന്ന. പഞ്ചഭിഃ=അഞ്ചു. ചന്ദ്രമോഭിഃ=ചന്ദ്രന്മാരാൽ. നിഘ്നതീ=വധിക്കുന്നവളായ. ദേവീ=പാൎവ്വതീദേവി. വഃ=നിങ്ങൾക്കു് ശർമ=സുഖത്തെ. ദിശ്യാത്=നൽകട്ടെ.

സാരം—അഗ്നി, ചന്ദ്രൻ. ദ്വാദശാദിത്യന്മാർ ഇവൎക്കു ദുഷ്പ്രാപനും, ദേവസഭയോടുകൂടിത്തന്നെ ഇന്ദ്രന്റെ സഹസ്രനേത്രങ്ങളേയും നശിപ്പിക്കുന്നവനുമായ മഹിഷാസുരനെ പ്രളയകാലത്തിലെ ഉഗ്രമായ അന്ധകാരത്തിന്റെ ആഗമത്തെ എന്നപോലെ ഇടത്തുകാലിലെ നഖങ്ങളാകുന്ന അഞ്ചു ചന്ദ്രന്മാരാൽ വധിക്കുന്നവളായ ദേവി നിങ്ങൾക്കു സുഖം നൽകട്ടെ.

ദത്വാ സ്ഥൂലാന്ത്രമാലാവലിവിഘസഹസദ്-
ഘസ്മരപ്രേതകാന്തം
കാത്യായന്യാത്മനൈവ ത്രിദശരിപുമഹാ-
ദൈത്യദേഹോപഹാരം;
വിശ്രാന്ത്യൈ പാതു യുഷ്മാൻ ക്ഷണമുപരി ധൃതം
കേസരിസ്കന്ധഭിത്തേർ-
ബ്ബിഭ്രത്തൽ കേസരാലീമലിമുഖരരണ-
ന്നൂപുരം പാദപദ്മം. ൪൩.

---

൪൩. അർത്ഥം:—സ്ഥൂലാന്ത്രമാലാവലിവിഘസഹസദ്ഘസ്മരപ്രേതകാന്തം=സ്ഥൂലമായ കുടൽമാലാസമൂഹമാകുന്ന ഭോജനശേഷത്താൽ അട്ടഹസിക്കുന്ന ഭക്ഷകന്മാരായ യമഭടന്മാരോടുകൂടിയ. ത്രിദശരിപുമഹാദൈത്യദേഹോപഹാരം=ദേവശത്രുവായ മഹാസുരന്റെ ശരീരമാകുന്ന ഉപഹാരത്തെ. ആത്മനാ, ഏവ=സ്വയംതന്നെ. ദത്വാ=കൊടുത്തിട്ട്. കേസരിസ്കന്ധഭിത്തേഃ=സിംഹത്തിന്റെ കഴുത്താകുന്ന ഭിത്തിയുടെ. ഉപരി=ഉപരിഭാഗത്ത്. വിശ്രാന്ത്യൈ=വിശ്രമത്തിനായി. ക്ഷണം=ക്ഷണനേരം. കാത്യായന്യാ=പാർവതീദേവിയാൽ. ധൃതം=വയ്ക്കപ്പെട്ടതും. കേസരാലീം=ജടാസമൂഹത്തെ. (കിഞ്ജല്ക്കസമൂഹത്തെ). ബിഭ്രത്=ധരിക്കുന്നതും. അലിമുഖരരണന്നൂപുരം=വണ്ടുകൾപോലെ ശബ്ദിക്കുന്ന ചിലമ്പോടുകൂടിയതുമായ. തൽ=ആ. പാദപദ്മം=പാദകമലം. യുഷ്മാൻ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം:—സ്ഥൂലമായ കുടൽമാലാസമൂഹമാകുന്ന ഉച്ഛിഷ്ടത്താൽ സന്തോഷത്തോടുകൂടി അട്ടഹസിക്കുന്ന ഭക്ഷകന്മാരായ യമകിങ്കരന്മാരോടുകൂടിയ മഹിഷാസുരശരീരമാകുന്ന ഉപഹാരത്തെ (കാഴ്ചദ്രവ്യം) താൻതന്നെ കൊടുത്തിട്ട്, കാത്യായനീദേവിയാൽ സിംഹത്തിന്റെ കഴുത്താകുന്ന ഭിത്തിയുടെമേൽ വിശ്രമത്തിനായി ക്ഷണനേരം വയ്ക്കപ്പെട്ടതും, ജടാസമൂഹത്തോടുകൂടിയതും, ഭ്രമരങ്ങൾപോലെ ശബ്ദിക്കുന്ന നൂപുരത്തോടുകൂടിയതുമായ ആ പാദപദ്മം നിങ്ങളെ രക്ഷിക്കട്ടെ.

കോപേനേവാരുണത്വം ദധദധികതരാ-
　　ലക്ഷ്യലാക്ഷാരസശ്രീഃ
ശ്ലിഷ്യച്ഛൃങ്ഗാഗ്രകോണക്വണിതമണിതുലാ-
　　കോടിഹുങ്കാരഗൎഭഃ;
പ്രത്യാസന്നാത്മമൃത്യുപ്രതിഭയമസുരൈ-
　　രീക്ഷിതോ ഹന്ത്വരീൻ വഃ
പാദോ ദേവ്യാഃ കൃതാന്തോഽപര ഇവ മഹിഷ-
　　സ്യോപരിഷ്ടാന്നിവിഷ്ടഃ. ൪൯.

---

൪൪. അൎത്ഥം:—കോപേനഇവ=കോപംകൊണ്ടോ എന്നതോന്നമാറ്. അരുണത്വം=രക്തവൎണ്ണത്തെ. ദധത്=ധരിക്കുന്നതും. ശ്ലിഷ്യച്ഛൃങ്ഗാഗ്രകോണക്വണിതമണിതുലാകോടി ഹുങ്കാരഗൎഭഃ=മുട്ടിയതായ ശൃങ്ഗാഗ്രമാകുന്ന വാദനദണ്ഡത്താൽ ശബ്ദിക്കുന്ന രത്നനൂപുരമാകുന്ന ഹുങ്കാരത്തോടുകൂടിയതും. അധികതരാലക്ഷ്യലാക്ഷാരസശ്രീഃ=തീരെ കാണാൻ വഹിയാത്ത ലാക്ഷാരസത്തിന്റെ ശോഭയോടുകൂടിയതും. പ്രത്യാസന്നാത്മമൃത്യുപ്രതിഭയം (യഥാ, തഥാ)=സന്നിഹിതമായ സ്വപ്രാണവിയോഗംകൊണ്ടു് ഭയങ്കരമാംവണ്ണം. അസുരൈഃ=അസുരന്മാരാൽ. അപരഃ=അന്യനായ. കൃതാന്തഃ, ഇവ=യമനെന്നപോലെ. ഈക്ഷിതഃ=നോക്കപ്പെട്ടതും. മഹിഷസ്യ=മഹിഷാസുരന്റെ. ഉപരിഷ്ടാൽ=ഉപരിഭാഗത്തിലായി. നിവിഷ്ടഃ=വയ്ക്കപ്പെട്ടതും ആയ. ദേവ്യാഃ=ദേവിയുടെ. പാദഃ=പാദം. വഃ=നിങ്ങളുടെ. അരീൻ=ശത്രുക്കളെ. ഹന്തു=വധിക്കട്ടെ.

സാരം:—കോപംകൊണ്ടെന്നപോലെ അരുണവൎണ്ണത്തെ വഹിക്കുന്നതും. അതുകൊണ്ടുതന്നെ തീരെ കാണാൻവയ്യാത്ത ലാക്ഷാരസത്തിന്റെ ശോഭയോടുകൂടിയതും, ശൃങ്ഗാഗ്രമാകുന്ന വാദനദണ്ഡത്താൽ ശബ്ദിക്കുന്നതായ നൂപുരത്തോടുകൂടിയതും, മരണം സമീപിച്ചിരിക്കുന്നതിനാൽ ഭയങ്കരമാകുംവണ്ണം അസുരന്മാരാൽ അന്യനായ യമനെന്നപോലെ വീക്ഷണം ചെയ്യപ്പെട്ടതും മഹിഷോപരിനിഹിതവും ആയ ദേവിയുടെ പാദം നിങ്ങളുടെ ശത്രുക്കളെ നിഗ്രഹിക്കട്ടെ.

ആഹന്തും നീയമാനാ ഭരവിധുരഭുജ-
സ്രംസമാനോഭയാംസം
കംസേനൈനാംസി സാ വോ ഹരതു ഹരിയശോ-
രക്ഷണായ ക്ഷമാപി;
പ്രാക്പ്രാണാനസ്യ നാസ്യദ് ഗഗനമുദപതദ്
ഗോചരം യാ ശിലായാഃ
സംപ്രാപ്യാഗാമിവിന്ധ്യാചലശിഖരശിലാ-
വാസയോഗോദ്യതേവ. ൪൫.

---

൪൫. അർത്ഥം:— ഭരവിധുരഭുജസ്രംസമാനോഭയാംസം = ഭാരത്താൽ വിവശങ്ങളായ ബാഹുക്കളാൽ തളർന്നതായ രണ്ടു തോളുകളോടുകൂടുംവണ്ണം. കംസേന=കംസനാൽ. ആഹന്തും=വധിക്കുന്നതിന്. നീയമാനാ=നയിക്കപ്പെട്ടവളായ. യാ=യാതൊരു ദേവി. ക്ഷമാ, അപി=ശക്തയാണെങ്കിലും. ഹരിയശോരക്ഷണായ=വിഷ്ണുവിന്റെ യശസ്സിനെ രക്ഷിപ്പാനായി. അസ്യ=ഈ കംസന്റെ. പ്രാണാൻ=പ്രാണങ്ങളെ. പ്രാക്=മുമ്പിലായി. ന അസ്യത്=അപഹരിച്ചില്ല. (കിന്തു=എന്നാൽ). ശിലായാഃ=പാറയുടെ. ഗോചരം=സമീപത്തെ. സംപ്രാപ്യ=പ്രാപിച്ചിട്ട്. ആഗാമിവിന്ധ്യാചലശിഖരശിലാവാസയോഗോദ്യതാ, ഇവ=ഭവിഷ്യത്തായ വിന്ധ്യപർവതത്തിലെ ശൃംഗത്തിലുള്ള ശിലകളിൽ വസിക്കാൻ ഉദ്യമിച്ചവളെന്നപോലെ. ഗഗനം=ആകാശത്തിലേക്ക്. ഉദപതത്=ഉൽപതനം ചെയ്തുവോ. സാ=ആ ദേവി. വഃ=നിങ്ങളുടെ. ഏനാംസി=പാപങ്ങളെ. ഹരതു=അപഹരിക്കട്ടെ (നശിപ്പിക്കട്ടെ).

സാരം:—ഭാരത്താൽ പരവശങ്ങളായ ഭുജങ്ങളാൽ ലംബമാനങ്ങളായ രണ്ടുതോളുകളോടുകൂടുംവണ്ണം കംസനാൽ വധിക്കാൻ നയിക്കപ്പെട്ടുന്നവളായ യാതൊരു ദേവി അവനെ വധിക്കുന്നതിന് സമർത്ഥയാണെങ്കിലും വിഷ്ണുവിന്റെ യശസ്സിനെ രക്ഷിപ്പാനായി അവന്റെ പ്രാണങ്ങളെ അപഹരിക്കാതെ പാറയുടെ സമീപത്തു ചെന്നയുടനെ വിന്ധ്യപർവതത്തിന്റെ ശിഖരത്തിലെ വാസയോഗം ആഗാമിയാണെങ്കിലും ഇപ്പോഴേ അതിനായി ഉദ്യുക്തയാകുന്നപോലെ ആകാശത്തിലേക്ക് ഉൽപതിച്ചുവോ ആ ദേവി നിങ്ങളുടെ പാപങ്ങളെ നശിപ്പിക്കട്ടെ.

സാമ്നാ നാമ്നായയോനേർധൃതിമകൃത ഹരേ-
ന്നാപി ചക്രേണ ഭേദാൽ
സേന്ദ്രസ്യൈരാവണസ്യാപ്യുപരി കലുഷിതഃ
കേവലം ദാനവൃഷ്ട്യാ;
ദാന്തോ ദണ്ഡേന മൃത്യോന്നച വിഫലയഥോ-
ക്താഭ്യുപായോ ഹതോ/രി-
ര്യേനോപായഃ സ പാദഃ സുഖയതു ഭവതഃ
പഞ്ചമശ്ചണ്ഡികായാഃ. ർന്ന.

---

ർന്ന. അർത്ഥം:—ആമ്നായയോനേഃ=ബ്രഹ്മാവിൻെറ. സാമ്നാ=സാമവേദംകൊണ്ടു്. (സാമോപായത്താൽ). ധൃതം=സന്തോഷത്തെ. ന, അകൃത=ചെയ്തില്ല. ഹരേഃ=വിഷ്ണുവിൻെറ. ചക്രേണ=ചക്രായുധംകൊണ്ടുള്ള. ഭേദാത് അപി=ഭേദത്താലും (ഭേദോപായത്താലും). ധൃതിം=സന്തോഷത്തെ. ന, അകൃത=ചെയ്തില്ല. സേന്ദ്രസ്യ=ഇന്ദ്രനോടുകൂടിയ ഐരാവണസ്യ=ഐരാവതത്തിൻെറ. ദാനവൃഷ്ട്യാ, അപി=മദജലത്തിൻെറ വൃഷ്ടിയാലും. (ദാനോപായംകൊണ്ടും) ഉപരി, കലുഷിതഃ, കേവലം=വീണ്ടുംക്രുദ്ധനായിതീൎന്ന. മൃത്യോഃ=യമൻെറ. ദണ്ഡേനച=ദണ്ഡായുധത്താലും, (ദണ്ഡോപായത്താലും). നദാന്തഃ=അടങ്ങിയില്ല. (ഏവം=ഇപ്രകാരം). വിഫലയഥോക്താഭ്യുപായഃ=സാമാദ്യുപായങ്ങളെ നിഷ്ഫലമാക്കിയ. അരിഃ=ശത്രു. (മഹിഷാസുരൻ). യേന=യാതൊരു ദേവിയുടെ പാദത്താൽ. ഹതഃ=വധിക്കപ്പെട്ടുവോ. സഃ=ആ. പഞ്ചമഃ=അഞ്ചാമത്തേതായ. ഉപായഃ=ഉപായമാകുന്ന. ചണ്ഡികായാഃ=ചണ്ഡീദേവിയുടെ. പാദഃ=പാദം. ഭവതഃ=നിങ്ങളെ. സുഖയതു=സുഖികളാക്കട്ടെ.

സാരം:—ബ്രഹ്മാവിൻെറ സാമത്താലും, ഹരിയുടെ ചക്രായുധംകൊണ്ടുള്ള ഭേദത്താലും, ഇന്ദ്രാരൂഢമായ ഐരാവതത്തിൻെറ ദാനവർഷംകൊണ്ടും; മൃത്യുവിൻെറ ദണ്ഡംകൊണ്ടും ശമിക്കാതെ, സാമാദ്യുപായങ്ങളെ പ്രയോജനശൂന്യമാക്കിയ മഹിഷാസുരൻ യാതൊരു ദേവിയുടെ പാദത്താൽ വധിക്കപ്പെട്ടുവോ, അഞ്ചാമത്തെ ഉപായമാകുന്ന ചണ്ഡീദേവിയുടെ ആ പാദം നിങ്ങളെ സുഖവാന്മാരാക്കട്ടെ.

ഭൎത്താ കൎത്താ ത്രിലോക്യാസ്ത്രിപുരവധകൃതീ
പശ്യതി ത്ര്യക്ഷ ഏഷ
ക്വ സ്ത്രീ ക്വായോധനേച്ഛാ ന തു സദൃശമിദം
പ്രസ്തുതം കിം മയേതി;
മത്വാ സവ്യാജസവ്യേതരചരണചലാങ്-
ഗുഷ്ഠകോണാഭിമൃഷ്ടം
സദ്യോ യാ ലജ്ജിതേവാസുരപതിമവധീത്
പാൎവ്വതീ പാതു സാ വഃ. ൪൯

---

൪൯. അൎത്ഥം:—ത്രിലോക്യാഃ=മൂന്നുലോകങ്ങളെ. കൎത്താ=സൃഷ്ടിക്കുന്നവനും. ത്രിപുരവധകൃതീ=ത്രിപുരന്മാരെ സംഹരിച്ചവനും. ത്ര്യക്ഷഃ=ത്രിലോചനനും ആയ. ഏഷഃ=ഈ. (മേ) ഭൎത്താ=എന്റെ ഭൎത്താവു്. പശ്യതി=നോക്കുന്നു. സ്ത്രീ, ക്വ=സ്ത്രീ എവിടെ. ആയോധനേച്ഛാ=യുദ്ധേച്ഛ. ക്വ=എവിടെ. ഇദം, തു=ഇതാകട്ടെ. (മേ=എനിക്കു്) അസദൃശം=യോഗ്യമല്ല. മയാ=എന്നാൽ. കിം=എന്തു്. പ്രസ്തുതം=ആരബ്ധമായി. ഇതി=ഇപ്രകാരം. മത്വാ=വിചാരിച്ചിട്ടു്. ലജ്ജിതാ, ഇവ=ലജ്ജിതയെന്നപോലെ. സവ്യാജസവ്യേതരചരണചലാങ്ഗുഷ്ഠകോണാഭിമൃഷ്ടം=വ്യാജത്തോടുകൂടുംവണ്ണം വാമപാദത്തിലെ ചഞ്ചലമായ വിരലിന്റെ അഗ്രഭാഗത്താൽ അമൎത്തപ്പെട്ട. അസുരപതിം=അസുരരാജാവിനെ (മഹിഷാസുരനെ). സദ്യഃ=ഉടൻതന്നെ. യാ=യാതൊരുദേവി. അവധീത്=വധിച്ചുവോ. സാ=ആ. പാൎവ്വതീ=പാൎവ്വതീദേവി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം:—മൂന്നുലോകങ്ങളുടെ കൎത്താവും, ത്രിപുരാന്തകനുമായ എന്റെ ഭൎത്താവു് നോക്കുന്നു. സ്ത്രീ എവിടെ, യുദ്ധംചെയ്യാനുള്ള ആഗ്രഹം, എവിടെ? ഇതു് എനിക്കു് യോഗ്യമല്ല. ഞാൻ എന്തൊന്നാണു് ചെയ്യാനാരംഭിക്കുന്നതു്? ഇപ്രകാരം വിചാരിച്ചു ലജ്ജിതയെന്നപോലെ വാമപാദത്തിലെ അങ്ഗുഷ്ഠാഗ്രംകൊണ്ടു് അമൎത്തപ്പെട്ട അസുരനെ ഉടൻതന്നെ നിഗ്രഹിച്ച പാൎവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

വൃദ്ധോക്ഷോ ന ക്ഷമസ്തേ ഭവതു ഭവ! ഭവ-
ദ്വാഹ ഏഷോഽധുനേതി
ക്ഷിപ്തഃ പാദേന ദേവം പ്രതി ഝടിതി യയാ
കേലികാന്തം വിഹസ്യ;
ദന്തജ്യോത്സ്നാവിതാനൈരതനുഭിരതനുർ-
ന്യക്കൃതാർദ്ധേന്ദുഭാഭി-
ര്ഗ്ഗൌരോ ഗൌരേവ ജാതഃ ക്ഷണമിവ മഹിഷഃ
സാവതാദംബികാ വഃ. ൪൮.

൪൮. അൎത്ഥം:—ഹേ ഭവ!=അല്ലയോ പരമശിവ. തേ=അങ്ങയ്ക്കു്. വൃദ്ധോക്ഷഃ=വൃദ്ധനായ വൃഷഭം. നക്ഷമഃ=മതിയാകുന്നില്ല. അധുനാ= ഇപ്പോൾ. ഏഷഃ=ഈ. മഹിഷഃ=മഹിഷം. ഭവദ്വാഹഃ=അങ്ങയുടെ വാഹനമായി. ഭവതു=ഭവിക്കട്ടെ. ഇതി=ഇപ്രകാരം. കേലികാന്തം= ക്രീഡയാൽ മനോഹരമാകുംവണ്ണം. വിഹസ്യ=ഉപഹസിച്ചിട്ടു്. ദേവം, പ്രതി=ശിവൻെറനേരെ. യയാ=യാതൊരുദേവിയാൽ. പാദേന=പാദം കൊണ്ടു്. ഝടിതി=വേഗത്തിൽ. ക്ഷിപ്തഃ=എറിയപ്പെട്ടവനും. ന്യക്കൃതാർദ്ധേന്ദുഭാഭിഃ=അർദ്ധചന്ദ്രൻെറ ശോഭയെ ധിക്കരിക്കുന്ന കാന്തിയോടുകൂടിയവയും. അതനുഭിഃ=അനല്പങ്ങളും ആയ. ദന്തജ്യോത്സ്നാവിതാനൈഃ=ദന്തങ്ങളുടെ കാന്തിസമൂഹങ്ങളാൽ. ഗൌരഃ=ധവളവൎണ്ണത്തോടുകൂടിയവനും ആയ. മഹിഷഃ=മഹിഷാസുരൻ. ക്ഷണം, ഇവ= ക്ഷണനേരത്തേക്കെന്നപോലെ. ഗൌഃ, ഏവ=വൃഷഭമായിതന്നെ. ജാതഃ=ഭവിച്ചുവോ. സാ=ആ. അംബികാ=പാൎവ്വതീദേവി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം:—അല്ലയോ പരമശിവ! അങ്ങയ്ക്കു് വൃദ്ധനായ വൃഷഭം ഒട്ടുംയോജിക്കുന്നതല്ല; ഈ മഹിഷം അങ്ങയുടെ വാഹനമായിരിക്കട്ടെ"; ഇപ്രകാരം ദേവനെ ഉപഹസിച്ചിട്ടു് യാതൊരുദേവിയാൽ പാദം കൊണ്ടുതന്നെ എറിയപ്പെട്ടവനും, അർദ്ധചന്ദ്രനെപോലെ വിളങ്ങുന്ന ദന്തപംക്തികളുടെ ശോഭയാൽ ശുക്ലവൎണ്ണത്തെ വഹിക്കുന്നവനുമായ മഹിഷാസുരൻ ക്ഷണനേരം വൃഷഭമായിതന്നെ ഭവിച്ചുവോ ആ ശ്രീ പാൎവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

പ്രാക് കാമം ദഹതാ കൃതഃ പരിഭവോ
യേന ത്രിസന്ധ്യാനതൈഃ
സേർഷ്യാ വോഽവതു ചണ്ഡികാ ചരണയോഃ
സ്വാ പാതയന്തീ പതിം;
കുർവത്യാഭ്യധികം കൃതേ പ്രതികൃതം
മുക്തേന മൌലൌ മുഹുർ-
ബ്ബാഷ്പേണാഹിതകജ്ജലേന ലിഖിതം
സ്വം നാമ ചന്ദ്രേ യയാ. ൪൯.

---

൪൯. അർത്ഥം:—പ്രാക്=പണ്ടു്. കാമം=മന്മഥനെ. ദഹതാ=ദഹിപ്പിക്കുന്ന. യേന=യാതൊരുശിവനാൽ. പരിഭവഃ=അപമാനം. കൃതഃ=ചെയ്യപ്പെട്ടുവോ. (തം=അതു). സ്വം, പതിം=സ്വഭർത്താവിനെ സേർഷ്യാ=കോപത്തോടുകൂടിയവളായിട്ടു്. ത്രിസന്ധ്യാനതൈഃ=ത്രിസന്ധ്യകളിലെ നമസ്കാരങ്ങളാൽ. ചരണയോഃ=പാദങ്ങളിൽ. പാതയന്തീ=പതിപ്പിക്കുന്നവളും. കൃതേ=ചെയ്തതിൽ. അഭ്യധികം=അധികമായ. പ്രതികൃതം=പ്രതീകാരത്തെ. കുർവത്യാ=ചെയ്യുന്നവളും ആയ. യയാ=യാതൊരുദേവിയാൽ. മൌലൌ=ശിരസ്സിൽ. മുഹുഃ=കൂടെക്കൂടെ. മുക്തേന=വിടപ്പെട്ടതും. ആഹിതകജ്ജലേന=മൈയോടുകൂടിയതും ആയ. ബാഷ്പേണ=കണ്ണുനീരാൽ. ചന്ദ്രേ=ചന്ദ്രനിൽ. സ്വം=തന്റെ. നാമ=പേരു്. ലിഖിതം=എഴുതപ്പെട്ടുവോ. (സാ=അതു). ചണ്ഡികാ=പാർവതീദേവി. വഃ=നിങ്ങളെ. അവതു=രക്ഷിക്കട്ടെ.

സാരം:—കാമനെ ദഹിപ്പിച്ച സ്വഭർത്താവിനു് കാമത്തെ ജനിപ്പിക്കുന്നതുകൊണ്ടു് ത്രിസന്ധ്യകളിലും ഉള്ള നമസ്കാരങ്ങളാൽ പാദങ്ങളിൽ പതിപ്പിക്കുന്നവളും, ചെയ്തതിൽ കൂടുതലായി പ്രതീകാരത്തെ ചെയ്യുന്നവളും ആയ യാതൊരു ദേവിയാൽ ശിവന്റെ ശിരസ്സിൽ മോചിപ്പിക്കപ്പെട്ടതും, മൈകൊണ്ടു മലിനവുമായ നേത്രബിന്ദുവിനാൽ ചന്ദ്രനിൽ സ്വനാമധേയം എഴുതപ്പെട്ടുവോ ആ ചണ്ഡികാദേവി നിങ്ങളെ രക്ഷിക്കട്ടെ.

തുങ്ഗാം ശൃങ്ഗാഗ്രഭൂമിം ശ്രിതവതി മരുതാം
പ്രേതകായേ നികായേ
കുഞ്ജൗത്സുക്യാദ് വിശത്സു ശ്രുതികുഹരപുടം
ദ്രാക് കകുപ്കുഞ്ജരേഷു;
സ്മിത്വാ വഃ സംഹൃതാസോർദശനരുചികൃതാ-
കാണ്ഡകൈലാസഭാസഃ
പായാത് പൃഷ്ഠാധിരൂഢേ സ്മരമുഷി മഹിഷ-
സ്യോച്ചഹാസേവ ദേവീ. ൫൦.

---

൫൦. അൎത്ഥം:—സ്മിത്വാ=മന്ദഹസിച്ചിട്ടു്. സംഹൃതാസോഃ=അപഹൃതപ്രാണനും. ദശനരുചികൃതാകാണ്ഡകൈലാസഭാസഃ=ദന്തശോഭയാൽ അസ്ഥാനത്തിൽ കൈലാസത്തിന്റെ ശോഭയോടുകൂടിയവനും ആയ. മഹിഷസ്യ=മഹിഷാസുരന്റെ. പ്രേതകായേ=പ്രേതശരീരത്തിൽ. മരുതാം=ദേവന്മാരുടെ. നികായേ=സമൂഹം. തുങ്ഗാം=ഉന്നതമായ. ശൃങ്ഗാഗ്രഭൂമിം=ശൃങ്ഗത്തിന്റെ അഗ്രഭാഗത്തെ. ശ്രിതവതി (സതി)=പ്രാപിച്ചപ്പോളും. കകുപ്കുഞ്ജരേഷു=ദിഗ്ഗജങ്ങൾ. കുഞ്ജൗത്സുക്യാത്=വള്ളിക്കുടിലുകളിലെ ഉൽക്കണ്ഠയാൽ. ശ്രുതികുഹരപുടം=ശ്രോത്രപുടത്തിൽ. ദ്രാക്=വേഗത്തിൽ. വിശത്സു (സത്സു)=പ്രവേശിച്ചപ്പോളും. സ്മരമുഷി=ശിവൻ. പൃഷ്ഠാധിരൂഢേ (ച, സതി)=പൃഷ്ഠഭാഗത്തിൽ കയറിയപ്പോഴും. ഉച്ചഹാസാ ഇവ=ഉച്ചമായിഹസിക്കുന്നവൾപോലെ ഇരിക്കുന്ന. ദേവീ=ദേവി. വഃ=നിങ്ങളെ. പായാൽ=രക്ഷിക്കട്ടെ.

സാരം:—ദന്തനിരകളുടെ ശോഭയാൽ കൈലാസത്തിന്റെ കാന്തിയെ വഹിക്കുന്നവനും, സംഹൃതപ്രാണനും ആയ മഹിഷാസുരന്റെ പ്രേതശരീരത്തിൽ, ദേവഗണം ഉച്ചമായ ശൃങ്ഗാഗ്രത്തെ അവലംബിക്കുന്നതും, ദിഗ്ഗജങ്ങൾ കുഞ്ജങ്ങളിലെ ഉൽക്കണ്ഠയാൽ ശ്രോത്രപുടത്തിൽ പ്രവേശിക്കുന്നതും പരമശിവൻ പൃഷ്ഠത്തിൽ അധിരോഹണംചെയ്യുന്നതും കണ്ടിട്ടു് ഉച്ചത്തിൽ ഹസിക്കുന്നവൾപോലെ ഇരിക്കുന്ന ദേവി നിങ്ങളെ രക്ഷിക്കട്ടെ.

കൃത്വാ പാതാളപങ്കേ ക്ഷയരയമിളിതൈ-
കാർണ്ണവേച്ഛാവഗാഹം
ദാഹാന്നേത്രത്രയാഗ്നേർവ്വിലയനവിഗള-
ച്ഛൃങ്ഗശൂന്യോത്തമാങ്ഗഃ;
ക്രീഡാക്രോഡാഭിശങ്കാം വിദധദപിഹിത-
വ്യോമസീമാ മഹിമ്നാ
വീക്ഷ്യ ക്ഷുണ്ണോ യയാരിസ്തൃണമിവ മഹിഷഃ
സാവതാദംബികാ വഃ. ൭൧.

---

൭൧. അർത്ഥം :—ക്ഷയരയമിളിതൈകാർണ്ണവേച്ഛാവഗാഹം = പ്രളയവേഗത്താൽ ഒന്നിച്ചുചേർന്ന സമുദ്രത്തിൽ സ്വേച്ഛയാ മജ്ജനം ചെയ്ത-(അസുരനെ). പാതാളപങ്കേ=പാതാളത്തിലെ ചെളിയിൽ. കൃത്വാ=ആക്കീട്ടു്. നേത്രത്രയാഗ്നേഃ=മൂന്നുനേത്രങ്ങളിലുമുള്ള അഗ്നിയുടെ. ദാഹാൽ=ചൂടുകൊണ്ടു്. വിലയനവിഗളച്ഛൃങ്ഗശൂന്യോത്തമാങ്ഗഃ=ഉരുകിയതിനാൽ വഴുതിയ ശൃംഗങ്ങളില്ലാത്ത ശിരസ്സോടുകൂടിയവനും, ക്രീഡാക്രോഡാഭിശങ്കാം = ക്രീഡാവരാഹമാണോ എന്ന ശങ്കയെ. വിദധത്=ചെയ്യുന്നവനും. മഹിമ്നാ=മഹത്വത്താൽ. അപിഹിതവ്യോമസീമാ=ആകാശപ്രദേശത്തെ വ്യാപിച്ചിരിക്കുന്നവനും. അരിഃ=ശത്രുവും ആയ. മഹിഷഃ=മഹിഷാസുരൻ. വീക്ഷ്യ=നോക്കീട്ടു്. തൃണം, ഇവ=തൃണംപോലെ. യയാ=യാതൊരുദേവിയാൽ ക്ഷുണ്ണഃ=മർദ്ദിതനായോ. സാ=ആ. അംബികാ=പാർവ്വതീദേവി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം:—പ്രളയവേഗത്താൽ ലോകം മുഴുവനും വ്യാപിച്ചുകിടക്കുന്ന സമുദ്രത്തിൽ സ്വേച്ഛയാൽ മജ്ജനംചെയ്ത അസുരനെ പാതാളത്തിൽ ചവുട്ടിതാഴ്ത്തീട്ടു്, മൂന്നുനേത്രങ്ങളുടേയും ചൂടിനാൽ ശൃംഗങ്ങൾ ദ്രവീഭവിച്ചതുകണ്ടു് വിഷാണശൂന്യശിരസ്കനും, ക്രീഡാവരാഹമാണെന്ന ശങ്കയെ ജനിപ്പിക്കുന്നവനും, മഹത്വത്താൽ ആകാശത്തെ വ്യാപിച്ച് സ്ഥിതിചെയ്യുന്നവനും ആയ മഹിഷാസുരൻ യാതൊരുദേവിയാൽ തൃണംപോലെ മർദ്ദിക്കപ്പെട്ടുവോ ആ പാർവ്വതിദേവി നിങ്ങളെ രക്ഷിക്കട്ടെ.

ശൂലേ ശൈലാവികമ്പം ന നിമിഷിതമിഷൌ
        പട്ടിശേ സാട്ടഹാസം
പ്രാസേ സോൽപ്രാസമവ്യാകുലമപി കുലിശേ
        ജാതശങ്കം ന ശങ്കൌ;
ചക്രേ/വക്രം കൃപാണേ ന കൃപണമസുരാ-
        രാതിഭിഃ പാത്യമാനേ
ദൈത്യം പാദേന ദേവീ മഹിഷിതവപുഷം
        പിംഷതീ വഃ പുനാതു. ൫൨.

---

൫൨. അർത്ഥം:—അസുരാരാതിഭിഃ=ദേവന്മാരാൽ. ശൂലേ=ശൂലം. പാത്യമാനേ = പ്രയോഗിക്കപ്പെട്ടമ്പോഠം. ശൈലാവികമ്പം = പർവ്വതം പോലെ അചഞ്ചലനം. ഇഷൌ=ബാണം. പാത്യമാനേ=പ്രയോഗിക്കപ്പെട്ടമ്പോഠം. ന, നിമിഷിതം=നിമേഷരഹിതനം. പട്ടിശേ=പട്ടിശം. പാത്യമാനേ=പ്രയോഗിക്കപ്പെട്ടമ്പോഠം. സാട്ടഹാസം=അട്ടഹസിക്കുന്നവനം. പ്രാസേ=കുന്തം (പ്രയോഗിക്കപ്പെട്ടമ്പോഠം). സോത്പ്രാസം = മന്ദസ്മിതത്തോടുകൂടിയവനം. കുലിശേ=വജ്രം പാത്യമാനേ അപി=പ്രയോഗിക്കപ്പെട്ടമ്പോഴും അവ്യാകുലം=വ്യാകുലത ഇല്ലാത്തവനം. ചക്രേ=ചക്രായുധം പ്രയോഗിക്കപ്പെട്ടമ്പോഠം. അവക്രം=അചഞ്ചലനം. കൃപാണേ= ഖഡ്ഗം. പാത്യമാനേ=പ്രയോഗിക്കപ്പെട്ടമ്പോഠം. ന, കൃപണം=ദൈന്യമില്ലാത്തവനം. മഹിഷിതവപുഷം=മഹിഷശരീരനം ആയ. ദൈത്യം=അസുരനെ. പാദേന=പാദംകൊണ്ടു്. പിംഷതീ=പൊടിക്കുന്നവളായ. ദേവീ=ദേവി. വഃ=നിങ്ങളെ. പുനാതു=പരിശുദ്ധന്മാരാക്കട്ടെ.

സാരം:—ദേവന്മാർ ശൂലാദ്യായുധങ്ങളെ പ്രയോഗിക്കുമ്പോഠം യാതൊരു കൂസലുമില്ലാതെ നിശ്ചലനായി എതിർത്ത അസുരനെ പാദംകൊണ്ടു് മർദ്ദിക്കുന്ന ദേവി നിങ്ങളെ പരിശുദ്ധന്മാരാക്കട്ടെ.

ചക്രേ ചക്രസ്യ നാസ്ത്ര്യാം ന ച ഖലു പരശോ-
ന്ന ക്ഷുരപ്രസ്യ നാസേ-
ര്യുദ് വക്ത്രം കൈതവാവിഷ്കൃതമഹിഷതനൌ
വിദ്വിഷത്യാജിഭാജി;
പ്രോതാൽ പ്രാസേന മൂർദ്ധ്നഃ സഘൃണമഭിമുഖാ-
യാതയാ കാലരാത്ര്യാ
കല്യാണാന്യാനനാബ്ജം സൃജതു തദസൃജോ
ധാരയാ വക്രിതം വഃ. ൫൨.

---

൫൨. അത്ഥം:—കൈതവാവിഷ്കൃതമഹിഷതനൌ= വ്യാജത്താൽ മഹിഷാകാരത്തെ സ്വീകരിച്ചിരിക്കുന്ന. വിദ്വിഷതി=ശത്രു. ആജിഭാജി=യുദ്ധംചെയ്യുമ്പോൾ. കാലരാത്ര്യാ=ഭഗവതിയാൽ. യൽ=യാതൊരു. വക്ത്രം=മുഖം. ചക്രസ്യ = ചക്രായുധത്തിന്റെ. അസ്ത്ര്യാ=മൂർച്ചയാൽ. വക്രിതം=വക്രതയോടുകൂടിയതായി. ന, ചക്രേ=ചെയ്യപ്പെട്ടില്ല. പരശോഃ=കുഠാരത്തിന്റെ. അസ്ത്ര്യാ, ച=മൂർച്ചയാലും. വക്രിതം, ന, ഖലു, ചക്രേ=വക്രിതമാക്കിചെയ്യപ്പെട്ടില്ല. ക്ഷുരപ്രസ്യ=ക്ഷുരപ്രം എന്ന ആയുധത്തിന്റെ. അസ്ത്ര്യാ, വക്രിതം, ന, ചക്രേ=ധാരകൊണ്ടും വക്രിതമായി ചെയ്യപ്പെട്ടില്ല. അസേഃ=ഖഡ്ഗത്തിന്റെ. അസ്ത്ര്യാ=മൂർച്ചയാൽ. വക്രിതം, ന, ചക്രേ=വക്രിതമാക്കപ്പെട്ടില്ല. (കിന്തു= എന്നാൽ). പ്രാസേന=കുന്തംകൊണ്ടു്. പ്രോതാൽ=ക്ഷതമായ. മൂർദ്ധ്നഃ=(മഹിഷാസുരന്റെ) ശിരസ്സിൽനിന്നും. അഭിമുഖായാതയാ=അഭിമുഖമായിവരുന്ന. അസൃജഃ=രക്തത്തിന്റെ. ധാരയാ=ധാരയാൽ. (പ്രവാഹത്താൽ). സഘൃണം=കരുണയോടുകൂടി. വക്രിതം=വക്രിതമായി ഭവിച്ചുവോ. തത്=ആ. ആനനാബ്ജം=മുഖകമലം. വഃ നിങ്ങൾക്കു്. കല്യാണാനി=മംഗളങ്ങളെ. സൃജതു=ചെയ്യട്ടെ.

സാരം:—മഹിഷാസുരനുമായുള്ള യുദ്ധത്തിൽ അയാളാൽ പ്രയോഗിക്കപ്പെടുന്ന ചക്രാദ്യായുധങ്ങളുടെ മൂർച്ചകൊണ്ടൊന്നും ദേവിയുടെ മുഖം വക്രിതമായില്ല. എന്നാൽ കുന്തത്താൽ ക്ഷതമായ അസുരന്റെ മൂർദ്ധാവിൽനിന്നും പ്രവഹിക്കുന്ന രക്തധാരയാൽ സകൃപം വക്രിതമായി ഭവിച്ചു. അങ്ങനെയുള്ള ദേവിയുടെ മുഖകമലം നിങ്ങൾക്കു് മംഗളത്തെ ചെയ്യട്ടെ.

ഹസ്താദുൽപത്യ യാന്ത്യാ ഗഗനമഗണിതാ-
ധൈര്യവീര്യാവലേപം
വൈലക്ഷ്യേണേവ പാണ്ഡുദ്യുതിമദിതിസുതാ-
രാതിമാപാദയന്ത്യാഃ;
ദർപ്പാനല്പാട്ടഹാസദ്വിഗുണതരസിതാഃ
സപ്തലോകീജനന്യാ-
സ്തർജ്ജന്യാ ജന്യഭൂത്യോ നഖരുചിതതയ-
സ്തർജ്ജയന്ത്യാ ജയന്തി. ൫൪.

---

൫൪. അർത്ഥം:— ഹസ്താൽ = (കംസന്റെ) ഹസ്തത്തിൽനിന്നും. ഉത്പത്യ=ഉത്പതനംചെയ്തിട്ട്. ഗഗനം=ആകാശത്തിലേക്ക്. യാന്ത്യാഃ=പോകുന്നവളും. അഗണിതാധൈര്യവീര്യാവലേപം = അധൈര്യംകൊണ്ട് പരാക്രമഗർവ്വത്തെ ഗണിക്കാത്തവനായ. അദിതിസുതാരാതിം=ദേവശത്രുവിനെ (കംസനെ). വൈലക്ഷ്യേണ, ഇവ=ജുഗുപ്സയാലെന്നപോലെ. പാണ്ഡുദ്യുതിം=പാണ്ഡുവർണ്ണത്തോടു കൂടിയവനായി. ആപാദയന്ത്യാഃ=ചെയ്യുന്നവളും. തർജ്ജയന്ത്യാഃ=(അസുരന്മാരെ) ഭയപ്പെടുത്തുന്നവളും ആയ. സപ്തലോകീജനന്യാഃ=സപ്തലോകങ്ങളുടേയും മാതാവിന്റെ (ലോകമാതാവിന്റെ). തർജ്ജന്യാഃ=ചൂണ്ടാണിവിരലിന്റെ. ദർപ്പാനല്പാട്ടഹാസദ്വിഗുണതരസിതാഃ=ഗർവ്വംകൊണ്ടുള്ള അനല്പമായ അട്ടഹാസത്താൽ ദ്വിഗുണീകൃതമായ വെളുപ്പോടുകൂടിയവയും. ജന്യഭൂത്യഃ=യുദ്ധത്തിന്റെ ഭൂതികളുമായ. നഖരുചിതതയഃ=നഖത്തിന്റെ ശോഭാസമൂഹങ്ങൾ. ജയന്തി=ജയിക്കുന്നു.

സാരം—കംസന്റെ ഹസ്തത്തിൽനിന്നും ആകാശത്തേയ്ക്കു പൊങ്ങിപ്പോകുന്നവളും, അധൈര്യത്താൽ പരാക്രമഗർവ്വം നശിച്ചവനായ അസുരനെ ജുഗുപ്സയാലെന്നപോലെ പാണ്ഡുരവർണ്ണനാക്കിത്തീർക്കുന്നവളും, അസുരന്മാരെ ഭയപ്പെടുത്തുന്നവളുമായ ലോകമാതാവിന്റെ അനല്പമായ അട്ടഹാസത്താൽ ദ്വിഗുണീകൃതമായ ശ്വേതവർണ്ണത്തോടുകൂടിയവയും യുദ്ധത്തിന്റെ ഭൂതികളുമായ ചൂണ്ടാണിവിരലിന്റെ നഖകാന്തികൾ ജയിക്കുന്നു.

പ്രാലേയാചലപല്വലൈകബിസിനീ
സാര്യ്യാസ്തു വഃ ശ്രേയസേ
യസ്യാഃ പാദസരോജസീമ്നി മഹിഷ-
ക്ഷോഭാൽ ക്ഷണം വിദ്രുതാഃ;
നിഷ്പിഷ്ടേ പതിതാസ്ത്രിവിഷ്ടപരിപൌ
ഗീത്യുത്സവോല്ലാസിനോ
ലോകാഃ സപ്ത സപക്ഷപാതമരുതോ
ഭാന്തി സ്മ ഭൃങ്ഗാ ഇവ. ൧൨.

---

൧൨. അൎത്ഥം:—മഹിഷക്ഷോഭാൽ=മഹിഷാസുരൻെറ ക്ഷോഭത്താൽ. ക്ഷണം=ക്ഷണനേരം. വിദ്രുതാഃ=ഓടിയവരും. ത്രിവിഷ്ടപരിപൌ=ദേവശത്രു (അസുരൻ). നിഷ്പിഷ്ടേ (സതി) = ചൂൎണ്ണീകൃതനായപ്പോൾ. (പുനഃ=വീണ്ടും). പതിതാഃ=ഒന്നിച്ചു ചേൎന്നവരും. സപക്ഷപാതമരുതഃ=പക്ഷപാതസഹിതന്മാരായ ദേവന്മാരോടു കൂടിയവരും. ഗീത്യുത്സവോല്ലാസിനഃ = ഗീത്യുത്സവത്താൽ സന്തുഷ്ടന്മാരുമായ. സപ്ത=ഏഴു. ലോകാഃ=ലോകങ്ങൾ. യസ്യാഃ = യാതൊരു ദേവിയുടെ. പാദസരോജസീമ്നി=പാദപത്മത്തിൽ. ഭൃങ്ഗാഃ, ഇവ=വണ്ടുകൾപോലെ. ഭാന്തി,സ്മ=ശോഭിച്ചുവോ. പ്രാലേയാചലപല്വലൈകബിസിനീ=ഹിമാലയപൎവ്വതമാകുന്ന തടാകത്തിന്നു മുഖ്യതാമരയായ. സാ=അ, ആൎയ്യാ=ഭഗവതി. വഃ=നിങ്ങളുടെ. ശ്രേയസേ=ശ്രേയസ്സിനായി. അസ്തു=ഭവിക്കട്ടെ.

സാരം—മഹിഷാസുരൻെറ ക്ഷോഭത്താൽ പലായനംചെയ്തവരും, അസുരൻെറ വധാനന്തരം പുനശ്ച ഒന്നിച്ചുചേൎന്നവരും, പക്ഷപാതസഹിതന്മാരായ ദേവന്മാരോടു കൂടിയവരും, ഗീത്യുത്സവത്താൽ ഉല്ലസിക്കുന്നവരുമായ സപ്തലോകങ്ങൾ യാതൊരു ദേവിയുടെ പാദസരോജത്തിൽ വണ്ടുകൾപോലെ ശോഭിച്ചു. (വണ്ടുകൾ തടാകത്തിൽ മഹിഷാദികളുടെ ക്ഷോഭമുണ്ടാകുമ്പോൾ പറന്നുപോകുന്നു. വീണ്ടും ഒന്നിച്ചുകൂടുന്നു. ചിറകടിയാൽ വായുവോടുകൂടിയവയും, ഝങ്കാരമാകുന്ന ഗീത്യുത്സവത്താൽ ഉല്ലസിക്കുന്നവയും ആയി കാണപ്പെടുന്നു,

അപ്രാപ്യേഷുരുദാസിതാസിരശനേ-
രാരാൽ കുതഃ ശങ്കുത-
ശ്ചക്രവ്യുൽക്രമകൃൽ പരോക്ഷപരശുഃ
ശൂലേന ശൂന്യോ യയാ;
മൃത്യുർദൈത്യപതേഃ കൃതഃ സുസദൃശഃ
പാദാംഗുലീപർവതഃ
പാർവത്യാ പ്രതിപാല്യതാം ത്രിഭുവനം
നിശ്ശല്യകല്യം തയാ. ൫൬.

---

അതിനാൽ സപ്തലോകങ്ങൾക്കു് ഇവിടെ ഭംഗസാദൃശ്യം ഭവിക്കുന്നു). ആ ഹിമവത്പുത്രിയായ ഭഗവതി നിങ്ങളുടെ ശ്രേയസ്സിനായി ഭവിക്കട്ടെ.

൫൬. അർത്ഥം: അപ്രാപ്യേഷുഃ=ബാണങ്ങൾക്കു് അപ്രാപ്യവും. ഉദാസിതാസിഃ=ഉദാസീനമായ ഖഡ്ഗത്തോടുകൂടിയതും. അശനേഃ= വജ്രത്തിനു്. ആരാൽ=ദൂരത്തിൽ വർത്തമാനവും. ശങ്കുതഃ=ശങ്കു എന്ന ആയുധത്താൽ. കുതഃ=എങ്ങിനെ (സംഭവിക്കും). ചക്രവ്യുൽക്രമകൃൽ= ചക്രത്തെ അതിക്രമിച്ചിരിക്കുന്നതും. പരോക്ഷപരശുഃ=കുഠാരത്തിനു അപ്രത്യക്ഷവും. ശൂലേന=ശൂലായുധത്താൽ. ശൂന്യഃ=ശൂന്യവും ആയ. മൃത്യുഃ=മൃത്യു (മരണകാരണമായതു്). യയാ=യാതൊരു ദേവിയാൽ. ദൈത്യപതേഃ=മഹിഷാസുരനു്. പാദാംഗുലീപർവതഃ = പാദത്തിലെ അംഗുലികളാകുന്ന പർവതം. സുസദൃശഃ=ഏററവും യോഗ്യമായി. കൃതഃ=ചെയ്യപ്പെട്ടുവോ. തയാ=ആ. പാർവ്വത്യാ=പാർവ്വതിയാൽ. നിശ്ശല്യകല്യം=നിശ്ശല്യതയാൽ നിർദ്ദുഷ്ടമായ. ത്രിഭുവനം=ത്രിഭുവനം. പ്രതിപാല്യതാം=രക്ഷിക്കപ്പെടട്ടെ.

സാരം—ബാണാദികളാൽ അവധ്യനായ മഹിഷാസുരനു് യാതൊരു ദേവിയുടെ പാദത്തിലെ അംഗുലികളാകുന്ന പർവതം മൃത്യുവായി ഭവിച്ചുവോ, ആ ദേവി മഹിഷാസുരന്റെ ശല്യം തീർന്നുകൊണ്ടു് ആശ്വാസം കൈവന്നതായ ത്രിഭുവനത്തെ പരിപാലനം ചെയ്യട്ടെ.

നഷ്ടാനഷ്ടൌ ഗജേന്ദ്രാനവത ന വസവഃ!
കിം ദിശോ ദ്രാഗ് ഗൃഹീതാഃ
ശാർങ്ഗിൻ!സങ്ഗ്രാമയുക്ത്യാ ലഘുരസി ഗമിതഃ
സാധു താർക്ഷ്യേണ തൈക്ഷ്ണ്യം;
ഉൽഖാതാ നേത്രപങ്ക്തിർന്ന തവ സമരതഃ
പശ്യ നശ്യദ്ബലം സ്വം
സ്വർന്നാഥേത്യാത്തദർപ്പം വ്യസുമസുരമുമാ
കുർവ്വതീ ത്രായതാം വഃ. ൭൦.

൭൦. അർത്ഥം:—ഹേ വസവഃ=അല്ലയോ അഷ്ടവസുക്കളേ. നഷ്ടാൻ=പേടിച്ചോടിയ. അഷ്ടൌ=എട്ട്. ഗജേന്ദ്രാൻ=ദിഗ്ഗജങ്ങളെ ന അവത=നിങ്ങൾ രക്ഷിക്കുന്നില്ല. ദ്രാക്=വേഗത്തിൽ. ദിശഃ=ദിക്കുകൾ. കിം=എന്തുകൊണ്ട്. ഗൃഹീതാഃ=നിങ്ങളാൽ ആശ്രയിക്കപ്പെട്ടു. ശാർങ്ഗിൻ=അല്ലയോ വിഷ്ണോ. സങ്ഗ്രാമയുക്ത്യാ=യുദ്ധസംബന്ധംകൊണ്ട്. ലഘുഃ അസി=അങ്ങു നിസ്സാരനായിത്തീർന്നിരിക്കുന്നു. (അതുകൊണ്ട്). താർക്ഷ്യേണ=ഗരുഡനാൽ. സാധു=ഉചിതമായി. തൈക്ഷ്ണ്യം=അതിവേഗത്തെ—ഗമിതഃ=അങ്ങു പ്രാപിപ്പിക്കപ്പെട്ടു. ഹേ സ്വർന്നാഥ=അല്ലയോ ദേവേന്ദ്ര. തവ=അങ്ങയുടെ. നേത്രപങ്ക്തിഃ=നേത്രസമൂഹം. ന ഉൽഖാതാ=പൊടിക്കപ്പെട്ടില്ലല്ലോ. സമരതഃ=സമരത്തിൽനിന്ന്. നശ്യൽ=ഓടിപ്പോകുന്ന. സ്വം ബലം=തന്റെ (ഇന്ദ്രന്റെ) സൈന്യത്തെ. പശ്യ=കാണുക. ഇതി=ഇപ്രകാരം. ആത്തദർപ്പം=ഗർവ്വം വഹിച്ചവനായ. അസുരം=മഹിഷാസുരനെ. വ്യസും=ഗതപ്രാണനായി. കുർവ്വതീ=ചെയ്യുന്ന. ഉമാ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. ത്രായതാം=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ ഗർവ്വത്തോടുകൂടി ദേവന്മാരെ പരിഹസിച്ചു. അല്ലയൊ അഷ്ടവസുക്കളെ! പേടിച്ചോടുന്ന ദിഗ്ഗജങ്ങളെ രക്ഷിക്കേണ്ടവരായ നിങ്ങൾതന്നെ ഭീതരായി ദിഗന്തങ്ങളിലേക്കു വേഗത്തിൽ ഓടിപ്പോകുന്നുവല്ലൊ. ഹേ വിഷ്ണോ! യുദ്ധഭീതിയാൽ ലഘുവായ അങ്ങയെ വഹിച്ചുകൊണ്ടു ഗരുഡൻ വളരെ വേഗത്തിൽ പാഞ്ഞു മറയുന്നതു യുക്തംതന്നെ. ഹേ ദേവേന്ദ്ര! അങ്ങയുടെ ആയിരം കണ്ണുകൾക്ക് ആരും ഹാനി വരുത്തിയില്ല. അതുകൊണ്ടു യുദ്ധത്തിൽനിന്നു ഭയന്ന് ഓടുന്നതായ അങ്ങയുടെ സൈന്യത്തെ അങ്ങു കാണാതെയിരിക്കുന്നതു ന്യായമല്ല. ഇപ്രകാരം ദേവന്മാരെ പരിഹസിച്ചു ദർപ്പം വഹിച്ച മഹിഷനെ നിഗ്രഹിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ശ്രുത്വാ ശത്രും ദുഹിത്രാ നിഹതമതിജഡോഽ-
പ്യാഗതോഽഹ്നായ ഹഷാ-
ദാശ്ലിഷ്യഞ്ഛൈലകല്പം മഹിഷമവനിഭൃദ്-
ബാന്ധവോ വിന്ധ്യബുദ്ധ്യാ;
യസ്യാഃ ശ്വേതീകൃതേഽസ്മിൻ സ്മിതദശനരുചാ
തുല്യരൂപോ ഹിമാദ്രിർ-
ദ്രാഗ് ദ്രാഘീയാനിവാസീദവതമസനിരാ-
സായ സാ സ്താദുമാ വഃ. ഉവ്യ.

---

ഉവ്യ. അത്ഥം:—യസ്യാഃ=യാതൊരു ദേവിയുടെ. സ്മിതദശനരുചാ=പുഞ്ചിരി തൂകിയപ്പോൾ പ്രകാശിച്ച ദന്തശോഭകൊണ്ടു്. അസ്മിൻ= ഈ മഹിഷാസുരൻ. ശ്വേതീകൃതേ (സതി) = ധവളവർണ്ണമുള്ളവനാക്കി ചെയ്യപ്പെട്ടപ്പോൾ. തുല്യരൂപഃ=അവനു തുല്യമായ രൂപം വഹിച്ചവനും. ദുഹിത്രാ=പുത്രിയായ ശ്രീപാവ്തിയാൽ. നിഹതം=വധിക്കപ്പെട്ട. ശത്രും=ശത്രുവായ മഹിഷനെപ്പററി. ശ്രുത്വാ=കേട്ടിട്ടു്. അതിജഡഃ അപി=ഏററവും ജഡനായിരുന്നിട്ടും. അഹ്നായ=വേഗം. ഹഷാൽ=സന്തോഷംകൊണ്ടു്. ആഗതഃ=ആഗമിച്ചവനും. വിന്ധ്യബുദ്ധ്യാ=വിന്ധ്യപവ്തമാണെന്ന വിചാരത്താൽ. ശൈലകല്പം=പവ്ത തുല്യനായ മഹിഷം=മഹിഷനെ. ആശ്ലിഷ്യൻ=ആശ്ലേഷിക്കുന്നവനും. അവനിഭൃദ്ബാന്ധവഃ=അവനിഭൃത്തുകളായ (പർവതങ്ങളാകുന്ന) ബാന്ധവന്മാരോടു (ബന്ധുക്കളോടു) കൂടിയവനും ആയ. ഹിമാദ്രിഃ=ഹിമവാൻ പവ്തം. ദ്രാക്=പെട്ടെന്നു്. ദ്രാഘീയാൻ ഇവ=ഏററവും ദീർഘിച്ചവനെന്നപോലെ. ആസീൽ=ഭവിച്ചുവോ. സാ ഉമാ=ആ ശ്രീപാവ്തീദേവി. വഃ=നിങ്ങളുടെ. അവതമസനിരാസായ=അവതമസനിരാസത്തിനായി. സ്താൻ=ഭവിക്കട്ടെ.

സാരം—ഏററവും ജഡത്വംവഹിക്കുന്നവനെങ്കിലും ഹിമവാൻ പവ്തം സ്വപുത്രിയായ ശ്രീപാർവതീദേവി ശത്രുവായ മഹിഷനെ നിഗ്രഹിച്ച വൃത്താന്തം കേട്ടു സന്തോഷത്തോടുകൂടി അവിടെ വന്നുചേൻ. മന്ദസ്മിതം പൊഴിച്ചുകൊണ്ടിരുന്ന ദേവിയുടെ ദന്തകാന്തികൊണ്ടു മഹിഷൻെറ ശരീരം ധവളമായിരുന്നു. ശൈലംപോലെ വലുതായിരുന്ന ആ മഹിഷശരീരം വിന്ധ്യപവ്തമാണെന്നു തത്തുല്യരൂപനായ ഹിമവാൻ വിചാരിച്ചു. പവ്തങ്ങളാകുന്ന ബന്ധുക്കളോടു കൂടിയ ഹിമവാൻ വിന്ധ്യപർവതമാണെന്ന വിചാരത്താൽ മഹിഷനെ

ക്ഷിപ്തോഽയം മന്ദരാദ്രിഃ പുനരപി ഭവതാ
വേഷ്ട്യതാം വാസുകേഽബ്ധൌ
പ്രീയസ്വാനേന കിം തേ ബിസതന്തുതനുഭി-
ർഭക്ഷിതൈസ്താർക്ഷ്യ! നാഗൈഃ;
അഷ്ടാഭിർദിഗ്ഗജേന്ദ്രൈഃ സഹ ന ഹരികരീ
കർഷതീമം ഹതേ വോ
ഹ്രീമത്യാ ഹൈമവത്യാസ്ത്രിദശരിപുപതൌ
പാന്തു ഇതി വ്യാഹൃതാനി. ൭൯.

---

തീരത്തെ ആശ്ലേഷിക്കയും ഉടനെ ഏററവും നീളമുള്ളവനെന്ന പോലെ ഭവിക്കയും ചെയ്തു. അപ്രകാരം സംഭവിക്കാൻ കാരണമായിത്തീർന്ന ശ്രീപാർവ്വതീദേവി നിങ്ങളുടെ അജ്ഞാനമാകുന്ന തമസ്സിനെ നീക്കി പ്രകാശം നൽകട്ടെ.

൭൯. അൎത്ഥം—ത്രിദശരിപുപതൌ=അസുരാധിപനായ മഹിഷൻ. ഹതേ (സതി) = വധിക്കപ്പെട്ടപ്പോൾ. ഹ്രീമത്യാഃ = ലജ്ജിതയായ. ഹൈമവത്യാഃ=ശ്രീപാർവതീദേവിയുടെ. ഹേ വാസുകേ=അല്ലയോ വാസുകേ. അയം മന്ദരാദ്രിഃ=ഈ മഹിഷാസുരനാകുന്ന മന്ദരപൎവ്വതം. അബ്ധൌ=സമുദ്രത്തിൽ ക്ഷിപ്തഃ=ക്ഷേപിക്കപ്പെട്ടു. ഭവതാ=അങ്ങയാൽ. പുനഃ അപി=വീണ്ടും. വേഷ്ട്യതാം=വേഷ്ടനം ചെയ്യപ്പെട്ടാലും. ഹേ താർക്ഷ്യ!=അല്ലയോ ഗരുഡ. അനേന=ഈ മഹിഷനാൽ. പ്രീയസ്വ= അങ്ങു തൃപ്തിയുള്ളവനായി തീരുക. ബിസതന്തുതനുഭിഃ=താമരവലയങ്ങൾ പോലെ ലഘുക്കളും. ഭക്ഷിതൈഃ=ഭക്ഷിക്കപ്പെട്ടവയും ആയ. നാഗൈഃ=സൎപ്പങ്ങളാൽ. തേ=അങ്ങേയ്ക്കു്. കിം=എന്തു ഫലമാണു്. ഇമം= ഈ മഹിഷനെ. അഷ്ടാഭിഃ=എട്ടു്. ദിഗ്ഗജേന്ദ്രൈഃ = ദിഗ്ഗജങ്ങളോടു സഹ=കൂടി. ഹരികരീ=ഇന്ദ്രവാഹനമായ ഐരാവതമെന്ന ഗജം. ന കർഷതി=വലിച്ചുനീക്കാൻ ശക്തിവഹിക്കുന്നില്ല. ഇതി = ഇപ്രകാരമായ. വ്യാഹൃതാനി=വചനങ്ങൾ. വഃ=നിങ്ങളെ. പാന്തു=രക്ഷിക്കട്ടെ.

സാരം—അസുരാധിപനായ മഹിഷനെ വധിച്ചവളായ ശ്രീപാർവ്വതീദേവി ലജ്ജയോടുകൂടി ഇപ്രകാരം പറഞ്ഞു. ഹേ വാസുകേ! ഈ മഹിഷാസുരനാകുന്ന മന്ദരപൎവ്വതം ഇതാ സമുദ്രത്തിൽ ക്ഷിപ്തമായിരിക്കുന്നു. അങ്ങു വീണ്ടും മന്ദരഗിരിയെ വേഷ്ടനംചെയ്യുക. ഹേ

ഏഷ പ്ലോഷ്ടാ പുരാണാം ത്രയമസുഹൃദ്ദുരഃ-
പാടനോഽയം നൃസിംഹോ
ഹന്താ ത്വാഷ്ട്രം ദ്യുരാഷ്ട്രാധിപ ഇതി വിവിധാ-
ന്യുത്സവേച്ഛാഹൃതാനാം;
വിദ്രാണാനാം വിമർദ്ദേ ദിതിതനയമയേ
നാകലോകേശ്വരാണാ-
മശ്രദ്ധേയാനി കർമ്മാണ്യവതു വിദധതീ
പാർവ്വതീ വോ ഹതാരിഃ. ൯൦.

---

ഗരുഡ! മൃണാളംപോലെ മൃദുലങ്ങളായ നാഗങ്ങളെ ഭക്ഷിക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണു് സിദ്ധിക്കുന്നതു്. ഈ മഹിഷനെ ഭക്ഷിച്ചു തൃപ്തിനേടുക. എട്ടു ദിഗ്ഗജങ്ങളോടുകൂടി ചേർന്നു് ഐരാവതം ഈ മഹിഷനെ വലിക്കാൻ ശക്തമാകുന്നില്ല. അപ്രകാരം മഹിഷാസുരനെ വധിച്ചു ലജ്ജിതയായ ശ്രീപാർവ്വതീദേവിയുടെ വാക്കുകൾ നിങ്ങളെ രക്ഷിക്കട്ടെ.

൯൦. അർത്ഥം:—ദിതിതനയമയേ വിമർദ്ദേ=ദൈത്യനായ (അസുരനായ) മഹിഷനുമായി നടന്ന യുദ്ധത്തിൽ. വിദ്രാണാനാം=ഓടിപ്പോയവരും. ഉത്സവേച്ഛാഹൃതാനാം=മഹിഷൻ മരിച്ചപ്പോൾ ഉത്സവം നടത്താനുള്ള അഭിലാഷത്തോടുകൂടി തിരിയെവന്നു ചേർന്നവരും ആയ നാകലോകേശ്വരാണാം=ദേവന്മാരുടെ. ഏഷഃ=ഈ ശിവൻ. പുരാണാംത്രയം=ത്രിപുരത്തെ. പ്ലോഷ്ടാ=ദഹിപ്പിച്ചവനാകുന്നു. അയംനൃസിംഹഃ=ഈ നൃസിംഹരൂപധാരിയായ വിഷ്ണു. അസുഹൃദ്ദുരഃപാടനഃ=ശത്രുവായ ഹിരണ്യകശിപു എന്ന അസുരന്റെ മാറിടം പിളർന്നവനാകുന്നു. ദ്യുരാഷ്ട്രാധിപഃ=സ്വർഗ്ഗാധിപനായ ദേവേന്ദ്രൻ. ത്വാഷ്ട്രം=വൃത്രാസുരനെ. ഹന്താ=വധിച്ചവനാകുന്നു. ഇതി=ഇപ്രകാരമായ വിവിധാനി=പലവിധത്തിലുള്ള. കർമ്മാണി=കർമ്മങ്ങളെ അശ്രദ്ധേയാനി=അസംഭാവ്യങ്ങളാക്കി (അവിശ്വസനീയങ്ങളാക്കി- വിദധതീ=ചെയ്യുന്നവളും. ഹതാരിഃ=ശത്രുവായ മഹിഷനെ വധിച്ചവളും ആയ. പാർവ്വതീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവതു=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരനുമായി നടന്ന യുദ്ധത്തിൽ മഹിഷനെ പേടിച്ചു് ഓടിപ്പോവുകയും മഹിഷൻ മരിച്ചപ്പോൾ ഉത്സവം നടത്താനാഗ്രഹിച്ചു തിരിയെവന്നവരും ആയ ശിവൻ വിഷ്ണു ദേവേന്ദ്രൻ എന്നു-

ശത്രൌ ശാതത്രിശൂലക്ഷതവപുഷി രുഷാ
പ്രേഷിതേ പ്രേതകാഷ്ഠാം
കാലീ കീലാലകുല്യാത്രയമധികരയം
വീക്ഷ്യ വിശ്വാസിതദ്യൌഃ;
ത്രിസ്രോതാസ്ത്ര്യംബകേയം വഹതി തവ ഭൃശം
പശ്യ രക്താ വിശേഷാ-
ന്നോ മൂർധ്നാ ധാര്യതേ കിം ഹസിതപതിരിതി
പ്രീതയേ കല്പതാം വഃ. ന്യ.ഫ.

---

ദേവന്മാർ മുമ്പുചെയ്തിരുന്ന ത്രിപുരദഹനം, ഹിരണ്യകശിപുവധം വൃത്രാസുരനിഗ്രഹം എന്ന കർമ്മങ്ങളെപ്പററി ആരും വിശ്വസിക്കാതെയായി. ആ ദേവന്മാർ അപ്രകാരമായ കർമ്മങ്ങൾ വാസ്തവത്തിൽ ചെയ്തിരുന്നാൽ അവർ മഹിഷാസുരനെ വധിക്കമായിരുന്നുവല്ലൊ. എന്നാൽ അവർ മഹിഷനെ പേടിച്ചോടുകയാണല്ലൊ ചെയ്തതു. മഹിഷവധം ദേവിനടത്തിയപ്പോൾ തിരിയെവന്നു ഉത്സവം നടത്താൻ ആഗ്രഹിക്കയും ചെയ്തു. അപ്രകാരം ആ ദേവന്മാരുടെ കർമ്മങ്ങളെ അവിശ്വസനീയങ്ങളാക്കിക്കൊണ്ടു ശത്രുവായ മഹിഷനെ വധിച്ച ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ന്യ.ഫ. അൎത്ഥം:—ശാതത്രിശൂലക്ഷതവപുഷി=ശാതമായ (മൂർച്ചയുള്ള) ത്രിശൂലത്താൽ ക്ഷതമായവപുസ്സോടു (ശരീരത്തോടു) കൂടിയ. ശത്രൌ=ശത്രുവായ മഹിഷാസുരൻ. രുഷാ=കോപത്താൽ. പ്രേതകാഷ്ഠാം=യമലോകത്തേക്കു. പ്രേഷിതേ (സതി)=അയക്കപ്പെട്ടപ്പോൾ. അധികരയം=അധികമായ വേഗത്തോടുകൂടിയ. കീലാലകുല്യാത്രയം=മൂന്നു രക്തപ്രവാഹങ്ങളെ. വീക്ഷ്യ=കണ്ടിട്ടു. ഹേത്ര്യംബക=അല്ലയോ മൂന്നു നയനങ്ങൾ വഹിക്കുന്ന ശിവ. വിശ്വാസിതദ്യൌഃ=ആകാശദേശത്തിൽ സംബന്ധിച്ചതും. വിശേഷാൽ=വിശേഷിച്ചും. രക്താ=ചുവന്നതും (അനുരക്തയും) ആയ. ഇയം ത്രിസ്രോതാഃ=ഈ ഗംഗാനദി. വഹതി=പ്രവഹിക്കുന്നു. പശ്യ=അങ്ങുനോക്കിയാലും. തവ അങ്ങയുടെ. മൂർധ്നാ=ശിരസ്സിനാൽ. ഭൃശം=നല്ലവണ്ണം. കിം നോധാര്യതേ=എന്തുകൊണ്ടു ധരിക്കപ്പെടുന്നില്ല. ഇതി=ഇപ്രകാരം. ഹസിതപതിഃ=ഭർത്താവായ

ശൃങ്ഗേ പശ്യോർദ്ധ്വദൃഷ്ട്യാധികതരമതനുഃ
സൻ ന പുഷ്പായുധോഽസ്മി
വ്യാലാസങ്ഗേഽപി നിത്യം ന ഭവതി ഭവതോ
ഭീർന യജ്ഞോഽസ്മി യേന;
ത്വം മുഞ്ചോച്ചൈഃ പിനാകിൻ! പുനരപി വിശിഖം
ദാനവാനാം പുരോഽഹം
പായാൽ സോൽപ്രാസമേവം ഹസിതഹരമുമാ
മൃഡ്നതീ ദാനവം വഃ, ൩൨.

---

ശിവനെ പരിഹസിച്ചവളായ. കാലീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളുടെ. പ്രീതയേ=സന്തോഷത്തിനായി. കല്പതാം=ഭവിക്കട്ടെ.

സാരം—തീക്ഷ്ണമായ ത്രിശൂലംകൊണ്ടു മഹിഷാസുരൻ മരിച്ചപ്പോൾ അവന്റെ ശരീരത്തിൽനിന്നു മൂന്നു രക്തപ്രവാഹങ്ങൾ അതിവേഗത്തിൽ ആകാശത്തുനിന്നു നിപതിച്ചു. അതുകണ്ടു കാളീഭഗവതി ശിവനോടുപറഞ്ഞു. ഹേത്രിനേത്ര! ഇതാ ആകാശത്തുനിന്നു രക്തയായ (അനുരക്തയായ) ഒരു ഗങ്ഗാനദി പ്രവഹിക്കുന്നതു് അങ്ങു കാണുന്നില്ലേ. അങ്ങു് ഈ ഗങ്ഗാനദിയെ ശിരസ്സുകൊണ്ടു ഭൂശമായി ധരിക്കാത്തതെന്താണു്. ഇപ്രകാരം ഭർത്താവായ ശിവനെ പരിഹസിച്ചവളായ കാളീഭഗവതി നിങ്ങളുടെ സന്തോഷത്തിനു നിദാനമായി ഭവിക്കട്ടെ.

അൎത്ഥം. ൩൨—ഹേ പിനാകിൻ!=അല്ലയോ ശിവ. ഊർദ്ധ്വദൃഷ്ട്യാ=മൂന്നാമത്തെ കണ്ണുകൊണ്ടു്. മമ=എന്റെ. ശൃങ്ഗേ=രണ്ടുകൊമ്പുകളെ. അധികതരം=ഏററവും അധികമായി. പശ്യ=നോക്കുക. അതനുഃ=തനു (കൃശൻ) അല്ലാത്തവനായി (ശരീരമില്ലാത്തവനായി എന്നും) സൻ=ഇരുന്നാലും. ന പുഷ്പായുധഃ അസ്മി=ഞാൻ കാമദേവനല്ല. യേന=യാതൊരു കാരണത്താൽ. ന യജ്ഞഃ അസ്മി=ഞാൻ യജ്ഞമാകുന്നില്ലയോ അക്കാരണത്താൽ. വ്യാലാസങ്ഗേ അപി=ബാണസങ്ഗം ഉണ്ടെങ്കിലും. നിത്യം=ഒരിക്കലും. ഭവതഃ=അങ്ങയിൽനിന്നു്. ന ഭീഃ=എനിക്കു ഭയമില്ല. അഹം=ഞാൻ. ദാനവാനാം=അസുരന്മാരുടെ. പുരഃ=അഗ്രഭാഗത്തിൽ സ്ഥിതിചെയ്യുന്നു. ത്വം=അങ്ങു്. പുനഃ അപി=വീണ്ടും. വിശിഖം=ബാണത്തെ. ഉച്ചൈഃ=ഉച്ചത്തിൽ. മുഞ്ച=വിട്ടയയ്ക്കുക. ഏവം=ഇപ്രകാരം. സോൽപ്രാസം =നിന്ദാഗൎഭ

നന്ദീശോത്സാര്യ്യമാണാപസൃതിസമനമ-
ന്നാകിലോകം നവത്യാ
നപ്ത്രുർഹസ്തേന ഹസ്തം തദനുഗതഗതേഃ
ഷണ്മുഖസ്യാവലംബ്യ;
ജാമാതുർമ്മാതൃമദ്ധ്യോപഗമപരിഹൃതേ
ദർശനേ ശർമ്മ ദിശ്യാ-
ന്നേദീയശ്ശുംഭ്യമാനാ മഹിഷവധമഹേ
മേനയാ മൂർദ്ധ്നി മാവഃ. ൩൩

---

മായി. ഹസിതഹരം=ഹരനെ (ശിവനെ) പരിഹസിച്ചവനായ. ദാനവം=മഹിഷാസുരനെ. മൃദ്നതീ=മർദ്ദിക്കുന്നവളായ. ഉമാ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. പായാൽ=രക്ഷിക്കട്ടെ.

സാരം=മഹിഷാസുരൻ ശിവനെ നോക്കി പരിഹാസവചനം പുറപ്പെടുവിച്ചു. "ഹേ പിനാകമെന്ന ധനുസ്സിനെ വഹിക്കുന്ന ശിവ! അങ്ങു മൂന്നാമത്തെ അഗ്നിമയമായ കണ്ണുകൊണ്ടു് എന്റെ കൊമ്പുകളെ നോക്കിക്കൊള്ളുക. എന്നാൽ ഞാൻ അതനു (തനു=കൃശൻ അല്ലാത്തവൻ) ആണെങ്കിലും അതനുവായ (തനു=ശരീരമില്ലാത്ത) പുഷ്പായുധൻ (മന്മഥൻ) അല്ല. അതുകൊണ്ടു അനംഗനെ ദഹിപ്പിച്ച അങ്ങയുടെ നെററിക്കണ്ണു് എന്നെ ദഹിപ്പിക്കാൻ ശക്തമല്ല. അങ്ങു ബാണപ്രയോഗംകൊണ്ടു ദക്ഷയാഗത്തെ ധ്വംസിച്ചു എങ്കിലും എനിക്കു് അങ്ങയിൽനിന്നു ലേശവും ഭീതിയില്ല. ഞാൻ അസുരന്മാരുടെ മുന്നണിയിൽ സ്ഥിതിചെയ്യുന്നവനായതുകൊണ്ടു (ത്രിപുരസരൂപനായതുകൊണ്ടു്) വീണ്ടും അങ്ങു കൂർത്തുള്ള ബാണങ്ങൾ പ്രയോഗിച്ചുകൊള്ളുക. ത്രിപുരന്മാരെ നശിപ്പിച്ച അങ്ങയുടെ ബാണം എന്നെ വ്യഥിപ്പിക്കാൻ ശക്തമല്ല." ഇപ്രകാരം അഹങ്കാരംകൊണ്ടു തന്റെ (ദേവിയുടെ) ഭർത്താവായ ഹരനെ പരിഹസിച്ച മഹിഷാസുരനെ മർദ്ദിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

൩൩. അത്ഥം:—മഹിഷവധമഹേ=മഹിഷവധമാകുന്ന ഉത്സവത്തിൽ. നന്ദീശോത്സാര്യ്യമാണാപസൃതിസമനമന്നാകിലോകം=നന്ദികേശ്വരനാൽ ഉത്സാരണം ചെയ്യപ്പെട്ടവരും (മാററിനിറുത്തപ്പെട്ടവരും) അപസരണസമയത്തിൽ (മാറിപ്പോകുന്ന സമയത്തിൽ) ന

ഭക്ത്യാ ഭൃഗ്വത്രിമുഖ്യൈർമ്മുനിഭിരഭിനുതാ
ബിഭ്രതീ നൈവ ഗർവ്വം
ശർവ്വാണീ ശർമ്മണേ വഃ പ്രശമിതസകലോ-
പപ്ലവാ സാ സദാസ്തു;
യാ പാർഷ്ണിക്ഷുണ്ണശത്രുർവ്വിഗളിതകുലിശ-
പ്രാസപാശത്രിശൂലം
നാകൌകോലോകമേവം സ്വമപി ഭുജവനം
സംയുഗേഽവസ്ഥമംസ്ത. ൩൪.

---

മിക്കുന്നവരും ആയ ദേവന്മാരെ. നുവത്യാ=സ്തോത്രം ചെയ്യുന്നവരും ആയ. മേനയാ=ഹിമവാൻെറ പത്നിയായ മേനയാൽ. തദനുഗത ഗതേഃ=അവരെ അനുഗമിക്കുന്ന. നപ്തുഃ=പൌത്രനായ. ഷണ്മുഖസ്യ= സുബ്രഹ്മണ്യൻെറ. ഹസ്തം=കരത്തെ. ഹസ്തേന=കൈകൊണ്ടു്. അവ ലംബ്യ=പിടിച്ചിട്ടു്. ജാമാതുഃ=ജാമാതാവായ (പുത്രിയുടെ ഭർത്താവായ) ശിവൻെറ. ദർശനേ=ദർശനം മാതൃമധ്യോപഗമപരിഹൃതേ (സതി)= മാതാവിൻെറ സമീപത്തേക്കുള്ള ഗമനത്താൽ പരിഹരിക്കപ്പെട്ടപ്പോൾ. നേദീയഃ=ജാമാതാവിൻെറ സമീപത്തു വച്ചുതന്നെ. മൂർധ്നി=ശിരസ്സിൽ. ചുംബ്യമാനാ=ചുംബിക്കപ്പെട്ട. ഉമാ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങൾക്കു്. ശർമ്മ=സുഖത്തെ. ദിശ്യാൽ=നൽകട്ടെ.

സാരം—മഹിഷവധമാകുന്ന ഉത്സവത്തിൽ ഹിമവാൻെറ ഭാര്യയായ മേന സന്തോഷത്തോടുകൂടി പുത്രിയായ ശ്രീപാർവ്വതീദേവിയുടെ സമീപത്തേക്കു പുറപ്പെട്ടു. മേന വരുന്നതുകണ്ടു നന്ദികേശ്വരൻ പാർവ്വതീപരമേശ്വരന്മാരുടെ സമീപത്തു നിന്നിരുന്ന ദേവന്മാരെ മാററി നിറുത്തി. ആ ദേവന്മാർ മേനയെ വണങ്ങിയപ്പോൾ മേന ആ ദേവന്മാരെ സ്തുതിച്ചു. പൌത്രനായ സുബ്രഹ്മണ്യൻ ദേവന്മാരെ അനുഗമിച്ചപ്പോൾ ആ സുബ്രഹ്മണ്യൻെറ ഹസ്തം തൻെറ ഹസ്തം കൊണ്ടു ഗ്രഹിച്ചുകൊണ്ടു മേന പുത്രിയായ ശ്രീപർവ്വതിയുടെ സമീപത്തേക്കു നടന്നു. അമ്മയെ കണ്ടപ്പോൾ ശ്രീപാർവ്വതി മേനയുടെ സമീപത്തുചെന്നു് അഭിമുഖമായിനിന്നു. ശ്രീപാർവ്വതി മറച്ചുനിന്നതുകൊണ്ടു ജാമാതാവായ ശിവൻ അടുത്തുണ്ടായിരുന്നതു മേന കണ്ടില്ല. അപ്പോൾ ജാമാതാവിൻെറ സമീപത്തുവച്ചുതന്നെ പുത്രിയുടെ ശിരസ്സിൽ മേന ചുംബിച്ചു.

അപ്രകാരം അമ്മയായ മേനയാൽ ശിവന്റെ സമീപത്തു വച്ചുതന്നെ ശിരസ്സിൽ ഉമ്മവയ്ക്കപ്പെട്ട ശ്രീപാർവ്വതീദേവി നിങ്ങൾക്ക് സുഖം നൽകട്ടെ.

൩൪. അർത്ഥം:—യാ=യാതൊരു ദേവി. പാർഷ്ണിക്ഷുണ്ണശത്രുഃ= കുതികാലുകൊണ്ടുതന്നെ ശത്രുവായ മഹിഷനെ പൊടിച്ചവളായിട്ട്. സംയുഗേ=യുദ്ധത്തിൽ. വിഗളിതകുലിശപ്രാസപാശത്രിശൂലം=കുലിശം പ്രാസം പാശം ത്രിശൂലം മുതലായ ആയുധങ്ങളെ കൈവിട്ടവരായ. നാകൌകോലോകം = സ്വർഗ്ഗവാസികളായ ദേവന്മാരുടെ സംഘത്തെയും. ഏവം=ഇപ്രകാരമായ. (കുലിശാദികളായ ആയുധങ്ങളെ ഉപയോഗപ്പെടുത്താതെ അവഗണിച്ചതായ). സ്വം ഭുജവനം അപി=തന്റെ ഭുജസമൂഹത്തെയും. അവസ്തു=നിസ്സാരപദാർത്ഥമായി. അമംസ്ത=പരിഗണിച്ചുവോ. ഭക്ത്യാ=ഭക്തിയോടുകൂടി. ഭൃഗ്വത്രിമുഖ്യൈഃ=ഭൃഗു അത്രി തുടങ്ങിയ. മുനിഭിഃ മുനിമാരാൽ. അഭിനുതാ=സ്തോത്രം ചെയ്യപ്പെട്ടവരായിട്ടും. ഗർവം=അഹങ്കാരത്തെ. ന ഏവ ബിഭ്രതീ=വഹിക്കാത്തവളും. പ്രശമിതസകലോപപ്ലവാ=സകല ജനങ്ങളുടേയും വ്യഥയെ ശമിപ്പിച്ചവളും ആയ. സാ ശർവാണീ=ആ ശ്രീപാർവ്വതീദേവി. സദാ=എപ്പോഴും. വഃ=നിങ്ങളുടെ ശർമണേ=സുഖത്തിനായി. അസ്തു=ഭവിക്കട്ടെ.

സാരം—ശ്രീപാർവ്വതീദേവി പാദപ്രഹാരംകൊണ്ടുതന്നെ ശത്രുവായ മഹിഷനെ സംഹരിച്ചു. അതുനിമിത്തം യുദ്ധത്തിൽ ഭയംകൊണ്ടു വജ്രം പ്രാസം പാശം ശൂലം മുതലായ ആയുധങ്ങളുപേക്ഷിച്ച് ഓടിപ്പോയ ദേവസംഘവും, തന്റെ പാദംകൊണ്ടു ശത്രു നശിക്കയാൽ ഉപയോഗമില്ലാത്ത ആയുധങ്ങളേന്തിയ തന്റെ (ദേവിയുടെ) ഭുജസമൂഹവും നിരുപയോഗമായ വസ്തുക്കളായി ദേവി പരിഗണിച്ചു. ഭൃഗു അത്രി മുതലായ മുനിവര്യന്മാർ ഭക്തിയോടുകൂടി സ്തുതിക്കുന്നതു കേട്ടിട്ടും തീരെ ഗർവം വഹിക്കാത്തവളും, സകലരുടേയും പീഡയെ ശമിപ്പിച്ചവളും ആയ ശ്രീപാർവ്വതീദേവി എപ്പോഴും നിങ്ങൾക്ക സുഖം നൽകട്ടെ—

ചക്രം ശൌരേഃ പ്രതീപം പ്രതിഹതമഗമൽ
പ്രാഗ് ദ്യുധാമ്നാം തു പശ്ചാ-
ദാപച്ചാപം ബലാരേർന്ന പരമഗുണതാം
പൂസ്ത്രയപ്ലോഷിണോഽപി;
ശക്ത്യാലം മാം വിജേതും ന ജഗദപി ശിശൌ
ഷണ്മുഖേ കാ കഥേതി
ന്യക്കുർവ്വൻ നാകിലോകം രിപുരവധി യയാ
സാവതാൽ പാർവ്വതീ വഃ. ൯൩.

---

൯൩. അർത്ഥം:—ശൌരേഃ=വിഷ്ണുവിന്റെ. ചക്രം=സുദർശനമെന്ന ചക്രായുധം. പ്രതിഹതം (സൽ)=എന്നാൽ (മഹിഷനാൽ) തിരിച്ചുവിടിക്കപ്പെട്ടതായിട്ടു്. പ്രാക്=ആദ്യമായി. പ്രതീപം=വിപരീതമായി. അഗമൽ=ഗമിച്ചു. ദ്യുധാമ്നാം=ദേവന്മാരുടെ. തു=ചക്രം (സൈന്യം) ആകട്ടെ. പശ്ചാൽ=പുറകോട്ടു്. അഗമൽ=ഗമിച്ചു. ബലാരേഃ=ദേവേന്ദ്രന്റെ. ചാപം പരം=ധനുസ്സ (വില്ലു) മാത്രമല്ല. അഗുണതാം=ഗുണശൂന്യതയെ. (ഞാൺ പൊട്ടിപ്പോയ അവസ്ഥയെ—പ്രയോജനശൂന്യതയെ). ന ആപൽ=പ്രാപിച്ചതു്. പൂസ്ത്രയപ്ലോഷിണഃ അപി=ത്രിപുരത്തെ നശിപ്പിച്ച ശിവന്റെ ധനുസ്സും പ്രയോജനശൂന്യതയെ പ്രാപിച്ചു. ശക്ത്യാ=ശക്തികൊണ്ടു്. മാം=എന്നെ (മഹിഷനെ). വിജേതും=ജയിക്കുന്നതിന്നു്. ജഗൽ അപി=സമസ്തമായ ജഗത്തുതന്നെയും. ന അലം=സമർത്ഥമല്ല. ശിശൌ=ബാലനായ. ഷണ്മുഖേ=സുബ്രഹ്മണ്യനെപ്പററി. കാ കഥാ=യാതൊന്നും പറയേണ്ടതില്ല. ഇതി=ഇപ്രകാരം. നാകിലോകം=ദേവന്മാരെ. ന്യക്കുർവ്വൻ=ധിക്കരിക്കുന്നവനായ. രിപുഃ=ശത്രുവായ മഹിഷൻ. യയാ=യാതൊരുത്തിയാൽ. അവധി=വധിക്കപ്പെട്ടുവോ. സാ പാർവ്വതീ=ആ പാർവതീദേവി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ ദേവന്മാരോടു ധിക്കാരവചനങ്ങൾ പറഞ്ഞു പരിഹസിച്ചു. "ഹേ വിഷ്ണോ! അങ്ങയുടെ ചക്രായുധം പ്രതിഹതമായി ആദ്യംതന്നെ വിപരീതമായി ഓടിമറഞ്ഞു. അടുത്തതായി ദേവന്മാരുടെ സൈന്യം പിൻതിരിഞ്ഞു് ഓടി. (പ്രാക് എന്ന പദത്തിന്നു ആദ്യം എന്നും കിഴക്കോട്ടു് എന്നും—പശ്ചാൽ എന്ന പദത്തിന്നു പിന്നീടു് എന്നും പടിഞ്ഞാറോട്ടു് എന്നും അർത്ഥം ഉള്ളതുകൊണ്ടും

വിദ്രാണേ രുദ്രവൃന്ദേ സവിതരി തരളേ
വജ്രിണി ധ്വസ്തവജ്രേ
ജാതാശങ്കേ ശശാങ്കേ വിരമതി മരുതി
ത്യക്തവൈരേ കുബേരേ;
വൈകുണ്ഠേ കുണ്ഠിതാസ്ത്രേ മഹിഷമതിരുഷം
പൌരുഷോപഘ്നനിഘ്നം
നിർവ്വിഘ്നം നിഘ്നതീ വഃ ശമയതു ദുരിതം
ഭൂരിഭാവാ ഭവാനീ. ൧൧.

---

ചക്രം എന്ന പദത്തിനു ചക്രായുധം എന്നും സൈന്യമെന്നും അർത്ഥമുള്ളതുകൊണ്ടും വിഷ്ണുചക്രം കിഴക്കോട്ടും ദേവന്മാരുടെ ചക്രം (സൈന്യം) പടിഞ്ഞാറോട്ടും ഓടി മറഞ്ഞു എന്നുള്ള നിന്ദയും ധ്വനിക്കുന്നു). ദേവേന്ദ്രന്റെ വില്ലും ത്രിപുരസംഹാരിയായ ശിവന്റെ ധനുസ്സും നിർഗ്ഗുണമായി (ഞാണില്ലാത്തതായി — പ്രയോജനമില്ലാത്തതായി) തീർന്നിരിക്കുന്നു. എല്ലാം ജഗത്തും ഒന്നിച്ചുനിന്നു ശക്തികൊണ്ടു (സാമർത്ഥ്യത്തോടുകൂടി) പൊരുതിയാലും എന്നെ (മഹിഷനെ) ജയിക്കാൻ സമർത്ഥമാകാത്ത സ്ഥിതിക്കു ബാലനായ സുബ്രഹ്മണ്യൻ ശക്തി (വേൽ) എന്ന ആയുധം കൊണ്ടു് എന്നോടു പൊരുതിയാൽ യാതൊരു ഫലവുമുണ്ടാകയില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ല." ഇപ്രകാരം ദേവന്മാരെ ധിക്കരിച്ചവനായ മഹിഷാസുരനെ വധിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

൧൧. അർത്ഥം:—രുദ്രവൃന്ദേ=ഏകാദശ രുദ്രന്മാരുടെ സമൂഹം. വിദ്രാണേ (സതി) = ഓടിപ്പോയപ്പോൾ. സവിതരി=സൂര്യൻ. തരളേ (സതി)=ചഞ്ചലനായപ്പോൾ. വജ്രിണി=ദേവേന്ദ്രൻ. ധ്വസ്തവജ്രേ(സതി) ധ്വസ്തമായ (ഭംഗപ്പെട്ട) വജ്രായുധത്തോടു കൂടിയവനായപ്പോൾ. ശശാങ്കേ=ചന്ദ്രൻ. ജാതാശങ്കേ (സതി) = ആശങ്കയുള്ളവനായപ്പോൾ. മരുതി=വായു. വിരമതി (സതി)=വിരമിച്ചപ്പോൾ. കുബേരേ=കുബേരൻ. ത്യക്തവൈരേ, (സതി)=വൈരം ഉപേക്ഷിച്ചവനായിത്തീർന്നപ്പോൾ. വൈകുണ്ഠേ=മഹാവിഷ്ണു. കുണ്ഠിതാസ്ത്രേ (സതി)=കുണ്ഠിതമായ (ഭംഗപ്പെട്ട) അസ്ത്രത്തോടു കൂടിയവനായപ്പോൾ. അതിരുഷം=ഏററവും രോഷം വന്നവനും. പൌരുഷോപഘ്നനിഘ്നം = പൌരുഷശാലികൾക്കു് അധീനനും ആയ. മഹിഷം=മഹിഷാസുരനെ. നിർവ്വിഘ്നം=യാതൊരു

ഭൂഷാം ഭൂയസ്തവാദ്യ ദ്വിഗുണതരമഹം
ദാതുമേവൈഷ ലഗ്നോ
ഭഗ്നേ ദൈത്യേന ദർപ്പാന്മഹിഷിതവപുഷാ
കിം വിഷാണേ വിഷണ്ണഃ;
ഇത്യുക്ത്വാ പാതു മാതുർമഹിഷവധമഹേ
കുഞ്ജരേന്ദ്രാനനസ്യ
ന്യസ്യന്നാസ്യേ ഗുഹോ വഃ സ്മിതസിതരുചിനീ
ദ്വേഷിണോ ദ്വേ വിഷാണേ. ൯൬.

---

വിഘ്നവും കൂടാതെ. നിഘ്നതീ=ഹനിക്കുന്നവളായ. ഭൂരിഭാവാ=വർദ്ധിച്ച മാഹാത്മ്യം ഉള്ള. ഭവാനീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളുടെ. ദുരിതം=പാപത്തെ. ശമയതു=ശമിപ്പിക്കട്ടെ.

സാരം:—മഹിഷനെ പേടിച്ച് ഏകാദശ (പതിനൊന്നു) രുദ്രന്മാർ ഓടി. സൂര്യൻ വിറച്ചു. ഇന്ദ്രന്റെ വജ്രം പൊടിഞ്ഞു. ചന്ദ്രൻ വളരെ ആശങ്ക വഹിച്ചു. വായു നിശ്ചേഷ്ടനായി. കുബേരൻ വൈരം വെടിഞ്ഞു. മഹാവിഷ്ണുവിന്റെ അസ്ത്രങ്ങൾ തകൎന്നു. മഹിഷൻ ഏററവും രോഷം ഉള്ളവനായി. അപ്പോൾ വർദ്ധിച്ച പൌരുഷംകൊണ്ടുമാത്രം വധ്യനായ ആ മഹിഷനെ നിഷ്പ്രയാസമായി വധിച്ചവളും മാഹാത്മ്യം നിറഞ്ഞവളുമായ ശ്രീപാർവ്വതീദേവി നിങ്ങളുടെ പാപങ്ങളെ ശമിപ്പിക്കട്ടെ.

൯൬. അർത്ഥം:—മാതുഃ=മാതാവായ (അമ്മയായ) ശ്രീപാർവ്വതീദേവിയുടെ. മഹിഷവധമഹേ=മഹിഷസംഹാരമാകുന്ന ഉത്സവത്തിൽ. മഹിഷിതവപുഷാ=മഹിഷശരീരം ധരിച്ചവനായ. ദൈത്യേന=അസുരനാൽ. ദർപ്പാൽ=ദർപ്പംകൊണ്ട്. വിഷാണേ=കൊമ്പ്. ഭഗ്നേ (സതി) =ഭഞ്ജിക്കപ്പെട്ടപ്പോൾ. കിം വിഷണ്ണഃ=എന്തിനു വിഷാദം വഹിക്കുന്നു. ഏഷഃ അഹം=ഈ ഞാൻ. ദ്വിഗുണതരം=ഇരട്ടിച്ച. ഭൂഷാം=അലങ്കാരത്തെ (കൊമ്പിനെ). ഭൂയഃ=വീണ്ടും. അദ്യ=ഇപ്പോൾ. തവ=അങ്ങേയ്ക്ക്. ദാതും=നൽകുന്നതിന്. ലഗ്നഃ ഏവ=അടുത്തുവന്നിരിക്കുന്നു. ഇതി= എന്നു്. ഉക്ത്വാ=പറഞ്ഞിട്ട്. സ്മിതസിതരുചിനീ=സ്മിതംകൊണ്ടു ധവളവർണ്ണങ്ങളായ. ദ്വേഷിണഃ=ശത്രുവായ മഹിഷന്റെ. ദ്വേ=രണ്ട്. വിഷാണേ=കൊമ്പുകളെ. കുഞ്ജരേന്ദ്രാനനസ്യ=ഗജാനനന്റെ. (മഹാ

വിശ്രാമ്യന്തി ശ്രമാർത്താ ഇവ തപനരഥ്യാഃ
സപ്തയഃ സപ്ത യസ്മിൻ
സുപ്താഃ സപ്താപി ലോകാഃ സ്ഥിതിമുഷി മഹിഷേ
യാമിനീധാമ്നി യത്ര;
ധാരാണാം രൌധിരീണാമരുണിമനി നഭഃ-
സാന്ദ്രസന്ധ്യാം ദധാന-
സ്തസ്യ ധ്വംസാൽ സുതാ ഭദ്രരപാരമിനപതിഃ
പാതു വഃ പാദപാതൈഃ. സ്രഗ്ദ്ധ.

---

ഗണപതിയുടെ). ആസ്യേ=മുഖത്തിൽ. ന്യസ്യൻ = നിക്ഷേപിക്കുന്ന. ഗുഹഃ=സുബ്രഹ്മണ്യൻ. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—ശ്രീപാവ്വതീദേവി മഹിഷാസുരനെ വധിച്ച സമയം നടന്ന മഹോത്സവത്തിൽ സുബ്രഹ്മണ്യൻ മഹിഷന്റെ രണ്ടു കൊമ്പുകൾ എടുത്തുകൊണ്ടു ഗണപതിയുടെ സമീപത്തു ചെന്നു പറഞ്ഞു. ഹേ! ഗജാനന! മഹിഷൻ അങ്ങയുടെ ഏകദന്തത്തെ ഭങ്ഗപ്പെടുത്തിയതുകൊണ്ട് അങ്ങു വിഷാദിക്കേണ്ട. ഇതാ ഞാൻ മഹിഷന്റെ രണ്ടു കൊമ്പുകൾകൊണ്ട് അങ്ങേയ്ക്കു ഇരട്ടിച്ച ഭൂഷണം നൽകാൻ വന്നിരിക്കുന്നു. ഇപ്രകാരം പറഞ്ഞിട്ടു മന്ദഹാസശോഭകൊണ്ടു ധവളവർണ്ണമായ മഹിഷന്റെ രണ്ടു കൊമ്പുകൾ ഗണപതിയുടെ ആസ്യത്തിൽ നിവേശിപ്പിച്ച സുബ്രഹ്മണ്യൻ നിങ്ങളെ രക്ഷിക്കട്ടെ.

സ്രഗ്ദ്ധ. അൎത്ഥം:—യത്ര മഹിഷേ=യാതൊരു മഹിഷൻ. യാമിനീധാമ്നി (സതി) =രാത്രിക്കു തുല്യമായ കൃഷ്ണവർണ്ണമുള്ളവനായിത്തീരുകയും. യസ്മിൻ=യാതൊരുത്തൻ. സ്ഥിതിമുഷി (സതി) =ലോകവ്യവഹാരങ്ങളുടെ നാശകനായിത്തീരുകയും ചെയ്യപ്പോൾ. ശ്രമാർത്താഃ ഇവ=പരിശ്രമംകൊണ്ടു ക്ഷീണിച്ചവ എന്നപോലെ. തപനരഥ്യാഃ=സൂൎയ്യനെ വഹിക്കുന്ന. സപ്ത=ഏഴ്. സപ്തയഃ. അശ്വങ്ങൾ. വിശ്രാമ്യന്തി=വിശ്രമിക്കുന്നുവോ. സപ്ത=ഏഴ്. ലോകാഃ അപി=ലോകങ്ങളും. സുപ്താഃ=ഉറങ്ങിയവയായി (നിശ്ചേഷ്ടങ്ങളായി) തീരുന്നുവോ. പാദപാതൈഃ=പാദപ്രഹാരങ്ങളാൽ. തസ്യ=ആ മഹിഷാസുരന്റെ. ധ്വംസാൽ=ധ്വംസനംകൊണ്ടു സംഭവിച്ച. രൌധിരീണാം=രുധിര (രക്ത) സംബന്ധികളായ. ധാരാണാം=പ്രവാഹങ്ങളുടെ. അരുണിമനി=അരുണ (ചുവപ്പു)വർണ്ണത്തിൽ. നഭഃസാന്ദ്രസന്ധ്യാം=ആകാശത്തിൽ തിങ്ങിക്കൂടിയ സന്ധ്യയെ. ദധാനഃ=ധരി

ദേവാരേർദ്ദാനവാരേർദ്രുതമിഹ മഹിഷ-
 ഛദ്മനഃ പദ്മസദ്മാ
വിദ്രാതീത്യത്ര ചിത്രം തവ കിമിതി ഭവൻ
 നാഭിജാതോ യതഃ സഃ;
നാഭീതോഽഭൂഃ സ്വയംഭൂരിവ സമരഭുവി
 ത്വം തു യദ്വിസ്മിതാസ്മീ-
ത്യുക്ത്വാ തദ്വിസ്മിതം വഃ സ്മരരിപുമഹിഷീ-
 വിക്രമേഽവ്യാജ്ജയായാഃ. ൯൧.

കുന്നു. അദ്രേഃസുതാ=ശ്രീപാർവതീദേവിയാകുന്ന. അപരദിനപതിഃ=മറെറാരുസൂൎയ്യൻ. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—നീലവർണ്ണനായ മഹിഷാസുരൻ രാത്രി എന്നപോലെ ലോകവ്യവസ്ഥകളെ നശിപ്പിച്ചപ്പോൾ സൂൎയ്യവാഹകങ്ങളായ ഏഴു് അശ്വങ്ങൾ പരിഭ്രമംകൊണ്ടു ക്ഷീണിച്ചവ എന്നപോലെ വിശ്രമിച്ചു. (സൂൎയ്യൻ ഉദിക്കാതെയായി). ഏഴുലോകങ്ങളും യാതൊരു പ്രവൃത്തിയും ചെയ്യാതെ ഉറങ്ങിയവയായിത്തീൎന്നു. ആ മഹിഷനെ ശ്രീപാർവ്വതീദേവി പാദപ്രഹാരംകൊണ്ടു വധിച്ചപ്പോൾ അവന്റെ ശരീരത്തിൽനിന്നു പ്രവഹിച്ച രക്തധാരകളുടെ ചുവപ്പുനിറം ആകാശത്തിൽ പ്രാതസ്സന്ധ്യയുടെ ശോഭയുളവാക്കി. അപ്രകാരം മഹിഷനാകുന്ന രാത്രിയെ പാദപാതങ്ങൾകൊണ്ടു (കിരണപാതങ്ങൾകൊണ്ടു സൂൎയ്യൻ എന്നപോലെ) സംഹരിക്കയും അവന്റെ രുധിരധാരയുടെ അരുണവർണ്ണംകൊണ്ടു് ആകാശത്തിൽ പ്രാതസ്സന്ധ്യയുടെ ശോഭ ഉണ്ടാക്കുകയും ചെയ്തവളായ ശ്രീപാർവ്വതീദേവിയാകുന്ന മറെറാരു സൂൎയ്യൻ നിങ്ങളെ രക്ഷിക്കട്ടെ.

൯൧. അൎത്ഥം :—സ്മരരിപുമഹിഷീവിക്രമേ = സ്മരരിപുവിന്റെ (മന്മഥശത്രുവായ ശിവന്റെ) മഹിഷിയുടെ (പത്നിയായ ശ്രീപാർവ്വതീദേവിയുടെ) വിക്രമത്തിൽ (മഹിഷനെ വധിച്ചു പ്രകടമാക്കിയ പരാക്രമസമയത്തിൽ). (ഹേ ശിവ!) ഇഹ=ഈ യുദ്ധത്തിൽ. മഹിഷച്ഛദ്മനഃ=മഹിഷരൂപനായ. ദേവാരേഃ=അസുരന്റെ സമീപത്തുനിന്നു്. പദ്മസദ്മാ=ബ്രഹ്മാവു്. ദ്രുതം=വേഗത്തിൽ. വിദ്രാതി=ഓടുന്നു. ഇത്യത്ര=എന്ന വിഷയത്തിൽ. തവ=അങ്ങേയ്ക്കു്. കിം ചിത്രം=എന്താശ്ചൎയ്യമാണു്. യതഃ=യാതൊരു കാരണത്താൽ. സഃ=അദ്ദേഹം. ദാനവാരേഃ=വിഷ്ണുവിന്റെ. നാഭിജാതഃ ഭവൻ=നാഭിയിൽനിന്നു ജനിച്ചവനാകുന്നു-

നിസ്ത്രിംശേ നോഷിതാം തേ വിശസനമരസ-
ശ്ചണ്ഡി! കർമ്മാസ്യ ഘോരം
വ്രീഡാമസ്യോപരി ത്വം കുരു ദൃഢഹൃദയേ
മുഞ്ച ശസ്ത്രാണ്യമൂനി;
ഇത്ഥം ദൈത്യൈഃ സദൈന്യം സമദമപി സുരൈ-
സ്തുല്യമേവോച്യമാനാ
രുദ്രാണീ ദാരുണം വോ ദ്രവയതു ദുരിതം
ദാനവം ദാരയന്തീ. ൧൦.

---

(അഭിജാതൻ—കുലീനൻ അല്ലാത്തവനാകുന്നു എന്നും). തു=എന്നാൽ. സമരഭുവി=യുദ്ധഭൂമിയിൽ. യൽ=യാതൊരു കാരണത്താൽ. ത്വം= അങ്ങു് (ശിവൻ). സ്വയംഭൂഃ ഇവ=ബ്രഹ്മാവെന്നപോലെ. നാഭീതഃ= നാഭിയിൽനിന്നു ജാതൻ അയി (അഭീതൻ അല്ലാത്തവനായി എന്നും). അഭൂഃ=ഭവിച്ചുവോ. തൽ=അക്കാരണത്താൽ. വിസ്മിതാ അസ്മി=ഞാൻ വിസ്മയം ഉള്ളവളായിരിക്കുന്നു. ഇതി=ഇപ്രകാരം. ഉക്ത്വാ=പറഞ്ഞിട്ടു്. ജയായാഃ=ശ്രീപാർവ്വതീദേവിയുടെ പ്രതീഹാരിയായ ജയയുടെ. തൽ വിസ്മിതം=ആ വിസ്മയം. വഃ=നിങ്ങളെ. അവ്യാൽ=രക്ഷിക്കട്ടെ.

സാരം—ശ്രീപാർവ്വതീദേവി മഹിഷാസുരനെ സംഹരിച്ചു തന്റെ വിക്രമം പ്രകടിപ്പിച്ചപ്പോൾ ദേവിയുടെ പ്രതീഹാരിയായ ജയ ശിവനോടു പറഞ്ഞു. ഹേ ശിവ! ഈ യുദ്ധത്തിൽ ബ്രഹ്മാവു മഹിഷന്റെ സമീപത്തുനിന്നു് ഓടിപ്പോയതു വിചാരിച്ചു് അങ്ങേയ്ക്കു് ആശ്ചര്യം തോന്നേണ്ടതില്ല. എന്തെന്നാൽ ആ ബ്രഹ്മാവു വിഷ്ണുവിന്റെ നാഭിജാതൻ ആണല്ലൊ. (നാഭിജാതൻ എന്ന വാക്കിനു നാഭിയിൽനിന്നു ജനിച്ചവൻ എന്നും അഭിജാതൻ അല്ലാത്തവൻ എന്നും അർത്ഥം വിവക്ഷിതമാകുന്നു. അഭിജാതനല്ലാത്തവൻ പേടിച്ചോടുകതന്നെ ചെയ്യുമെന്നു സാരം). എന്നാൽ യുദ്ധക്കളത്തിൽ അങ്ങും (ശിവനും) ബ്രഹ്മാവെന്നപോലെ നാഭീതൻ ആയല്ലൊ എന്നു വിചാരിച്ചു ഞാൻ (ജയ) വിസ്മയിക്കുന്നു. (നാഭീതഃ എന്ന വാക്കിനു നാഭിയിൽനിന്നു ജനിച്ചവൻ എന്നും അഭീതൻ അല്ലാത്തവൻ എന്നും അർത്ഥം വിവക്ഷിതമാകുന്നു. ശിവനായ അങ്ങും ബ്രഹ്മാവെന്നപോലെ നാഭിയിൽനിന്നു ജനിച്ചവനും ഭയപ്പെട്ടു് ഓടിയവനും ആയിത്തീർന്നു വിചാരിച്ചു ഞാൻ വിസ്മയിക്കുന്നു എന്നു സാരം). അപ്രകാരമായ ജയ എന്ന ദേവീപരിജനത്തിന്റെ വിസ്മയം നിങ്ങളെ രക്ഷിക്കട്ടെ.

൨൦. അൎത്ഥം:—ഹേ നിസ്ത്രിംശേ! ='ഹേ ദയ ഇല്ലാത്തവളെ!. ഉരസഃ= (മഹിഷന്റെ) ഉരസ്സിന്റെ (മാറിടത്തിന്റെ). വിശസനം=ധ്വംസനം. തേ=ഭവതിക്കു്. ന ഉചിതം=ഉചിതമാകുന്നില്ല. ഹേ ചണ്ഡി!=അല്ലയോ ചണ്ഡി!—ഘോരം=ക്രൂരമായ. കൎമ്മ=പ്രവൃത്തിയെ (മഹിഷവധരൂപമായ കൎമ്മത്തെ). അസ്യ=ഉപേക്ഷിക്കുക. അസ്യ ഉപരി=(പശുവധരൂപമാകുന്ന) ഈ പ്രവൃത്തിയിൽ. വ്രീഡാംകുരു=ലജ്ജയുള്ളവളായി ഭവിക്കുക. ഹേ ദൃഢഹൃദയേ!=അപരാധം ക്ഷമിക്കാൻ സഹനശക്തിയുള്ള ഉറച്ച ഹൃദയമുള്ളവളേ!. അമൂനി ശസ്ത്രാണി=ഈ ആയുധങ്ങളെ. മുഞ്ച=ത്യജിക്കുക. ഇത്ഥം=ഇപ്രകാരം. സദൈന്യം=ദൈന്യത്തോടുകൂടി. ദൈത്യൈഃ=അസുരന്മാരാലും—ഹേ ചണ്ഡി! നിസ്ത്രിംശേന=ഖഡ്ഗത്താൽ. ഉരസഃ=മഹിഷവക്ഷസ്സിന്റെ. തേ വിശസനം=ഭവതി ചെയ്യുന്ന ധ്വംസനം. ഉചിതം=ഉചിതംതന്നെ. അസ്യ=ഈ മഹിഷന്റെ. കൎമ്മ=പ്രവൃത്തി. ഘോരം=ഘോരമാകുന്നു. അസ്യ ഉപരി=മഹിഷന്റെ ഘോരപ്രവൃത്തിയിൽ. ത്വം=ഭവതി. വ്രീഡാംകുരു=വെറുപ്പുള്ളവളായി തീരുക. ഹേ ദൃഢഹൃദയേ!=സ്ഥിരമായ അഭിപ്രായം ഉള്ളവളെ! അമൂനി ശസ്ത്രാണി മുഞ്ച=ഈ ശസ്ത്രങ്ങളെ ഒക്കെ മഹിഷനെ ലാക്കാക്കി പ്രയോഗിക്കുക. ഇത്ഥം=ഇപ്രകാരം. സമദം=സന്തോഷത്തോടുകൂടി. സുരൈഃ അപി=ദേവന്മാരാലും. തുല്യം ഏവ=ഒരുപോലെ. ഉച്യമാനാ=പറയപ്പെടുന്നവളും. ദാനവം=മഹിഷാസുരനെ. ദാരയന്തീ=വിദാരണം ചെയ്യുന്നവളും ആയ. രുദ്രാണീ=ശ്രീപാൎവ്വതീദേവി. വഃ=നിങ്ങളുടെ. ദാരുണം=ഘോരമായ. ദുരിതം=പാപത്തെ. ദ്രവയതു=ഇല്ലാതാക്കട്ടെ.

സാരം—ദേവിയുടെ പരാക്രമംകൊണ്ടു് അസുരന്മാർ ദൈന്യത്തോടുകൂടി പറഞ്ഞു. "ഹേ നിൎദ്ദയേ! മഹിഷന്റെ മാറിടം പിളൎക്കുക എന്ന പ്രവൃത്തി ഭവതിക്കു യോജിക്കുന്നതല്ല. ഹേ ചണ്ഡി! മഹിഷവധം എന്ന ഘോരമായ പ്രവൃത്തി ഭവതി ചെയ്യരുതു്. ഒരു മൃഗത്തെ വധിക്കുക എന്ന കൃത്യത്തിൽ ഭവതി ലജ്ജിക്കേണ്ടതാകുന്നു. അപരാധങ്ങൾ സഹിക്കാൻ കരുത്തേറിയ ഹൃദയമുള്ള ഭവതി ഈ ആയുധങ്ങളെ ഒക്കെ ദൂരേ ത്യജിക്കുക"—"ദേവന്മാർ സന്തോഷത്തോടുകൂടി ദേവിയോടു പറഞ്ഞു. ഹേ ചണ്ഡി! ഘോരകൃത്യങ്ങൾ കൊണ്ടു ലോകത്തെ സങ്കടപ്പെടുത്തുന്ന മഹിഷന്റെ മാറിടം ഖഡ്ഗത്താൽ പിളൎക്കുക എന്നതു ഭവതിക്കു യോജിച്ച കൃത്യമാകുന്നു. മഹിഷന്റെ ഘോരപ്രവൃത്തിയിൽ ഭവതിക്കു വെറുപ്പു തോന്നുകതന്നെ വേണം. സ്ഥിരനിശ്ചയമുള്ള ഭവതി വേഗം സൎവ്വവിധമായ ശസ്ത്രങ്ങളും പ്രയോഗിച്ചു മഹിഷനെ വധിക്കുക." ഇപ്രകാരം ദൈന്യത്തോടുകൂടി ദൈത്യരാലും മോദത്തോടുകൂടി സുരന്മാരാലും ഒരേമാതിരി പറയപ്പെടുന്നവളും മഹിഷാസുരനെ സംഹരിച്ചവളും ആയ ശ്രീപാൎവ്വതീദേവി നിങ്ങളുടെ ദാരുണമായ ദുരിതം ശമിപ്പിക്കട്ടെ.

ചക്ഷുർദിക്ഷു ക്ഷിപന്ത്യാശ്ചലിതകമലിനീ-
ചാരുകോശാഭിതാമ്രം
മന്ദ്രധ്വാനാനുയാതം ഝടിതി വലയിനോ
മുക്തബാണസ്യ പാണേഃ;
ചണ്ഡ്യാഃ സവ്യാപസവ്യം സുരരിപുഷു ശരാൻ
പ്രേരയന്ത്യാ ജയന്തി
ത്രുട്യന്തഃ പീനഭാഗേ സ്തനവലനഭരാൽ
സന്ധയഃ കഞ്ചുകസ്യ. ൧൨.

---

൧൨. അൎത്ഥം :—ചലിതകമലിനീ ചാരുകാശാഭിതാമ്രം=ഇളകുന്ന താമരക്കൂട്ടത്തിന്റെ മനോഹരമായ അന്തർഭാഗംപോലെ താമ്രവർണ്ണവും. വലയിനഃ=വളയണിഞ്ഞ. ഝടിതിമുക്തബാണസ്യ=വേഗത്തിൽ ബാണം പ്രയോഗിച്ച. പാണേഃ=ഹസ്തത്തിന്റെ. മന്ദ്രധ്വാനാനുയാതം=മനോജ്ഞമായ ധ്വനിയാൽ അനുഗമിക്കപ്പെട്ടതും ആയ. ചക്ഷുഃ=ദൃഷ്ടിയെ. ദിക്ഷു=ദിക്കുകളിൽ. ക്ഷിപന്ത്യാഃ=വിക്ഷേപിക്കുന്നവളും. സുരരിപുഷു=അസുരന്മാരിൽ. സവ്യാപസവ്യം=ഇടത്തും വലത്തുമായി. ശരാൻ=ബാണങ്ങളെ. പ്രേരയന്ത്യാഃ=പ്രയോഗിക്കുന്നവളും ആയ. ചണ്ഡ്യാഃ=ചണ്ഡിയുടെ. സ്തനവലനഭരാൽ=സ്തനത്തിന്റെ ഉലച്ചിൽനിമിത്തമുണ്ടാന ഭാരത്താൽ. പീനഭാഗേ = തടിച്ച ഭാഗത്തിൽ. ത്രുട്യന്തഃ=പൊട്ടിപ്പോകുന്ന. കഞ്ചുകസ്യ=റവിക്കയുടെ. സന്ധയഃ=സന്ധികൾ (കെട്ടുകൾ). ജയന്തി=സർവ്വോൽക്കർഷേണ വൎത്തിക്കുന്നു.

സാരം:—ചണ്ഡീഭഗവതി അസുരന്മാരിൽ വേഗത്തിൽ നാലു പാടും ദൃഷ്ടിപതിപ്പിച്ചുകൊണ്ട് ഇടത്തും വലത്തുമായി ബാണങ്ങൾ പ്രയോഗിച്ചപ്പോൾ ഭഗവതിയുടെ നയനം താമരപ്പൂവിന്റെ അകംപോലെ താമ്രവർണ്ണമായി വിളങ്ങി. കൈവളകൾ കിലുങ്ങി. സ്തനങ്ങൾ ഉലഞ്ഞു. അപ്പോൾ ദേവി അണിഞ്ഞിരുന്ന സ്തനാവരണമായ കഞ്ചുകം പീനഭാഗങ്ങളിൽ കെട്ടുവിട്ടതായി തീൎന്നു. അപ്രകാരമായ ദേവീകഞ്ചുകത്തിന്റെ പൊട്ടിത്തുടങ്ങിയ സന്ധികൾ സർവ്വോൽക്കർഷേണ വൎത്തിക്കുന്നു.

ബാഹൂൽക്ഷേപസമുല്ലസൽകുചതടം
പ്രാന്തസ്ഫുടൽകഞ്ചുകം
ഗംഭീരോദരനാഭിമണ്ഡലഗലൽ-
കാഞ്ചീധൃതാർദ്ധാംശുകം;
പാർവ്വത്യാ മഹിഷാസുരവ്യതികരേ
വ്യായാമരമ്യം വപുഃ
പര്യസ്താവധിബന്ധബന്ധുരലസൽ-
കേശോച്ചയം പാതു വഃ. ൭൨.

൭൨. അൎത്ഥം—മഹിഷാസുരവ്യതികരേ=മഹിഷാസുരനുമായി നടന്ന യുദ്ധത്തിൽ. ബാഹൂൽക്ഷേപ സമുല്ലസൽകുചതടം=ബാഹുക്കളുടെ (കൈകളുടെ) ഉൽക്ഷേപത്താൽ (ഉയൎത്തലാൽ) സമുല്ലസത്തായ (സമ്യക്കായി ഉല്ലസിക്കുന്ന (കുചതടത്തോടുകൂടിയതും. പ്രാന്തസ്ഫുടൽ കഞ്ചുകം=അടിഭാഗത്തു് കെട്ടഴിഞ്ഞ കഞ്ചുകത്തോടുകൂടിയതും. ഗംഭീരോദരനാഭിമണ്ഡലഗലൽ കാഞ്ചീധൃതാർദ്ധാംശുകം = ഗംഭീരമായ (നിമ്നമായ) ഉദരനാഭിമണ്ഡലങ്ങളിൽനിന്നു് (ഉദരം നാഭിമണ്ഡലം ഇവയിൽ നിന്നു്) ഗലത്തും (വഴുതിയതും) കാഞ്ചീധൃതവും (കാഞ്ചിയാൽ—ഒഡ്യാണത്താൽ ധരിക്കപ്പെട്ടതും) ആയ അർദ്ധാംശുകത്തോടു (അർദ്ധവസ്ത്രത്തോടു) കൂടിയതും. വ്യായാമരമ്യം=വ്യായാമം കൊണ്ടു (ദീർഘീകരണംകൊണ്ടു്) രമണീയവും. പര്യസ്താവധി ബന്ധബന്ധുരലസൽ കേശോച്ചയം=കെട്ടഴിഞ്ഞു മനോഹരമായി ഉല്ലസിക്കുന്ന കേശസമൂഹത്തോടുകൂടിയതും ആയ. പാർവ്വത്യാഃ=ശ്രീപാർവ്വതീദേവിയുടെ. വപുഃ=ശരീരം. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരനോടുകൂടി യുദ്ധംചെയ്യുന്ന ശ്രീപാർവ്വതീദേവിയുടെ സ്തനതടം ബാഹുക്കളുടെ ഉൽക്ഷേപംകൊണ്ടു സമുല്ലസിക്കയും, കഞ്ചുകത്തിൻെറ പ്രാന്തപ്രദേശം കെട്ടുവിട്ടു പോവുകയും, നിമ്നമായ ഉദരത്തിൽനിന്നും നാഭീമണ്ഡലത്തിൽനിന്നും വഴുതിയ വസ്ത്രത്തിൻെറ അർദ്ധഭാഗം അരയിൽ അണിഞ്ഞിരുന്ന ഒഡ്യാണത്തിൽ തങ്ങിനിൽക്കുകയും, കേശസമൂഹം കെട്ടഴിഞ്ഞു മനോജ്ഞമായി പരിലസിക്കയും ചെയ്തു. നിവൎന്നുനിൽക്കുകനിമിത്തം ഏററവും രമണീയമായിത്തീൎന്ന ശ്രീപാർവ്വതീദേവിയുടെ രമ്യമായ ആ ശരീരം നിങ്ങളെ രക്ഷിക്കട്ടെ.

ചക്രം ചക്രായുധസ്യ കപണതി നിപതിതം
രോമണി ഗ്രാവണീവ
സ്ഥാണോർബാണശ്ച ലേഭേ പ്രതിഘതിമുരുണാ
ചർമണാ വർമണേവ;
യസ്യേതി ക്രോധഗർഭം ഹസിതഹരിഹരാ
തസ്യ ഗീർവ്വാണശത്രോഃ
പായാൽ പാദേന മൃത്യും മഹിഷതനഭൃതഃ
കുർവ്വതീ പാർവ്വതീ വഃ. ൩൭.

---

൩൭. അർത്ഥം—യസ്യ=യാതൊരു മഹിഷൻെറ. രോമണി=രോമത്തിൽ. ഗ്രാവണി ഇവ=പാഷാണത്തിൽ (ശിലയിൽ) എന്നപോലെ. നിപതിതം=നിപതിച്ചതായ. ചക്രായുധസ്യ=ചക്രായുധനായ വിഷ്ണുവിൻെറ. ചക്രം=ചക്രായുധം. കപണതി=മുഴങ്ങുകമാത്രം ചെയ്യുന്നു. (വിഷ്ണുചക്രം മഹിഷൻെറ രോമത്തിൽ തട്ടുമ്പോൾ ശിലയിൽ തട്ടുന്നതുപോലെ ആ രോമത്തിനു തെല്ലും ഭംഗം വരുത്താതെ ശബ്ദിക്കുകമാത്രം ചെയ്യുന്നു). സ്ഥാണോഃ=ശിവൻെറ. ബാണഃ ച=ബാണവും. യസ്യ=യാതൊരു മഹിഷൻെറ. ഉരുണാ=കഠിനമായ. ചർമണാ=തൊലിയാൽ. വർമണാ ഇവ=കവചത്താൽ എന്നപോലെ. പ്രതിഹതിം=പ്രതിഘാതത്തെ (തിരിച്ചടിക്കലിനെ). ലേഭേ=പ്രാപിച്ചു. (ശിവൻെറ ബാണം മഹിഷൻെറ തൊലിക്കുപോലും മുറിവുണ്ടാക്കാൻ ശക്തമാകാതെ കവചത്തിൽ കൊണ്ടു മടങ്ങുന്നതുപോലെ പ്രതിഘാതം പ്രാപിച്ചു). ഇതി=ഈ കാരണത്താൽ. ഹസിതഹരിഹരാ=ഹരിയേയും (വിഷ്ണുവിനേയും) ഹരനേയും (ശിവനേയും) പരിഹസിക്കുന്നവളും. മഹിഷതനഭൃതഃ=മഹിഷശരീരം ധരിച്ചവനായ. തസ്യ ഗീർവ്വാണശത്രോഃ=ആ അസുരൻെറ. മൃത്യും=മൃത്യുവെ. ക്രോധഗർഭം=ക്രോധത്തോടുകൂടി. പാദേന=പാദംകൊണ്ടു്. കുർവ്വതീ=ചെയ്യുന്നവളുമായ. പാർവ്വതീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. പായാൽ=രക്ഷിക്കട്ടെ.

സാരം—ചക്രായുധനായ വിഷ്ണുവിൻെറ ചക്രം മഹിഷൻെറ രോമത്തിൽ തട്ടിയപ്പോൾ ശിലയിൽ തട്ടിയതുപോലെ നാദം പുറപ്പെടുവിച്ചതല്ലാതെ ആ രോമത്തിനു ഹാനിവരുത്തിയില്ല. ശിവൻെറ ബാണം മഹിഷൻെറ കഠിനമായ ചർമത്തിൽകൊണ്ടു കവചത്തിൽ പതിച്ചാലെ

കൃത്വാ വക്ത്രേന്ദുബിംബം ചലദലകലസദ്-
ഭ്രൂലതാചാപഭങ്ഗം
കോപാദ്വ്യാലോലതാരം സ്ഫുരദരുണരുചി-
സ്ഫാരപര്യന്തചക്ഷുഃ;
സന്ധ്യാസേവാപരാദ്ധം ഭവമിവ പുരതോ
വാമപാദാംബുജേന
ക്ഷിപ്രം ദൈത്യം ക്ഷിപന്തീ മഹിഷിതവപുഷം
പാർവ്വതീ വഃ പുനാതു. ൪൭.

---

ന്നപോലെ തെറിച്ചുപോവുകയല്ലാതെ ആ ചർമ്മത്തിൽ മുറിവേല്പിക്കാൻ സമർത്ഥമായില്ല. ആ മഹിഷാസുരനെ ചരണംകൊണ്ടു വധിച്ച ശ്രീപാർവ്വതീദേവി ഹരിയുടേയും ഹരന്റെയും ചേഷ്ടകളെ പരിഹസിച്ചതുപോലെ തോന്നി. അപ്രകാരം ക്രോധത്തോടുകൂടി ചരണംകൊണ്ടു മഹിഷനെ നിഗ്രഹിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

൪൭. അർത്ഥം:—വക്ത്രേന്ദുബിംബം=മുഖമാകുന്ന ചന്ദ്രമണ്ഡലത്തെ. ചലദലകലസദ്ഭ്രൂലതാചാപഭങ്ഗം=ഇളകുന്ന കുറുനിരകളാൽ ലസിക്കുന്ന പുരികക്കൊടികളാകുന്ന വില്ലിന്റെ വളവോടുകൂടിയതായും. കോപാൽ=കോപത്താൽ. വ്യാലോലതാരം=ചലിക്കുന്ന കൃഷ്ണമിഴിയോടുകൂടിയതായും. സ്ഫുരദരുണരുചിസ്ഫാരപര്യന്തചക്ഷുഃ=ശോഭിക്കുന്ന അരുണവർണ്ണത്തോടുകൂടിയതും വിസ്താരമുള്ളതുമായ നയനങ്ങളുടെ പര്യന്തഭാഗങ്ങളോടുകൂടിയതായും. കൃത്വാ=ചെയ്തിട്ട്. മഹിഷിതവപുഷം=മഹിഷശരീരം ധരിച്ചവനായ. ദൈത്യം=അസുരനെ. സന്ധ്യാസേവാപരാദ്ധം=സന്ധ്യാസേവയാൽ അപരാധംചെയ്ത. ഭവം ഇവ=ശിവനെ എന്നപോലെ. വാമപാദാംബുജേന=ഇടത്തുപാദാംബുജത്താൽ. പുരതഃ=മുമ്പിൽ. ക്ഷിപ്രം=വേഗത്തിൽ. ക്ഷിപന്തീ = പ്രഹരിക്കുന്നവളായ. പാർവ്വതീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. പുനാതു=പരിശുദ്ധന്മാരാക്കട്ടെ.

സാരം—മഹിഷാസുരനെ കണ്ടു കോപം വർദ്ധിച്ച ശ്രീപാർവ്വതീദേവിയുടെ മുഖമാകുന്ന ചന്ദ്രമണ്ഡലത്തിലുള്ള പുരികക്കൊടികളാകുന്ന വില്ലു വളഞ്ഞു. കുറുനിരകൾ പുരികക്കൊടികൾക്കു വിലാസം വളർത്തി. കൃഷ്ണമിഴികൾ ചഞ്ചലങ്ങളായി. നയനങ്ങളുടെ പര്യന്തഭാഗങ്ങൾ അരുണവർണ്ണങ്ങളും വിസ്താരമുള്ളവയും ആയി. ആ സന്ദർഭത്തിൽ സന്ധ്യാദേവിയെ സ്നേഹിക്കുകനിമിത്തം അപരാധിയായിത്തീ

ഗങ്ഗാസമ്പർകദുഷ്യൽ കമലവനസമു-
ദ്ധൂതധൂളീവിചിത്രോ
വാഞ്ഛാസംപൂർണഭാവാദധികതരരസം
തൂർണമായാൻ സമീപം;
ക്ഷിപ്തഃ പാദേന ദൂരം വൃഷഗ ഇവ യയാ
വാമപാദാഭിലാഷീ
ദേവാരിഃ കൈതവാവിഷ്കൃതമഹിഷവപുഃ
സാവതാദംബികാ വഃ. ൭൩.

---

ൻ ശിവനെ എന്നപോലെ, മുൻഭാഗത്തുനിന്ന മഹിഷാസുരനെ ഇടത്തു ചരണാരവിന്ദംകൊണ്ടു വേഗത്തിൽ പ്രഹരിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ പരിശുദ്ധന്മാരാക്കിത്തീർക്കട്ടെ.

൭൩. അർത്ഥം:—ഗങ്ഗാസമ്പർകദുഷ്യൽ കമലവനസമുദ്ധൂതധൂളീവിചിത്രഃ=ഗങ്ഗയോടുകൂടിയുള്ള സമ്പർകത്താൽ ഉലഞ്ഞതായ കമലസമൂഹത്തിൽനിന്ന ചിതറിയ പൂമ്പൊടികൊണ്ടു നാനാവർണ്ണങ്ങൾ ധരിച്ചവനും. വാഞ്ഛാസംപൂർണ്ണഭാവാൽ=അധികമായ അഭിനിവേശംകൊണ്ട്. അധികതരരസം=വർദ്ധിച്ച രസത്തോടുകൂടി. തൂർണ്ണം=വേഗത്തിൽ. സമീപം=സമീപത്ത്. ആയാൻ=വരുന്നവനും. വാമപാദാഭിലാഷീ=ഇടതുകാലിനെ ആഗ്രഹിക്കുന്നവനും ആയ. കൈതവാവിഷ്കൃത മഹിഷവപുഃ ദേവാരിഃ=മഹിഷവേഷധാരിയായ അസുരൻ. വൃഷഗഃ ഇവ=വൃഷഭവാഹനനായ ശിവനെന്നപോലെ. യയാ=യാതൊരു ദേവിയാൽ. പാദേന=പാദത്താൽ. ദൂരം ക്ഷിപ്തഃ=ദൂരത്തു ക്ഷേപിക്കപ്പെട്ടുവോ. സാ അംബികാ=ആ ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവ്യാൽ=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ ഗങ്ഗാനദിയെ കലക്കിമറിച്ചപ്പോൾ അവിടത്തെ താമരക്കൂട്ടങ്ങൾ ഉലഞ്ഞു പൂമ്പൊടി പറന്ന് അവനെ ചിത്രവർണ്ണനാക്കിത്തീർത്തു. അവൻ വർദ്ധിച്ച യുദ്ധാഭിലാഷംകൊണ്ടു വലിയ രസത്തോടുകൂടി മുന്നോട്ടടുത്തു. അവൻ സംഘർഷണംചെയ്യാൻ ദേവിയുടെ ഇടതുകാലിനെ ആഗ്രഹിച്ചു. ദേവിയുടെ ഭർത്താവായ ശിവനും ഗങ്ഗാസമ്പർക്കത്താൽ ഉലഞ്ഞ കമലവനത്തിൽനിന്ന പറന്നുവീണ പരാഗംകൊണ്ടു നാനാവർണ്ണങ്ങൾ അണിയുകയും, അത്യന്തമായ അനുരാഗംകൊണ്ട് അധികതരമായ രസത്തോടുകൂടി വേഗം ദേവിയുടെ മുമ്പിൽ ആഗമിക്കയും, പ്രണാമംചെയ്തു പ്രസാദിപ്പിക്കാൻ

ഭദ്രേ! ഭ്രൂചാപമേതന്നമയസി ന വൃഥാ
 വിസ്ഫുരന്നേത്രബാണം
നാഹം കേലൌ രഹസ്യേ പ്രതിയുവതികൃത-
 ഖ്യാതിദോഷഃ പിനാകീ;
ദേവീ സോല്പ്രാസമേവം ധൃതമഹിഷതനും
 ദൃപ്തമന്തഃസകോപം
ദേവാരിം പാതു യുഷ്മാനതിപരുഷപദാ
 നിഘ്നതീ ഭദ്രകാലീ. ന്വ-

---

ദേവിയുടെ വാമ (ഇടത്തു) പാദത്തെ ആഗ്രഹിക്കയും ചെയ്തു. ശ്രീപാൎവ്വതീദേവി മഹിഷനെ പാദംകൊണ്ടു ദൂരത്തു തള്ളി. ഗംഗാസമ്പൎക്കം കൈക്കൊണ്ട ശിവൻ പ്രസാദിപ്പിക്കാൻ പ്രണാമംചെയ്തപ്പോൾ ആ ദേവി സ്വഭൎത്താവായ ആ ദേവനേയും പാദംകൊണ്ടു തൊഴിച്ചു് അപ്രകാരം ശിവനെ എന്നപോലെ മഹിഷനെ പാദംകൊണ്ടു തൊഴിച്ചു ദൂരത്തു തള്ളിയ ശ്രീപാൎവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ന്വ. അൎത്ഥം:—(ഹേ) ഭദ്രേ!=അല്ലയോ സുന്ദരി!. വിസ്ഫുരന്നേത്രബാണം=ഇളകുന്ന നേത്രങ്ങളാകുന്ന ബാണങ്ങളോടു കൂടിയ. ഏതൽ=ഈ. ഭ്രൂചാപം=പുരികമാകുന്ന വില്ലിനെ. വൃഥാ ന നമയസി=വ്യൎത്ഥമായി തന്നെ ഭവതി വളയ്ക്കുന്നു. അഹം=ഞാൻ. രഹസ്യേ=രഹസ്യത്തിലുള്ള. കേലൌ=കേളിയിൽ. പ്രതിയുവതികൃതഖ്യാതിദോഷഃ=സപത്നിയുടെ പേരു ഓൎമ്മിക്കാതെ പറഞ്ഞു് അപരാധംചെയ്യുന്ന. പിനാകീ ന=ശിവനല്ല. ഏവം=ഇപ്രകാരം. സോല്പ്രാസം=പരിഹാസവചനം പറഞ്ഞു്. ദൃപ്തം=ഗൎവ്വിഷ്ഠനായിത്തീൎന്നവനും. 'അന്തഃസകോപം=ഉള്ളിൽ കോപം വഹിച്ചവനും ആയ. ധൃതമഹിഷതനും ദേവാരിം=മഹിഷശരീരം ധരിച്ച അസുരനെ. അതിപരുഷപദാ=അത്യന്തം കഠിനമായ ചരണംകൊണ്ടു്. നിഘ്നതീ=നിഹനിക്കുന്നവളായ. ഭദ്രകാലീ=ഭദ്രകാളി. യുഷ്മാൻ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ ദേവിയെ നോക്കി പരിഹാസവചനം പൊഴിച്ചു. ഹേ സുന്ദരി! രഹസ്യകേളി ചെയ്യുന്ന സമയം ഭവതിയുടെ സപത്നിയായ ഗംഗയുടെ നാമം ഓൎമ്മിക്കാതെ ഉച്ചരിച്ചു ഭവതിയെ കുപിതയാക്കുന്ന ശിവനോടാണു ഭവതി കണ്ണുകളാകുന്ന ബാണങ്ങളോടുകൂടിയ പുരികങ്ങളാകുന്ന വില്ലിനെ വളയ്ക്കേണ്ടതു്. ഞാൻ ആ പിനാകി (ശിവൻ) അല്ലാത്തതുകൊണ്ടു് എന്റെ നേരെ ഭവതി അപ്രകാരം ചെയ്യുന്നതു വ്യൎത്ഥംതന്നെയാകുന്നു. ഇപ്രകാരം പരിഹസിച്ചു ഗൎവ്വിഷ്ഠനായവനും ഉള്ളിൽ കോപം നിറഞ്ഞവനുമായ മഹിഷാസുരനെ കഠോരമായ ചരണംകൊണ്ടു സംഹരിച്ച ഭദ്രകാളി നിങ്ങളെ രക്ഷിക്കട്ടെ.

അന്യോന്യാസങ്ഗഗാഢ വ്യതികരദലിത-
ഭ്രഷ്ടകാപാലമാലാം
സ്വാം ഭോഃ സന്ത്യജ്യ ശംഭൌ ഖുരപുടദലിത-
പ്രോല്ലസദ്ധൂലിപാണ്ഡുഃ;
ഭദ്രേ! ക്രീഡാഭിമർദ്ദീ തവ സവിധമഹം
കാമതഃ പ്രാപ്ത ഈശോ/
ഽത്രൈവം സോൽപ്രാസമവ്യാന്മഹിഷസുരരിപും
നിഘ്നതീ പാർവ്വതീ വഃ. ൯൦.

൯൦. അർത്ഥം—ഭോഃ=അല്ലയോ. ഭദ്രേ!=സുന്ദരി!. സ്വാം=എനിക്ക (മഹിഷന്റെ) അധീനമായ. അന്യോന്യാസങ്ഗ ഗാഢവ്യതികരദലിതഭ്രഷ്ടകാപാലമാലാം = അന്യോന്യാസങ്ഗത്താൽ (പരസ്പരമേളനത്താൽ) ഉണ്ടായ ഗാഢവ്യതികരംകൊണ്ടു (ഗാഢമായ സംഘട്ടനംകൊണ്ടു്) ദലിതവും (പിളൎന്നതും) ഭ്രഷ്ടവും (ഭ്രംശിച്ചതും) ആയ കാപാലമാലയെ (തലയോട്ടുകളുടെ മാലയെ). ശംഭൌ=ശിവനിൽ. സന്ത്യജ്യ=ഉപേക്ഷിച്ചിട്ടു്. ഖുരപുടദലിതപ്രോല്ലസദ്ധൂലിപാണ്ഡുഃ=കുളമ്പുകൾകൊണ്ടു പൊന്തപ്പെട്ട പൊടിപടലത്താൽ പാണ്ഡുവർണ്ണനും. ക്രീഡാഭിമർദ്ദീ=ക്രീഡയാൽ നേരിട്ട അഭിമർദ്ദത്തോടു (ഗാഢാലിംഗനത്തോടു് എന്നും യുദ്ധത്തോടു് എന്നും) കൂടിയവനും ആയ. അഹം=ഞാൻ (മഹിഷൻ). ഈശഃ=നാഥനായിട്ടു (ശിവനായിട്ടു്). തവ=ഭവതിയുടെ. സവിധം=സമീപത്തു്. അത്ര=ഇവിടെ. കാമതഃ=ഇച്ഛയനുസരിച്ചു്. പ്രാപ്തഃ=വന്നിരിക്കുന്നു. ഏവം=ഇപ്രകാരം. സോൽപ്രാസം=പരിഹാസം ചെയ്തു. മഹിഷസുരരിപും=മഹിഷാസുരനെ. നിഘ്നതീ=നിഹനിക്കുന്ന. പാർവ്വതീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവ്യാൽ=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ ദേവിയെ കണ്ടു പരിഹസിച്ചു. അല്ലയോ സുന്ദരി! യുദ്ധംചെയ്യുന്ന സമയം പിളൎന്നു ഭ്രംശിച്ച പലരുടേയും കപാലങ്ങൾകൊണ്ടു നിൎമ്മിച്ച കപാലമാലയെ ശിവനു നൽകീട്ടു കുളമ്പുകൊണ്ടു സംഭവിച്ച പൊടി അണിഞ്ഞു പാണ്ഡുവർണ്ണനായി ക്രീഡയോടുകൂടി യുദ്ധംചെയ്വാൻ ഉദ്യമിക്കുന്ന ഞാൻതന്നെയാണു് ഭവതിയുടെ അടുത്തു സ്വേച്ഛാനുസരണം സമാഗമിക്കുന്ന നാഥനായ ശിവൻ. ഇപ്രകാരം നിന്ദാവചനം ഉച്ചരിച്ച മഹിഷാസുരനെ സംഹരിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ജ്വാലാധാരാകരാലഃ ധ്വനിതകൃതഭയം
　　യം പ്രഭേത്തും ന ശക്തം
ചക്രം വിഷ്ണോർദൃഢാസ്രി പ്രതിവിഹതരയം
　　ദൈത്യമാലാവിനാശി;
ക്ഷുണ്ണസ്തസ്യാസ്ഥിസാരോ വിബുധരിപുപതേഃ
　　പാദപാതേന യസ്യാ
രുദ്രാണീ പാതു സാ വഃ പ്രശമിതസകലോ-
　　പപ്ലവാ നിർവ്വിഘ്നാതം　　　വ്യാ.

---

വ്യാ. അർത്ഥം:—ജ്വാലാധാരാകരാലം=ജ്വാലാധാരകളാൽ (ജ്വാലകളുടെ പരമ്പരകളാൽ) കരാലമായതും ഭയങ്കരമായതും). ധ്വനിതകൃതഭയം=ഗർജ്ജനത്താൽ ശത്രുക്കൾക്ക ഭീതിയുണ്ടാക്കുന്നതും. ദൃഢാസ്രി=ദൃഢമായ (ഉറപ്പേറിയ) അസ്രങ്ങൾ (കമ്പികൾ) ഉള്ളതും. ദൈത്യമാലാവിനാശി=അസുരസമൂഹത്തെ നശിപ്പിക്കുന്നതും ആയ. വിഷ്ണോഃ മഹാവിഷ്ണുവിന്റെ. ചക്രം=ചക്രായുധം. പ്രതിവിഹതരയം (സൽ)=പ്രതിവിഹതമായ (മഹിഷനാൽ ഭംഗപ്പെടുത്തപ്പെട്ട) രയത്തോടു (വേഗത്തോടു) കൂടിയതായിട്ടു്. യം=യാതൊരുത്തനെ (മഹിഷനെ). പ്രഭേത്തും=ഭേദിക്കുന്നതിനു്. ന ശക്തം=ശക്തമായില്ലയോ. തസ്യ=ആ. വിബുധരിപുപതേഃ = മഹിഷാസുരന്റെ. അസ്ഥിസാരഃ = അസ്ഥിസാരം. യസ്യാഃ=യാതൊരു ദേവിയുടെ. പാദപാതേന = പാദപ്രഹാരത്താൽ. ക്ഷുണ്ണഃ=പൊടിക്കപ്പെട്ടുവോ. പ്രശമിതസകലോപപ്ലവാ = ലോകത്തിനു നേരിട്ട സകല പീഡകളേയും ശമിപ്പിച്ചവളായ. സാ രുദ്രാണീ=ആ ശ്രീപാർവ്വതീദേവി. നിർവ്വിഘ്നാതം=നിർവ്വിഘ്നമായി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—മഹാവിഷ്ണുവിന്റെ ചക്രായുധം ജ്വാലാമാലകൾ പരത്തുന്നതും ശബ്ദത്താൽതന്നെ ശത്രുക്കൾക്ക ഭയമുളവാക്കുന്നതും ഉറപ്പുള്ള കമ്പികളോടുകൂടിയതും ദൈത്യസമൂഹത്തെ നശിപ്പിക്കുന്നതുമാകുന്ന ആ വിഷ്ണുചക്രം മഹിഷാസുരന്റെ അടുത്തു ചെന്നപ്പോൾ അതിന്റെ ശക്തിയും വേഗവും ഭംഗപ്പെട്ടുപോയി. അത്രയ്ക്കു ബലിഷ്ഠനായ മഹിഷാസുരന്റെ അസ്ഥിസാരത്തെ പാദപ്രഹാരത്താൽ പൊടിച്ചു് അവനെ സംഹരിച്ചവളും ലോകത്തിനുണ്ടായിരുന്ന പീഡകളെ ശമിപ്പിച്ചവളുമായ ശ്രീപാർവ്വതീദേവി യാതൊരു തടസ്സവും കൂടാതെ നിങ്ങളെ രക്ഷിക്കട്ടെ.

ഗാഢാവഷ്ടംഭപാദപ്രചുരഭരനമൽ-
പൂൎവ്വകായോൎദ്ധ്വഭാഗം
ദൈത്യം സംജാതശിക്ഷം ജനമഹിഷമിവ
ന്യക്കൃതാഗ്ര്യാങ്ഗഭാഗം;
ആരൂഢാ ശൂലപാണിഃ കൃതവിബുധഭയം
ഹന്തുകാമം സഗൎവ്വം
ദേയാദ്വശ്ചിന്തിതാനി ദ്രുതമഹിഷവധാ-
വാപ്തതുഷ്ടിൎഭവാനീ. ൯൪.

---

൯൪. അൎത്ഥം:—ഗാഢാവഷ്ടംഭപാദപ്രചുരഭരനമൽ പൂൎവ്വകായോൎദ്ധ്വഭാഗം=ഗാഢമായി വിക്ഷേപം ചെയ്യുന്ന പാദത്തിന്റെ വൎദ്ധിച്ച ഭാരത്താൽ കുനിയുന്ന ശരീരപൂൎവ്വഭാഗത്തിന്റെ ഉൎദ്ധ്വഭാഗത്തോടുകൂടിയവനും. ന്യക്കൃതാഗ്ര്യാങ്ഗഭാഗം=ന്യക്കൃതമായ (ദുൎബ്ബലമാക്കപ്പെട്ട) മുഖത്തോടുകൂടിയവനും. കൃതവിബുധഭയം = ദേവന്മാൎക്ക ഭയമുണ്ടാക്കിയവനും. ഹന്തുകാമം=വധിക്കാൻ ആഗ്രഹിക്കുന്നവനും. സഗൎവ്വം=ഗൎവ്വത്തോടുകൂടിയവനും ആയ. ദൈത്യം=അസുരനിൽ. സംജാതശിക്ഷം=ശിക്ഷിക്കപ്പെട്ട. ജനമഹിഷം ഇവ=സാധാരണ മഹിഷത്തിൽ എന്നപോലെ. ആരൂഢാ=ആരോഹണം ചെയ്തവളും. ശൂലപാണിഃ=പാണിയിൽ (കയ്യിൽ) ത്രിശൂലം വഹിച്ചവളും. ദ്രുതമഹിഷവധാവാപ്തതുഷ്ടിഃ =വേഗത്തിൽ ഉണ്ടായ മഹിഷവധംകൊണ്ട സന്തോഷിച്ചവളും ആയ. ഭവാനീ=ശ്രീപാൎവ്വതീദേവി. വഃ=നിങ്ങളുടെ. ചിന്തിതാനി= അഭീഷ്ടങ്ങളെ. ദേയാൽ=നൽകട്ടെ.

സാരം—ദേവന്മാൎക്ക ഭയം ഉണ്ടാക്കിയവനും വധിക്കാൻ ആഗ്രഹിച്ചവനും ഗൎവ്വം വഹിച്ചവനും ആയ മഹിഷാസുരന്റെ ശരീരത്തിൽ ശ്രീപാൎവ്വതീദേവി പാദവിക്ഷേപം ചെയ്തപ്പോൾ അവന്റെ ശരീരത്തിന്റെ പൂൎവ്വഭാഗം കുനിയുകയും മുഖം ബലഹീനമായിതീരുകയും ചെയ്തു. സാധാരണ ലോകത്തുള്ള പോത്തിനെ എന്നപോലെ ആ മഹിഷാസുരനെ ആരോഹണമാത്രംകൊണ്ട വേഗം വധിച്ച സന്തുഷ്ടിപൂണ്ടവളും ത്രിശൂലം വഹിച്ചവളും ആയ ശ്രീപാൎവ്വതീദേവി നിങ്ങളുടെ അഭീഷ്ടങ്ങളെ സാധിച്ചുതരട്ടെ.

ബ്രഹ്മാ യോഗൈകതാനോ വിരഹഭവഭയാ—
ദ്ധൂജ്ജടിഃ സ്ത്രീകൃതാത്മാ
വക്ഷഃ ശൌരേവ്വിശാലം പ്രണയകൃതപദാ
പദ്മവാസാധിശേതേ;
യുദ്ധക്ഷ്മാമേവമേതേ വിജഹതു ധിഗിമം
യസ്ത്യജത്യേഷ ശക്രോ
ദൃപ്തം ദൈത്യേന്ദ്രമേവം സുഖയതു സമദാ
നിഘ്നതീ പാവ്വതീ വഃ. വൃം

---

വൃം. അത്ഥം:—ബ്രഹ്മാ=ബ്രഹ്മാവു്. യോഗൈകതാനഃ=യോഗാഭ്യാസത്തിൽ ഏകാഗ്രതയുള്ളവനായിരിക്കുന്നു. വിരഹഭവഭയാൽ=വിരഹം സംഭവിച്ചേയ്ക്കുമോ എന്ന ഭയത്താൽ. ധൂർജ്ജടിഃ=ശിവൻ. സ്ത്രീകൃതാത്മാ=ശരീരാർദ്ധഭാഗത്തിൽ സ്ത്രീയെ (ഭാര്യയെ) വഹിച്ചുകൊണ്ടിരിക്കുന്നു. ശൌരേഃ=മഹാവിഷ്ണുവിന്റെ. വിശാലം=വിശാലമായ. വക്ഷഃ=വക്ഷസ്സിൽ. പ്രണയകൃതപദാ=പ്രണയംകൊണ്ടു സ്ഥാനം ഉറപ്പിച്ചവളായ. പദ്മവാസാ=ലക്ഷ്മീദേവി. അധിശേതേ=വാസമുറപ്പിച്ചിരിക്കുന്നു. ഏവം=ഇപ്രകാരം ഇരിക്കുന്നതുകൊണ്ടു്. ഏതേ=ഇവർ (ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ). യുദ്ധക്ഷ്മാം=യുദ്ധഭൂമിയെ. വിജഹതു=ഉപേക്ഷിച്ചുകൊള്ളട്ടെ. യഃ=യാതൊരു. ഏഷഃ ശക്രഃ = ഈ ദേവേന്ദ്രൻ. ത്യജതി=യുദ്ധഭൂമിയെ ഉപേക്ഷിക്കുന്നുവോ. ഇമംധിക്=അപ്രകാരം ഭയന്നവനായ ദേവേന്ദ്രനെ ഞാൻ നിന്ദിക്കുന്നു. ഏവം=ഇപ്രകാരം പറഞ്ഞു്. ദൃപ്തം=ഗർവ്വം വഹിക്കുന്നവനായ. ദൈത്യേന്ദ്രം=മഹിഷാസുരനെ. നിഘ്നതീ=നിഹനിക്കുന്നവളും. സമദാ=മദത്തോടുകൂടിയവളുമായ. പാർവ്വതീ=ശ്രീപാവ്വതീദേവി. വഃ=നിങ്ങളെ. സുഖയതു=സുഖിപ്പിക്കട്ടെ.

സാരം—മഹിഷാസുരൻ ദപ്പംകൊണ്ടു ദേവന്മാരെ അധിക്ഷേപിച്ചു. ബ്രഹ്മാവു എപ്പോഴും യോഗാഭ്യാസനിരതനായിരിക്കുന്നു. ശിവൻ വിരഹഭയംകൊണ്ടു ശരീരാർദ്ധഭാഗത്തിൽ ഭാര്യയെ വഹിച്ചുകൊണ്ടിരിക്കുന്നു. വിഷ്ണുവിന്റെ മാറിടത്തിൽ പ്രണയപരവശയായ മഹാലക്ഷ്മി എപ്പോഴും അധിവാസംചെയ്യുന്നു. അതുകൊണ്ടു് അവർ യുദ്ധഭൂമിയിൽനിന്നു മാറിനിന്നുകൊള്ളട്ടെ. എന്നാൽ ദേവേന്ദ്രൻ യുദ്ധരംഗത്തു വരാതെ ഒഴിഞ്ഞുനില്ക്കുന്നതു ശരിയല്ല. അപ്രകാരം ഒഴിഞ്ഞുമാറിനില്ക്കുന്ന ശക്രനെ ഞാൻ ഏററവും നിന്ദിക്കുന്നു. ഇപ്രകാരം നിന്ദാവചനങ്ങൾ പറഞ്ഞു ഗവിഷ്ഠനായ മഹിഷാസുരനെ നിഗ്രഹിച്ചവളും മദം വഹിക്കുന്നവളുമായ ശ്രീപാവ്വതീദേവി നിങ്ങളെ സുഖിപ്പിക്കട്ടെ.

ഏവം മുഗ്ദ്ധേ! കിലാസീഃ കരകമലരുചാ
മാ മുഹുഃ കേശപാശം
സോഽന്യസ്ത്രീണാം രതാദൌ കലഹസമുചിതോ
യഃ പ്രിയേ ദോഷലഗ്നേ;
വൈദഗ്ദ്ധ്യാദേവമന്തഃകലുഷിതവചനം
ദൃപ്തദേവാരിനാഥം
ദേവീ വഃ പാതു പാർഷ്ണ്യാ ദൃഢതനുമസുഭിർ-
മോചയന്തീ ഭവാനീ. വൃഥ.

---

വൃഥ. അർത്ഥം:—ഹേ മുഗ്ദ്ധേ=അല്ലയോ സുന്ദരീ! ഏവം=ഇപ്രകാരം. കരകമലരുചാ=കരകമലത്തിന്റെ കാന്തിയാൽ. കേശപാശം=പ്രശസ്തമായ കേശത്തെ. മുഹുഃ=കൂടെക്കൂടെ. മാ ആസീഃ=ക്ഷേപിക്കാതിരിക്കുക. അന്യസ്ത്രീണാം=അന്യസ്ത്രീകളുടെ. രതാദൌ=ക്രീഡാദിയിൽ. ദോഷലഗ്നേ=അപരാധിയായ. പ്രിയേ=ഭർത്താവിൽ. യഃ=യാതൊന്നു്. കലഹസമുചിതഃ=കലഹത്തിന്ന സമുചിതമാകുന്നുവോ. സഃ കില=അങ്ങനെ ഉള്ളതാണല്ലൊ കേശപാശം. ഏവം = ഇപ്രകാരം. വൈദഗ്ദ്ധ്യാൽ=സാമർത്ഥ്യത്തോടുകൂടി. അന്തഃകലുഷിതവചനം=മനസ്സിൽ കാലുഷ്യം വഹിച്ചുകൊണ്ടു അനുചിതമായി ഭാഷണംചെയ്യുന്നവനും. ദൃഢതനും=ഉറപ്പേറിയ ശരീരം ഉള്ളവനും ആയ. ദൃപ്തദേവാരിനാഥം=ദൃപ്തനായ മഹിഷാസുരനെ. പാർഷ്ണ്യാ=കുതികാലുകൊണ്ടു്. അസുഭിർമോചയന്തീ=പ്രാണവിമോചനം വന്നവനാക്കിച്ചെയ്യുന്ന. ഭവാനീദേവീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ കാലുഷ്യത്തോടുകൂടി ദേവിയെ നോക്കി; അധിക്ഷേപവചനം ഉച്ചരിച്ചു. ഹേ സുന്ദരി! അന്യസ്ത്രീകളുമായി ക്രീഡചെയ്തു് അപരാധിയായിത്തീരുന്ന ഭർത്താവിന്റെ നേരെ കാണിക്കേണ്ടതായ കേശപാശത്തെ കരകമലംകൊണ്ടു വിക്ഷേപംചെയ്യുക എന്ന ചേഷ്ട ഭവതി കൂടെക്കൂടെ എന്തിനു് ഇപ്പോൾ കാണിക്കുന്നു. എന്നു് അധിക്ഷേപമായി പറയുന്നവനും ദൃഢശരീരനും ദൃപ്തന്മാരായ അസുരന്മാരുടെ അധിപനുമായ മഹിഷനെ കുതികാലുകൊണ്ടു പ്രാണവിയോഗം വരുത്തിയ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ബാലോഽദ്യാപീശജന്മാ സമരമുഡുപഭൃത്
പാംസുലീലാവിലാസീ
നാഗാസ്യഃ ശാതദന്തഃ സ്വതനുകരമദാദ്
വിഹ്വലഃ സോഽപി ശാന്തഃ;
ധിഗ് യാസി ക്വേതി ദൃപ്തം മുദിതതനുമദം
ദാനവം സസ്ഫുടോക്തം
പായാദ് വഃ ശൈലപുത്രീ മഹിഷതനുഭൃതം
നിഘ്നതീ വാമപാർഷ്ണ്യാ. വൃ.

---

വൃ. അൎത്ഥം :—സമരം (പ്രതി)=യുദ്ധം സംബന്ധിച്ച്. ഈശജന്മാ=ശിവപുത്രനായ സുബ്രഹ്മണ്യൻ. അദ്യ അപി=ഇപ്പോഴും. ബാലഃ=ബാലനാകുന്നു. ഉഡുപഭൃത്=ചന്ദ്രശേഖരനായ ശിവൻ. പാംസുലീലാവിലാസീ=ഭസ്മലേപനലീലയിൽ ആസക്തനാകുന്നു. നാഗാസ്യഃ അപി=ഗണപതിയും. ശാതദന്തഃ=മുറിഞ്ഞ കൊമ്പുള്ളവനും. സ്വതനുകരമദാൽ=തന്റെ ചെറിയ തുമ്പിക്കൈയ്യിലുള്ള മദംകൊണ്ട്. വിഹ്വലഃ=പരവശനും. ശാന്തഃ=ശാന്തനുമാകുന്നു. ക്വ യാസി=ഹേ പാൎവ്വതി! ഭവതി ഇപ്പോൾ എവിടെ പോകുന്നു. ധിക്=ഭവതിയെ ഞാൻ നിന്ദിക്കുന്നു. ഇതി=ഇപ്രകാരം. സസ്ഫുടോക്തം=പ്രകടമായ ഉക്തിയോടു കൂടിയവനും. ദൃപ്തം=ദൃപ്തനും. മുദിതതനുമദം=മുദിതമായ (രോമാഞ്ചം പ്രാപിച്ചതായ.) തനുവിൽ (ശരീരത്തിൽ) മുത്ത് (മോദം) വഹിക്കുന്നവനും. മഹിഷതനുഭൃതം=മഹിഷശരീരം ധരിച്ചവനും ആയ. ദാനവം=അസുരനെ. വാമപാൎഷ്ണ്യാ=ഇടത്തു കുതികാലുകൊണ്ട്. നിഘ്നതീ=നിഹനിക്കുന്നവളായ. ശൈലപുത്രി=ശ്രീപാൎവ്വതീദേവി. വഃ=നിങ്ങളെ. പായാൽ=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ സ്പഷ്ടമായി ആക്ഷേപവചനങ്ങൾ ചൊരിഞ്ഞു. സുബ്രഹ്മണ്യൻ യുദ്ധവിഷയത്തിൽ ഇന്നും ബാലനാകുന്നു. ശിവൻ എപ്പോഴും ഭസ്മലേപനംചെയ്തു വിഹരിക്കുന്നതിൽ ആസക്തനാകുന്നു. ഗണപതിയാണെങ്കിൽ കൊമ്പൊടിഞ്ഞവനും ചെറിയ തുമ്പിക്കയ്യിലുണ്ടായ മദംകൊണ്ടു പരവശനും ശാന്തനും ആകുന്നു. ഹേ പാൎവ്വതി! ഭവതി എങ്ങോട്ടാണു പോകുന്നത്. ഭവതിയെ ഞാൻ നിന്ദിക്കുന്നു. ഇപ്രകാരം അധിക്ഷേപവചനം പറഞ്ഞവനും രോമാഞ്ചമണിഞ്ഞ ശരീരത്തിൽ സുഖം വഹിച്ചവനും ദൃപ്തനും മഹിഷശരീരനുമായ അസുരനെ ഇടത്തു കുതികാലുകൊണ്ടു സംഹരിച്ച ശ്രീപാൎവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

മൂർധ്നഃ ശൂലം മമൈതദ് വിഫലമഭിമുഖം
  ശംകരോൽഖാതശൂലം
സങ്ഗ്രാമാദ് ദൂരമേതദ്ധൃതമരി ഹരിണാ
  മന്മനഃ കഷ്തീവ;
ഗർവാദേവം ക്ഷിപന്തം വിബുധജനവിഭ്രൻ
  ദൈത്യസേനാധിനാഥം
ശർവാണീ പാതു യുഷ്മാൻ പദഭരദലനാൽ
  പ്രാണതോ ദൂരയന്തീ. വൃന്ദം

---

വൃന്ദം. അർത്ഥം:—ശംകരോൽഖാതശൂലം=ശിവനാൽ പ്രയോഗിക്കപ്പെട്ട ശൂലായുധം. അഭിമുഖം=എനിക്കു് അഭിമുഖമായി വരികയും. വിഫലം=വിഫലമായി തീരുകയും ചെയ്തു. ഏതൽ=ഈ സംഭവം. മമ=എനിക്കു്. മൂർധ്നഃ ശൂലം=ശിരസ്സിനു വ്യഥയുണ്ടാക്കുന്നു. ഹരിണാ=വിഷ്ണുവാൽ. ഏതൽ അരി=ഈ ചക്രായുധം. സങ്ഗ്രാമാൽ=യുദ്ധഭൂമിയിൽനിന്നു്. ദൂരം ധൃതം=ദൂരത്തിൽ മാററപ്പെട്ടതായി. മന്മനഃ=എന്റെ മനസ്സിനെ. കഷ്തി ഇവ=വേദനിപ്പിക്കുന്നു. ഏവം=ഇപ്രകാരം. വിബുധജനവിഭ്രൻ=ദേവപ്രധാനന്മാരെ. ഗർവാൽ = ഗർവ്വംകൊണ്ടു്. ക്ഷിപന്തം=ആക്ഷേപിക്കുന്ന. ദൈത്യസേനാധിനാഥം=മഹിഷാസുരനെ. പദഭരദലനാൽ = പാദഭരംകൊണ്ടുള്ള മർദ്ദനത്താൽ. പ്രാണതഃ ദൂരയന്തീ=പ്രാണവിയോഗം വന്നവനാക്കിച്ചെയ്യുന്ന. ശർവാണീ=ശ്രീപാർവ്വതീദേവി. യുഷ്മാൻ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരൻ ദേവന്മാരെ പരിഹസിച്ചു. ശിവൻ പ്രയോഗിച്ച ശൂലായുധം വിഫലമായതു വിചാരിച്ചു് എനിക്കു തലവേദന ഉണ്ടാകുന്നു. വിഷ്ണുവിന്റെ ചക്രം യുദ്ധഭൂമിയിൽനിന്നു ദൂരത്തിൽ മാററപ്പെട്ടതു വിചാരിച്ചു്, എന്റെ മനസ്സു വ്യഥിക്കുന്നു. ഇപ്രകാരം ഗർവംകൊണ്ടു ധിക്കാരമായി അധിക്ഷേപിച്ച മഹിഷാസുരനെ പാദംകൊണ്ടു മർദ്ദിച്ചു ഗതപ്രാണനാക്കിയ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ഭ്രാമ്യദ്ധാമൌവ്ദാഹ ക്ഷുഭിതജലചര-
വ്യസ്തവീചീൻ സകമ്പാൻ
കൃത്വൈവാവാശു പ്രസന്നാൻ പുനരപി ജലധീൻ
മന്ദരക്ഷോഭഭാജഃ;
ദർപാദായാന്തമേവ ശ്രുതിപുടപരുഷം
നാദമത്യുദ്‌ഗിരന്തം.
കന്യാഭദ്രഃ പാതു യുഷ്മാംശ്ചരണഭരനതം
പിംഷതീ ദൈത്യനാഥം. വൃര്.

---

വൃര്. അത്ഥം:— ഭ്രാമ്യദ്ധാമൌർവ്വദാഹ ക്ഷുഭിതജലചര വ്യസ്തവീചീൻ=ചുഴന്നു് ഉജ്ജ്വലിക്കുന്ന ബഡവാനലന്റെ ചൂടുകൊണ്ടു ക്ഷോഭിച്ചു ജലജന്തുക്കളാൽ പ്രകടമായ തിരമാലകളോടുകൂടിയവയും. പ്രസന്നാൻ=നിർമ്മലങ്ങളും ആയ. ജലധീൻ=സമുദ്രങ്ങളെ. പുനഃഅപി=വീണ്ടും. മന്ദരക്ഷോഭഭാജഃ=മന്ദരപർവ്വതംകൊണ്ടുള്ള ക്ഷോഭം പ്രാപിച്ചവയായും (കലങ്ങിയവയായും). സകമ്പാൻ = ഇളക്കമുള്ളവയായും. ആശു ഏവ=വേഗത്തിൽതന്നെ കൃത്വാ=ചെയ്തിട്ടു്. ദർപാൽ=ഗർവ്വംകൊണ്ടു്. ശ്രുതിപുടപരുഷം=കർണ്ണകഠോരമായ. നാദം=ശബ്ദം. അത്യുദ്ഗിരന്തം=പുറപ്പെടുവിക്കുന്നവനും. ആയാന്തം=അഭിമുഖമായി വരുന്നവനും ആയ. ദൈത്യനാഥം=അസുരാധിപനായ മഹിഷനെ. ചരണഭരനതം ഏവ=പാദഭരംകൊണ്ടു നതനാക്കീട്ടുതന്നെ. പിംഷതീ=പേഷണം ചെയ്യുന്നവളായ (പൊടിക്കുന്നവളായ). ഭദ്രഃ കന്യാ=ശ്രീപാർവ്വതീദേവി. യുഷ്മാൻ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—സമുദ്രജലത്തിൽ നാലുപാടും ഉജ്ജ്വലിക്കുന്ന ബഡവാഗ്നിയുടെ ചൂടുതട്ടി ഇളകി മറിയുന്ന ജലജന്തുക്കൾനിമിത്തം സംഭവിച്ച തിരമാലകളോടു കൂടിയവയും നിർമ്മലങ്ങളും ആയ സമുദ്രങ്ങളിൽ പർവ്വതാകാരനായ മഹിഷാസുരൻ പ്രവേശിച്ചപ്പോൾ മന്ദരപർവ്വതംനിമിത്തം മുമ്പു സംഭവിച്ചതുപോലെ വലിയ ക്ഷോഭം ഉണ്ടാവുകയും ആ സമുദ്രങ്ങൾ കലങ്ങിയ ജലം നിറഞ്ഞവയായിത്തീരുകയും ചെയ്തു. അപ്രകാരം സമുദ്രങ്ങളെ (സപ്തസമുദ്രങ്ങളെ) കലക്കി മറിച്ചിട്ടു ഗർവ്വത്തോടുകൂടി കർണ്ണകഠോരമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു മഹിഷാസുരൻ യുദ്ധത്തിനായി ശ്രീപാവ്തീദേവിയുടെ സമീപത്തു വന്നു. അങ്ങനെ വരുമ്പോൾതന്നെ ആ മഹിഷനെ പാദംകൊണ്ടു ചവിട്ടി അമർത്തി നമിപ്പിച്ചു പൊടിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ. ।

മൈനാമിന്ദോഽഭിനൈഷീഃ ശ്രിതപൃഥുശിഖരാം
ശൃങ്ഗയുഗ്മസ്യ പാർശ്വം
യുദ്ധക്ഷ്മായാം തനും സ്വാം രതിമദവിലസൽ-
സ്ത്രീകടാക്ഷക്ഷമേയം;
ഭാനോ! കിം വീക്ഷിതേന ക്ഷിതിമഹിഷതനൌ
ത്വം ഹി സംന്യസ്തപാദോ
ദർപ്പാദേവം ഹസന്തം വ്യസുമസുരമുമാ
കുർവ്വതീ ത്രായതാം വഃ. വൃ൫.

---

വൃ൫. അർത്ഥം:—ഹേ ഇന്ദോ!=അല്ലയോ ചന്ദ്ര! ശ്രിതപൃഥുശിഖരാം=പർവ്വതശിഖരത്തെ ആശ്രയിച്ചതായ. ഏനാം=ഈ. സ്വാംതനും=സ്വശരീരത്തെ. ശൃങ്ഗയുഗ്മസ്യ=എൻെറ രണ്ടു കൊമ്പുകളുടെ. പാർശ്വം=സമീപത്തു്. മാ അഭിനൈഷീഃ=അഭിമുഖമായി കൊണ്ടുവരാതിരിക്കുക. ഇയം=ഈ അങ്ങയുടെ ശരീരം. രതിമദവിലസൽസ്ത്രീകടാക്ഷക്ഷമാ=രതിമദംകൊണ്ടു വിലസിക്കുന്ന സ്ത്രീകളുടെ കടാക്ഷങ്ങൾക്കു മാത്രം ക്ഷമം (സമർത്ഥം) ആകുന്നു. ഹേ ഭാനോ! അല്ലയോ സൂര്യ! വീക്ഷിതേന കിം=വീക്ഷിച്ചതുകൊണ്ടു് എന്തു പ്രയോജനം. ത്വം ഹി=അങ്ങാകട്ടെ ക്ഷിതിമഹിഷതനൌ=ഭൂമിയിലുള്ള സാധാരണ മഹിഷങ്ങളുടെ ശരീരത്തിൽ. സംന്യസ്തപാദഃ=പാദന്യാസം ചെയ്യുന്നവനാകുന്നു. ഏവം=ഇപ്രകാരം. യുദ്ധക്ഷ്മായാം=യുദ്ധഭൂമിയിൽവച്ചു്. ദർപ്പാൽ=ഗർവ്വംകൊണ്ടു്. ഹസന്തം=പരിഹസിക്കുന്ന. അസുരം=മഹിഷാസുരനെ. വ്യസും=പ്രാണരഹിതനാക്കി. കുർവ്വതീ=ചെയ്യുന്നവളായ. ഉമാ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. ത്രായതാം=രക്ഷിക്കട്ടെ.

സാരം—യുദ്ധഭൂമിയിൽവച്ചു മഹിഷാസുരൻ ഗർവ്വംകൊണ്ടു പരിഹാസവചനം പൊഴിച്ചു. ഹേ ചന്ദ്ര! അങ്ങയുടെ ശരീരം പർവ്വതശിഖരത്തെ ആശ്രയിച്ചു കഴിയുന്നതും ക്രീഡാമദംകൊണ്ടു വിലസിക്കുന്ന സ്ത്രീകളുടെ കടാക്ഷങ്ങൾക്കു മാത്രം ക്ഷമവും ആകുന്നു. അങ്ങനെയുള്ള അങ്ങയുടെ ശരീരത്തെ എൻെറ രണ്ടു കൊമ്പുകളുടെ സമീപത്തു് അഭിമുഖമായി കൊണ്ടുവരാതിരിക്കുക. അപ്രകാരം കൊണ്ടുവന്നാൽ എൻെറ കൊമ്പുകൾകൊണ്ടു് അങ്ങയുടെ ശരീരം പൊടിഞ്ഞുപോകാനിടയാകും. ഹേ സൂര്യ!—അങ്ങു ഭൂമിയിലുള്ള പ്രാകൃതമഹിഷങ്ങളുടെ ശരീരങ്ങളിൽ പാദന്യാസം ചെയ്യുന്നവനാണല്ലൊ. ഞാൻ അപ്രകാരമായ മഹിഷമല്ല. അതുകൊണ്ടു് അങ്ങു് എന്നെ നോക്കുന്നതുകൊണ്ടു പ്രയോജനമില്ല. ഇപ്രകാരം പരിഹാസവചനം പൊഴിച്ചവനായ മഹിഷാസുരനെ സംഹരിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

സങ്ഗ്രാമാൽത്രസ്തമേതം ത്യജ നിജമഹിഷം
ലോകജീവേശ! മൃത്യോ!
സ്ഥാതും ശൂലാഗ്രഭൂമൗ ഗതഭയമജയം
മത്തമേതം ഗൃഹാണ;
ദൈത്യേ പാദേന യസ്യാ ശ്ഛലമഹിഷതനൗ
പ്രാപിതേ ദീർഘനിദ്രാം
ഭാവോൽപത്തൗ ജയൈവം ഹസതി പിതൃപതിം
സാംബികാ വഃ പുനാതു. വൃന്ദം

---

വൃന്ദ. അൎത്ഥം:—യസ്യാഃ=യാതൊരു ദേവിയുടെ. പാദേന=പാദംകൊണ്ടു്. ഛലമഹിഷതനൗ=വ്യാജമായി മഹിഷശരീരം ധരിച്ചുവനായ. ദൈത്യേ=അസുരൻ. ദീർഘനിദ്രാം=മരണത്തെ. പ്രാപിതേ (സതി)=പ്രാപിപ്പിക്കപ്പെട്ടപ്പോൾ. ഭാവോൽപത്തൗ (സത്യാം)=ലോകത്തിനു സത്ത (സ്വാസ്ഥ്യം) ഉണ്ടായ സമയം. ജയാ=ദേവിയുടെ പരിജനമായ ജയ. ഹേ ലോകജീവേശ!=ലോകത്തിലുള്ള ജീവന്റെ ഒക്കെ നാഥനായ—മൃത്യോ!=യമ!. സങ്ഗ്രാമാൽ=യുദ്ധത്തിൽനിന്നു്. ത്രസ്തം=ഭയന്നതായ. ഏതം നിജമഹിഷം=ഈ സ്വവാഹനമായ മഹിഷത്തെ. ത്യജ=ത്യജിക്കുക. ശൂലാഗ്രഭൂമൗ=ത്രിശൂലത്തിന്റെ മുമ്പിൽ. സ്ഥാതും=നിൽക്കുന്നതിനു്. ഗതഭയം=ഭയമില്ലാത്തതും. അജയം=ആരാലും ജയിക്കപ്പെടാൻ സാദ്ധ്യമല്ലാത്തതും. മത്തം=മദിച്ചതും ആയ. ഏതം=ഈ മഹിഷാസുരനാകുന്ന മഹിഷത്തെ. ഗൃഹാണ=എടുത്തുകൊള്ളുക. ഏവം=ഇപ്രകാരം. പിതൃപതിം=യമനെ. ഹസതി=പരിഹസിക്കുന്നുവോ. സാ അംബികാ=ആ ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. പുനാതു=പരിശുദ്ധന്മാരാക്കിത്തീർക്കട്ടെ.

സാരം—ശ്രീപാർവ്വതീദേവി പാദപ്രഹാരംകൊണ്ടു മഹിഷാസുരനെ വധിച്ചു. ലോകത്തിനു സ്വാസ്ഥ്യത സിദ്ധിച്ചു. അപ്പോൾ ദേവിയുടെ പരിജനങ്ങളിൽ ഒരുവളായ ജയ യമനോടു പരിഹാസമായി പറഞ്ഞു. ജീവജാലങ്ങളുടെ ഈശനായ ഹേ യമ! യുദ്ധത്തിൽനിന്നു ഭയന്നു് ഓടുന്ന അങ്ങയുടെ വാഹനമായ ഈ പോത്തിനെ അങ്ങു് പരിത്യജിക്കുക. ദേവിയുടെ ത്രിശൂലത്തിന്റെ മുമ്പിൽ നിൽക്കാൻ ഭയമില്ലാത്തവനും ആരാലും ജയിക്കപ്പെടാൻ സാദ്ധ്യമല്ലാത്തവനും മദിച്ചവനും ആയ ഈ മഹിഷനെ അങ്ങു് എടുത്തുകൊള്ളുക. ഇപ്രകാരം ധൈര്യമായി ജയ പരിഹസിക്കത്തക്ക വിധത്തിൽ മഹിഷാസുരനെ വധിച്ചു ലോകത്തിനു സ്വാസ്ഥ്യത വരുത്തിയ ശ്രീപാർവ്വതീദേവി നിങ്ങളെ പരിശുദ്ധന്മാരാക്കിത്തീർക്കട്ടെ.

ശ്രുത്വൈതൽ കർമ്മ ഭാവാദനിഭൃതരഭസം
സ്ഥാണുനാഭ്യേത്യ ദൂരാ-
ദാശ്ലിഷ്ടാ ബാഹുപ്രസാരം ശ്വസിതഭരചല
ത്താരകാ ധൂതഹസ്താ;
ദൈത്യേ ഗീർവ്വാണശത്രൗ ഭുവനസുഖമുഷി
പ്രേഷിതേ പ്രേതകാഷ്ഠാം
ഗൌരീ വോ/വ്യാന്മിലത്സു ത്രിദിവിഷു തമലം
ലജ്ജയാ വാരയന്തീ. വ്യാ॰

---

വ്യാ॰ അർത്ഥം:—ഭുവനസുഖമുഷി=ലോകത്തിന്റെ സുഖത്തെ നശിപ്പിച്ചവനും. ഗീർവ്വാണശത്രൗ=ദേവശത്രുവും ആയ. ദൈത്യേ=അസുരൻ (മഹിഷൻ). പ്രേതകാഷ്ഠാം=യമപുരത്തിലേക്കു്. പ്രേഷിതേ (സതി)=അയക്കപ്പെട്ടപ്പോൾ. ഏതൽ കർമ്മ=ഈ പ്രവൃത്തിയെ (മഹിഷവധരൂപമായ കർമ്മത്തെ). ശ്രുത്വാ=കേട്ടിട്ടു്. ഭാവാൽ=സന്തോഷംകൊണ്ടു്. അനിഭൃതരഭസം=അധികമായ സംരഭത്തോടുകൂടി. ദൂരാൽ=ദൂരത്തുനിന്നു്. അഭ്യേത്യ=അടുത്തുചെന്നിട്ടു്. ബാഹുപ്രസാരം=ബാഹുക്കളെ പ്രസരിപ്പിച്ചുകൊണ്ടു്. സ്ഥാണുനാ=ശിവനാൽ. ശ്ലിഷ്ടാ=ആശ്ലേഷിക്കപ്പെട്ടവളും. ധൂതഹസ്താ=ശിവന്റെ ഹസ്തങ്ങളെ തട്ടുകുന്നവളും. ശ്വസിതഭരചലത്താരകാ=ശ്വാസത്തിന്റെ ആധിക്യത്താൽ ഇളകുന്ന കൃഷ്ണമിഴികളോടുകൂടിയവളും. ത്രിദിവിഷു=ദേവന്മാർ. മിലത്സു (സത്സു)=വന്നുകൂടിയപ്പോൾ. ലജ്ജയാ=ലജ്ജകൊണ്ടു. തം=ആ ശിവനെ. അലം=അധികമായി. വാരയന്തീ=നിവാരണം (തട്ടത്തുനിറുത്തുക) ചെയ്യുന്നവളും ആയ. ഗൌരീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവ്യാൽ=രക്ഷിക്കട്ടെ.

സാരം—ലോകത്തിനു വലിയ പീഡ ഉണ്ടാക്കിക്കൊണ്ടിരുന്ന. ദേവശത്രുവായ മഹിഷാസുരനെ ശ്രീപാർവ്വതീദേവി വധിച്ചപ്പോൾ ആ സംഭവം കേട്ടു സന്തുഷ്ടനായ ശിവൻ ദൂരത്തുനിന്നു വളരെ വേഗത്തിൽ സമീപത്തുചെന്നു ബാഹുക്കൾ നീട്ടി ദേവിയെ ആശ്ലേഷിച്ചു. ദേവി ശിവന്റെ ഹസ്തങ്ങളെ പിടിച്ചു മാററാൻ ശ്രമിച്ചു. ശ്വാസത്തിന്റെ ആധിക്യത്താൽ ദേവിയുടെ കൃഷ്ണമിഴികൾ ചലിച്ചു. ആ സന്ദർഭത്തിൽ ദേവന്മാർ വന്നുകൂടി. ദേവി വളരെ ലജ്ജിച്ചു ശിവനെ മാററിനിറുത്താൻ പണിപ്പെട്ടു. അപ്രകാരം സന്തുഷ്ടയായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ഭദ്രേ! സ്ഥാണുസ്ത്വദങ്ഘ്രിഃ ക്ഷതമഹിഷരണ-
വ്യാജകണ്ഡൂതിരേഷ
ത്രൈലോക്യക്ഷേമദാതാ ഭുവനഭയഹരഃ
ശംകരോഽതോ ഹരോഽപി;
ദേവാനാം നായികേ! ത്വദ്ഗുണകൃതവചനോഽ-
തോ മഹാദേവ ഏഷ
കേലാവേവം സ്മരാരിർഹസതി രിപുവധേ
യാം ശിവാ പാതു സാ വഃ. വൃവൃ.

---

വൃവൃ. **അർത്ഥം:**—ഹേ ഭദ്രേ!=അല്ലയോ മംഗളസ്വരൂപിണി! ഹേ ദേവാനാം നായികേ!=അല്ലയോ ദേവന്മാരുടെ നായികേ!. ക്ഷതമഹിഷരണവ്യാജകണ്ഡൂതിഃ=രണമെന്ന (യുദ്ധമെന്ന) വ്യാജത്തോടുകൂടിയ മഹിഷൻെറ കണ്ഡൂതിയെ (ചൊറിച്ചിലിനെ) ശമിപ്പിച്ചതായ. ഏഷഃ=ഈ. തവ അങ്ഘ്രിഃ=ഭവതിയുടെ ചരണംതന്നെയാണ്. സ്ഥാണുഃ=സ്തംഭം (ശിവൻ എന്നും) ആയിരിക്കുന്നതു്. ഏഷഃ=ഈ ഭവതിയുടെ ചരണം തന്നെ. ത്രൈലോക്യക്ഷേമദാതാ=മൂന്നുലോകത്തിനും ക്ഷേമം ഉണ്ടാക്കുന്നതും. ഭുവനഭയഹരഃ=ഭുവനത്തിൻെറ ഭയത്തെ ശമിപ്പിക്കുന്നതും. ശംകരഃ=സുഖത്തെ ഉണ്ടാക്കുന്നതും ആകുന്നു. അതഃ=അതുകൊണ്ടു്. ഹരഃ അപി=ഹരനും ആയിവിളങ്ങുന്നു. മഹാദേവഃ=മഹാദേവൻ. ത്വദ്ഗുണകൃതവചനഃ=ഭവതിയുടെ മാഹാത്മ്യത്താൽ മഹാദേവൻ എന്ന പേരു സിദ്ധിച്ചവനാകുന്നു. അതഃ=അതുകൊണ്ടു്. ഏഷഃ=ഈ ഭവതിയുടെ ചരണംതന്നെ. മഹാദേവഃ=മഹാദേവൻ ആയിവിളങ്ങുന്നു. ഏവം=ഇപ്രകാരം. സ്മരാരിഃ=ശിവൻ. രിപുവധേ=ശത്രുവായമഹിഷാസുരനെ ദേവി വധിച്ചപ്പോൾ. കേലൌ=ക്രീഡാസമയത്തിൽ. യാം=യാതൊരു ദേവിയെ. ഹസതി=പരിഹസിക്കുന്നുവോ. സാ ശിവാ=ആ പാർവ്വതീദേവി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

**സാരം:**—ശ്രീപാർവ്വതിദേവി മഹിഷാസുരനെ വധിച്ചപ്പോൾ ശിവൻ കേളീസമയത്തു ഇപ്രകാരം പരിഹസിച്ചു. ഹേ ഭദ്രേ! ദേവന്മാരുടെ അധീശ്വരി! ഭവതിയുടെ ഈ ചരണം തന്നെയാണു സ്ഥാണു എന്നപേരിനു അർഹത വഹിക്കുന്നതു്. എന്തെന്നാൽ മഹിഷൻ യുദ്ധം എന്ന വ്യാജത്താൽ ചൊറിച്ചിൽ ശമിപ്പിച്ചതു ഭവതിയുടെ ചരണത്തിൽ ആകുന്നു. സ്ഥാണുവിൽ (സ്തംഭത്തിൽ) ആണല്ലൊ പോത്തു ചൊറിച്ചിൽ ശമിപ്പിക്കുന്നതു്. ത്രൈലോക്യത്തിനും ക്ഷേമം ഉണ്ടാക്കുന്നതും ഭുവനഭയം ശമിപ്പിക്കുന്നതും സുഖത്തെ നൽകുന്നതുമായ ഭവതിയുടെ ചരണംതന്നെ

ഖഡ്ഗഃ കൃഷ്ണസ്യ നൂനം രഹിതഗുണഗതിർ-
നന്ദകാഖ്യാം പ്രയാതഃ
ശത്രോർഭങ്ഗേന വാമസ്തവ മുദിതസുരോ
നന്ദകസ്ത്വേഷ പാദഃ;
ഭാവാദേവം ജയായാം നതികൃതി നിതരാം
സന്നിധൌ ദേവതാനാം
സവ്രീഡാ ഭദ്രകാലീ ഹതരിപുരവതാദ്
വീക്ഷിതാ ശംഭുനാ വഃ. വ്യൻ.

---

ആകുന്നു ശംകരൻ എന്നും ഹരൻ എന്നും ഉള്ള സംജ്ഞെയ്ക്കു യോഗ്യമായിട്ടുള്ളതു്. ഭവതിയുടെ മഹത്വം നിമിത്തമാണു് മഹാദേവൻ എന്ന നാമം എനിക്കു (ശിവനു) സിദ്ധിച്ചതു്. വാസ്തവത്തിൽ ഭവതിയുടെ പാദമാണു മഹാദേവസംജ്ഞെയ്ക്കു യോഗ്യമായിരിക്കുന്നതു്. അതുകൊണ്ടു ഇനിമേൽ സദാ ശംകരൻ ഹരൻ മഹാദേവൻ എന്നുള്ള നാമങ്ങളും ഭവതിയുടെ ചരണംതന്നെയാണു വഹിക്കേണ്ടതു്. ഇപ്രകാരം ശിവനാൽ പരിഹസിക്കപ്പെട്ട ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

വ്യൻ. അർത്ഥം :—രഹിതഗുണഗതിഃ = നന്ദകത്വരൂപമായ ഗുണം (ആനന്ദിപ്പിക്കുക എന്ന സ്വഭാവം) ഇല്ലാത്ത. കൃഷ്ണസ്യ=വിഷ്ണുവിന്റെ. ഖഡ്ഗഃ=ഖഡ്ഗം (വാളു്). നന്ദകാഖ്യാം=നന്ദകം എന്ന പേരിനെ പ്രയാതഃ നൂനം=പ്രാപിച്ചിരിക്കുന്നുവല്ലോ. തു=എന്നാൽ. ശത്രോഃ=ശത്രുവായ മഹിഷാസുരന്റെ. ഭങ്ഗേന=വധത്താൽ. മുദിതസുരഃ=ദേവന്മാരെ സന്തോഷിപ്പിച്ചതായ. തവ=ഭവതിയുടെ. ഏഷഃ=ഈ. വാമഃപാദഃ=ഇടത്തുകാലുതന്നെയാണു്. നന്ദകഃ=നന്ദകമായിട്ടുള്ളതു് (ആനന്ദിപ്പിക്കുന്നതു്). ഏവം=ഇപ്രകാരം. ജയായാം=ദേവീപരിജനമായ ജയ. ഭാവാൽ=ഭക്തിയോടുകൂടി. ദേവതാനാം=ദേവന്മാരുടെ. സന്നിധൌ=സന്നിധിയിൽവച്ചു്. നിതരാം=അത്യന്തം. നതികൃതി (സത്യാം)=സ്തോത്രം ചെയ്തപ്പോൾ. സവ്രീഡാ=വ്രീഡയെ (ലജ്ജയെ) പ്രാപിച്ചവളും. ശംഭുനാ=ശിവനാൽ. വീക്ഷിതാ=വീക്ഷിക്കപ്പെട്ടവളും. ഹതരിപുഃ=ശത്രുവായ മഹിഷാസുരനെ വധിച്ചവളും ആയ. ഭദ്രകാലീ=ഭദ്രകാളി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം—മഹിഷാസുരനെ വധിച്ച ഭദ്രകാളിയെ ജയ ദേവന്മാരുടെ മുമ്പിൽവച്ചു ഭക്തിയോടുകൂടി അധികമായി സ്തുതിച്ചു. ഹേ ശ്രീപാർവ്വതീദേവി! ആൎക്കും ആനന്ദം ജനിപ്പിക്കാത്തതായ വിഷ്ണുവിന്റെ ഖഡ്ഗം

ഏകേനൈവോദ്ഗമേന പ്രവിലയമസുരം
പ്രാപയാമീതി പാദോ
യസ്യാഃ കാന്ത്യാ നഖാനാം ഹസതി സുരരിപും
ഹന്തുമുദ്യൻ സഗർവ്വം;
വിഷ്ണോസ്ത്രിഃ പാദപദ്മം ബലിനിയമവിധാ-
വുദ്ധൃതം കൈതവേന
ക്ഷിപ്രം സാ വോ രിപൂണാം വിതരതു വിപദം
പാർവ്വതീ ക്ഷുണ്ണശത്രുഃ. ൩൦.

---

നാമകം എന്ന പേരുവഹിക്കുന്നതു വ്യർത്ഥമാകുന്നു. എന്നാൽ ശത്രുവായ മഹിഷാസുരനെ വധിച്ചു ദേവന്മാർക്കു സന്തോഷം വരുത്തിയ ഭഗവതിയുടെ ഇടതുകാലാണു യഥാർത്ഥത്തിൽ നാമകം എന്ന പേരിനു അർഹമായിട്ടുള്ളതു്. ഇപ്രകാരം ജയ സ്തുതിച്ചപ്പോൾ ലജ്ജ പ്രാപിച്ചവളും ശിവനാൽ വീക്ഷിക്കപ്പെട്ടവളും ശത്രുവിനെ സംഹരിച്ചവളും ആയ ഭദ്രകാളി നിങ്ങളെ രക്ഷിക്കട്ടെ.

൩൦. അർത്ഥം:—(അഹം=ഞാൻ) ഏകേന=ഒരു, ഉദ്ഗമേന ഏവ=ഉദ്ഗമം കൊണ്ടുതന്നെ. അസുരം=മഹിഷാസുരനെ. പ്രവിലയം=നാശത്തെ. പ്രാപയാമി=പ്രാപിപ്പിക്കുന്നു. വിഷ്ണോഃ=വിഷ്ണുവിൻെറ. പാദപദ്മം=ചരണകമലം. ബലിനിയമവിധൌ=മഹാബലിയെ ബന്ധിക്കുന്ന വിഷയത്തിൽ. കൈതവേന=വ്യാജത്താൽ. ത്രിഃ=മൂന്നു പ്രാവശ്യം. ഉദ്ധൃതം=ഉയർത്തപ്പെട്ടു. ഇതി=ഇപ്രകാരം. സുരരിപും=ദേവശത്രുവായ മഹിഷാസുരനെ. ഹന്തും=വധിക്കുന്നതിനു്. സഗർവ്വം = ഗർവ്വത്തോടുകൂടി. ഉദ്യൻ=ഉയർന്നതായ. യസ്യാഃ=യാതൊരു ദേവിയുടെ. പാദഃ=പാദം. നഖാനാം=നഖങ്ങളുടെ. കാന്ത്യാ=കാന്തിയാൽ. ഹസതി=പരിഹസിക്കുന്നുവോ. ക്ഷുണ്ണശത്രുഃ=ശത്രുവായ മഹിഷാസുരനെ വധിച്ചവളായ. സാ പാർവ്വതീ=ആ ശ്രീപാർവ്വതീദേവി. വഃ=നിങ്ങളുടെ. രിപൂണാം=ശത്രുക്കൾക്കു്. ക്ഷിപ്രം=വേഗത്തിൽ. വിപദം=വിപത്തിനെ. വിതരതു=നൽകട്ടെ.

സാരം—ദേവശത്രുവായ മഹിഷാസുരനെ വധിക്കാൻ ഗർവ്വത്തോടുകൂടി ഉയർന്നതായ ദേവിയുടെ പാദം നഖങ്ങളുടെ കാന്തിയാൽ ഇപ്രകാരം പരിഹസിച്ചു. ഞാൻ (ദേവിയുടെ പാദം) ഒരു പ്രാവശ്യമുള്ള ഉദ്ഗമനംകൊണ്ടു മഹിഷാസുരനെ നശിപ്പിക്കുന്നു. മഹാബലിയെ ബന്ധിക്കാൻ വിഷ്ണുവിൻെറ പാദപദ്മം മൂന്നുപ്രാവശ്യം വ്യാജത്താൽ ഉദ്ഗമി

ഗങ്ഗാ മൌലൌ വിലഗ്നാ യുവതിരപി വിഭോ!
തേ ശരീരാർദ്ധലീനാ
ഹാസ്യം പ്രാഗേവ ലബ്ധം സുരജനസമിതൌ
ദുഷ്കൃതേന ത്വയൈവം;
ജാതാ ഭൂയോഽപി ലജ്ജാ രണത ഇയമലം
ഹാസ്യതാ ശൂലഭർത്തർ-
ദർപ്പാദേവം ഹസന്തം ഭവമസുരമുമാ
നിഘ്നതീ ത്രായതാം വഃ. ൯൮.

---

ച്ചു. ഇപ്രകാരം യാതൊരു ദേവിയുടെ പാദം നഖകാന്തിയാൽ പരിഹസിച്ചുവോ ആ പാർവ്വതീദേവി നിങ്ങളുടെ ശത്രുക്കൾക്കു വേഗം വിപത്തു വരുത്തട്ടെ.

൯൮. അർത്ഥം:—ഹേ ശൂലഭർത്തഃ=അല്ലയോ ശൂലം വഹിക്കുന്ന. വിഭോ=വിഭുവായ ശിവ! തേ=അങ്ങയുടെ. മൌലൌ=ശിരസ്സിൽ. ഗങ്ഗാ=ഗങ്ഗ. വിലഗ്നാ=ഒളിഞ്ഞിരിക്കുന്നു. യുവതിഃ അപി=യുവതിയായ പാർവ്വതിയും. ശരീരാർദ്ധലീനാ=ശരീരത്തിന്റെ അർദ്ധഭാഗത്തു ലീനയായിരിക്കുന്നു. ഏവം=ഇപ്രകാരമായ. ദുഷ്കൃതേന=ദുഷ്പ്രവൃത്തികൊണ്ടു്. ത്വയാ=അങ്ങയാൽ. സുരജനസമിതൌ=ദേവന്മാരുടെ സഭയിൽ. ഹാസ്യം=ഹാസ്യത. പ്രാക് ഏവ=മുമ്പേതന്നെ. ലബ്ധം=ലഭിക്കപ്പെട്ടു. ഭൂയഃ അപി=വീണ്ടും. രണതഃ=യുദ്ധത്തിൽനിന്നു്. ഇയം ലജ്ജാ =ഈ ലജ്ജ (യുദ്ധത്തിൽനിന്നു പേടിച്ചോടിയതുകൊണ്ടുണ്ടായ ലജ്ജ). ജാതാ=സംഭവിച്ചിരിക്കുന്നു. അലംഹാസ്യതാ=അങ്ങേയ്ക്കു പരിപൂർണ്ണമായ ഹാസ്യത നേരിട്ടുകഴിഞ്ഞു. ഏവം=ഇപ്രകാരം. ദർപ്പാൽ=അഹംകാരംകൊണ്ടു്. ഭവം=ശിവനെ. ഹസന്തം=പരിഹസിക്കുന്ന. അസുരം=മഹിഷാസുരനെ. നിഘ്നതീ=വധിക്കുന്നവളായ. ഉമാ=ശ്രീപാർവ്വതിദേവി. വഃ=നിങ്ങളെ. ത്രായതാം=രക്ഷിക്കട്ടെ.

സാരം:—മഹിഷാസുരൻ ശിവനെ പരിഹസിച്ചു. ഹേ ത്രിശൂലധാരിയായ ശിവ! അങ്ങു ശിരസ്സിൽ ഗങ്ഗയേയും ശരീരാർദ്ധഭാഗത്തിൽ പാർവ്വതിയേയും വഹിക്കുക നിമിത്തം ദേവസഭയിൽവച്ചു് അങ്ങേയ്ക്കു പരിഹാസ്യത മുമ്പുതന്നെ സംഭവിച്ചു. ഇപ്പോൾ യുദ്ധരംഗത്തുനിന്നു പേടിച്ചോടിയതുകൊണ്ടു നേരിട്ട ലജ്ജയാൽ വീണ്ടും പരിപൂർണ്ണമായ ഹാസ്യത സംഭവിച്ചിരിക്കുന്നു. ഇപ്രകാരം ശിവനെ പരിഹസിച്ചവനായ മഹിഷാസുരനെ നിഗ്രഹിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

സ്ഥാണൌ കണ്ഡൂവിനോദോ നദതി ദിനകൃത-
 സ്തേജസാ താപിതം നോ
തോയസ്ഥാനേ ന ചാപ്തം സുഖമധികതരം
 ഗാഹനേനാങ്ഗജാതം;
ശൂന്യായാം യുദ്ധഭൂമൌ വദതി ഹി ധിഗിദം
 മാഹിഷം രൂപമേവം
രുദ്രാണ്യാരോപിതോ വഃ സുഖയതു മഹിഷേ
 പ്രാണഹൃൽ പാദപദ്മഃ. ൯൨.

൯൨. അൎത്ഥം:—സ്ഥാണൌ=സ്ഥാണുവിൽ (സ്തംഭത്തിൽ എന്നും ശിവനിൽ എന്നും) കണ്ഡൂവിനോദഃ=ചൊറിച്ചിൽ തീൎക്കാനുള്ള ഘൎഷണം. നദതി= ആ സ്ഥാണുവിനെ പിഴുതുകളയുന്നതാണു്. നഃ=നമ്മുടെ (മഹിഷന്റെ). അങ്ഗജാതം=അവയവങ്ങൾ. ദിനകൃതഃ=സൂൎയ്യന്റെ. തേജസാ=തേജസ്സുകൊണ്ടു്. താപിതം=തപിപ്പിക്കപ്പെട്ടതാണെങ്കിലും. തോയസ്ഥാനേ=ജലാശയത്തിൽ (വരുണാലയത്തിൽ). ഗാഹനേന=ഗാഹനംകൊണ്ടു് (നിമജ്ജനംകൊണ്ടു്). അധികതരം=കൂടുതലായ. സുഖം=ആനന്ദം. ന ആപ്തം ച=പ്രാപിക്കപ്പെട്ടും ഇല്ല. മാഹിഷം=മഹിഷസംബന്ധിയായ. ഇദം=ഈ. രൂപം ഹി=സ്വരൂപത്തെ ആകട്ടെ. (ശരീരത്തെ ആകട്ടെ). ധിക്=ഞാൻ നിന്ദിക്കുന്നു. ഏവം=ഇപ്രകാരം. ശൂന്യായാം=ദേവന്മാരൊക്കെ പേടിച്ചോടിയതുകൊണ്ടു ശൂന്യമായിത്തീൎന്ന. യുദ്ധഭൂമൌ=യുദ്ധഭൂമിയിൽവച്ചു്. വദതി=പറയുന്നവനായ. മഹിഷേ=മഹിഷനിൽ. രുദ്രാണ്യാ=ശ്രീപാൎവ്വതീദേവിയാൽ. ആരോപിതഃ=വയ്ക്കപ്പെട്ടതും. പ്രാണഹൃൽ=മഹിഷന്റെ പ്രാണങ്ങളെ അപഹരിച്ചതും ആയ. പാദപദ്മഃ=പാദപദ്മം. വഃ=നിങ്ങളെ. സുഖയതു= ആനന്ദിപ്പിക്കട്ടെ.

സാരം:—മഹിഷാസുരനെ പേടിച്ചു ദേവന്മാരൊക്കെ ഓടിമറഞ്ഞതുകൊണ്ടു യുദ്ധഭൂമി ശൂന്യമായിത്തീൎന്നു. അപ്പോൾ ദർപ്പംകൊണ്ടു മഹിഷാസുരൻ പറഞ്ഞു. ഞാൻ സ്ഥാണുവിൽ (ശിവനിൽ എന്നും തൂണിൽ എന്നും) കണ്ഡൂതി (ചൊറിച്ചിൽ) ശമിപ്പിക്കാൻ തുടങ്ങിയാൽ ആ സ്ഥാണുവിനു ഹാനിസംഭവിക്കുന്നു. സൂൎയ്യതേജസ്സുകൊണ്ടു തപ്തമായ എന്റെ ശരീരത്തെ ജലാശയത്തിൽ നനച്ചു് അധികമായ സുഖം നേടാമെന്നു വിചാരിച്ചാൽ ഭീതികൊണ്ടു് വരുണൻ ഓടിമറഞ്ഞതുനിമിത്തം അതിനും സാദ്ധ്യമാകുന്നില്ല. അതുകൊണ്ടു് എന്റെ ഈ മഹിഷസംബന്ധിയായ ശരീരത്തെത്തന്നെ ഞാൻ വെറുക്കുന്നു. ഇപ്രകാരം പറയുന്ന മഹിഷനിൽ ശ്രീപാൎവ്വതീദേവിയാൽ നിക്ഷേപിക്കപ്പെട്ടതും അവന്റെ പ്രാണങ്ങളെ സംഹരിച്ചതുമായ പാദകമലം നിങ്ങളെ സുഖിപ്പിക്കട്ടെ.

പിംഷഞ്ശൈലേന്ദ്രകല്പംമഹിഷമതിഗുരു-
ഭഗ്നഗീൎവ്വാണഗൎവ്വം
ശംഭോൎജ്ജാതോ ലഘീയാഞ്ഛ്രമരഹിതവപുർ-
ദ്ദൂരമഭ്യൂഹ്യപാതഃ;
വാമോ ദേവാരിപൃഷ്ഠേ കനകഗിരിസദാം
ക്ഷേമകാരോऽങ്ഘ്രിപദ്മോ
യസ്യാ ദുൎവ്വാര ഏവം വിവിധഗുണഗതിഃ
സാവതാദംബികാ വഃ. ൯൩.

൯൩. അൎത്ഥം:—യസ്യാഃ=യാതൊരുദേവിയുടെ. അങ്ഘ്രിപദ്മഃ=പാദകമലം. ഭഗ്നഗീൎവ്വാണഗൎവ്വം=ദേവന്മാരുടെ ഗൎവ്വത്തെ ശമിപ്പിച്ചവനും. ശൈലേന്ദ്രകല്പം=വലിയ പൎവ്വതത്തിനു തുല്യനും ആയ. മഹിഷം=മഹിഷനെ. പിംഷൻ=പൊടിക്കുന്നതായിട്ട്. അതിഗുരുഃ=ഏററവും ഗുരുവാണെങ്കിലും. ശംഭോഃ=ശിവന്. ലഘീയാൻ=ഏററവും ലഘുവായി. ജാതഃ=ഭവിച്ചു. ശ്രമരഹിതവപുഃ=ശ്രമം ഇല്ലാത്ത ശരീരത്തോടുകൂടിയതും. ദൂരം അഭ്യൂഹ്യപാതഃ=ദൂരദേശത്തു നിപതിക്കുന്നതും. ദേവാരിപൃഷ്ഠേ=ദേവശത്രുവായ മഹിഷന്റെ ശരീരത്തിൽ. ദുൎവ്വാരഃ=തടുക്കപ്പെടാൻ സാദ്ധ്യമല്ലാത്തതും. വാമഃ=പ്രതികൂലമായതും. കനകഗിരിസദാം=ദേവന്മാൎക്ക്. ക്ഷേമകാരഃ=ക്ഷേമത്തെ ചെയ്യുന്നതും ആയി ഭവിക്കുന്നു. ഏവം=ഇപ്രകാരം. വിവിധഗുണഗതിഃ=വിവിധ ഗുണങ്ങൾ ഉള്ളതായി വിളങ്ങുന്നവോ. സാ അംബികാ=ആ ശ്രീപാൎവ്വതീദേവി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം—ശ്രീപാൎവ്വതീദേവിയുടെ പാദകമലം വിവിധസ്വഭാവം ഉള്ളതായി വിളങ്ങി. ദേവന്മാരുടെ ഗൎവ്വത്തെ ശമിപ്പിച്ചവനും പൎവ്വതേന്ദ്രതുല്യനുമായ മഹിഷാസുരനെ പൊടിക്കുമ്പോൾ അതിഗുരുവായി തീൎന്നു. ശിവനു വളരെ ലഘുവായും വിളങ്ങി. തീരെ തളൎച്ച വഹിക്കാത്തതും ദൂരത്തു നിപതിക്കുന്നതും ആയി ഭവിച്ചു. അതിഗുരുവായ വസ്തുവിനു തളൎച്ച സംഭവിക്കും. ദൂരത്തു നിപതിക്കാൻ ആ വസ്തുവിനു സാധിക്കയില്ല. എന്നാൽ ദേവിയുടെ പാദകമലം അതിഗുരു ആയിരുന്നിട്ടും വ്യത്യസ്തമായ സ്വഭാവം വഹിക്കുകതന്നെ ചെയ്തു. മഹിഷപൃഷ്ഠത്തിൽ ദുൎവ്വാരവും പ്രതികൂലമായിരുന്ന ആ ദേവിയുടെ പാദകമലം ദേവന്മാൎക്കു ക്ഷേമത്തെ ഉണ്ടാക്കുന്നതായി വിളങ്ങി. ഇപ്രകാരം യാതൊരു ദേവിയുടെ പാദകമലം വിവിധസ്വഭാവമുള്ളതായി വിളങ്ങിയോ ആ ശ്രീപാൎവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

മാർഗം ശീതാംശുഭാജാം സരഭസമലഘ്വം
ഹന്തുമുദ്യൻ സുരാരിം
നേത്രൈരുദ്വൃത്തതാരൈഃ സചകിതമസുരൈ-
രുന്മുഖൈർവ്വീക്ഷ്യമാണഃ;
യസ്യാ വാമോ മഹീയാൻ മുദിതസുരമനാഃ
പ്രാണഹൃൽ പാദപദ്മഃ
പ്രാപ്തസ്തന്മൂർദ്ധസീമാം സുഖയതു ഭവതഃ
സാ ഭവാനീ ഹതാരിഃ. ൯൮.

---

൯൮. അർത്ഥം:—സരഭസം=സംഭ്രമത്തോടു കൂടിയവനും. അലഘ്വം=വലിയ ശരീരം വഹിക്കുന്നവനും ആയ. സുരാരിം=അസുരനെ. ഹന്തും=വധിക്കുന്നതിന്. ശീതാംശുഭാജാം=നക്ഷത്രങ്ങളുടെ. മാർഗം=മാർഗത്തിൽ. (ആകാശത്തിൽ). ഉദ്യൻ=ഉയന്നതും. ഉദ്വൃത്തതാരൈഃ=വൎത്തുളമായ കൃഷ്ണമിഴിയോടുകൂടിയ. നേത്രൈഃ=നയനങ്ങളാൽ. ഉന്മുഖൈഃ=ഉയന്ന മുഖത്തോടുകൂടിയ. അസുരൈഃ=അസുരന്മാരാൽ. സചകിതം=ഭയത്തോടുകൂടി. വീക്ഷ്യമാണഃ=വീക്ഷിക്കപ്പെടുന്നതും. പ്രാണഹൃൽ=മഹിഷന്റെ പ്രാണങ്ങളെ അപഹരിക്കുന്നതും. മഹീയാൻ=ഏറ്റവും മഹത്തും ആയ. യസ്യാഃ=യാതൊരു ദേവിയുടെ. വാമഃ പാദപദ്മഃ=ഇടത്തെ പാദകമലം. തന്മൂർദ്ധസീമാം=അവന്റെ (മഹിഷന്റെ) ശിരസ്സിന്റെ സീമവരെ. പ്രാപ്തഃ=ഗമിച്ചുവോ. ഹതാരിഃ=ശത്രുവായ മഹിഷാസുരനെ വധിച്ചവളും. മുദിതസുരമനാഃ=ദേവന്മാരുടെ മനസ്സിനെ സന്തോഷിപ്പിച്ചവളും ആയ. സാ ഭവാനീ=ആ ശ്രീപാർവ്വതീദേവി. ഭവതഃ=നിങ്ങളെ. സുഖയതു=ആനന്ദിപ്പിക്കട്ടെ.

സാരം—ആകാശത്ത് ഉയന്ന നക്ഷത്രമാർഗ്ഗംവരെ വ്യാപിച്ച ശരീരത്തോടു കൂടിയവനും സംഭ്രമം വഹിക്കുന്നവനുമായ മഹിഷന്റെ ശിരസ്സിൽ പ്രഹരിക്കാൻ ശ്രീപാർവ്വതീദേവി തന്റെ വാമമായ പാദകമലം ഉയൎത്തി. അപ്പോൾ അസുരന്മാർ ചുറ്റുമായി നിന്നു കൃഷ്ണമിഴിയോടു കൂടിയ നയനങ്ങളാൽ ഭയത്തോടുകൂടി മുഖം ഉയൎത്തി ആ ദേവിയുടെ പാദകമലത്തെ വീക്ഷിച്ചു. ആ പാദകമലം മഹിഷന്റെ ശിരസ്സിന്റെ സീമയിൽ ചെന്ന് അവന്റെ പ്രാണങ്ങളെ അപഹരിച്ചു. അപ്രകാരം വാമപാദകമലംകൊണ്ടു മഹിഷാസുരനെ സംഹരിച്ചു ദേവന്മാൎക്കു മോദം വളൎത്തിയ ശ്രീപാർവ്വതീദേവി നിങ്ങളെ ആനന്ദിപ്പിക്കട്ടെ.

മൂർദ്ധന്യാഘാതഭഗ്നേ മിഷമഹിഷതനോഃ
സന്നനിശ്ശബ്ദകണ്ഠഃ
ശോണാബ്ജാതാമ്രകാന്തി പ്രതതഘനബൃഹൻ-
മണ്ഡലേ പാദപത്മേ;
യസ്യാ ലേഭേ സുരാരിർമധുരസനിഭൃത-
ദ്വാദശാർദ്ധാങ്ഘ്രിലീലാം
ശർവ്വാണീ പാതു സാ വസ്ത്രിഭുവനഭയഹൃൽ
സ്വർഗിഭിഃ സ്തൂയമാനാ. ൯൭.

---

൯൭. അൎത്ഥം:—ശോണാബ്ജാതാമ്രകാന്തി പ്രതതഘനബൃഹന്മണ്ഡലേ=ചുവന്ന താമരപോലെ താമ്രവർണം ഉള്ളതും, വിസ്താരമേറിയതും നിബിഡവും ബൃഹത്തുമായ മണ്ഡലത്തോടുകൂടിയതുമായ. യസ്യാഃ പാദപത്മേ=യാതൊരു ദേവിയുടെ ചരണകമലത്തിൽ. മൂർദ്ധ്നി=ശിരസ്സ്. ആഘാതഭഗ്നേ (സതി)=ദേവിയുടെ പാദപ്രഹാരത്താൽ ഭഗ്നമായപ്പോൾ. സന്നനിശ്ശബ്ദകണ്ഠഃ=ക്ഷീണിച്ചതും നിശ്ശബ്ദവും ആയ കണ്ഠത്തോടുകൂടിയവനായ. മിഷമഹിഷതനുഃ സുരരിപുഃ=കപടമഹിഷരൂപനായ അസുരൻ. മധുരസനിഭൃതദ്വാദശാർദ്ധാങ്ഘ്രിലീലാം=മധുരസത്തിൽ ലയിച്ചു നിശ്ചലമായ ഷട്പദത്തിന്റെ ലീലയെ. ലേഭേ=ലഭിച്ചവനായി ഭവിച്ചുവോ. ത്രിഭുവനഭയഹൃൽ=മൂന്നു ലോകങ്ങളുടേയും ഭയത്തെ ശമിപ്പിച്ചവളും. സ്വർഗിഭിഃ=ദേവന്മാരാൽ. സ്തൂയമാനാ=സ്തുതിക്കപ്പെടുന്നവളും ആയ. സാ ശർവ്വാണീ=ആ ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം—ശ്രീപാർവ്വതീദേവി മഹിഷന്റെ ശിരസ്സിൽ പാദംകൊണ്ടു പ്രഹരിച്ചപ്പോൾ അവന്റെ തല പൊടിയുകയും, കണ്ഠം ക്ഷീണിക്കയും ശബ്ദമില്ലാത്തതായി തീരുകയും ചെയ്തു. ചെന്താമരയ്ക്കു തുല്യമായി താമ്രവർണ്ണമായതും, വിസ്തൃതവും നിബിഡവും ബൃഹത്തും ആയ മണ്ഡലത്തോടുകൂടിയതുമായ ദേവിയുടെ പാദപത്മത്തിൽ ആ മഹിഷാസുരൻ തേൻകുടിക്കാനുള്ള രസത്താൽ നിശ്ചലമായി തീൎന്ന വണ്ടിന്റെ ലീലയെ (സാദൃശ്യത്തെ) വഹിച്ചു. അപ്രകാരം മഹിഷനെ വധിച്ചു ത്രൈലോക്യത്തിന്റെ ഭയം ശമിപ്പിച്ച ദേവിയെ ദേവന്മാർ സ്തുതിച്ചു. ആ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

പാദോൽക്ഷേപാദ് വ്രജദ്ഭിർന്നഖകിരണശതൈർ-
ഭ്രൂഷിതശ്ചന്ദ്രഗൌരൈർ-
മ്മൂർദ്ധാഗ്രേ ചാപതദ്ഭിശ്ചരണതലഗതൈ-
രംശുഭിഃ ശോണശോഭഃ;
സന്ന്യസ്താലീനരത്നപ്രവിരചിതകരൈ-
ശ്ചർച്ചിതഃ ക്ഷിപ്തകായൈ-
ര്യസ്യാം ദേവൈഃ പ്രണീതോ ഹവിരിവ മഹിഷഃ
സാവതാദംബികാ വഃ. ൯൬

---

൯൬. അർത്ഥം:—പാദോൽക്ഷേപാൽ=പാദങ്ങളെ ഉൽക്ഷേപിച്ചുകൊണ്ട്. വ്രജദ്ഭിഃ=സഞ്ചരിക്കുന്ന ദേവന്മാരാൽ. ചന്ദ്രഗൌരൈഃ=ചന്ദ്രനു തുല്യം ഗൌരമായ (ധവളമായ). നഖകിരണശതൈഃ=നഖങ്ങളുടെ കിരണസമൂഹങ്ങളാൽ. ഭ്രൂഷിതഃ=അലങ്കരിക്കപ്പെട്ടവനും. മൂർദ്ധാഗ്രേ=മഹിഷന്റെ ശിരസ്സിന്റെ അഗ്രത്തിൽ. ആപതദ്ഭിഃ=ആഗമിക്കുന്ന ദേവന്മാരാൽ. ചരണതലഗതൈഃ=പാദതലഗതങ്ങളായ. അംശുഭിഃ=കാന്തികളാൽ. ശോണശോഭഃ=ചുവപ്പുനിറം കലന്നവനും. സന്ന്യസ്താലീനരത്നപ്രവിരചിതകരൈഃ = ദേവകിരീടങ്ങളിൽ പതിച്ച രത്നങ്ങളുടെ രശ്മികളാൽ. ചർച്ചിതഃ=മിശ്രിതനും ആയ. മഹിഷഃ=മഹിഷൻ. ക്ഷിപ്തകായൈഃ = നിലത്തുവീണു സാഷ്ടാംഗപ്രണാമം ചെയ്യുന്നവരായ. ദേവൈഃ=ദേവന്മാരാൽ. യസ്യാഃ=യാതൊരു ദേവിക്ക്. ഹവിഃ ഇവ=ഹവിസ്സുപോലെ. പ്രണീതഃ = ചെയ്യപ്പെട്ടുവോ. സാ അംബികാ=ആ ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം—ശ്രീപാർവ്വതീദേവിയാൽ വധിക്കപ്പെട്ട മഹിഷാസുരന്റെ ശരീരം ദേവന്മാരുടെ നഖകിരണങ്ങളാൽ ധവളവർണ്ണവും, പാദതലശോഭയാൽ രക്തവർണ്ണവും, കിരീടസംബന്ധങ്ങളായ രത്നങ്ങളുടെ ശോഭയാൽ വിവിധവർണ്ണവും ആയിത്തീൎന്നു. അതുകൊണ്ടു ദേവിയുടെ മുമ്പിൽ സാഷ്ടാംഗമായി പ്രണമിക്കുന്ന ദേവന്മാരാൽ സമൎപ്പിക്കപ്പെട്ട ഹവിസ്സുപോലെ മഹിഷൻ കാണപ്പെട്ടു. അപ്രകാരം മഹിഷാസുരനെ നിഗ്രഹിച്ച ദേവന്മാരാൽ പ്രണമിക്കപ്പെട്ടവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

ക്വായം തീക്ഷ്ണാഗ്രധാരാശതനിശിതവപു-
ർവ്വജ്രരൂപഃ സുരാരിഃ
പാദശ്ചായം സരോജദ്യുതിരനതിഗുരു-
ര്യോഷിതഃ ക്വേതി ദേവ്യാഃ;
ധ്യായം ധ്യായം സ്തുതോ യഃ സുരരിപുമഥനേ
വിസ്മയാബദ്ധചിത്തൈഃ
പാർവ്വത്യാഃ സോഽവതാദ് വസ്ത്രീഭുവനഗുരുഭിഃ
സാദരം വന്ദ്യമാനഃ. ൯൭.

---

൯൭ അർത്ഥം :—തീക്ഷ്ണാഗ്രധാരാശതനിശിതവപുഃ = തീക്ഷ്ണങ്ങളും ഉഗ്രങ്ങളും ആയ ധാരകളുടെ (ഗതിവിശേഷങ്ങളുടെ) ശതത്താൽ (സമൂഹത്താൽ) നിശിതമായ (കഠോരമായ) വപുസ്സോടു (ശരീരത്തോടു) കൂടിയവനും. വജ്രരൂപഃ=വജ്രരൂപനും ആയ. അയം=ഈ. സുരാരിഃ=അസുരൻ (മഹിഷൻ). ക്വ=എവിടെ. സരോജദ്യുതിഃ=സരോജതുല്യവും. അനതിഗുരുഃ=മൃദുലവും ആയ. യോഷിതഃ=സ്ത്രീയായ. ദേവ്യാഃ=ദേവിയുടെ. അയം=ഈ. പാദഃ ച=പാദവും. ക്വ=എവിടെ. ഇതി=ഇപ്രകാരം. വിസ്മയാബദ്ധചിത്തൈഃ=മനസ്സിൽ വിസ്മയം നിറഞ്ഞവരായ ത്രിഭുവനഗുരുഭിഃ=ത്രിഭുവനഗുരുക്കന്മാരായ ബ്രഹ്മാദിദേവന്മാരാൽ. സുരരിപുമഥനേ=ദേവശത്രുവായ മഹിഷനെ ദേവി സംഹരിച്ചപ്പോൾ. ധ്യായം ധ്യായം=ധ്യാനിച്ചു ധ്യാനിച്ചു്. യഃ=യാതൊരു ദേവിയുടെ പാദം. സ്തുതഃ=സ്തുതിക്കപ്പെടുകയും. സാദരം=ആദരവോടുകൂടി വന്ദ്യമാനഃ= വന്ദിക്കപ്പെടുകയും ചെയ്തുവോ. സഃ=ആ. പാർവത്യാഃ=ശ്രീപാർവ്വതീദേവിയുടെ. പാദഃ=പാദം. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം:—ശ്രീപാർവ്വതീദേവി മഹിഷാസുരനെ വധിച്ചപ്പോൾ ബ്രഹ്മാദികളായ ദേവന്മാർ വളരെ ആശ്ചര്യമുള്ളവരായിത്തീൎന്നു. തീക്ഷ്ണങ്ങളും ഉഗ്രങ്ങളുമായ ഗതിവിശേഷങ്ങളോടുകൂടിയവനും വജ്രതുല്യനുമായ മഹിഷാസുരൻ എവിടെ. സരോജതുല്യവും കോമളവുമായ ദേവിയുടെ പാദം എവിടെ. ഈ മൃദുലമായ ദേവിയുടെ പാദം കഠോരനായ മഹിഷനെ നിഗ്രഹിച്ചതു് ആശ്ചര്യകരമായിരിക്കുന്നു. ഇപ്രകാരം ധ്യാനിച്ചു ധ്യാനിച്ചു ദേവന്മാർ ദേവിയുടെ പാദത്തെ സ്തുതിക്കയും ആദരവോടുകൂടി വന്ദിക്കയും ചെയ്തു. അപ്രകാരം പ്രശസ്തമായ ശ്രീപാർവ്വതീദേവിയുടെ പാദം നിങ്ങളെ രക്ഷിക്കട്ടെ.

വജ്രിത്വം വജ്രപാണേർദ്ദിതിതനയഭിദ-
ശ്ചക്രിണശ്ചക്രകൃത്യം
ശൂലിത്വം ശൂലഭർത്തുഃ സുരകടകവിഭോഃ
ശക്തിതാ ഷണ്മുഖസ്യ;
യസ്യാഃ പാദേന സർവം കൃതമമരരിപോ-
ർബ്ബാധയൈതത്സുരാണാം
രുദ്രാണീ പാതു സാ വോ ദനുവിഫലയുധാം
സ്വർഗ്ഗിണാം ക്ഷേമകാരീ. ൻവ്വ.

---

ൻവ്വ. അർത്ഥം:—വജ്രപാണേഃ=ദേവേന്ദ്രന്റെ. വജ്രിത്വം=വജ്രകൃത്യവും. ദിതിതനയഭിദഃ=ദൈത്യശത്രുവായ. ചക്രിണഃ=വിഷ്ണുവിന്റെ. ചക്രകൃത്യം=ചക്രായുധത്തിന്റെ പ്രയോജനവും. ശൂലഭർത്തുഃ=ശിവന്റെ ശൂലിത്വം=ത്രിശൂലകാൎയ്യവും. സുരകടകവിഭോഃ=ദേവസേനാപതിയായ. ഷണ്മുഖസ്യ=സുബ്രഹ്മണ്യന്റെ. ശക്തിതാ=ശക്തിയുടെ (വേലിന്റെ) പ്രയോജനവും. ഏതൽ=ഈവിധമായ. ദനുവിഫലയുധാം=അസുരന്മാരിൽ വിഫലമായ യുദ്ധത്തോടുകൂടിയ. സുരാണാം=ദേവന്മാരെ സംബന്ധിച്ച. സർവ്വം=സൎവകാൎയ്യവും. അമരരിപോഃ=ദേവശത്രുവായ മഹിഷന്റെ ബാധയാ=ഉപദ്രവം നിമിത്തമായി. യസ്യാഃ=യാതൊരു ദേവിയുടെ. പാദേന=പാദത്താൽ. കൃതം=ചെയ്യപ്പെട്ടുവോ. സ്വർഗിണാം=ദേവന്മാർക്ക്. ക്ഷേമകാരീ=ക്ഷേമത്തെ ചെയ്യുന്നവളായ. സാ രുദ്രാണീ=ആ ശ്രീപാർവ്വതീദേവി വഃ=നിങ്ങളെ. പാതു=രക്ഷിക്കട്ടെ.

സാരം:—മഹിഷാസുരൻ ദേവന്മാൎക്ക വലിയ പീഡ ഉണ്ടാക്കിയപ്പോൾ അസുരന്മാരോടു പൊരുതിയ ദേവന്മാരുടെ യുദ്ധം വിഫലമായിതീൎന്നു. അപ്പോൾ ദേവേന്ദ്രന്റെ വജ്രമായും വിഷ്ണുവിന്റെ ചക്രമായും ശിവന്റെ ശൂലമായും സുബ്രഹ്മണ്യന്റെ വേലായും തീൎന്ന ദേവിയുടെ പാദംതന്നെ അവയുടെ സൎവകൃത്യവും അനുഷ്ഠിച്ചു മഹിഷനെ നിഗ്രഹിച്ചു. അപ്രകാരം ശത്രുസംഹാരം ചെയ്തു ദേവന്മാൎക്ക ക്ഷേമം ഉണ്ടാക്കിയ ശ്രീപാൎവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

പങ്ഗുർന്നേതാ ഹരീണാമസമഹരിയുതഃ
        സ്യന്ദനസ്യൈകചക്രോ
ഭാനോഃ സാമഗ്ര്യപേതഃ കൃത ഇതി വിധിനാ
        ത്യക്തവൈരഃ പതങ്ഗേ;
ദർപ്പാദ് ഭ്രാമ്യൻ രണക്ഷ്മാം പ്രതിഭടസമരാ-
        ശ്ലേഷലുബ്ധഃ സുരാരി-
ർയ്യസ്യാഃ പാദേന നീതഃ പിതൃപതിസദനം
        സാവതാദംബികാ വഃ.        ൯൯.

---

൯൯. അൎത്ഥം:—ഹരീണാം=അശ്വങ്ങളുടെ. നേതാ=നേതാവു്. (സാരഥിയായ അരുണൻ). പങ്ഗുഃ=ഞൊണ്ടിയാകുന്നു. അസമഹരിയുതഃ=വിഷമങ്ങളായ അശ്വങ്ങളോടു കൂടിയതും. ഏകചക്രഃച=ഒരുചക്രം മാത്രമുള്ളതുമായ. ഭാനോഃ=സൂൎയ്യന്റെ. സ്യന്ദനഃ=രഥം. വിധിനാ=ബ്രഹ്മാവിനാൽ. സാമഗ്ര്യപേതഃ=ആവശ്യകമായ സാമഗ്രി ഇല്ലാത്തതായി കൃതഃ=ചെയ്യപ്പെട്ടു. ഇതി=ഇക്കാരണത്താൽ. പതങ്ഗേ=സൂൎയ്യനിൽ. ത്യക്തവൈരഃ=വൈരം ത്യജിച്ചവനും. പ്രതിഭടസമരാശ്ലേഷലുബ്ധഃ=പ്രതിഭടന്മാരുമായി യുദ്ധംചെയ്യാൻ ആഗ്രഹിച്ചവനും. ദർപ്പാൽ=ദർപ്പംകൊണ്ടു്. രണക്ഷ്മാം=യുദ്ധഭൂമിയിൽ. ഭ്രാമ്യൻ=ചുററിക്കറങ്ങുന്നവനും ആയ സുരാരിഃ=മഹിഷാസുരൻ. യസ്യാഃ=യാതൊരു ദേവിയുടെ. പാദേന=പാദത്താൽ. പിതൃപതിസദനം=യമലോകത്തെ. നീതഃ=നയിക്കപ്പെട്ടുവോ, സാ അംബികാ=ആ ശ്രീപാൎവ്വതീദേവി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം:—സൂൎയ്യന്റെ സാരഥിയായ അരുണൻ ഞൊണ്ടിയും, രഥത്തിൽ ബന്ധിച്ചിരിക്കുന്ന അശ്വങ്ങൾ വിഷമങ്ങളും (ഏഴു് അശ്വങ്ങൾ സമങ്ങളല്ലാത്തവയും) രഥത്തിന്റെ ചക്രം ഒററയും ആയിരിക്കുന്നു. അതുകൊണ്ടു് വേണ്ടവിധത്തിലുള്ള സാമഗ്രികൾ ഇല്ലാത്തതായി ആ സൂൎയ്യരഥത്തെ ബ്രഹ്മാവു സൃഷ്ടിച്ചിരിക്കുന്നു. അക്കാരണത്താൽ സൂൎയ്യൻ തനിക്കു ശരിയായ പ്രതിഭടനാകുന്നില്ല എന്നു വിചാരിച്ചു മഹിഷാസുരൻ സൂൎയ്യനിൽ വൈരമില്ലാത്തവനായി. ശരിയായ ഒരു പ്രതിഭടനോടു യുദ്ധം ചെയ്യാനുള്ള ആഗ്രഹത്തോടുകൂടി ഗർവ്വിഷ്ഠനായ യുദ്ധഭൂമിയിൽ ചുററിക്കറങ്ങിക്കൊണ്ടിരുന്ന ആ മഹിഷനെ പാദത്താൽ നിഗ്രഹിച്ചവളായ ശ്രീപാൎവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

യുക്തം താവദ്ഗജാനാം പ്രതിദിശമയനം
യുദ്ധഭൂമേർദ്ദിഗീശാം
ഹീയേതാശാഗജത്വം സുഭടരണകൃതാം
കർമ്മണാ ദാരുണേന;
യദ്യേഷ സ്ഥാണുസംജ്ഞോ ഭയചകിതദൃശാ
നശ്യതീത്യദ്ഭുതം ത-
ദ്ദർപ്പാദേവം ഹസന്തം സുരരിപുമവതാ-
ന്നിഘ്നതീ പാർവ്വതീ വഃ. ൧൦൦.

---

൧൦൦. അർത്ഥം:—ദിഗീശാം=ദിക്ക്പാലന്മാരുടെ. ഗജാനാം=ഗജങ്ങളുടെ (ദിഗ്ഗജങ്ങളുടെ). യുദ്ധഭൂമേഃ=യുദ്ധഭൂമിയിൽനിന്നു്. പ്രതിദിശം=സ്വദിക്കിലേക്കുള്ള. അയനം=ഗമനം. യുക്തംതാവൽ=യുക്തംതന്നെയാകുന്നു. (യതഃ=എന്തുകൊണ്ടെന്നാൽ). സുഭടരണകൃതാം=അസുരഭടന്മാരോടുകൂടിയുദ്ധം ചെയ്യുന്ന ആ,ഗജങ്ങളുടെ. ദാരുണേന=ദാരുണമായ. കർമ്മണാ=പ്രവൃത്തിയാൽ (മരണത്താൽ). ആശാഗജത്വം=ദിഗ്ഗജത്വം. ഹീയേത=നശിക്കുന്നതാണു്. ഏഷഃ=ഈ ശിവൻ. സ്ഥാണുസംജ്ഞഃ യദി=സ്ഥാണു (സ്ഥിരൻ) എന്ന പേരോടുകൂടിയവനാണെങ്കിൽ. നശ്യതി=ഓടിമറയുന്നു. ഇതി=എന്നുള്ളകാരണത്താൽ. തൽ=അതു്. അദ്ഭുതം=ആശ്ചര്യംതന്നെ. ഏവം=ഇപ്രകാരം. ദർപ്പാൽ=ഗർവ്വംകൊണ്ടു്. ഹസന്തം=പരിഹസിക്കുന്ന. സുരരിപും=ദേവശത്രുവായ മഹിഷാസുരനെ. നിഘ്നതീ= നിഹനിക്കുന്നവളായ. പാർവ്വതീ=ശ്രീപാർവ്വതീദേവി. വഃ=നിങ്ങളെ. അവതാൽ=രക്ഷിക്കട്ടെ.

സാരം:—"ദിഗ്ഗജങ്ങൾ അസുരഭടന്മാരുമായി പൊരുതിയാൽ മരിക്കാനിടവരികയും അവയുടെ ദിഗ്ഗജത്വം നശിക്കയും ചെയ്യേക്കും. അതുകൊണ്ടു യുദ്ധഭൂമിയിൽനിന്നു് ആ ദിഗ്ഗജങ്ങൾ അവയുടെ ദിക്കുകളിൽ ചെന്നു് അഭയംവരിച്ചതു യുക്തംതന്നെയാകുന്നു. എന്നാൽ സ്ഥാണു (സ്ഥിരൻ) എന്നപേരുവഹിക്കുന്ന ഈ ശിവൻ യുദ്ധരംഗത്തുനിന്നു ഭയന്നു് ഓടിമറയുന്നതു് ആശ്ചര്യംതന്നെ" ഇപ്രകാരം ദർപ്പത്താൽ പരിഹാസവചനം പറഞ്ഞ മഹിഷാസുരനെ നിഗ്രഹിച്ചവളായ ശ്രീപാർവ്വതീദേവി നിങ്ങളെ രക്ഷിക്കട്ടെ.

സ്രസ്താംഗഃ സന്നചേഷ്ടോ ഭയഹതവചനഃ
സന്നദോർദ്ദണ്ഡശാഖഃ
സ്ഥാണുർദൃഷ്ട്വാ യമാജൌ ക്ഷണമിവ സരുഷം
സ്ഥാണുരേവോപജാതഃ;
തസ്യ ധ്വംസാൽ സുരാരേർമഹിഷിതവപുഷോ
ലബ്ധമാനാവകാശഃ
പാർവ്വത്യാ വാമപാദഃ ശമയതു ദുരിതം
ദാരുണം വഃ സദൈവ. ൧൦൧

---

൧൦൧. അർത്ഥം:—ആജൌ=യുദ്ധത്തിൽ. സരുഷം=രോഷത്തോടുകൂടിയ. യം=യാതൊരു മഹിഷാസുരനെ. ക്ഷണം ഇവ=സ്വല്പനേരം. ദൃഷ്ട്വാ=കണ്ടിട്ട്. സ്രസ്താംഗഃ=അവയവങ്ങൾ തളർന്നവനും. സന്നചേഷ്ടഃ=നിശ്ചേഷ്ടനും. ഭയഹതവചനഃ=ഭയത്താൽ വാക്കു സ്തംഭിച്ചവനും. സന്നദോർദ്ദണ്ഡശാഖഃ=ക്ഷീണിച്ച ഭുജദണ്ഡങ്ങളോടുകൂടിയവനും ആയ. സ്ഥാണുഃ=ശിവൻ. സ്ഥാണുഃ ഏവ=സ്ഥാണുവായിത്തന്നെ (സ്തംഭമായിതന്നെ). ഉപജാതഃ=തീർന്നുവോ. മഹിഷിതവപുഷഃ=മഹിഷശരീരനായ. തസ്യ സുരാരേഃ=ആ അസുരന്റെ. ധ്വംസാൽ=ധ്വംസത്താൽ. ലബ്ധമാനാവകാശഃ=വലിയ ബഹുമാനം കൈവരുത്തിയ. പാർവ്വത്യാഃ=ശ്രീപാർവ്വതീദേവിയുടെ. വാമപാദഃ=ഇടതുപാദം. സദാ ഏവ=എപ്പോഴുംതന്നെ. വഃ=നിങ്ങളുടെ. ദാരുണം=ദാരുണമായ (ക്രൂരമായ). ദുരിതം=പാപത്തെ. ശമയതു=ശമിപ്പിക്കട്ടെ.

സാരം—യുദ്ധഭൂമിയിൽ രോഷത്തോടുകൂടിയ മഹിഷാസുരനെ ക്ഷണനേരം കണ്ടപ്പോൾ ശിവൻ അവയവങ്ങൾ തളർന്നവനും നിശ്ചേഷ്ടനും ഭയത്താൽ വാക്കു സ്തംഭിച്ചവനും ഭുജസമൂഹം ക്ഷീണിച്ചവനും ആയിത്തീർന്നുകൊണ്ടു സ്ഥാണുവായി (ചൈതന്യരഹിതമായ തൂണായി) തന്നെ ഭവിക്കാനിടയായി. അപ്രകാരം ഭയങ്കരനായ ആ മഹിഷാസുരനെ ധ്വംസിച്ചു ബഹുമാനം ആർജ്ജിച്ചതായ ശ്രീപാർവ്വതീദേവിയുടെ ഇടത്തേക്കാൽ എപ്പോഴും നിങ്ങളുടെ കഠോരപാപങ്ങളെ ശമിപ്പിക്കട്ടെ.

കുന്തേ ദന്തൈർന്നിരുദ്ധേ ധനുഷി വിമുഖിത-
ജ്യേ വിഷാണേന മൂലാ-
ല്ലാങ്ഗൂലേന പ്രകോഷ്ഠേ വലയിനി പതിതേ
തൽകൃപാണേ സ്വപാണേഃ;
ശൂലേ ലോലാങ്ഗുലീപാദൈർല്ലലിതകരതലാൽ
പ്രച്യുതേ ദൂരമുർവ്യാം
സർവ്വാങ്ഗീണം ലുലായം ജയതി ചരണത-
ശ്ചണ്ഡികാ ചൂർണ്ണയന്തീ. ൧൦൨.

---

൧൦൨. അർത്ഥം:—കുന്തേ=ദേവിയുടെ ആയുധമായ കുന്തം. ദന്തൈഃ=മഹിഷന്റെ ദന്തങ്ങളാൽ. നിരുദ്ധേ (സതി) = തടയപ്പെട്ടപ്പോൾ. ധനുഷി=ദേവിയുടെ വില്ലു്. വിഷാണേന=മഹിഷന്റെ കൊമ്പുകൊണ്ടു്. മൂലാൽ=അടിപ്രദേശത്തുനിന്നു്. വിമുഖിതജ്യേ (സതി)=കെട്ടുവിട്ട ഞാണോടുകൂടിയതായി ചെയ്യപ്പെട്ടപ്പോൾ. പ്രകോഷ്ഠേ=ദേവിയുടെ പ്രകോഷ്ഠം (കൈമുട്ടിന്റെ അടിഭാഗം). ലാങ്ഗൂലേന=മഹിഷന്റെ ലാങ്ഗൂലത്താൽ (വാലിനാൽ). വലയിനി (സതി)=ചുററപ്പെട്ടപ്പോൾ. തൽകൃപാണേ=അവന്റെ (മഹിഷന്റെ) കൃപാണം (ഖഡ്ഗം). സ്വപാണേഃ=തന്റെ (ദേവിയുടെ) പാണിയിൽനിന്നു് (കയ്യിൽനിന്നു്). പതിതേ (സതി)=പതിച്ചപ്പോൾ (താഴത്തു വീണപ്പോൾ). ലോലാങ്ഗുലിപാദൈഃ=ലോലങ്ങളായ (ഇളകുന്ന) അങ്ഗുലികളുടെ (കാലുകളുടെ) പാതങ്ങളാൽ (ചവിട്ടുകളാൽ). ലലിതകരതലാൽ=കോമളമായ ദേവിയുടെ കരതലത്തിൽനിന്നു്. ശൂലേ=ദേവിയുടെ ത്രിശൂലം. ദൂരം=ദൂരത്തു്. ഉർവ്യാം=ഭൂമിയിൽ. പ്രച്യുതേ (സതി)=വഴുതിപ്പോയപ്പോൾ. ചണ്ഡികാ=ശ്രീചണ്ഡികാഭഗവതി (ഭദ്രകാളി). ചരണതഃ=ചരണംകൊണ്ടു്. ലുലായം=മഹിഷനെ. സർവ്വാങ്ഗീണം=സർവ്വാങ്ഗീണമായി (യാതൊരു അങ്ഗവും ശേഷിക്കാത്ത മട്ടിൽ). ചൂർണ്ണയന്തി=പൊടിക്കുന്നവളായിട്ടു് (നിഗ്രഹിക്കുന്നവളായിട്ടു്). ജയതി=സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

സാരം:—മഹിഷന്റെ ദന്തങ്ങളാൽ ദേവിയുടെ കുന്തം നിരുദ്ധമായി. ദേവിയുടെ വില്ല മഹിഷന്റെ വിഷാണത്താൽ മൂലത്തിൽനിന്നു

കെട്ടപൊട്ടിയ ഞാണോടു കൂടിയതായിത്തീൎന്നു. മഹിഷന്റെ വാലുകൊണ്ടു ദേവിയുടെ പ്രകോഷ്ഠം (കൈമുട്ടിന്റെ അടിഭാഗം) വലയിതമായി. ദേവി പിടിച്ചുപറിച്ചു മഹിഷന്റെ ഖഡ്ഗം ദേവിയുടെ പാണിയിൽനിന്നു താഴത്തുവീണു. മഹിഷന്റെ ചരണപാതങ്ങൾകൊണ്ടു ദേവിയുടെ കോമളമായ കരതലത്തിൽനിന്നു ത്രിശൂലം ദൂരത്തിൽ ഭൂമിയിൽ വഴുതി വീണു. അപ്പോൾ ശ്രീചണ്ഡികാഭഗവതി ചരണംകൊണ്ടു് ആ മഹിഷനെ അവന്റെ യാതൊരു അവയവവും ശേഷിക്കാത്ത മട്ടിൽ പൊടിച്ചു സംഹരിച്ചു ഭുവനത്തിനു ക്ഷേമം വളൎത്തി. അപ്രകാരം മാഹാത്മ്യം നിറഞ്ഞവളായ ശ്രീചണ്ഡികാദേവി (ഭദ്രകാളിയായ ശ്രീപാൎവ്വതിദേവി) സൎവ്വോൽക്കൎഷേണ വിളങ്ങുന്നു.

ശ്രീചണ്ഡീശതകം സംപൂൎണ്ണം.

ശുഭം.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. MA-3 BAN-S Acc. No. 1344 R

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date a fine of 25 Ps. per day will be charged

MA-3
BAN-5

13442

ബാണഭട്ടൻ

ശ്രീ ചണ്ഡിശതകം